



# THE MIDNIGHT SUN

Union Christian College 2002 - 2003



Our Features :-
Web Zone ...
Rs.20 per hr ( still cheaperthan Satyam iway & other internet cafe)
Xtra-ordinary Membership schemes
Roaming* facility ( introducing first time a private internet cafe)
Internet speed 115kb per second
Downloading is faster than other
Online Music & Online Games
Video chatting ( launching very
voice chatting
zone ( launching very soon)
will get discounts on browsing
training for students
Game Zone ...
Network games
Sony playstation games
Action games
Adventure games
RPG games (strategy games)
Racing games
Rent a game (launching very soon)
Pollinate your dreams
cyber
net 4 U
Internet Cave & PlayStation Games
YESHUS shopping complex , near U.C college, aluva
* selected internet cafe in aluva and ernakulam
** terms and conditions apply


UC 2002-03
Union Christian College Aluva
THE MIDNIGHT SUN

## എഡിറ്റോറിയൽ ബോർഡ്

പ്രിൻസിപ്പാൾ
**ഡോ.രാജു കെ.ജോൺ**

സ്റ്റാഫ് അഡ്വൈസർ
**ശ്രീമതി മ്യൂസ് മേരിജോർജ്ജ്**

സ്റ്റുഡന്റ് എഡിറ്റർ
**ജെയ്സിൽ ജേക്കബ്ബ്**

സബ് എഡിറ്റേഴ്സ്
**ഹിഷാം ഉമ്മർ**
**ശ്രീകാന്ത് പി. നായർ**
**ഷിനു സത്യൻ**

കമ്മിറ്റി അംഗങ്ങൾ
**ഉണ്ണികൃഷ്ണൻ ടി. ആർ.**
**അനൂപ് കെ. കെ.**
**ജിസ് ജോൺ**
**സോണിപോൾ പീറ്റർ**
**ബിബിൻ**
**ദേവി പ്രസാദ്**
**ബിനു ടി. ആർ.**
**എൽദോ ജേക്കബ്**
**അജു പൊതുവാൾ**

ഇല്ലസ്ട്രേഷൻ
**കൃഷ്ണ മുരാരി**
**ഷിനു സത്യൻ**

ഫോട്ടോസ്
**അനിൽകുമാർ**
**മിഴി ഫോട്ടോസ്, യു.സി.**

ഡി. ടി. പി.
**ഐ മാക്സ്, കൊടുങ്ങല്ലൂർ**

കമ്പ്യൂട്ടർ ഡിസൈനിംഗ്
**കളർടോൺ, കൊച്ചി**

ലേ ഔട്ട്
**സുനീഷ് പി. എസ്.**
**ജെയ്സിൽ ജേക്കബ്ബ്**

പ്രിന്റിംഗ്
**രാജശ്രീ ഇൻഡസ്ട്രിയൽ പ്രിന്റേഴ്സ്,**
**എടയാർ**




STATEMENT OF OWNERSHIP

Statement of Ownership and Other Particulars:

| | |
|---|---|
| Place of Publication | : Aluva |
| Periodicity of Publication | : Annually |
| Printer's Name | : Dr. Raju. K. John |
| Nationality | : Indian |
| Address | : Principal, UC College, Aluva |
| Publisher's Name | : -do- |
| Editor's Name | : Jaisil Jacob |
| Nationality | : Indian |
| Address | : Editor, UC College, Aluva |
| Printed at | : Rajasree Industrial Printers, Edayar |

I, Raju. K. John hereby declare that the publications given above are true to the best of my knowledge and belief.

Sd/-
Principal





ആസുരകാലത്തിന്റെ സമസ്ത അധിനിവേശ മോഹങ്ങൾക്കും അക്ഷരങ്ങൾകൊണ്ട് ഞങ്ങൾ വിദ്യാർത്ഥികൾ ചെറുത്തുനില്പുതുടരുന്നു. മനുഷ്യനും പ്രകൃതിയ്ക്കും ഭീഷണിയാകുന്ന എല്ലാത്തിനോടും നമ്മൾ ഉപാധികളില്ലാതെ കലഹിക്കേണ്ടിയിരിക്കുന്നു. ഇന്ന്, നമ്മളെന്തു കൊതിക്കണമെന്ന് വേറെയാരോ തീരുമാനിച്ചുകൊണ്ടിരിക്കുകയാണ്.

നവോത്ഥാനം തിരിഞ്ഞുനടക്കുന്നതും ചാതുർവർണ്ണ്യത്തേക്കാൾ ഹീനമായ മതബോധങ്ങൾ തിരിച്ചുവരുന്നതും മനുഷ്യത്വം ചോർന്നുപോയതും നമ്മളറിഞ്ഞുവോ?

സ്ഥാപനവൽക്കരിക്കപ്പെട്ട മതങ്ങളും പ്രത്യയശാസ്ത്രങ്ങളും പലപല 'ആൾദൈവങ്ങളായി' വിഭജിക്കപ്പെട്ട് അവരുടെ അജണ്ടകളാൽ തിമിർത്താടിക്കൊണ്ടിരിക്കുന്നു. ലോക അച്ചുതണ്ടിന്റെ കേന്ദ്രീകരണങ്ങളും അതിന്റെ തീരുമാനങ്ങളും അമ്പരിപ്പിക്കുന്നു.

ഇഷ്ടമില്ലാത്തവരെ കൊന്നുകളയണമെന്ന്, ഹിറ്റ്ലർ. ഇവിടെയുള്ളവർ ചോദിച്ചത്, ഹിന്ദുവാണോ? മുസ്ലീമാണോ? ഞങ്ങൾ പറഞ്ഞത് മനുഷ്യരെന്ന്; എന്നും പറയാനാഗ്രഹിക്കുന്നതും അതുതന്നെ. ഈ അസ്തിത്വത്തിന്റെ പഴക്കംപോലും നിലനില്പിന്റെ വിശാല തലങ്ങളിലേയ്ക്കു നോക്കുമ്പോൾ നാണിപ്പിയ്ക്കുന്നു. ഇവിടെ അസ്ഥിത്വം ചോദ്യം ചെയ്യപ്പെടുന്നു.

നമുക്കിടയിലെ ചിലരുടെ ക്രൂരനിശബ്ദത എന്നെ ഭയപ്പെടുത്തുന്നു. ഈ നിശബ്ദത അന്ധകാരമാണ്. രാത്രിയാണ്. ഈ പാതിരാത്രിയിലും ഒരു സൂര്യൻ, 'THE MIDNIGHT SUN'.

സ്നേഹത്തോടെ
**ജെയ്സിൽ ജേക്കബ്**

# TRIBUTE TO PROF. P.G. KESAVAN POTTY AND SUNNY.I.ABRAHAM

We pay respectful homage to Prof. P.G. Kesavan Potty and Prof. Sunny.I.Abraham who left us during the 2002-2003 academic year.

Prof. P.G. Kesavan Potty joined the staff of the Physics Dept. in 1958. Prof. Potty rendered valuable service to the Department especially in the running of the P.G. Course in the initial stages. His Lectures on wireless (Electronics) and optics were greatly appreciated by generations of students. Prof. Potty retired from service in 1986.

Prof. Sunny. I. Abraham joined the College as lecturer in 1970, and served it with distinction till his retirement in 2001. Generations of students remember him as a teacher with quiet efficiency, personal warmth, and disarming affection. He was a member of the College Fellowship for a short period; he served as warden of Chacko Hostel. He gave effective leadership as the Superintendent of Works in the College, overseeing various major constructions including the Platinum Jubilee Auditorium, the expansion of the ICIT Building, and the Women Students' Waiting Room.


The U.C. College community gratefully remembers the commitment and contributions made by Prof. P.G. Kesavan Potty and Prof. Sunny.I.Abraham. May their souls rest in peace.




Prof. P.G. Kesavan Potty



Prof. Sunny.I.Abraham



# FROM PRINCIPAL'S DESK



കേരളത്തിലെ ഉന്നതവിദ്യാഭ്യാസം നിലവാരത്തകർച്ചയെ നേരിടുകയാണെന്നത് നിസ്തർക്കമാണ്. ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ചുപഠിക്കുവാൻ കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിയമിച്ച കമ്മീഷനുകളൊക്കെത്തന്നെ കലാലയങ്ങളിൽ കർക്കശമായ അക്കാദമിക് അന്തരീക്ഷം നിലനിർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ പുത്തൻ ആശയങ്ങളുടെ സൃഷ്ടിയും പരീക്ഷണവും നടക്കേണ്ടത് കലാലയങ്ങളിലാണ്. വിദ്യാർത്ഥികളുടെ സർഗാത്മകമായ കഴിവുകൾ പരിപോഷിപ്പിക്കാനുള്ള അവസരം ഒരുക്കുന്നതോടൊപ്പം ഉയർന്ന ആസ്വാദനമൂല്യങ്ങൾ വളർത്തിയെടുക്കേണ്ടതുണ്ട്. ഈ പറഞ്ഞതെല്ലാം കേരളത്തിലെ കലാലയങ്ങളിൽ നിന്ന് അപ്രത്യക്ഷമായിട്ട് നാളുകളേറെയായി. സമൂഹത്തിന് ദിശാബോധം നൽകുന്ന ഒരു പ്രകാശ ഗോപുരമായി വർത്തിക്കേണ്ട ക്യാമ്പസുകൾ ഇന്ന് സമൂഹത്തിലെ തെറ്റായ പ്രവണതകൾക്ക് അടിപ്പെട്ടുകഴിഞ്ഞിരിക്കുന്നു.ഇതൊക്കെതന്നെയാണ് നിലവാരത്തകർച്ചയുടെ കാരണങ്ങൾ. ക്യാമ്പസ്സുകളുടെ സ്വാതന്ത്ര്യവും ജനാധിപത്യസംസ്കാരവും വീണ്ടെടുക്കുവാൻ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അധികാരികളുടെയും കൂട്ടായ പരിശ്രമം കൂടിയേ തീരു. പോയവർഷം നമ്മുടെ കലാലയവും പാഠ്യ പാഠ്യേതര വിഷയങ്ങളിൽ അസൂയാവഹമായ നേട്ടങ്ങളാണ് കൈവരിച്ചത്. റാങ്കുകളുടെ എണ്ണത്തിലും വിജയശതമാനത്തിലും നമ്മൾ ഏറെ മുന്നിലാണ്. നമ്മുടെ വെസ്റ്റേൺ മ്യൂസിക് ടീം ദേശീയതലത്തിൽ ഒന്നാം സ്ഥാനം നേടി. യുവജനോത്സവത്തിലും കായികരംഗത്തും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെയ്ക്കുവാൻ ഇവിടുത്തെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞു. ഈ വർഷം പ്രവർത്തനം ആരംഭിച്ച ഫിലിം ക്ലബ് ദേശീയ- അന്തർദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ട അനേകം ചിത്രങ്ങൾ പ്രദർശിപ്പിക്കുക വഴി ഒരു പുതിയ ആസ്വാദന ശൈലിക്കുതന്നെ രൂപം കൊടുക്കുകയുണ്ടായി. 2002-03വർഷത്തിലാണ് 'Issue and Ethical Responses' എന്ന പേരിൽ വിദ്യാർത്ഥികൾ നേരിടുന്ന വ്യക്തിപരവും സാമൂഹികവുമായ പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചാക്ലാസുകൾ എല്ലാ വെള്ളിയാഴ്ചയും സംഘടിപ്പിച്ചത്. ഈ കലാലയത്തിന്റെ ഒരു വർഷത്തെ നേട്ടങ്ങളുടെയും കോട്ടങ്ങളുടെയും കഥ പറയുന്ന ഈ മാഗസിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളായ എല്ലാവർക്കും എന്റെ അഭിനന്ദനങ്ങൾ.

പ്രിൻസിപ്പാൾ
**ഡോ. രാജു. കെ. ജോൺ.**

# ഉള്ളടക്കം

11




## Searching the Hidden Darkness

തന്റെ മനസ്സിലും ചുറ്റുമുള്ള സ്ഥലങ്ങളിലെല്ലാം വെളിച്ചം പ്രസരിപ്പിക്കുകയാണ് ഈ സംവാദത്തിൽ ഇദ്ദേഹം

മ്യൂസ് മേരി ജോർജ്ജ് • റേച്ചൽ എ വർഗ്ഗീസ് • ജെയ്സിൽ ജേക്കബ്ബ്

29




## അതിരുകളില്ലാതെ

'കാണുക' എന്ന സ്വാഭാവിക ക്രിയക്കുമപ്പുറം. എല്ലാ അനുഭവങ്ങളുടെയും ആഴങ്ങളുമായി ഒരു പുതിയ വീക്ഷണം രൂപപ്പെടുന്നു

എം. ഐ. ഹുന്നസ് • നിമ്മി ബേബി

55




## Human Shield

E-mails of Rachel Corrie, 23 yrs. old American Peace Activist, who was crushed the death by an Israeli Army bulldozer.

Courtesy: www.electronicintifada.net

63




## ഇറാക്ക് അധിനിവേശം: ഒരു ബാക്കി പത്രം

ഇറാക്ക് അധിനിവേശത്തിന്റെ മനഃശാസ്ത്രം ഒരു ലേഖനത്തിലൂടെയും അതിന്റെ പശ്ചാത്തലം ഒരു കവിതയിലൂടെയും പുനർവിചിന്തനം ചെയ്യുന്നു.

അലക്സ് സേവ്യർ • അരുൺകുമാർ സി. എസ്.

89




## യെസ് യുവർ ഓണർ, ബട്ട്...

വിദ്യാർത്ഥി രാഷ്ട്രീയത്തെ കണ്ണടച്ചെതിർക്കുന്നവർക്കുള്ള പ്രതികരണം

ഹിഷാം ഉമർ


10. അന്ത്യയാത്ര - ഭൂതം - വർത്തമാനം - ഭാവി
കവിത • ജിസ് ജോൺ

18. ശേഷിപ്പ്
കവിത • ദിവ്യ എം.

19. സെമിനാരിയിൽ നിന്ന് റോബിൻ അയച്ച കുറിപ്പുകൾ

21. **Education in India**
Speech • Rabindra Nath Tagore

23. **He Waits.....**
Poem • Benish George

24. വനപുരാണം
കഥ • ശ്രീജിത് എ.

25. ഉറവകൾ തേടി
അനൂപ് വി

28. വാൽക്കണ്ണാടിയിൽ മുഖം നോക്കിപറയുന്നത്
കവിത • അജു പൊതുവാൾ

34. **Union Report**

35. **Union Members**

37. ഗുജറാത്ത് കരയുമ്പോൾ
കവിത • നവാബ്.എ.എ

38. **Bondage**
**Life without Dreams**
Poem • Swapna Varghese • Nisha Jacob

45. **It was all a Dream**
Poem • Shabina K.S.
**How a Student Fails**
Rijas K.I.

46. **Documentary Fest - A Retrospective**
Rachel A. Varghese

52. **Navjote**
Story • Viju Kurian
First Prize - M.G. Uty. Youth Festival

59. മൂന്നര കഴിഞ്ഞ് മാത്രം മഹാഗണിച്ചുവട്ടിൽ പ്രത്യക്ഷപ്പെട്ട മിസ്റ്റിക് വിളിച്ചു പറഞ്ഞ കഥകൾ
ജെയ്സിൽ ജേക്കബ്ബ്

61. **Bitter Chocolate**
Teena Augustine

68. തംബോല
കഥ • അരുൺ ബാബു

39



പഠനം

**ഉന്നതവിദ്യാഭ്യാസം: ഗുണവും വ്യാപ്തിയും**

ഉന്നത വിദ്യാഭ്യാസ രംഗത്തെ അഴിച്ചുപണികളുടെ ദൂരവ്യാപകമായ ഫലങ്ങളെക്കുറിച്ച് ഒരു വിശകലനം

ഡോ. ജോൺ വർഗ്ഗീസ്

49



വിശകലനം

**പർവ്വതനിരയുടെ പനിനീരിൽ കാളിയന്മാർ**

വികസനം കേവലം മനുഷ്യകേന്ദ്രീകൃതമാകുമ്പോൾ ഉണ്ടാകുന്ന അപചയത്തെ പരിസ്ഥിതിയുടെ പശ്ചാത്തലത്തിൽ തുറന്നുകാണിക്കുന്നു.

മിഥുൻ രാജ്

71. **പവർകട്ട്**
കഥ • ഷിജു ഏലിയാസ്
**യാത്രാമൊഴി**
കവിത • സുനിൽ
72. **തീപിടിച്ച കാടിന്റെ ശബ്ദങ്ങൾ : മുത്തങ്ങ ഉയർത്തുന്ന പ്രശ്നങ്ങളും തിരിച്ചറിവുകളും**
അനൂപ് കെ. കെ.
74. **കാലത്തിന്റെ ചില സാക്ഷ്യചിത്രങ്ങൾ**
ആൽബം - സ്റ്റിൽസ്
77. **കോമാളിക്കോലങ്ങൾ**
കവിത • ഷിനു സത്യൻ. കെ.
78. **മരണവ്യാപാരം**
കഥ • അനൂപ് മോഹൻ

79




Analysis of the survey conducted in UC College on the current socio - political scenario

90. **കാർട്ടൂൺ** • കൃഷ്ണമുരാരി

94




ഒരു പൂരച്ചുണ്ട്. അഞ്ചുപ്രണയ കവിതകളുടെ സമാഹാരം. പല പൂക്കൾ പല നിറങ്ങൾ...

ടി. വി. ലൈനോജ് • ലക്ഷ്മി. കെ. വി. • സോണിപോൾ പീറ്റർ • ബിനു. ടി. ആർ. • അലക്സ് സേവ്യർ

100. **College Union Inauguration**
102. **Chapter - A - Day**
On-line Interview with suzanne Beecher, www.chapteraday.com
Viju Kurian
104. **ഒരു വിഡ്ഢി (മനുഷ്യൻ) പറയുന്ന കഥ**
ഉണ്ണികൃഷ്ണൻ ടി. ആർ.

114. **ആൽത്തറയിൽ രാമനെന്ന കപ്പലണ്ടിക്കച്ചവടക്കാരനുണ്ട്.**
കഥ • ബൈജു അയ്യപ്പൻ. കെ.
116. **തരിശുഭൂമികൾ പിറക്കാതിരിക്കാൻ**
കവിത • സ്റ്റെല്ലാ മരിയ തോമസ്സ്

117




Film Review : "War & Peace" the tough journey of peace activism. Highlights of the controversial censoring. Face to face with the Director, Anand Patwardhan.
• Sreekanth. P. Nair

123. **മൗനം – ഒരു ആവിഷ്ക്കരണം**
എൽദോ പി. ഒ.
125. **കുട്ടികൾക്കായി ഉടുപ്പുകൾ തുന്നരുത്**
കഥ • എൽദോ ജേക്കബ്
126. **MG Uty. Youth Festival - Winners**
127. **വാണിജ്യവൽക്കരിക്കപ്പെടുന്ന കായികരംഗം**
• സനൽ മാത്യു
130. **Sports Report**
131. **MG Uty. Sports Winners**
133. **NSS Report**
135. **A Fact that you will Never Know**
Poem • Rajagopal A.R.
136. **പലായനം**
കവിത • കാൾ മാർക്സ് (വിവർത്തനം : ONV)
139. **Report - NCC**
141. **Report - Old Students**
143. **കടൽ മുത്ത്, കാലം**
കവിത
• സുരേഷ് ബാബു ടി. ആർ. • അനൂബ കെ. വി



*കുറിപ്പ്:*
*ഇത് ലോകത്തിന്റെ ഭൂതവും ഭാവിയുമാണ്.*
*ഇതിനിടയിൽ വർത്തമാനം നാമറിയാതെ കടന്നുപോകുന്നുണ്ട്.*

# (അന്ത്യ)യാത്ര - ഭൂതം - വർത്തമാനം - ഭാവി

ഭൂതം

അറിഞ്ഞതൊക്കെയും എനിക്ക് നിഷേധമാണ്
ഏകാധിപതികൾക്ക് രാത്രി ഉറങ്ങാനുള്ളതല്ല

ചതിയുടെ തെരുവോരങ്ങൾക്ക്
രാത്രിയിൽ ഞാൻ കാവൽക്കാരനാകുന്നു

യാഥാർത്ഥ്യങ്ങളുടേയും പദ്ധതികളുടേയും അതിരുകളെ
നിഷേധത്തോടെ ഞാൻ തകർത്തുകളയുന്നു

കുറ്റവും ശിക്ഷയും ഞാൻ വിധിക്കുന്നു
എന്റെ വാദമുഖങ്ങൾ നിനക്ക് കുഴിമാടങ്ങൾ

എന്റെ സത്യങ്ങളെ കൊഞ്ഞനം കുത്തുന്ന
കുട്ടിയെ ഞാൻ ധീരനാക്കുന്നില്ല

അച്ഛൻ ബാക്കി വച്ച യാത്രയുടെ തുടർച്ച
എന്റെ വഴികൾക്ക് അഭിനിവേശം

ഭാവി

ഭ്രാന്തുപിടിച്ച മനുഷ്യനെ പരിഹസിച്ചത്
അവനെന്നെ ഭ്രാന്തനെന്നു വിളിക്കാതിരിക്കാനായിരുന്നു

എന്റെ ദർശനത്തിനുമപ്പുറം മറഞ്ഞിരിക്കുന്നവരുടെ നിറം
കറുപ്പോ വെളുപ്പോ ? എനിക്കറിയില്ല

എന്റെ യാഥാർത്ഥ്യങ്ങൾ ക്രൂരമാവുന്നു
എന്റെ സ്വപ്നങ്ങളെന്നെ വിറപ്പിക്കുന്നു

കൂട്ടത്തിലും ഞാൻ ഒറ്റപ്പെടുന്നു.
മൗനത്തിലും ഞാൻ സംവദിക്കുന്നു

ഓർമ്മക്കുറിപ്പുകളിൽ തെറ്റുകൾ അടിഞ്ഞുകൂടുന്നു.
ഓർമ്മിക്കുമ്പോൾ ഞാൻ മാത്രമല്ലേയുള്ളു

ചത്തുമലച്ച കിനാക്കളൊക്കെയും പറ്റുകാരാവുന്നു
സുഹൃത്തു പറഞ്ഞതുപോലെ, ഇവിടെയെന്നുമിരുട്ടാണ്

മരിക്കാനും ജീവിക്കാനും ഭയക്കുന്നവന്റെ വേദനയോടെ ഞാൻ (അന്ത്യ)യാത്ര തുടരുന്നു.

**ജിസ് ജോൺ**
ഒന്നാംവർഷ പോളിമർകെമിസ്ട്രി


സംവാദം

# Searching the Hidden Darkness

തന്റെ മനസ്സിലും ചുറ്റുമുള്ള ഒരുപാടു സ്ഥലങ്ങളിലേക്കും
വെളിച്ചം പ്രസരിപ്പിക്കുകയാണ് ഈ സംവാദത്തിൽ ആനന്ദ്.

ആനന്ദ് : " ഒരു കവിതയായി ഒരിക്കൽ ഞാൻ ഇങ്ങനെ എഴുതാൻ തുടങ്ങി, മുഴുവനായില്ല"

**Eventually vandals too will pass into history
and become part of the heritage
which we are bound to preserve
for preserve the past we must
so that we too do not become vandals
for we are not to judge which was right,
which was wrong, the past is past...**



[illegible] മനുഷ്യനാം. [illegible] ഭാവങ്ങൾ. ചിലർക്കതു വിശ്വസിക്കാനാവില്ല. അതുകൊണ്ട് അപ്രായോഗികമെന്നു പറയും. അവരെ അവഗണിക്കുക, ദയാപൂർവ്വം. കാരണം, അപ്രായോഗികമെന്നു പറയുന്നവരുടെ [illegible] അംഗീകരിക്കാൻ ബുദ്ധിമുട്ടാണ്; അത് വീണ്ടും കാപട്യത്തെ ന്യായീകരിക്കാനും ചെയ്യാനുള്ള ശ്രമമായിപ്പോകും.

ശ്രീമതി. തൃസ് മേരി ജോർജ്ജ് • റേച്ചൽ. എ. വർഗ്ഗീസ് • ജെയ്സിൽ ജേക്കബ്

**"Searching the Hidden Darkness" -** **നാമേവരിലും ഉള്ളിന്റെയുള്ളിൽ ഊറി നിൽക്കുന്ന ഒരു ഇരുട്ടുണ്ട്; ഒരു അന്ധമണ്ഡലം. ഇതുതന്നെയാണ് സമൂഹത്തിലും പ്രകടമാകുന്നത്. വ്യഥയുടെ ഒരു കമ്പ് മനസ്സിൽ നിന്നൂരിയെടുത്ത് ആനന്ദ് ഞങ്ങളുടെ ഉള്ളിലും തീ കൊടുത്തു.**



> **ഇന്ന് രാജ്യത്ത് കാണുന്ന അവസ്ഥയിൽ ഏതെങ്കിലും ഡിസൈറബിൾ ആയി നിങ്ങൾക്ക് തോന്നുന്നുണ്ടോ? ആർക്ക് എന്ത് പ്രയോജനം ചെയ്യാനാണ് ഇന്നത്തെ സംവിധാനം ഉപകരിക്കുന്നത്? ഒരാളും ഒരുവിധത്തിലുമുള്ള പൊതുതാൽപര്യവും വെച്ച് കൊണ്ടല്ല പ്രവർത്തിക്കുന്നത്.**

## രാഷ്ട്രീയം, അന്നും ഇന്നും.

ക്യാമ്പസ്സുകളിൽ അന്ന് ഇന്നത്തെപ്പോലെ രാഷ്ട്രീയം ഇല്ലായിരുന്നു. അതിന്റെ ആവശ്യം ഇല്ലായിരുന്നു എന്നുപറയുന്നതാവും ശരി. ഇന്ന് ക്യാമ്പസ് രാഷ്ട്രീയം പൊളിറ്റിക്കൽ പാർട്ടികൾ നേരിട്ടാണ് നടത്തുന്നത്. സ്റ്റുഡന്റ്സ് സാമൂഹിക പ്രശ്നങ്ങളിൽ കോൺഷ്യസ് ആകുന്നതിലൊന്നും യാതൊരു പ്രശ്നവും ഇല്ല. അവർക്ക് ഏതുപ്രശ്നങ്ങൾ എടുത്തും കൈകാര്യം ചെയ്യാം. പക്ഷെ വെറും പാർട്ടികളുടെ വക്താക്കൾ ആകുന്നതാണ് കുഴപ്പം; പാർട്ടി താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഉപയോഗപ്പെടുത്തുന്നതാണ് പ്രശ്നം. സ്വാതന്ത്ര്യ സമരകാലത്തും വിദ്യാർത്ഥികൾ രാഷ്ട്രീയത്തിൽ ഇൻവോൾവ്ഡ് ആയിരുന്നല്ലോ. പക്ഷെ, ആ പൊളിറ്റിക്സും ഇന്ന് ഇവിടെ നടക്കുന്ന പൊളിറ്റിക്സും ഒന്നല്ല. നമ്മൾ ഇന്ന് രാഷ്ട്രീയമെന്ന് പറയുന്നതല്ല രാഷ്ട്രീയം. Politics is the purposeful involvement in the affairs of human being ഇന്നത്തെ രാഷ്ട്രീയത്തിന്റെ ഉദ്ദേശ്യം വെറും അധികാരം പിടിച്ചെടുക്കണമെന്നത് മാത്രമാണ്. And they have no aim other than capturing power പൊതുജീവിതത്തിന് ഡിസ്റ്റർബൻസ് ഉണ്ടാക്കുക, ക്രിമിനാലിറ്റി വളർത്തുക, കറപ്ഷൻ - പ്രവർത്തനരീതി ഇങ്ങനെയും. മിക്കപ്പോഴും ഇതിനായി ഉപയോഗപ്പെടുത്തുന്നതാകട്ടെ, വിദ്യാർത്ഥികളെയും. ഇന്നത്തെ ഏത് രാഷ്ട്രീയ പാർട്ടിക്കും ഈ കാര്യങ്ങളെല്ലാം ബാധകമാണ്. ഇതിനെ എങ്ങനെയാണ് നമുക്ക് സ്വാതന്ത്ര്യ സമരകാലത്തെ രാഷ്ട്രീയപ്രവർത്തനത്തോട് താരതമ്യപ്പെടുത്താൻ കഴിയുക? ഞാനിത് രണ്ടും കണ്ടിട്ടുണ്ട്. ഞാൻ ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോഴായിരുന്നു ക്വിറ്റ് ഇന്ത്യാ മൂവ്മെന്റ് , 42-ൽ ഒന്നാം ക്ലാസ്സിലെ കുട്ടി എന്ന നിലയിൽ ഞാനും അതിൽപങ്കെടുത്തിട്ടുണ്ട്. മാഷുമാരും കൂടെവരും. വാസ്തവത്തിൽ അവർ വെല്ലുവിളിച്ചു കുട്ടികളെ വിടുകയാണ് പതിവ്. എനിക്ക് വളരെ ഫെയിന്റ് ആയ മെമ്മറിയാണുള്ളത്. സ്വാതന്ത്ര്യസമരകാലത്തും സംഘടനകളുണ്ടായിരുന്നു. അസംഘടിതമായ സംഘടനകളായിരുന്നു അവ. അന്നൊക്കെ അതൊരു നോബിൾ ആയിട്ടുള്ള ലക്ഷ്യത്തിനുവേണ്ടിയായിരുന്നു. ഇന്ന് അങ്ങിനെയൊന്നില്ല. ക്യാമ്പസ് പൊളിറ്റിക്സിൽ മാത്രമല്ല നാഷണൽ ലെവൽ പൊളിറ്റിക്സിലും ഇത് തന്നെയാണ് നടക്കുന്നത്. മൊത്തത്തിലുള്ള അപചയം കുട്ടികളിലേക്കും വന്നു. Actually you should resist this. അപചയം, ഏതൊരു സംവിധാനത്തിന്റെയും സ്വാഭാവികമായ പരിണാമമെന്ന് സമ്മതിക്കുന്നു. എന്ന് വച്ച് കുട്ടികൾ അതിന് കീഴ്പെടരുത്. So, you should resist this trend. നിങ്ങൾ ചെയ്തില്ലെങ്കിൽ ഈ വയസ്സൻമാരൊന്നും അത് ചെയ്യാൻ പോകുന്നില്ല.

ഇന്ന് രാജ്യത്ത് കാണുന്ന അവസ്ഥയിൽ ഏതെങ്കിലും ഡിസൈറബിൾ ആയി നിങ്ങൾക്ക് തോന്നുന്നുണ്ടോ? ആർക്ക് എന്ത് പ്രയോജനം ചെയ്യാനാണ് ഇന്നത്തെ സംവിധാനം ഉപകരിക്കുന്നത്? ആരും ഒരു വിധത്തിലുള്ള പൊതുതാൽപര്യവും വെച്ച് കൊണ്ടല്ല പ്രവർത്തിക്കുന്നത്. ഏറ്റവും കൂടുതൽ ക്രിമിനലൈസേഷന് കുട്ടികൾക്ക് പ്രാക്ടീസ് കൊടുക്കുന്നത് രാഷ്ട്രീയ പാർട്ടികളാണ്. ഭീഷണിപ്പെടുത്താനും, ഹിംസക്കുമെല്ലാം പ്രേരണ നൽകുന്നു. പൊതുജീവിതത്തെ അലങ്കോലപ്പെടുത്തുന്നു. ഭീഷണിപ്പെടുത്തിയതുകൊണ്ടും, ഹിംസിച്ചതുകൊണ്ടൊന്നും യാതൊരു കാര്യവുമില്ല. അന്നും ഹർത്താലും സമരവും പിക്കറ്റിങ്ങുമൊക്കെ ഉണ്ടായിരുന്നു. പക്ഷെ കൊന്നും, തല്ലിയും, കല്ലെറിഞ്ഞും, ബസ്സ് കത്തിച്ചും ഒന്നുമായിരുന്നില്ല അത്. This is not at all the way of protest.

ഇന്നത്തെ ക്യാമ്പസ് രാഷ്ട്രീയവും നിരോധനവും അതിനെചുറ്റിപ്പറ്റിയുള്ള മാനേജ്മെന്റ് തീരുമാനങ്ങളും ഒക്കെ കാണുമ്പോൾ എനിക്ക് തോന്നുന്നത് വളരെ ചിലതൊക്കെയാണ്. ഇന്ന് പൊളിറ്റിക്കൽ പാർട്ടികൾ മാത്രമല്ല, മതങ്ങൾക്കുടി സ്റ്റുഡന്റ്സ് ഓർഗനൈസേഷൻസ് ഉണ്ടാക്കിയിരിക്കുകയാണ്. ഇനി ഇതിൽ നിന്ന് പുറത്തുവരണമെങ്കിൽ സ്റ്റുഡന്റ്സ് തന്നെയാണ് മനസ്സിലാക്കണം. They should realise that this is not the right way of moving. പക്ഷെ, നിരോധനത്തെക്കുറിച്ചൊന്നുമല്ല ഞാൻ സംസാരിക്കുന്നത്. കുട്ടികൾ രാഷ്ട്രീയപാർട്ടികളുടെ പിണിയാളുകളാവരുത്. പാർട്ടികൾ ഏതു തന്നെയായാലും, അവരെടുക്കുന്ന തീരുമാനങ്ങൾ സ്റ്റുഡന്റ്സിലൂടെ എക്സിക്യൂട്ട് ചെയ്യുന്നതാണ് കുഴപ്പം. അത് സ്റ്റുഡന്റ്സ് റെസിസ്റ്റ് ചെയ്യണം. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള മനോഭാവം ഇന്നത്തെ രീതിയിൽ കുട്ടികൾ ഡവലപ്പ് ചെയ്യുകയാണെങ്കിൽ, you are lost.

കുട്ടികളുടെ ഡിസിഷൻസ് കുട്ടികളുടേതല്ല എന്നുള്ളതാണ് വാസ്തവം. കുട്ടികൾക്കൊരു ലെവൽ ഉണ്ട്. ഈ ലെവലിലാണ് ഏറ്റവും കൂടുതൽ അഭിപ്രായങ്ങൾ ഉണ്ടാക്കിയെടുക്കേണ്ടത്; സ്വാതന്ത്ര്യത്തോടുകൂടി അതിനുവേണ്ട ഒരു അറ്റ്മോസ്ഫിയർ ക്രിയേറ്റ് ചെയ്യേണ്ടതും ഈ ലെവലിലാണ്. ഈ സമയത്താണ് സ്വാതന്ത്ര്യത്തിന്റെ വായു ശ്വസിക്കാൻ കിട്ടേണ്ടത്. അത് ഹനിക്കപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട്തന്നെ കുട്ടികളുടെ തീരുമാനങ്ങൾ കുട്ടികളുടേതാകുന്നില്ല.

## അരാഷ്ട്രീയത (apolitical )ശരിയായ രാഷ്ട്രീയം?

ഇന്ന് പൊളിറ്റിക്കൽ പാർട്ടികൾ പോലും independent അല്ല. ഏതെങ്കിലും മതത്തിന്റെ പിന്തുണ അവിടെയും കാണാം. They want to divide people. But people arepeople

**പാർട്ടികൾ ഏതു തന്നെയായാലും, അവരെടുക്കുന്ന തീരുമാനങ്ങൾ സ്റ്റുഡന്റ്സിലൂടെ എക്സിക്യൂട്ട് ചെയ്യുന്നതാണ് കുഴപ്പം. അത് സ്റ്റുഡന്റ്സ് റെസിസ്റ്റ് ചെയ്യണം. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള മനോഭാവം ഇന്നത്തെ രീതിയിൽ കുട്ടികൾ ഡവലപ്പ് ചെയ്യുകയാണെങ്കിൽ, you are lost.**

**കുട്ടികളുടെ ഡിസിഷൻസ് കുട്ടികളുടേതല്ല എന്നുള്ളതാണ് വാസ്തവം. കുട്ടികൾക്കൊരു ലെവൽ ഉണ്ട്. ഈ ലെവലിലാണ് ഏറ്റവും കൂടുതൽ അഭിപ്രായങ്ങൾ ഉണ്ടാക്കിയെടുക്കേണ്ടത്; സ്വാതന്ത്ര്യത്തോടുകൂടി അതിനു വേണ്ട ഒരു അറ്റ്മോസ്ഫിയർ ക്രിയേറ്റ് ചെയ്യേണ്ടതും ഈ ലെവലിലാണ്. ഈ സമയത്താണ് സ്വാതന്ത്ര്യത്തിന്റെ വായു ശ്വസിക്കാൻ കിട്ടേണ്ടത്.**



**ഇന്ന് പൊളിറ്റിക്കൽ പാർട്ടികൾ പോലും independent അല്ല. ഏതെങ്കിലും മതത്തിന്റെ പിന്തുണ അവിടെയും കാണാം. They want to divide people. ഒന്നിലും നിൽക്കാതെ എല്ലാത്തിനെയും വാച്ച് ചെയ്യുന്ന ആളുകളാണ് എല്ലാം മാറ്റിമറിക്കുന്നത്. So this apolitical group matters. Is this not the right politics?**

പൊളിറ്റിക്കൽ പാർട്ടികളിൽ മെമ്പേഴ്സ് ആയിട്ടുള്ളവർ മൊത്തം ജനതയുടെ ഒരു ശതമാനം പോലും ഇല്ല. അങ്ങനെയുള്ളവരുടെ തീരുമാനങ്ങളാണ് നടപ്പാക്കുന്നതെങ്കിൽ അതു പൂർണ്ണമായും ശരിയാകണമെന്നുണ്ടോ? ഒരു ചെറിയ ശതമാനത്തിന് ഭൂരിഭാഗത്തിന്റെ കാര്യങ്ങളിൽ കൃത്യമായി തീരുമാനങ്ങൾ എടുക്കാൻ സാധിക്കുന്നുണ്ടായിരുന്നെങ്കിൽ ഇവിടെ ഇലക്ഷൻ ഒന്നും വേണ്ടായിരുന്നു. കൃത്യമായ ഡാറ്റാ വെച്ച് ഒരു പ്രണോയ്റോയ്ക്കോ മറ്റോ വെറും ഈസിയായി ഇലക്ഷന്റെ റിസൾട്ട് ഒക്കെ പറയാവുന്നതേയുള്ളൂ. അങ്ങനെയെല്ലായ്പ്പോഴും നടക്കാറുണ്ടോ? അപ്പോൾ ഒന്നിലും നിൽക്കാതെ എല്ലാത്തിനെയും വാച്ച് ചെയ്യുന്ന ആളുകളാണ് എല്ലാം മാറ്റിമറിക്കുന്നത്. So this apolitical group matters. Is this not the right politics?

## മതം-രാഷ്ട്രീയം

രാഷ്ട്രീയപാർട്ടികൾക്ക് പുറത്തു നിൽക്കുന്ന ചില സമൂഹങ്ങൾക്ക്, രാഷ്ട്രീയതെരഞ്ഞെടുപ്പുകളിലും മറ്റും ചില പ്രത്യേക റീജിയനുകളനുസരിച്ച് കൂടുതൽ പ്രാധാന്യം ഉണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് വളരെ പ്രസക്തവുമാണ്. ഇത് മതാധിഷ്ഠിതമാണ്. കേരളാ കോൺഗ്രസ്സിനും, മുസ്ലീം ലീഗിനുമൊക്കെ ചില പ്രത്യേക പ്രദേശങ്ങളിൽ മുൻഗണന തീരുമാനിക്കുന്നത് ആ പാർട്ടി മെമ്പർമാരല്ല, അവിടുത്തെ ജനങ്ങൾ തന്നെയാണ്. പക്ഷെ അത്തരം സമൂഹങ്ങളെ Apolitical എന്നുപറയുന്നതിനോട് എനിക്ക് യോജിപ്പില്ല. ശരിക്കു പറഞ്ഞാൽ പാർട്ടികൾക്കൊക്കെപുറമെ നിൽക്കുന്ന തികച്ചും ന്യൂട്രൽ ആയ വ്യക്തികൾക്കും സമൂഹങ്ങൾക്കുമാണ് തീരുമാനങ്ങൾ എടുക്കാൻ സാധിക്കുന്നത്. മാറിമറിഞ്ഞുവരുന്ന തെരഞ്ഞെടുപ്പുഫലങ്ങൾക്കും കാരണമിതാണ്. ഇതാണ് ശരിയായ പൊളിറ്റിക്സ്. അത് പൊതുതാൽപര്യങ്ങളെയും, പൊതുമൂല്യങ്ങളെയും സംരക്ഷിക്കുന്നതാണ്. എല്ലാ പാർട്ടികളുടേയും ഡിസിഷൻസ് നിരത്തി വെച്ച് തീരുമാനങ്ങൾ എടുക്കുന്ന ജനതയുണ്ടല്ലോ, അവരാണ് ശരിക്കും പൊളിറ്റിക്കൽ അറിവുള്ളവർ.

## ക്യാമ്പസ്

ഇന്നത്തെ ക്യാമ്പസ്സിൽ, സമൂഹത്തിലുള്ള വളരെ ബേസിക് പ്രശ്നങ്ങളിൽ പോലും അനുഭാവം പ്രകടിപ്പിക്കാതെ, പൂർണ്ണമായും എന്റർടെയിൻമെന്റ് ഓറിയന്റ് ആയി വളർന്നുവരുന്ന ഒരു യുവതലമുറയെക്കുറിച്ചും ഞാൻ മനസ്സിലാക്കുന്നുണ്ട്. സിനിമാറ്റിക് ഡാൻസിനോ അതുപോലുള്ള കാര്യങ്ങൾക്കോ ഒന്നും ഞാൻ എതിരല്ല. പണ്ടും ഡാൻസും ഒക്കെ ഉണ്ടായിരുന്നു. പക്ഷെ അന്ന് ഇത് മാത്രമായിരുന്നില്ല സ്ഥിതി. അന്ന് സീരിയസ്സായിട്ടുള്ള ഡിസ്കഷനോ, കലയ്ക്കോ മറ്റെന്തെങ്കിലും തന്നെയാകട്ടെ, 100% ഇൻവോൾവ്മെന്റ് ഉണ്ടായിരുന്നു. കുട്ടികൾ ഫ്രീ ആയിരുന്നു.

ഇന്നത്തെ അവസ്ഥ ഇതുവരെയുള്ള നമ്മുടെ പ്രവർത്തനങ്ങളുടെ ഒരു കണക്കെടുപ്പാണ്. സീരിയസ് ആയിട്ടുള്ള ലിറ്റററി ആക്ടിവിറ്റീസും ആർട്ടിസ്റ്റിക് എക്സ്പ്രഷനും ഉണ്ടാകണം. അതിനുവേണ്ട ഒരു അറ്റ്മോസ്ഫിയർ ഉണ്ടാകണം. ഒരു കോളേജിലെ മൊത്തത്തിലുള്ള ആയിരം പേരിൽ 500 പേർ ഒരു പാർട്ടിയിലും മറ്റേ 500 പേർ വേറൊരു പാർട്ടിയിലും അണി നിരന്നാൽ ഇത് സാധിക്കില്ല. അങ്ങനെയാകുമ്പോൾ ഒരു കോമൺഗ്രൗണ്ടിനുള്ള പ്രസക്തി നഷ്ടമാവുന്നു. പാർട്ടികളുണ്ടായിക്കോട്ടെ. അതൊന്നും നിറുത്തലാക്കണമെന്നല്ല ഞാൻ പറയുന്നത്. Let them be there പക്ഷെ, ഭയമില്ലാതെ വർക്കുചെയ്യാൻ സാധിക്കുന്ന ഒരന്തരീക്ഷം, അതിൽ നിന്നുകൊണ്ടുള്ള ഡയലോഗ്, ഇവയെല്ലാം സാധ്യമാവണം. KSU, SFI, ABVP എന്നിങ്ങനെയൊക്കെ അലൈൻ ചെയ്തു കഴിഞ്ഞാൽ പിന്നെ ഇതൊന്നും സാധിക്കുന്നില്ല. ഹിന്ദുവായിട്ടും മുസ്ലീം ആയിട്ടുമൊക്കെ അലൈൻ ചെയ്യപ്പെടുന്നതു പോലെതന്നെയാണ് അതും. പാർട്ടികൾക്ക് പുറത്തും ഒരു സ്പേസ് ഉണ്ടാക്കുവാൻ സാധിക്കണം. മറ്റുള്ളവരെ ഉപദ്രവിക്കാലോ ധാരാളം കാശുണ്ടാക്കാലോ ഒന്നുമല്ലല്ലോ ഒരു വിദ്യാർത്ഥിയുടെ ഉദ്ദേശ്യങ്ങൾ.



**Apolitical എന്നുപറയുന്നതിനോട് എനിക്ക് യോജിപ്പില്ല. ശരിക്കു പറഞ്ഞാൽ പാർട്ടികൾക്കൊക്കെപുറമെ നിൽക്കുന്ന തികച്ചും ന്യൂട്രൽ ആയ വ്യക്തികൾക്കും സമൂഹങ്ങൾക്കുമാണ് തീരുമാനങ്ങൾ എടുക്കാൻ സാധിക്കുന്നത്. മാറിമറിഞ്ഞുവരുന്ന തെരഞ്ഞെടുപ്പുഫലങ്ങൾക്കും കാരണമിതാണ്. ഇതാണ് ശരിയായ പൊളിറ്റിക്സ്.**



**Politics is a broadening exercise. അത് സമൂഹത്തിന്റെ പൊതുവായ താൽപര്യങ്ങളെ ഏറ്റവും കൂടുതൽ വിപുലീകരിക്കുകയും അതിൽ ഒരുപാട് പൊതുനന്മക്കായുള്ള സംഗതികളെ ഉൾക്കൊള്ളിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ്. മതമായാലും പാർട്ടിയായാലുംഅതിൽ 100% ലോയൽറ്റി കൊടുത്താൽ ബാക്കി എല്ലാ കൺസേൺസും പണയംവക്കുന്ന രീതി ശരിയല്ല.**

## രാഷ്ട്രീയത്തിന്റെ ശരിയായ ദിശാബോധം

രാഷ്ട്രീയപാർട്ടികളുടെ വിപ്ലവവും, അജണ്ടയുമെല്ലാം ശരി. പക്ഷെ, ഹിന്ദുപോയി മുസ്ലീമിനെ കൊല്ലണമെന്നും മുസ്ലീം പോയി ഹിന്ദുവിനെ കൊല്ലണമെന്നും പറയുന്നതിൽ എന്തു ന്യായം?. ഇങ്ങനെയുള്ള ചാനലൈസിങ് ആണ് പാർട്ടികൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് എല്ലാവർക്കും പകൽ പോലെ വ്യക്തവുമാണ്. ശരിയായ പൊളിറ്റിക്സ് ഇതല്ല.

Politics is a broadening exercise. അത് സമൂഹത്തിന്റെ പൊതുവായ താൽപര്യങ്ങളെ ഏറ്റവും കൂടുതൽ വിപുലീകരിക്കുകയും അതിൽ ഒരുപാട് പൊതുനന്മക്കായുള്ള സംഗതികളെ ഉൾക്കൊള്ളിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ്. പാർട്ടികൾ അവരുടെ അജണ്ടയും താത്പര്യങ്ങളുമെല്ലാം ഇതിനനുസരിച്ചാണ് ഉണ്ടാക്കേണ്ടത്. ഈ പ്രോസസിൽ പല അഭിപ്രായങ്ങളുമുണ്ടാകാം, ഉണ്ടാവണം. അവിടെ നിന്നൊരു സമന്വയവുമുണ്ടാകണം. അതിനുപകരം, മതമായാലും പാർട്ടിയായാലുംഅതിൽ 100% ലോയൽറ്റി കൊടുത്താൽ ബാക്കി എല്ലാ കൺസേൺസും പണയംവക്കുന്ന രീതി ശരിയല്ല. അതാണ് മാറ്റേണ്ടത്.

ഗുജറാത്തിൽ കലാപം നടന്നു. മാറാടിൽ കലാപം നടന്നു. അതുകൊണ്ട് അതു മാത്രമേ സംസാരിക്കാവൂ. കൂത്തുപറമ്പിൽ വെടിവെയ്പ് നടന്നു. അതുകൊണ്ട് അതിനെ കുറിച്ചുമാത്രമേ സംസാരിക്കാവൂ എന്ന് പറയുന്നത് ശരിയല്ല. അതിനു ശേഷം ജന്തുക്കളും പാടില്ല; മനുഷ്യരും പാടില്ല. ആ രക്തസാക്ഷികൾ മാത്രം മതിയെന്ന് പറയുമ്പോൾ അവർക്ക് അർഹമായ നീതി നിഷേധിക്കപ്പെടുന്നതോടൊപ്പം ഭാവിയിൽ അനാവശ്യമായ കീഴ് വഴക്കങ്ങൾക്ക് ഗവൺമെന്റിനെയും രാജ്യത്തെയും നിർബന്ധിക്കുകയുമാണ് ചെയ്യുന്നത്.

ഇത്തരം പ്രശ്നങ്ങളിലുള്ള പ്രതികരണം ആശാവഹമാണെന്നല്ല ഞാൻ പറയുന്നത്. ശാന്തി യാത്രയോ മതസൗഹാർദ്ദ യാത്രയോ നടത്തി എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനാവുമെന്ന് കരുതരുത്. ഈ രീതിയിലാണ് രാഷ്ട്രീയപാർട്ടികളും സാംസ്കാരികനായകൻമാരും പ്രവർത്തിക്കുന്നതെങ്കിൽ ഒരു രക്ഷയുമില്ല. മാറാടും മറ്റുമൊക്കെ സഹിച്ചേ പറ്റൂ.

മാറ്റം വരണമെങ്കിൽ മതങ്ങളും രാഷ്ട്രീയപാർട്ടികളും സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടി കൂടുതൽ കൂടുതൽ ഫണ്ടമെന്റലിസത്തിലേക്കു പോകുന്നത് അവസാനിപ്പിക്കണം. ക്രിസ്ത്യാനിറ്റി ഇങ്ങനെയായിരുന്നോ? അത് എത്രയധികം മാറിയിരിക്കുന്നു. ഇൻക്വിസിഷന്റെ കാലത്ത് ആയിരമായിരം ആളുകളെ അത് കൊന്നൊടുക്കിയിരിക്കുന്നു. ഇന്ന് ആ മതത്തിന്റെ മുഖഛായ അതാണോ? പക്ഷെ അതും മാറിക്കൊണ്ടിരിക്കുകയാണ്. യൂറോപ്പിലും അമേരിക്കയിലുമൊക്കെ പള്ളിയിൽ ആളുകളെ കിട്ടുന്നില്ലെന്നാണ് പറയുന്നത്. ഇന്നത്തെ കാലത്തിനനുസരിച്ച് ജീവിക്കുമ്പോൾ പഴയ ചില ഫണ്ടമെന്റലുകളും വിശ്വാസങ്ങളും മാറ്റിവെക്കേണ്ടി വരും. എന്നിട്ട് അവയൊക്കെ അക്കാദമിക് ലെവലിൽ കൈകാര്യം ചെയ്യട്ടെ. ഇന്നത്തെ കാലത്ത് ജീവിക്കണമെങ്കിൽ നമ്മുടെ ബാധ്യത ഇന്നത്തെ കാലത്തോടായിരിക്കണം.

ഇങ്ങനെയൊരു ജനറലൈസേഷൻ സാധ്യമാവുകയാണെങ്കിൽ, മതങ്ങൾക്കിടയിലും ഒരു സ്പേസ് സാധ്യമാവുകയാണെങ്കിൽ, കാര്യങ്ങൾ മാറും. ഇതിനുവേണ്ടി എന്തെല്ലാം മാറ്റങ്ങൾ നമ്മുടെ ഇന്നത്തെ രീതികളിൽ വരുത്തണമെന്ന് നാം ഓരോരുത്തരും ചിന്തിക്കണം. ഒരു അൾട്ടിമേറ്റ് സൊല്യൂഷൻ തരാൻ എനിക്കു സാധിക്കില്ല. സ്വാതന്ത്ര്യത്തോടെ ചിന്തിക്കണം. സ്വതന്ത്രമാവുക എന്നതു തന്നെയാണ് പ്രവൃത്തിയുടെ ശക്തി. നിങ്ങൾ കുട്ടികളാണ്. നിങ്ങൾക്കതിനു സാധിക്കും.

## വ്യക്തിയും സമൂഹവും

ഏറ്റവും കൂടുതൽ ലോകത്തെ നശിപ്പിച്ചിട്ടുള്ള ഒരു ചോദ്യമാണിത്. വ്യക്തിയുടെ താൽപ്പര്യങ്ങൾ, അഭിപ്രായങ്ങൾ ....ലോകത്തിൽ എല്ലാവരും ഇങ്ങനെ സ്വന്തം അഭിപ്രായ

ത്തോട് യോജിക്കാത്തവരെ കൊല്ലാൻ തുടങ്ങിയാൽ പിന്നെ ഈ ലോകത്ത് ആരും തന്നെ ബാക്കിയുണ്ടാവുമെന്ന് തോന്നുന്നില്ല. നമ്മളെല്ലാം സമൂഹത്തിന്റെ ഭാഗമാണ്; അതേ സമയം വ്യക്തികളുമാണ്.നമ്മുടെ existence ഒരു particular existence മാത്രമല്ല - ഒരു വ്യക്തിയെന്നനിലയിൽ existence ഉണ്ട്. വിവിധസമൂഹങ്ങളുടെ ഭാഗങ്ങൾ എന്ന നിലയിൽ ഉള്ള existence, പ്രകൃതിയുടെ ഭാഗമെന്ന നിലക്ക് വേറൊരു തലത്തിൽ മറ്റൊരു existence ഉം ഉണ്ട്.

പിന്നെ നിങ്ങളൊരു ഹിന്ദുവാണോ, മുസ്ലീമാണോ എന്ന നിലക്കൊരു existence ഉണ്ട്. കൂടാതെ, നിങ്ങളൊരു മലയാളിയാണ്, ഒരിന്ത്യാക്കാരനാണ്. ഇങ്ങനെയും existence ഉണ്ട് ഇല്ലേ? ഏത് തലമാണോ നമ്മൾ discuss ചെയ്യുന്നത്, അല്ലെങ്കിൽ ഏത് context ൽ ആണോ നിങ്ങൾ, അതനുസരിച്ച് നിങ്ങളുടെ existence മാറുന്നു. പ്രകൃതിയുടെ ഒരു context ൽ നമ്മളും ഒരു living thing മാത്രം. ഇതെല്ലാം കൂടിച്ചേരുമ്പോഴേ നമ്മളാവൂ. ഒന്ന് ഒന്നിനെ ധിക്കരിക്കുന്നില്ല. ജീവിതത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാട് മനുഷ്യനും പ്രകൃതിയും, വ്യക്തിയും സമൂഹവും എന്ന നിലയിലേക്ക് മാറേണ്ടതുണ്ട്.

## യുദ്ധം, അധിനിവേശം

യുദ്ധങ്ങൾ അപലപിക്കപ്പെടേണ്ടതാണ്, എന്നും. ആരു ചെയ്തു എന്നതിനേക്കാളുപരി,അധിനിവേശങ്ങളെ എതിർക്കുകയാണ് വേണ്ടത്. യുദ്ധത്തിനെതിരെ ഉയർന്നു വന്നിട്ടുള്ള പ്രതികരണങ്ങൾ പലപ്പോഴും അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെയുള്ള ചെപ്പടികളായി മാത്രം പരിണമിക്കരുത്. യുദ്ധം അത് ആരു ചെയ്താലും, അങ്ങനെയൊരു ലോകക്രമം ഉണ്ടാകുന്നതിനെതിരെ നാം ബോധവാൻമാരാകേണ്ടിയിരിക്കുന്നു.

## വിപ്ലവം

"Change' is the better word for 'വിപ്ലവം' Standard വാക്കുകൾക്ക് അർത്ഥമോശം സംഭവിച്ചിരിക്കുന്നു. Change is the fundamental things in the universe.

ഭിക്ഷക്കാരന് ഒന്നോ രണ്ടോ രൂപകൊടുക്കുമ്പോൾ അരുത് എന്ന് പറയുന്നു; കാരണം, കാരുണ്യം കാണിക്കാൻ പാടില്ല. കാരുണ്യം കാണിക്കുമ്പോൾ വിപ്ലവത്തിന്റെ തീ കെട്ടുപോകും. വിപ്ലവത്തെ അത് വൈകിക്കുകയേയുള്ളു. എല്ലാതരത്തിലുമുള്ള നിസ്സഹായതയുമുണ്ടെങ്കിലേ വിപ്ലവം ഉണ്ടാകുകയുള്ളു. ഓരോരുത്തർക്കും ഓരോ രീതിയിലുള്ള solutions ആയിരിക്കും. ചിലർക്ക് political movement ആയിരിക്കും. ചിലർക്ക് ഹിന്ദുരാഷ്ട്രം ഉണ്ടാക്കണമെന്നായിരിക്കാം. ചിലർക്ക് ഇതൊന്നുമല്ല, കാശുണ്ടാക്കലായിരിക്കാം.

വിപ്ലവം, വിപ്ലവം എന്ന് പറഞ്ഞ് ഇങ്കിലാബ് സിന്ദാബാദ്, ഇങ്കിലാബ് സിന്ദാബാദ് എന്നായി. ഇന്ന് ഇങ്കിലാബ് സിന്ദാബാദ് എന്ന് പറയുന്നതിന്റെ ഒരു relevance മനസ്സിലാകുന്നില്ല. മുത്തങ്ങാ സംഭവത്തിൽ, ഓരോ ആളുകളും ഇങ്കിലാബ് സിന്ദാബാദ് എന്നുപറയുന്നുണ്ടായിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ ഇങ്കിലാബ് ഉണ്ടോ? പക്ഷെ, ആ വിപ്ലവം slow ആയി . കാരണം ഇങ്കിലാബ് എന്നുള്ളത് 'അല്ലാഹു അക്ബർ' എന്നോ മറ്റോ പറയുന്നതുപോലെ ഒരു സംഗതിയായിരിക്കുന്നു. whether that race change? അത് ഒരു revolutionary change ആണോ ? statutory change ആണോ? അതാണ് മനസ്സിലാക്കേണ്ടത്. അല്ലാതെ കഴിഞ്ഞ ദശകത്തിലുണ്ടായിട്ടുള്ളമാതിരി വിപ്ലവമൊന്നും ഇപ്പോൾ നടക്കുമെന്നെനിക്കു തോന്നുന്നില്ല.

ജനകീയ ജനാധിപത്യവിപ്ളവത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ തന്നെ മാറിയില്ലേ? ഇനിയും മാറിവരും. Today we have a fast changing world.

വിപ്ലവത്തെക്കുറിച്ച് പറയുന്നവർക്ക്, ജനങ്ങൾക്കു വേണ്ടിയുള്ള plan / agenda എന്താണ് ? കേരളത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ ആന്റണി സർക്കാരിനു പകരം അടുത്ത ഭരണം. ഇത്രയല്ലേയുള്ളു.

Politics എന്ന് പറയുമ്പോൾ politics ൽ നിന്നു കൊണ്ടായിരിക്കണം സംസാരിക്കേണ്ടത്. വെറുതെ predict ചെയ്യുകയല്ല വേണ്ടത് .

Human nature വച്ചു നോക്കുമ്പോൾ final solution എന്ന ഒരു സംഗതി ഇല്ല. There is no ultimate.




**'Change' is the better word for 'വിപ്ലവം'. Standard വാക്കുകൾക്ക് അർത്ഥമോശം സംഭവിച്ചിരിക്കുന്നു.**



# എന്റെ ക്യാമ്പസ്

അന്ന് യു.സി. അനന്തരാമൻ സാർ, ടി.ബി. തോമസ് സാർ മുതലായ പ്രഗത്ഭൻമാർ അടങ്ങിയതായിരുന്നു. ഞാൻ താമസിച്ചിരുന്നത് സ്കിന്നറിലാണ്. പുഴയിലെ കുളിയും സെറ്റിൽമെന്റ് സ്കൂൾ വരെയുള്ള നടത്തവും ഇരിങ്ങാലക്കുടയിൽ നിന്നുള്ള യാത്രയുമെല്ലാം ഇപ്പോഴും ഓർമ്മയിൽ നിറഞ്ഞുനിൽക്കുന്നു. പ്രീഡിഗ്രിക്ക് മാത്രമല്ല ഡിഗ്രിക്കും ഞാനവിടെ തുടരണമെന്ന് വിചാരിച്ചതായിരുന്നു. യു.സി. യിലെ ഡിഗ്രി ക്ലാസ്സിൽ നിന്ന് എഞ്ചിനീയറിംഗ് കോളേജിലേക്കുള്ള മാറ്റത്തിനുവേണ്ടിവന്ന കാലതാമസം വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളുവെങ്കിലും സംഭവബഹുലമായിരുന്നു. ഇതിനിടയിലായിരുന്നല്ലോ യു.സി. യിൽനിന്ന് പുറത്താക്കപ്പെട്ടത്. സംഭവം വളരെ നാടകീയത നിറഞ്ഞതാണ്. ഇന്നും അതെന്റെ ഓർമ്മയിലുണ്ട്. ഡിഗ്രിക്ക് ചേരുമ്പോൾ സമർപ്പിക്കേണ്ട ട്രാൻസ്ഫർ സർട്ടിഫിക്കറ്റിന്റെ പേരിലായിരുന്നു ആ പുറത്താക്കൽ. ഞാൻ പ്രീഡിഗ്രിക്കും അതേ കോളേജിൽ ആയിരുന്നു എന്നതുകൊണ്ട് ഡിഗ്രി അഡ്മിഷന്റെ സമയത്ത് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് നൽകിയിരുന്നില്ല. കോളേജിൽ നിന്ന് ആരും ചോദിച്ചതുമില്ലായിരുന്നു. ക്ലാസ്സൊക്കെ തുടങ്ങിക്കഴിഞ്ഞ് പെട്ടന്നൊരു ദിവസം പ്രിൻസിപ്പാൾ വിളിപ്പിക്കുന്നു; പുറത്താക്കുന്നു. അന്ന് ഹോസ്റ്റലിൽ നിന്ന് ബസ്സ്റ്റോപ്പിലേക്ക് പോയതായിരുന്നു ഞാൻ നടന്ന ഏറ്റവും വലിയ ദൂരം. കാരണമൊന്നും പിടികിട്ടിയില്ല. പിന്നീട് അന്വേഷിച്ചപ്പോഴാണ് കാര്യങ്ങൾ മനസ്സിലായത്. പക്ഷെ അപ്പോഴേക്കും അത് എന്നെയും വീട്ടിലുള്ളവരെയും സാരമായി ബാധിച്ചിരുന്നു. പിന്നീട് കാര്യങ്ങളെല്ലാം മാറിമറിഞ്ഞു. എനിക്ക് എഞ്ചിനീയറിങ്ങിന് അഡ്മിഷൻ കിട്ടുന്നു; പഠിക്കുന്നു. ആ പുറത്താക്കൽ അപ്രസക്തമാകുന്നു.





# ശേഷിപ്പ്

i

ചുട്ടെടുത്ത മണ്ണപ്പങ്ങൾ
മഴയിൽ കുതിർന്നൊലിക്കുന്നത്
കണ്ണീർനിറഞ്ഞകണ്ണാൽ
കണ്ടത് ഇന്നലെയായിരുന്നു.
കിനാവിന്റെ തിരമാല തന്ന
ശംഖെടുത്ത് അവൾ
മാലയാക്കിയെന്നറിയുന്നത്
ഇന്നലെയായിരുന്നു
കൈവിരലുകൾ വിടർത്തിയപ്പോൾ
കൂട്ടിവെച്ച മൺതരികൾ
ഉതിർന്നുവീണതുമറിയാതെ....
അതെന്റെ ഓർമ്മകളുടെ
മണൽത്തരികളാണെന്നറിഞ്ഞത്
ഇന്നലെയായിരുന്നു.


ii

നിലാവിന്റെ നൂൽവലയിൽ
എട്ടുകാലിയെപ്പോലെ
മരണം പതിയിരിപ്പുണ്ട്.
അടുത്തെത്തുന്ന എന്തിനേയും
അതു ചാടിപ്പിടിക്കുന്നു.
എട്ടുകാലുകൾക്കുള്ളിൽ
ശ്വാസം മുട്ടിയ്ക്കുന്നു.
ഒടുവിൽ.........
ഇരയുടെ അവസാനപ്പിടപ്പും,
ആനന്ദനിർവൃതിയും,
കൊന്നത്, ആരുടേയോ
ഇന്നലെയെയായിരുന്നുവോ?

ദിവ്യ.എം
ഒന്നാംവർഷ എം.എ. മലയാളം

**തീക്ഷ്ണമായ ചിന്തകളും ഒരിക്കലും കെടാത്ത അറിവുമായി റോബിൻ യൂസിയുടെ പടികളിറങ്ങി. ഒരു കയ്യിൽ തോക്കും മറുകയ്യിൽ ബൈബിളുമായി സെമിനാരിയുടെ പടികൾ കയറി പ്പോകുന്ന റോബിനെ പിന്നീട് ഞങ്ങൾ കണ്ടു.**


# സെമിനാരിയിൽ നിന്ന് റോബിൻ അയച്ച കുറിപ്പുകൾ



രക്തം കിനിയുന്ന മെഴുകുതിരികൾക്കു മുകളിലൂടെ ഒരു പ്രാവ്. അലിവിന്റെ മഴ പെയ്ത്തിൽ ആകർഷകമാകുന്ന ഗിറ്റാറുകൾ (വേദനയുടെ). മുൾച്ചെടികൾക്കിടയിൽ നിന്ന് ചിറകുകൾ വെച്ച് പറക്കുന്ന നീർത്തുമ്പികൾ. അവഗണനയുടെ സുവർണ്ണ ചഷകങ്ങളിൽ പകർത്തപ്പെടുന്ന സ്നേഹത്തിന്റെ മുന്തിരിച്ചാറുകൾ. രാത്രികൾ കരയുന്നത് നഷ്ടമായവരിലൂടെ. പുൽമേടുകൾക്കപ്പുറം പുഴയൊഴുകുന്നുണ്ടോ? ഷാരോൺ. ദൈവത്തെക്കുറിച്ച് ചോദിക്കുമ്പോൾ മരങ്ങൾ പൂക്കുന്നില്ല, കസൻദ്. പക്ഷേ കണ്ണീർ പൊഴിയുന്നത് എനിക്ക് കാണാം. നിനക്കറിയാമോ കസൻദ്? രാവേറുമ്പോൾ എന്റെ കുരിശ് ഞാൻ താഴെവെയ്ക്കും. പിന്നീട് കാതോർത്തിരിക്കുംഗിറ്റാറുകൾക്കായ്. പ്രിയ വാൻഗോഗ്, രക്തം കിനിയുന്ന നിന്റെ മുറിവുകൾ എനിക്ക്

പ്രണയത്തിന്റെ വിശുദ്ധഭാഷണമാകുന്നു. കരുണയുടെ വാത്സല്യത്താരികളായി നീ എന്നിലേക്ക് പെയ്തിറങ്ങുന്നു. അവിടന്നുയർന്നു പറക്കുമ്പോൾ ഞാൻ സ്വതന്ത്രനാകുന്നുണ്ട്.

ചിലപ്പോൾ തോന്നും, ഞാൻ നിസ്സാരനാണ്. എടുത്തെറിയപ്പെട്ടവനെപ്പോലെ. അപ്പോൾ ഞാൻ ഗിറ്റാറെടുക്കും. എന്നിട്ടു ദിവസം മുഴുവൻ ഞാൻ പാടും. വലിയവനായ സർവ്വശക്താ, ഞങ്ങൾക്ക് ഒരാശ്വാസവുമില്ല. ഉണ്ടായിരുന്നതെല്ലാം നഷ്ടപ്പെട്ടുവല്ലോ. നിങ്ങൾ എന്നെങ്കിലും അടിച്ചമർത്തപ്പെട്ടിട്ടുണ്ടെങ്കിൽ എനിക്കനുഭവപ്പെടുന്ന വിങ്ങൽ നിങ്ങൾക്കു മനസ്സിലാകും. ചക്രമില്ലാതെ, തകർന്നുപോയ ഒരെഞ്ചിൻ പോലെ, യുദ്ധക്കളത്തിൽ ഉപേക്ഷിക്കപ്പെട്ട ആലംബഹീനനായ ബാലനെപ്പോലെ.....



കയ്പു നിറഞ്ഞ നാളുകൾ...
ദുഃഖഗീതങ്ങളിൽ മാത്രം
ആശ്വാസം കണ്ട നാളുകൾ
പക്ഷേ, അതൊട്ടുമാശ്വാസമായില്ല
അടിച്ചമർത്തിയ ജീവിതം
മൗനമുദ്രിതമായ മരണം-
ആശ്വാസമണച്ചത് ഒരു നാമം
മാസ്മരവിദ്യയാലെന്നോണം അതു
വേദനയെ തുത്തുമാറ്റി-
അതേ, യേശുവിന്റെ വിലയേറിയ നാമം
ആ നാളുകൾ കൊഴിഞ്ഞുപോയി.
എനിക്കിപ്പോൾ നന്നായിട്ടറിയാം
ആ നാളുകൾ കൊഴിഞ്ഞുപോയി.
എനിക്കിപ്പോൾ നന്നായിട്ടറിയാം
എനിക്കു വേണ്ടി മരിക്കാൻ യേശുവിനു കഴിയില്ല.
ഭൂമി പോലെ കറുത്ത എൻ ശരീരം
എന്നെ സ്വതന്ത്രമാക്കാൻ
ഭൂമി പോലെ കറുത്ത എൻ കരങ്ങൾക്കേ കഴിയൂ.

കഴിഞ്ഞ കാലങ്ങളിൽ പറന്നിരുന്നാണ് ഞാനിതെഴുതുന്നത്. എന്റെ വിരലുകളിൽ രക്തം തളിർക്കുന്നുണ്ട്. ചിലപ്പോൾ ഈ തിരിച്ചറിവ് എന്നെ വല്ലാതെ ഭയപ്പെടുത്തുന്നു. ഹൃദയരക്തം ഒരെഴുത്തായിമാറുമ്പോൾ ഇതാരുവായിക്കുമെന്ന ചിന്ത എന്നെ അസ്വസ്ഥനാക്കുന്നു. മരുഭൂമിയിൽ നിന്ന് വിലപിക്കുന്ന തേയ്മാനം വന്ന ഒരു നട്ടെല്ല് എന്റെ മുന്നിലിരിക്കുന്നുണ്ട്. ചരിത്രത്തിന്റെ രക്ത ചക്രത്തിൽ പറ്റിപ്പിടിക്കുവാൻ നിയോഗമായ നുണവാക്യങ്ങൾ. ഇവിടെ നാലുകെട്ടിനുള്ളിൽ മുന്തിരിച്ചെടികൾ പോലും നിശബ്ദരാണ്. പെട്ടെന്ന് വന്ന മഴയിൽ നിന്ന് ജനലിലൂടെ എഴുത്തുമേശയിലേക്ക് ചിതറിവീണ മഴത്തുള്ളികൾ, നിശബ്ദനായിരിക്കുവാൻ നിങ്ങൾക്കെന്തധികാരം? ചോദ്യമാകുന്നു. ഉത്തരങ്ങളില്ലാതെ പോകുമ്പോൾ ഭാവന വ്യഭിചരിക്കപ്പെടുന്നത് ഞാൻ അറിയുന്നു. മൗനം മരണമാണ്. രൂപങ്ങളില്ലാതാവുന്നിടത്ത് മൗനമാണുത്തരം. എന്നിൽ നിന്നനിക്ക് പറന്നുപോകാൻ കഴിയുന്നത് ഞാൻ എന്നിലേക്ക് കൂടുതൽ അടുക്കുന്നതുകൊണ്ടാണെന്ന ബോധ്യം എന്നിൽ പാപബോധം ഉണ്ടാക്കുന്നു. രാത്രി മുഴുവൻ കരഞ്ഞ എന്റെ ആത്മാവ് വിജനപ്രദേശത്ത് കൂടു കൂട്ടുന്നു. ചുറ്റും നോവുന്ന ആത്മാക്കൾ പെയ്തിറങ്ങി എന്നെ ഭയപ്പെടുത്തുന്നു. ശബ്ദമില്ലാത്തവർ. ഞാനറിയുന്നു നിശബ്ദതയിൽ മൗനം എനിക്ക് ആസ്വദിക്കാനാകുന്നു. കരുണയുടെ കണ്ണുകൾ എന്നെ തകരുവാൻ പ്രേരിപ്പിക്കുന്നു. എന്റെയുള്ളിൽ പറ്റിപ്പിടിച്ചിരിക്കുന്ന ആത്മാക്കളെ തുത്തുമാറ്റുവാൻ ആർക്കാണ് കഴിയുക? ഇവിടത്തെ തീപാതകങ്ങളിൽ തപസ്സിരിക്കുന്നവർ ജ്ഞാനികളും മൗനികളുമാണ്. ഇവർ മഹത്തുക്കൾ. അതുകൊണ്ട് ഇവർക്കിടയിൽ ഒന്നുമറിയാത്തവനെപ്പോലെ ഞാൻ ശബ്ദമുണ്ടാക്കുന്നു. ആദ്യാക്ഷരങ്ങൾക്കായ് കേഴുന്ന കുട്ടിയെപ്പോലെ......

ഒരു ഹൃദയമെരിയുമ്പോൾ
മറ്റൊരു ഹൃദയമാവുകയാണ്.
പിന്നീട് സവിശേഷമായ ഒന്നായി മാറും
ആത്മാക്കൾക്ക് അതിൽ കൂടുവെയ്ക്കാം
നോവിന്റെ മഴയായി പെയ്തലിയാം
ഒന്നും അവശേഷിപ്പിക്കാതെ.

# EDUCATION IN INDIA

Speech by **RABINDRANATH TAGORE,**
when he declared open the first hostel of the Union Christian college, in 1922.

*"We pass our BA and MA Examinations, we cram ourselves with loads of learning, but the intellect gains neither vigour nor maturity.......And so the domestic feud between learning and life goes on growing, each bitterly and incessantly mocking at the other"*

*Rabindra Nath Tagore*



From what I have heard about the ideals of this institution and of the method which you have adopted for carrying out education in this College, I find that it has great resemblance to the institution I have started. You have the same ideals which we have in Santinikethan, I know that most of you have heard about the ideals of Visva-Bharathi. I shall only briefly refer to them.

I have once lived in a village which was situated on the bank of what was once a great river, and which in course of time silted up and dried up. So its connection with the outer world was stopped for some time. And when I was there, the rainy season began and the river beds were filled with water, and its connection with the other great river was established and it was a time of great festivity for the village people, especially for the children. The water flowed into the dry watercourse. The big boats outside world. in these few months the atmosphere of the village on that bank was greatly changed. This is in short the picture of the idea which I have in mind of Santinikethan.

There was a time when India had her wider connection with the larger world of men, and people came from all the different parts of the world and the stream of merchandise went from her markets to different parts. So it was a great age when India occupied a seat in the heart of humanity. But gradually the channel of communication became silted up and she became segregated with her own boundaries and her life became feeble and insignificant and we have been living in this life of segregation. I feel it is my mission to try to bring the stream of communication from the outer world into India; and the institution I have started represents the idea in my mind.

It came to me, this wish, when lately I went to

Europe and took a tour round the continent, and when I found that the people of different countries of Europe accepted me as their own poet and gave the warmest welcome to me, - when I found that this was a fact, it came to my mind that I had the responsibility to open up connections of heart between India and the great Western Continent. I would have thought the idea impossible of attainment a few years ago. But by some good chance the time has come when Europe has turned her eyes towards the East expecting some help in the trouble which she now undergoes, - some true help from the East, from the same source whence it had gone to all parts in former days. And by some good fortune I represented to Europe this East, I was accepted by the West. Then the idea became clearer to my mind than ever before and I felt a hold upon it. I felt this duty imposed upon me by Providence. This has become my mission of life.

What I feel about our educational institutions is this, that they must have some great ideal behind them. They must not merely have some method of outward efficiency, some mere list of syllabuses, courses, examinations, and other external things. You must have some great ideal, and that ideal in our own times is to release India from her imprisonment,- from her spiritual and intellectual imprisonment. She must be released from the narrowness of her ranges of life and mind. The idea which belongs to the present age is the idea of the federation of races. This fact has to be considered more in this part than in other parts of the human race. The fact that they are coming closer and closer to one another is the great fact of this present scientific age. It has become the mission of Science to bring these races together. Now comes the vision of the moral and spiritual man, to take it up and turn it towards worthy ends. If India establishes her broad outlook and does not live the life of segregation, then not only communication with the rest of the world, but also communication with the races inhabiting her own land will be opened.

When we say we love India, we do not really mean it. If Indian is merely a geographical fact it may be true that we belong to India but we do not love India. For if this love of India has no deep and true sense in an increasing of knowledge, then we must confess that India is not truly ours. For if India belongs to us, the people of each province belong to us. I must say that I who belong to Bengal have only a shadowy notion of the people of this land. Yet I am ever ready for displaying my pride in the fact that I belong to India. But do I belong to it in reality? I live in one corner of it- the eastern part. I am familiar with Bengal, but the rest of India is a great abstraction to me. If our education does not make us familiar with our motherland, has this education any value for us? We talk about it on political platforms. We talk of the cultural and political unity of India. Where is that unity?

The first step in the course of our progress must be to know each other; then we can have relationship established in truth. Now it is mere vague words and nothing else, and so the educational institution if we have any such which belongs to the people of India, must light up the face of our great land so that all the children of India may know her. We often shout the patriotic songs, Vande-matharam and others. But mere shouting does not gives us the Mother. Our pride of India is mere vain glory. We do not undergo the pains to know her. Do you know, when you sing "Vande-matharam" and "Wear Khadar" anything of the Punjab? What is India if it is less familiar to you than England? You know more of the literature, philosophy and ethnology of England than of India. And yet you shout Vandematharam. You do not have real love for India. If you haves true loves, you will know her better.

India must be saved, not by spinning yarn or producing cloth, but by revealing the best gift which she carries hidden in her heart. These must be revealed to the world and to herself. This is the idea which we must have in our education,- to remove obstruction, and open out the doors, to let the inner shrine of the motherheart of India, where the lamp is burning, to revealed to the world. "For this we must try our best. When the doors are shut, and when it is dark, then we are ignored by the whole world. We must therefore open our doors and say to the world:"We also have our contribution of light to make in the lamp-festival of the continents". You students must say to yourselves, that you belong to this great land and therefore it is your duty to discover and reveal to the world the best that is in your country, - and not begging for some crumbs from the Western Saraswathi as if that were the end of education. No! instead of this, you must extend your hospitality to the world. You must offer to the whole world all that India has to give. For this very reason I have opened a guest house in Santinikethan, and I have named it Viswabharathi, - a centre of world culture. I trust that India will be true to her guest from the outer world when they come to her, and will not shame herself by saying that knock at her doors. It is not true that India has no time today to contribute her share to world. She has the time and the spiritual wealth and she must give freely out of her store.

# He Waits.....



Solomon.......

Blessed by Him with wisdom,
Was gone eons ago.
Years pass....rolling stones....
Forth comes newer generations,
Autumns shed yellow leaves,
Chaff withers away in the wind,
And He.....
Awaits the next Solomon,
At times a claim....
"Solomon, the Wise, is me,"
Reverberates hollow,
On the cliff, the rock and the mountainside.
"Mephistopheles,"
He replies,
"Drag the proud mind
Beneath the garbage
Into the slimy mucus of a worm."

Solomon.....

The wisest of all, dearest to him,
Relief in sorrow, shelter in rain,
A kingdom marked by peace and green.
Of all the trees,
The one that bears the best of fruits,
Brings forth the best of best,
But once in a while.
Amidst the passing multitudes,
Generations of futile births and deaths,
That's gone.... is come... and yet to come....
He waits.....
For the stars to bathe in divine glory,
For the Heavens to thunder out....
"Here cometh... Solomon, the wise."

**Benish George**
First Year B.A. English.

# വനപുരാണം



അവൻ നല്ല ഇടയനായിരുന്നു. അവന് തന്റെ കാലിക്കോലും പുല്ലാങ്കുഴലും നഷ്ടപ്പെടുന്നത് പിന്നീടാണ്. അരുവി ചെറിയ കുട്ടിയായിരുന്നു; വളർന്ന് പാകതയാർജ്ജിക്കുന്നത് കാതങ്ങൾക്കപ്പുറം വച്ചാണ്. കുടവിരിച്ചു നിന്ന വടവൃക്ഷം അരുവിയുടെ ഓരത്തായിരുന്നു. നീലാകാശത്തേക്ക് ഹരിതനേത്രങ്ങളുയർത്തി ആശ്ചര്യം പൂണ്ടുനിന്ന മാമരം ഇടയൻ തന്റെ കുട്ടിക്കാലത്തുതന്നെ കണ്ടെത്തിയിരുന്നു. അവിടെയാണ് കിളികൾ പാടുന്ന പ്രഭാതമുണ്ടായിരുന്നു. അവിടം കാടായിരുന്നു.

കാട് പൂചൂടുന്ന കാലം വസന്തമാണെന്നും, അരുവി തളരുന്നത് വേനലിലാണെന്നും, കാട് ഇല പൊഴിക്കുന്നത് മഞ്ഞുകാലത്താണെന്നും, കാലമവനെ പഠിപ്പിച്ചത് ആ മരച്ചുവട്ടിൽ വച്ചായിരുന്നു.

അവൻ പുല്ലാങ്കുഴലൂതുമ്പോൾ ചിതറിപ്പോയ കാലിക്കൂട്ടം ഒത്തു ചേരുമായിരുന്നു. കാട് നിശബ്ദമായി കാതോർക്കുമായിരുന്നു.

ഒരു തെളിഞ്ഞ പ്രഭാതത്തിലാണവൾ കുന്നിറങ്ങി വന്നത്. അവളുടെ മൊഴികൾ അവന്റെ കാടറിവുകളിൽ വിള്ളൽ വീഴ്ത്തി. അവളുടെ പുഞ്ചിരി അവന്റെ ഹൃദയത്തെ ഉലച്ചു. അവളുടെ സാമീപ്യം അവനിലെ സംഗീതത്തെ ഉണർത്തി. അവനവളെ വനദേവത എന്നു വിളിച്ചു. അവന്റെ സ്വപ്നത്തിൽ പോലും അവളുടെ സാമീപ്യമുണ്ടായിരുന്നു. പരസ്പരം പ്രണയിച്ചിരുന്നെന്ന് അവർ തിരിച്ചറിഞ്ഞിരുന്നുമില്ല.

മാമരം പൂചൂടിയ കാലത്ത് അരുവിയുടെ കരയിലിരുന്നവൻ മനോഹരമായി പുല്ലാങ്കുഴലൂതി. പുള്ളിപ്പാവാട വട്ടം ചുഴറ്റി, പാദസരങ്ങൾ കിലുക്കി മയിൽക്കൂട്ടത്തോടൊപ്പം അവൾ നൃത്തം വച്ചു. മലയിറങ്ങിവന്ന സുഗന്ധം പൂശിയ ഇളം കാറ്റ് സ്നേഹപൂർവ്വം അവരെ പുണർന്നു.

മഴയൊടുങ്ങിയ കാലത്ത്, കണ്ണുപൊട്ടി ചോരയൊലിപ്പിച്ചുകൊണ്ടൊരു കാട്ടു കൊമ്പൻ വഴി കാണാനാവാതെ കയത്തിൽ വീണു ചരിഞ്ഞു. ചിറകൊടിഞ്ഞു വീണ ചെമ്പരുന്തിനെ ഉറുമ്പുകൾ തിന്നു തീർത്തു. കാടു വിറച്ചു. കാട്ടിൽ വേട്ടക്കാരിറങ്ങിയിരിക്കുന്നു. കാടു നടുങ്ങിയ ഉഗ്രശബ്ദം വെടിയൊച്ചയാണെന്നവൾ പറഞ്ഞു. കൊമ്പൻ മീശക്കാരുടെ സംഘങ്ങൾ മല കയറാൻ തുടങ്ങിയെന്ന് കിളികൾ പറഞ്ഞു. പുല്ലാങ്കുഴലൂതിയിട്ടും ഒന്നുചേരാത്ത കാലിക്കൂട്ടം അവന്റെ നെഞ്ചു കലക്കി. അവന്റെ കാലിക്കോലും പുല്ലാങ്കുഴലും വേദനയോടെ അരുവി ഏറ്റുവാങ്ങി. അവരുടെ നിലവിളികൾ മലകളിൽ തട്ടി പ്രതിധ്വനിച്ചു.

കിളികൾ അലമുറയിടുന്നിടത്തേക്ക് അവൻ ഓടുകയായിരുന്നു. കാട്ടുനായ്ക്കൾ അവന് വഴിതെളിച്ചു. മുൾക്കാടുകൾ അവന് വഴി മാറി. തടാകക്കരയിലെ, കാലിക്കുളമ്പുകൾ കോറിയ വഴിയിലൂടെ കാടുവിടുന്ന മീശക്കാരെ കണ്ടെത്തുംവരെ അവൻ ഓട്ടം തുടർന്നു. അതൊരു മുഷിഞ്ഞ സായാഹ്നമായിരുന്നു.

കൊമ്പൻമീശക്കാരന്റെ കൈയിലവൾ പിടയുന്നു. വനദേവത അപഹരിക്കപ്പെടുന്നു! ഇടയൻ ജ്വലിച്ചുണർന്നു. കാടിളകിമറിഞ്ഞു. കാട്ടാനക്കൂട്ടം അരുവി താണ്ടിവന്നു. കഴുകുകൾ ആകാശം വിട്ട് താഴ്ന്നിറങ്ങി. സിംഹങ്ങൾ ഇരുണ്ട ഗുഹകളുപേക്ഷിച്ച് പുറത്തു വന്നു. കാടുണർന്നു. മീശക്കാർ ഭയന്നു വിറച്ചു. തോക്കുകൾ ശബ്ദിച്ചു തുടങ്ങി. ഭ്രാന്തിളകിയ ഇടയൻ മുന്നോട്ടാഞ്ഞു. ഒരു നിമിഷം! തടാകക്കരയിലെ മുത്തശ്ശനരയാൽ പൊട്ടിത്തെറിച്ചു. പുൽമേടുകളിൽ തീ പടർന്നു. തടാകജലത്തിന് തീ പിടിച്ചു. കാടിന്റെ കണ്ണു പൊട്ടി, നാവു തളർന്നു. കരുത്തുടഞ്ഞു. ഹൃദയം പൊട്ടിക്കരഞ്ഞുകൊണ്ടവൻ അരുവിയിലഭയം പ്രാപിച്ചു. കാടെരിയുകയാണ്; എരിഞ്ഞൊടുങ്ങുകയാണ്. അവന്റെ കണ്ണുനീരിൽ അരുവി നിറഞ്ഞു.

ആകാശത്ത് മഴ അപ്പോഴും തളം കെട്ടിക്കിടന്നു. വറ്റിപ്പോയ അരുവിയുടെ കരയിൽ ; തരിശുഭൂമിയിൽ, ഗതകാലത്തെ പതുക്കെ കണ്ടെടുക്കാൻ ശ്രമിക്കുന്ന പഴയ മാമരച്ചുവട്ടിൽ അവൻ; ഒരു വേഴാമ്പൽ കണക്കെ, പ്രാർത്ഥിക്കുന്നത് തിരിച്ചെടുക്കാൻ പറ്റാത്തവിധം അറ്റുപോയതിനു വേണ്ടിയാണെന്നറിയാതെ......

ശ്രീജിത്ത് എ
ഒന്നാംവർഷ കമ്പ്യൂട്ടർസയൻസ്.

# ഉറവകൾ തേടി...

**ഗോത്രം, പ്രകൃത്യാരാധന, കൃഷി, പൗരോഹിത്യവർഗ്ഗം, മതം, ശാസ്ത്രം,**
**അധികാരം ⟷ ശാസ്ത്രം, വിഭാഗീയ ചിന്തകൾ, മതം......മതം......മതം.....?**

ചരിത്രം ഒരു അനുസ്യൂതിയാണ്. കാലത്തെപ്പോലെ നിതാന്തമായ ഒരു തുടർച്ച. ആദിമധ്യാന്തങ്ങളെ നിർണ്ണയിക്കുന്നതാകട്ടെ മനുഷ്യപ്രജ്ഞയും. ഇവിടെ അറിവ് ദുരന്തത്തിലേക്കു നയിക്കുന്നതാകുക തികച്ചും സ്വാഭാവികം. ചരിത്രം ന്യൂനപക്ഷത്തിന് നൽകുന്നത് ഭൂതകാലസുവർണ്ണരേഖകൾ കൊണ്ട് നിർമ്മിച്ച മായികമായ ഒരു മൂടുപടമാണ്. എന്നാൽ ബഹു ഭൂരിപക്ഷത്തിന്റെ തിരിച്ചറിവിൽ അത് ചെങ്കോലുകളുടെ, പടയോട്ടത്തിന്റെ വഴിത്താരകളാണ്. മതത്തിന്റെ, അധികാരത്തിന്റെ, വർഗ്ഗത്തിന്റെ, ലിംഗപരമായ ഭേദങ്ങളുടെയെല്ലാം വ്യതിരിക്തമായ പാതയിലൂടെയാണ് ചരിത്രത്തിലെ നിർണ്ണായകമായ ഈ പാതകളുടെ സൃഷ്ടി.

മനുഷ്യൻ ആത്യന്തികമായി ഈ പ്രപഞ്ചപരിണാമത്തിലെ കണ്ണി മാത്രമാണ്. നിർണ്ണായകമായ ചരിത്രമുഹൂർത്തത്തിൽ വഴി മാറിയ ദിനോസറുകളെപ്പോലെ തന്റെ നിഴൽപാടുകൾപ്പോലും വീഴ്ത്താനാകാതെ അറ്റുപോയേക്കാവുന്ന ഒരു പ്രപഞ്ച സൃഷ്ടി. അതിനിടയിൽ എവിടെയാണ് അവന്റെ പ്രജ്ഞയിൽ ഈ ചെങ്കോലും അധികാരക്കൊതിയുമെല്ലാം നിലനിൽക്കുന്നത് എന്നത് ഏറെ പ്രസക്തമായ ഒരു ചോദ്യമാണ്.

സവിശേഷബുദ്ധിയാണ് മനുഷ്യനെ മറ്റു ജീവജാലങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നത് എന്ന് കുട്ടിക്കാലം മുതൽ നാം ഉരുവിടുന്ന സൂക്തമാണ്. മറ്റു തിര്യക്കുകളിൽ നിന്നും മനുഷ്യനെ വ്യത്യസ്തരാക്കുന്ന ഈ സവിശേഷബുദ്ധി മനുഷ്യനെ എങ്ങനെ സ്വാധീനിക്കുന്നു എന്ന ചോദ്യം നമുക്ക് പല തിരിച്ചറിവുകളും നൽകുന്നു. കാരണം ഈ സവിശേഷബുദ്ധി എന്നത് സ്വതന്ത്ര അസ്തിത്വമുള്ള മനുഷ്യനിർമ്മിതമായ ഒന്നല്ല എന്നതാണ്.

മനുഷ്യവംശത്തിന്റെ ചരിത്രത്തിന് ഏറെ പഴക്കമൊന്നുമില്ല. മതവിശ്വാസങ്ങളുടെ മായികമായ കെട്ടുകാഴ്ചകളിൽ നിന്ന് അതിനെ അടർത്തി പരിശോധിക്കുമ്പോൾ പരിണാമത്തിന്റെ ദിശയായ ഹോമോസാപ്പിയൻസിലേക്കെത്താൻ വളരെ കുറച്ചു കാലം മാത്രമേ പിറകോട്ടുപോകേണ്ടിവരികയുള്ളൂ. അതിനു ശേഷം മനുഷ്യവംശം പ്രപഞ്ചത്തിലെ അതിന്റെ നിലനിൽപ്പ് സാധ്യമാക്കുന്നതിനായി ചെയ്ത ക്രിയകളുടെ സാമാന്യസ്വരൂപമാണല്ലോ ചരിത്രത്തിൽ കാണുന്നത്. നിലനിൽപിനായുള്ള മനുഷ്യൻ എന്ന ജീവിയുടെ ജൈവിക ക്രിയകളെ നാം ചരിത്രത്തിൽ ഉൾച്ചേർത്തു പഠിക്കുന്നു.

> **മറ്റുജീവജാലങ്ങൾ പ്രകൃതിയുടെ ഭാഗമായി നിന്നുകൊണ്ട് നിലനില്പിനെ സമീപിക്കുമ്പോൾ, മനുഷ്യനാദ്യം പ്രകൃതിയുടെ ഭാഗമായും, പിന്നീട് അതിൽ നിന്ന് വ്യത്യസ്തമായും ഒരു സ്വതന്ത്ര അസ്തിത്വം സ്ഥാപിക്കാനുള്ള ശ്രമഫലമായി ചെയ്യുന്ന പ്രവർത്തികളും നടത്തുന്നു. ഇതാണ് മനുഷ്യവർഗ്ഗം മറ്റുപ്രപഞ്ച സൃഷ്ടികളിൽനിന്നും വേർതിരിഞ്ഞ് നിലനിൽക്കുന്നതിനുള്ള പ്രധാനകാരണം.**

മനുഷ്യനെ ഇത്തരത്തിൽ പൂർണ്ണമായും പ്രപഞ്ചത്തിന്റെ ഭാഗമായി പഠിക്കുമ്പോഴും ചില പ്രശ്നങ്ങളുണ്ട്. കാരണം മനുഷ്യന്റെ ചിന്ത പ്രപഞ്ചത്തിന്റെ ഭാഗമായിരിക്കെത്തന്നെ അതിനെക്കൂടി വിശകലനം ചെയ്തുകൊണ്ടുള്ളതാണ് എന്നതാണ്. മറ്റു ജീവജാലങ്ങൾ നിലനിൽപിന്റെ ഭാഗമായി ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾക്ക് ഏകതാനതയുണ്ട്. മനുഷ്യന്റേതാകട്ടെ വ്യത്യസ്ത സാഹചര്യങ്ങളിൽ വ്യത്യസ്ത സമൂഹങ്ങളിൽ ഉടലെടുക്കുന്ന പ്രവർത്തികളായതിനാൽ അതിൽ വൈവിധ്യമുണ്ട്. മറ്റുജീവജാലങ്ങൾ പ്രകൃതിയുടെ ഭാഗമായി നിന്നുകൊണ്ട് നിലനില്പിനെ സമീപിക്കുമ്പോൾ, മനുഷ്യനാദ്യം പ്രകൃതിയുടെ ഭാഗമായും, പിന്നീട് അതിൽനിന്ന് വ്യത്യസ്തമായും ഒരു സ്വതന്ത്ര അസ്തിത്വം സ്ഥാപിക്കാനുള്ള ശ്രമഫലമായി ചെയ്യുന്ന പ്രവൃത്തികളും നടത്തുന്നു. ഇതാണ് മനുഷ്യവർഗ്ഗം മറ്റുപ്രപഞ്ച സൃഷ്ടികളിൽ നിന്നും വേർതിരിഞ്ഞ് നിലനിൽക്കുന്നതിനുള്ള പ്രധാന കാരണം.

മായികമായ കെട്ടുകാഴ്ച ആണെങ്കിൽപ്പോലും അവൻ സൃഷ്ടിച്ചെടുക്കുവാൻ ശ്രമിക്കുന്ന സ്വതന്ത്ര അസ്തിത്വമാണ് അവന്റെ ചരിത്രത്തെ നിർണ്ണയിക്കുന്നത്. വൈദികകാലജനതയിൽ കാണുന്ന സമന്വയ മാർഗ്ഗത്തിൽപ്പോലും ഈ വ്യതിരക്തത ദൃശ്യമാണ്. പ്രകൃതിയുടെ ഭാഗമായിരിക്കെതന്നെ അതിൽനിന്നും അന്യമായി നിന്നുകൊണ്ട് നിലനില്പിനായുള്ള ശ്രമം നടത്തുന്നതായി വേദ സൂക്തങ്ങളെ നമുക്കു വ്യാഖ്യാനിക്കാനാകും. ആദ്യകാലചിന്തകളിൽ അത്ഭുതമാണ് കാണുന്നത്.

*ആദിത്യൻ എന്തൊരത്ഭുത സത്വം*
*ബന്ധിതനല്ലാതെ, ആലംബമില്ലാതെ*
*ശൂന്യാകാശത്തിൽ തുങ്ങിക്കഴിയുന്ന അത്*
*ഒരിക്കലും നിലംപതിക്കാതിരിക്കുന്നതെങ്ങിനെ?*

(ഋഗ്വേ:...IV ,13)

ഈ ഋഗ്വേദസൂക്തത്തിൽ ജനം പ്രകൃതിയെ അവനിൽ നിന്നും അന്യമായ ഒരു വസ്തുവായി നോക്കി അത്ഭുതപ്പെടുന്നതു കാണാം. പിന്നീട് അത് തന്റെ നിലനിൽപ്പിന് ആധാരമാണ് എന്ന് മനസ്സിലാക്കുന്നതോടെയാണ് പ്രാർത്ഥന തുടങ്ങിയത്.

*അല്ലയോ പൃഥ്വീ,*
*നിന്റെ ഉടലിന്റെ ആഴങ്ങളിൽ നിന്ന്*
*നിന്റെ കേന്ദ്രത്തിൽ നിന്ന്*
*നിന്റെ നാഭിസ്ഥലിയിൽ നിന്ന്*
*ഉത്ഭവിക്കുന്ന ജൈവശക്തികൾ*
*ഞങ്ങളിലേക്ക് പകരൂ*
*ഞങ്ങളെ സമ്പൂർണ്ണ നിർമ്മലരാക്കൂ*
*പൃഥ്വിയാണെന്റെ ജനനി, ഞാൻ പ്രഥ്വീതനയനും*
*വർഷദായകനാണെന്റെ താതൻ*
*അവൻ ഞങ്ങളിൽ ആശിസ്സു ചൊരിയട്ടെ*
*നിന്നിൽ നിന്നും പിറവി കൊണ്ട ജീവികൾ*
*നിന്റെ മുകളിൽ ചരിക്കുന്നു.*
*ഇരുകാലികളും തൃപാദികളും നാൽക്കാലികളുമായ*
*സമസ്തജീവികളെയും നീ സംവഹിക്കുന്നു.*
*അല്ലയോ പൃഥ്വീ, പഞ്ചമാന വംശങ്ങളും നിന്റേതാണ്.*
*ആ അനശ്വര ഗണങ്ങളിൽ ഉദയാർക്കൻ*
*തന്റെ കിരണങ്ങളുടെ അനശ്വര തേജസ്സ് ചിന്തുന്നു.*
*ധീരോദാത്തയായ, കാമനാവക്ഷസായ*
*ഈ ധരയെ ഞാൻ നമിക്കുന്നു.*
*(അ:വേ:XII,I)*

ഇത്തരത്തിലുള്ള പ്രാർത്ഥനയോടൊപ്പം തന്നെ പ്രകൃതിയിലേക്ക് മടങ്ങിവരാൻ തീർത്തും സ്വാഭാവികമായ ആഗ്രഹവും മനുഷ്യനിൽ ദൃശ്യമാണ്.

*ഞാൻ നിന്നിൽ ശയിക്കുമ്പോൾ*
*ഇരുവശങ്ങൾ ചരിഞ്ഞും നേരെയും മാറിമാറി കിടക്കുമ്പോൾ*
*നട്ടെല്ലുനിവർത്തി മലർന്നുകിടക്കുമ്പോൾ*
*ആപാദചൂഢം നിന്റെ പ്രഭാവമറിയുന്നു.*
*അല്ലയോ ഭൂമി, മൃദുലയാവുക*
*നീ സർവ്വത്തിന്റെയും ശയനമഞ്ചമാണ്.*

ഇത്തരത്തിൽ പ്രകൃതിയുടെ ഭാഗമായി നിന്നുകൊണ്ടും പ്രകൃതിയിൽ നിന്ന് അന്യമായി നിന്നുകൊണ്ടുമുള്ള ചിന്തകളിലേക്ക് അവനെ നയിക്കുന്നത് നിലനിൽപുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്.

ഗോത്രം, സമൂഹം മുതലായ സങ്കൽപ്പങ്ങൾക്കും മുമ്പ് യാത്രയായിരുന്നു. ഒരു സ്ഥലത്തും സ്ഥിരവാസം ഉറപ്പിക്കാതെ അനന്തമായി യാത്ര നടത്തിയിരുന്ന സമൂഹമായിരുന്നു ആര്യൻമാർ. കാരണം

**പ്രകൃതിയെ കേന്ദ്രസ്ഥാനത്ത് നിർത്തിക്കൊണ്ട് ആരാധന നടത്തിയിരുന്ന ഈ സമൂഹത്തിന്റെ കേന്ദ്രസ്ഥാനത്തിലേക്ക് പുരോഹിതവർഗ്ഗം അവരോധിക്കപ്പെട്ടു. ഈ ഉയർച്ച മതസങ്കല്പങ്ങളുടെ അധികാരവുമായി ബന്ധപ്പെട്ട ഒരു ചരിത്രത്തിന് വഴി കുറിച്ചു. അവിടെ പുരോഹിതവർഗ്ഗം ഒരേ സമയം തന്നെ ഭരണാധികാരിയും മതാധികാരിയും ആയി മാറി.**

മറ്റുജീവികളെപ്പോലെത്തന്നെ അലഞ്ഞുതിരിഞ്ഞു ഭക്ഷണം സമ്പാദിച്ച് ജീവിതം നടത്തിയിരുന്ന ഇവരുടെ സ്വഭാവം പിന്നീട് സ്വതന്ത്രമായ ക്രിയകളിലൂടെ നിലനിൽപിനാവശ്യമായ കൃഷി എന്ന പ്രക്രിയയിലേക്ക് തിരിഞ്ഞു. അതിനുശേഷം ഒരുസ്ഥലത്തു നിന്നും മറ്റൊരുസ്ഥലത്തേക്ക് എന്ന രീതിയിൽ അവരുടെ യാത്രയും തുടരപ്പെട്ടു. ഈ ഒരു കാലഘട്ടത്തിന്റെ സംക്ഷിപ്തസൃഷ്ടികളാണു വേദങ്ങൾ.

നിലനിൽപുമായി ബന്ധപ്പെട്ട ഈ യാത്രകളാണ് അവന്റെ സർഗ്ഗാത്മക ചേതനകളെ ഉണർത്തിയത്. മറ്റെല്ലാ മതങ്ങളും പരിശോധിക്കുമ്പോഴും നിലനിൽപിനായുള്ള ഇത്തരമൊരു യാത്രയുടെ തലം ദൃശ്യമാണ്. യാത്രയുമായി ബന്ധപ്പെട്ടിരുന്ന അനുഭവമണ്ഡലമാണ് പൗരാണികകൃതികളിൽ അധികവും.

അനന്തമായ യാത്രകൾക്കവസാനമാണ് ഒരാവാസവ്യവസ്ഥയിൽ സ്ഥിരവാസമുറപ്പിച്ച് കൊണ്ടുള്ള ഗോത്രസംസ്കൃതി ഉടലെടുത്തത്. ഓരോ ഗോത്രവും സ്വതന്ത്രമായ നിലനിൽപുള്ള സമൂഹമായിരുന്നു. ആദ്യകാലഗോത്രങ്ങളുടെ കേന്ദ്രസ്ഥാനം വഹിച്ചിരുന്നത് വീരന്മാരായിരുന്ന യോദ്ധാക്കളായിരുന്നു. അതിന്റെ കാരണം അവരുടെ നിലനിൽപുമായി ബന്ധപ്പെട്ട പ്രധാനഘടകം വേട്ടയാടലും അതുമായി ബന്ധപ്പെട്ട ഭക്ഷ്യരീതികളുമായിരുന്നു എന്നതായിരുന്നു. പിന്നീട് ഈ ഗോത്രസമൂഹം കൃഷിയുമായി ബന്ധപ്പെട്ട് സ്വതന്ത്ര അസ്തിത്വമുള്ള ഒരു സമൂഹമായി മാറിയപ്പോൾ കേന്ദ്രസ്ഥാനത്തിന് മാറ്റം വന്നതായി കാണാം.

കാർഷികസമൂഹത്തിന്റെ നിലനിൽപിനായുള്ള പ്രധാനഘടകം ആവാസവ്യവസ്ഥയെ അവർക്ക് അനുസൃതമായി നിലനിർത്തുക എന്നതായിരുന്നു. അതുമായി ബന്ധപ്പെട്ടാണ് പ്രകൃത്യാരാധന ആ വ്യവസ്ഥിതിയുടെ മുഖ്യസ്വഭാവമായി മാറിയത്. പ്രകൃതിയെ കേന്ദ്രസ്ഥാനത്ത് നിർത്തിക്കൊണ്ട് ആരാധന നടത്തിയിരുന്ന ഈ സമൂഹത്തിന്റെ കേന്ദ്രസ്ഥാനത്തിലേക്ക് പുരോഹിതവർഗ്ഗം അവരോധിക്കപ്പെട്ടു. ധീരയോദ്ധാക്കൾ അതിന്റെ ഒരുഭാഗം മാത്രമായി നിലകൊണ്ടു.

പൗരോഹിത്യവർഗ്ഗത്തിന്റെ കേന്ദ്രസ്ഥാനത്തിലേക്കുള്ള ഉയർച്ച മതസങ്കല്പങ്ങളുടെ അധികാരവുമായി ബന്ധപ്പെട്ട ഒരു ചരിത്രത്തിന് വഴി കുറിച്ചു. അവിടെ പുരോഹിതവർഗ്ഗം ഒരേ സമയം തന്നെ ഭരണാധികാരിയും മതാധികാരിയും ആയിമാറി. ഈ പുരോഹിതവർഗ്ഗത്തിന്റെ കരങ്ങളിലായിരുന്നു ഗോത്രജനത അവരുടെ നിലനിൽപിന്റെ വേരുകൾ കണ്ടെത്തിയത്. ഇവിടംമുതൽക്കാണ് നിലനിൽപ്പിന്റെ ഭാഗ

മായി മതത്തിന്റെയും അധികാരത്തിന്റെയും ചെങ്കോലുകൾ ചരിത്രത്തിൽ പ്രത്യക്ഷമാവാൻ തുടങ്ങിയത്. പിന്നീട് ഏറെക്കാലം മതപൗരോഹിത്യത്തിന്റെ അധികാരവ്യവസ്ഥ തകർക്കപ്പെടാനാവാതെ നിലകൊണ്ടു.

ലോകചരിത്രം പരിശോധിച്ചാൽ മനുഷ്യവർഗ്ഗത്തിന്റെ ഉന്നതസംസ്കൃതിയിലേക്ക് നയിച്ച ശാസ്ത്രബോധത്തിന്റെ തുടക്കത്തിലും ഈ മതാധികാരത്തിന്റെ പങ്ക് ഏറെയായിരുന്നു. സോക്രട്ടീസ് മുതൽ ഗലീലിയോ വരെയുള്ള രക്തസാക്ഷികൾ ഇതു തെളിയിക്കുന്നു. പിന്നീട് നവോത്ഥാനവും അതിന്റെ തുടർച്ചയായി വന്ന വ്യാവസായിക വിപ്ലവവും ശാസ്ത്രത്തെ മതത്തിൽ നിന്നും അന്യമാക്കി അധികാരത്തിന്റെ കേന്ദ്രമാക്കി. അവിടെ ശാസ്ത്രം സമൂഹത്തിന്റെ നിലനിൽപിനായുള്ള അടിസ്ഥാനഘടകം എന്ന നിലയിലേക്ക് വളർന്നു.


ശാസ്ത്രത്തിന്റെവളർച്ചയുടെ ഭാഗമായിക്കൊണ്ട് ഓരോ സമൂഹവും വെട്ടിപ്പിടിച്ച സാമ്രാജ്യങ്ങളെ നിലനിർത്തുന്നതിനായി അധികാരം ശാസ്ത്രത്തെ തന്നെ ബലിയാടാക്കുകയായിരുന്നു. അവിടെ ശാസ്ത്രം വീണ്ടും അധികാരത്തിന് കീഴിലമർന്നു. ആറ്റംബോംബു പോലുള്ള യുദ്ധോപകരണങ്ങളുടെ നിർമ്മിതി ലക്ഷ്യമാക്കുന്നത് നമ്മുടെ സുരക്ഷയാണ് എന്ന വാദം അതിന്റെ കാലികമായൊരു വ്യാഖ്യാനമാണ്. ഇവിടെ നിലനിൽപുമായി ബന്ധപ്പെട്ട് ഉത്ഭവിച്ച അധികാരം എന്ന രീതി വീണ്ടും കേന്ദ്രസ്ഥാനത്തിലേക്ക് അവരോധിക്കപ്പെടുന്നു.

**ആറ്റംബോംബു പോലുള്ള യുദ്ധോപകരണങ്ങളുടെ നിർമ്മിതി ലക്ഷ്യമാക്കുന്നത് നമ്മുടെ സുരക്ഷയാണ് എന്ന വാദം അതിന്റെ കാലികമായൊരു വ്യാഖ്യാനമാണ്. ഇവിടെ നിലനിൽപുമായി ബന്ധപ്പെട്ട് ഉത്ഭവിച്ച അധികാരം എന്ന രീതി വീണ്ടും കേന്ദ്രസ്ഥാനത്തിലേക്ക് അവരോധിക്കപ്പെടുന്നു.**


മതത്തിന്റെ അധികാരസ്ഥാപനനയം ഇന്ന് പുനരവതരിക്കുന്നു. ഇസ്രായേലും പാലസ്തീനും, ഭാരതവും പാക്കിസ്ഥാനും, ഒക്കെ തെളിയിക്കുന്നത് ഇതല്ലാതെ മറ്റെന്താണ്? ഭാരതത്തിന്റെ പുതിയ ഭരണകൂടവും അതിന്റെ പ്രവർത്തനങ്ങളും ലക്ഷ്യമാക്കുന്നത് ഇതു തന്നെയാണ്. ഇവിടെ ചരിത്രം ആവർത്തിക്കുന്നു. ആദിമജനതയുടെ നിലനിൽപുമായി ബന്ധപ്പെട്ട് ആവിർഭവിച്ച മതവും അധികാരവും പുതിയ രൂപത്തിൽ, പുതിയ ഭാവത്തിൽ പുനരവതരിപ്പിക്കുന്നു. അവിടെ മനുഷ്യൻ മറ്റേത് തിര്യക്കുകളെപ്പോലെയും പ്രപഞ്ചത്തിലെ നിലനിൽപ് സാധ്യമാക്കാൻ മാത്രം ശ്രമിക്കുന്ന ജീവിവർഗ്ഗമായി മാറുന്നു. അവന്റെ ചിന്തകളും ജീവിതവ്യവസ്ഥയും സ്വാംശീകരിച്ചെടുത്ത സംസ്കൃതി ഒരു മിഥ്യയായിതീരുന്നു. ഇതിൽ നിന്നും ഭിന്നമായി ഒരു പുതുലോകസൃഷ്ടിക്ക് എല്ലാവരുടെയും നിലനില്പ് സാധ്യമാകുന്ന നവലോകസൃഷ്ടിക്ക് നാം ഒരുങ്ങേണ്ടിയിരിക്കുന്നു.

ഗോത്രം, പ്രകൃത്യാരാധന, കൃഷി, പൗരോഹിത്യവർഗ്ഗം, മതം, ശാസ്ത്രം,
അധികാരം ↔ ശാസ്ത്രം, വിഭാഗീയ ചിന്തകൾ, മതം......മതം......മതം.....!

അനൂപ്. വി
രണ്ടാംവർഷ എം.എ.മലയാളം



# വാൽക്കണ്ണാടിയിൽ മുഖം നോക്കി പറയുന്നത്



'ഞാൻ' എന്നത് :- രണ്ടേ രണ്ട് ഹൃദയമിടിപ്പുകൾക്കിടയിലെ നേർത്ത നിശബ്ദത മാത്രം.
ചങ്ങാതി പറഞ്ഞത്:- നീയിപ്പോൾ പറയാതിരിക്കുന്നത് എപ്പോഴൊക്കെയോ പറഞ്ഞു കഴിഞ്ഞ കാര്യങ്ങൾ തന്നെയെന്ന്.

## (1) (സ്വ)വിശേഷങ്ങൾ

i. അവർക്ക് വേണ്ടി ഉറക്കെ സംസാരിക്കുക
എന്നാൽ നിശബ്ദമായിപ്പറയുന്നത്
അവർ കേൾക്കുകയുമരുത്.
ii. അവർക്കുവേണ്ടി ഉറക്കെ ചിരിക്കുക
എന്നാൽ നിശബ്ദമായി കരയുന്നത്
അവർ അറിയുകയുമരുത്.
iii. നീ നിന്റെ തുടിക്കുന്ന ഹൃദയം
അവർക്കു മുന്നിൽ തുറന്നിടുക
എന്നാൽ തൊടുവാൻ
അനുവദിക്കുകയുമരുത്

## (2) ഗുരു

നീ തന്നെയാണ് നിന്റെ ഗുരു എന്ന് കാലം
കാലമോ എന്റെ വിരൽത്തുമ്പിൽ
മുനയറ്റ നാരായമല്ലിതെന്ന്
കണ്ണുകൾ

## (3) ചുവരുകളെപ്പറ്റി വെളിപാടുണ്ടാകുമ്പോൾ

നീർച്ചാൽ പോൽ ബാല്യം
കാട്ടരുവിപോൽ കൗമാരം
പുഴപോലെ യൗവനം
സമുദ്രം; ശാന്തം, അഗാധം
അപ്പോഴാണ് തടാകങ്ങളെപ്പറ്റി ചിന്തിക്കേണ്ടത്
തടാകങ്ങൾക്കുചുറ്റും ചുവരുകളെന്ന്
ഒഴുക്കില്ല, ആഴമില്ല.
എനിക്കൊരു തടാകമാകേണ്ടന്റെ ദൈവമേ!!

അജു പൊതുവാൾ
ഒന്നാംവർഷ പോളിമർകെമിസ്ട്രി.

യാത്രാവിവരണം

### തായ്‌ലൻഡ്, റഷ്യ

# അതിരുകളില്ലാതെ




പ്രകൃതി, ജനങ്ങൾ, ജീവിതശൈലി എന്നിങ്ങനെ ഒരുപാട് കാര്യങ്ങൾ തനിമയാർന്നുനില്ക്കുന്ന വ്യത്യസ്ത ഭൂപ്രദേശങ്ങളെ വെവ്വേറെ നാടുകളായി നാം കണക്കാക്കുന്നു. 'ലോകം കണ്ടവൻ' എന്നുപറഞ്ഞാൽ 'കാണുക' എന്ന ഭൗതിക ക്രിയക്കുമപ്പുറം, അതുമൂലം ഉണ്ടാകുന്ന എല്ലാ അനുഭവങ്ങളുടേയും ആകെത്തുകയായി ഒരു പുതിയ വീക്ഷണം രൂപപ്പെടുന്ന പ്രക്രിയയാണ്.


ശ്രീ. എം. ഐ. പുന്നൂസ് • നിനോ ബേബി

# തായ്‌ലൻഡ്: ഒരു ഓർമ്മക്കുറിപ്പ്

എം. ഐ. പുന്നൂസ്
മലയാളവിഭാഗം

കഴിഞ്ഞ നവംബറിലാണ് ഒരാഴ്ചക്കാലം ഞാൻ തായ്‌ലൻഡിൽ ചെലവഴിച്ചത്. "ഗ്ലോബലൈസേഷൻ ആൻഡ് ഏഷ്യൻ യൂണിവേഴ്‌സിറ്റീസ്" എന്ന വിഷയത്തിൽ നടന്ന അന്താരാഷ്ട്രസെമിനാറിൽ പങ്കെടുക്കാൻ പ്രിൻസിപ്പാൾ ഡോ.രാജു.കെ.ജോൺ സാറിനൊപ്പം എനിക്കും അവസരം ലഭിച്ചു. കേരളത്തിൽ നിന്ന് ഞങ്ങളെ കൂടാതെ തിരുവല്ല മാർത്തോമ്മ കോളേജിന്റെ പ്രിൻസിപ്പാൾ ഡോ.എബ്രഹാം ജോർജ്, കോട്ടയം ബി.സി.എം കോളേജിലെ പ്രൊഫ: ലൈല ജോസഫ്, തൃശൂർ വിമലാ കോളേജിലെ സിസ്റ്റർ ശാന്തി മാഞ്ഞിയിൽ എന്നിവരുമുണ്ടായിരുന്നു. 20 ഏഷ്യൻ രാജ്യങ്ങളിൽ നിന്നായി ആകെ 115 പേരാണ് തായ്‌ലൻഡിലെ ചിയാങ്മായിൽ വച്ചു നടന്ന സെമിനാറിൽ പങ്കെടുത്തത്. നിറത്തിലും രൂപത്തിലും രുചിയിലുമുള്ള ഏഷ്യൻ വൈവിധ്യം സെമിനാറിന്റെ പ്രധാന സവിശേഷതയായിരുന്നു.

വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി സജീവമായ ആശയ സംവാദങ്ങൾ നടക്കുകയുണ്ടായി. സായാഹ്നങ്ങളിൽ തായ്‌ലൻഡിലെ ചരിത്ര സ്മാരകങ്ങളും സാംസ്കാരിക കേന്ദ്രങ്ങളും സന്ദർശിക്കുന്ന പഠനയാത്രകളും ഏർപ്പാടാക്കിയിരുന്നു. പഞ്ചനക്ഷത്രപദവിയിലുള്ള പോൺപിങ് ടവർ ഹോട്ടലിലായിരുന്നു താമസസൗകര്യം ക്രമീകരിച്ചിരുന്നത്.

## ഗ്ലോബലൈസേഷനും ഗ്ലോക്കലൈസേഷനും

ആഗോളവൽക്കരണം ഏഷ്യൻ രാജ്യങ്ങളുടെ സാംസ്കാരികത്തനിമകളെയും സാംസ്കാരികസവിശേഷതകളെയും അവഗണിക്കുന്നുവെന്ന പരാതി മിക്കപ്രതിനിധികൾക്കും ഉണ്ടായിരുന്നു. യൂറോ കേന്ദ്രിതമായ ആഗോളവൽക്കരണാശയങ്ങൾക്കു നേരെ ശക്തമായ പ്രതിഷേധം ഗ്രൂപ്പ് ചർച്ചകളിൽ മുഴങ്ങുകയുണ്ടായി. ഫിലിപ്പൈൻസിൽ നിന്നുള്ള ഡോക്ടർ ബഞ്ചമിൻ ടൊളോസ ലോക്കൽ കൾച്ചർ അവഗണിക്കുന്നതിന്റെ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടി. പ്രാദേശിക സംസ്കാരം തിരസ്കരിക്കാതെ ഗ്ലോബൽ കൾച്ചർ ഉൾക്കൊള്ളുകയാണ് വേണ്ടതെന്ന അദ്ദേഹത്തിന്റെ പക്ഷം പൊതുവെ സ്വീകാര്യമായിരുന്നു. അങ്ങനെയാണ് ചർച്ചകളിൽ ഗ്ലോക്കലൈസേഷൻ എന്ന പദം ഉരുത്തിരിഞ്ഞു വന്നത്. ഗ്ലോബലൈസേഷന്റെയും ലോക്കലൈസേഷന്റെയും സമവായ സംസ്കാരമാണത്.

'ആഗോളവൽക്കരണവും മാനവികമൂല്യങ്ങളും' എന്ന വിഷയത്തിൽ നടന്ന ഗ്രൂപ്പ് ചർച്ചയിൽ അടിച്ചേൽപ്പിക്കൽ കൂടാതെ മാനവികമൂല്യങ്ങളുടെ ചർച്ചയാവാമെന്ന് ഞാൻ യു.സി.യിലെ 'വാല്യു എഡ്യൂക്കേഷൻ' അനുഭവം വിവരിച്ച് സമർത്ഥിച്ചത് സംഘാംഗങ്ങൾ സശ്രദ്ധം കേൾക്കുകയും ആകാംക്ഷയോടെ അതിന്റെ വിശദാംശങ്ങൾ അന്വേഷിക്കുകയുമുണ്ടായി.

പയാപ്പ് സർവ്വകലാശാലയിൽ വെച്ചാണ് സെമിനാറുകളും മറ്റും നടന്നത്. 120 ഏക്കറിലായി വ്യാപിച്ചുകിടക്കുന്ന സർവ്വകലാശാലയിൽ 9000 വിദ്യാർത്ഥികളാണ് നേരിട്ട് പഠിക്കുന്നത്. ക്യാമ്പസ് അതിമനോഹരമായി രൂപകൽപ്പന ചെയ്തതാണ്. നമ്മുടെ കലാലയങ്ങളിലേതു പോലെ കൂക്കുവിളിയും ധർണ്ണയും കലാപവും കല്ലേറു



പ്രസിദ്ധമായ ഡായ്‌സുതേപ് ബുദ്ധക്ഷേത്രത്തിനു മുന്നിൽ ലേഖകനും പ്രിൻസിപ്പൽ ഡോ. രാജു കെ. ജോണും

മൊന്നും ഇവിടെ കണ്ടില്ല. കൊടിതോരണങ്ങളും ബാനറുകളും അലക്ഷ്യമായി പതിച്ച പോസ്റ്ററുകളും അവിടെ കാണാനായില്ല. എല്ലാവരും വരുന്നു; ഗൗരവമായി പഠിക്കുന്നു; തിരിച്ചുപോയി വിവിധ പാർട്ട് ടൈം ജോലികൾ ചെയ്യുന്നു. വിദ്യാർത്ഥികളുടെ ആതിഥേയ മര്യാദയും വിനയവും ബഹുമാനവും ആരിലും ആദരവുണ്ടാക്കും. തായ് സംസ്കാരവും പരമ്പരാഗത തായ് സംഗീതവും സർവ്വകലാശാലകളിൽ നിർബന്ധവിഷയമാണ്.

## തായ്‌ലൻഡിലെ സൗന്ദര്യക്കാഴ്ചകൾ

തായ്‌ലൻഡ് പൂക്കളുടെ നഗരമാണ്. എങ്ങും നിറഞ്ഞുലഞ്ഞ പൂക്കൾ. വഴിയോരങ്ങളിലും വീട്ടുമുറ്റങ്ങളിലും ഹോട്ടൽമുറിയിലുമെല്ലാം. നഗരത്തിലെ തെരുവോരങ്ങളിൽ മനോഹരമായി ക്രമീകരിച്ച പൂന്തോപ്പുകളുമുണ്ട്. അവിടെ തലയുയർത്തിനിൽക്കുന്ന പനമരങ്ങളുടെ തടികളിൽ പോലും മണൽചാക്കുകളിൽ അവർ ഓർക്കിഡ് ചെടികൾ വളർത്തുന്ന കാഴ്ച കൗതുകകരമാണ്. തായ്‌ലൻഡിലെ ഓർക്കിഡുകൾ ലോകപ്രസിദ്ധങ്ങളാണ്. പൂക്കളുടെ കയറ്റുമതി ഇവിടെ പ്രധാന വരുമാനമാർഗങ്ങളിലൊന്നുകൂടിയാണ്.




സെക്സ് ടൂറിസത്തിന് കുപ്രസിദ്ധമാണ് തായ്‌ലൻഡ്. നേരം മയങ്ങുന്നതോടെ നഗരങ്ങളിലെങ്ങും നിശാ ക്ലബ്ബുകൾ സജീവമാകും.റെസ്റ്റോറണ്ടുകളിലും ഹോട്ടലുകളിലും കാബറെ നൃത്തങ്ങളുണ്ട്. ആകർഷിക്കാനും വിലപേശിയുറപ്പിച്ച് ആളുകളെ കൊണ്ടുപോകാനും ഏജന്റുമാരായ ടാക്സി ഡ്രൈവർമാർ സദാ സജ്ജരാണ്. തെരുവോരങ്ങളിലെല്ലാം മസ്സാജ് പാർലറുകൾ കാണാം.

നൈറ്റ് ബസാർ എന്ന വാണിജ്യകേന്ദ്രം തായ്‌ലൻഡിലെ മുഖ്യ ടൂറിസ്റ്റ് ആകർഷണമാണ്. ലോകമെമ്പാടുനിന്നുമുള്ള ടൂറിസ്റ്റുകളെ നമുക്കിവിടെ കാണാം. കിലോമീറ്ററുകളോളം വ്യാപിച്ചുകിടക്കുന്ന വാണിജ്യശാലകളാണിത്. പേരിലെ ഇൻഡോയൂറോപ്യൻ ബന്ധം നമ്മുടെ ശ്രദ്ധയാകർഷിക്കും. ഇംഗ്ലീഷും ഹിന്ദിയും ചേർന്ന വാക്ക്. പേര് സൂചിപ്പിക്കും പോലെ രാത്രിയിൽ മാത്രം തുറന്നിരിക്കുന്ന അങ്ങാടിയാണിത്. പകൽ അടഞ്ഞുകിടക്കും. രാത്രി മുഴുവൻ തിന്നും കുടിച്ചും ചുറ്റിയടിച്ച് ഷോപ്പിങ് നടത്തുന്ന വിചിത്രമായ വ്യാപാരരീതി. ലോകത്ത് ഏറ്റവുമധികം എയ്ഡ്സ് ഭീതി പടരുന്ന രാജ്യങ്ങളിലൊന്നായി തായ്‌ലൻഡു മാറിയത് വെറുതെയല്ല!

## മതം-കല-സംസ്കാരം

'വെള്ളാനകളുടെ നാട്' എന്നാണ് തായ്‌ലൻഡിന്റെ ഖ്യാതി. ബുദ്ധമതക്കാരാണധികവും. ജനസംഖ്യാക്കണക്കിൽ ബുദ്ധമതാനുയായികളുടെ ശതമാനം ഏറ്റവുമധികമുള്ള രാജ്യമാണ് തായ്‌ലൻഡ്. ചിയാങ്മായ് നഗരത്തിൽ മാത്രം 300 ബുദ്ധമത ക്ഷേത്രങ്ങളുണ്ട്. ഡായ്‌സുതേപ്പ് എന്ന മലമുകളിലെ ബുദ്ധക്ഷേത്രം ഞങ്ങൾ സന്ദർശിക്കുകയുണ്ടായി. ആദിവാസിസംസ്കാരത്തനിമകളും തായ്‌ലൻഡിലുണ്ട്. ലാഹു,കരെൻ തുടങ്ങിയവരാണിവിടുത്തെ ആദിവാസികൾ.

ഏപ്രിൽ 15 നു നടക്കാറുള്ള 'വാട്ടർ ഫെസ്റ്റിവെൽ' ഇവിടുത്തെ വലിയ ആഘോഷമാണ്. പരമ്പരാഗതരീതിയിലുള്ള തായ്നൃത്തം വളരെ കുലീനമായ നൃത്തരീതിയാണ്. ഈ നൃത്തങ്ങളുടെ ഒഴുക്കും വഴക്കവും ആരെയും ആകർഷിക്കും. പരമ്പരാഗത തായ് ഭക്ഷണം നമുക്കത്ര രുചികരമായിതോന്നില്ല. നമുക്ക് ബിരിയാണി പോലെ പ്രിയപ്പെട്ടതാണ് അവർക്ക് ന്യൂഡിൽസും ഫിഷ്ബോളും. രണ്ടു കമ്പുകൾ കൂട്ടിപ്പിടിച്ചാണ് അവർ ഭക്ഷണം കഴിക്കുന്നത്. പക്ഷേ ഈ ചോപ്പ്സ്റ്റിക്കുകൾ ഉപയോഗിച്ച് ഭക്ഷണം കഴിക്കാൻ ശ്രമിച്ചത് ഞങ്ങൾക്കൊരു കായികകലാപരിപാടിയായാണ് മാറിയത്.

ഉരുളാകൃതിയിലുള്ള ഫിഷ്ബോളുകൾ കമ്പുകൾകൊണ്ട് എത്ര ശ്രമിച്ചിട്ടും പാത്രത്തിൽ നിന്ന് വായിലെത്തിയില്ല. വല്ലപാടും വായക്കടുത്തേയ്ക്ക് കൊണ്ടുവരുമ്പോൾ അത് ബാലൻസ് തെറ്റി അടുത്തയാളുടെ പാത്രത്തിലെത്തും. ഞങ്ങൾ മലയാളി സംഘം ഈ കലാപരിപാടി ആസ്വദിക്കുമ്പോൾ തന്നെ എതിർവശത്ത് വിരലുകൾക്കിടയിൽ രണ്ടുകമ്പുകൾ തിരുകിപിടിപ്പിച്ച് ഒരു വിദ്വാൻ ശരവേഗത്തിൽ ചോറുവാരി വായിലേക്കെറിഞ്ഞ് കഴിച്ചുകൊണ്ടിരുന്നു. പട്ടിയുടെ മാംസം തായ്‌ലൻഡുകാർക്ക് പ്രിയങ്കരമാണ്. ഹോട്ട്ഡോഗ്,ഡോഗ്ഫ്രൈ,ഡോഗ്കോൺ എന്നിങ്ങനെ നാനാതരം നായ് വിഭവങ്ങൾ തീൻമേശയിലുണ്ടാകും.

ഭാഷയും,വേഷവും,ജാതിമതങ്ങളൊന്നും അതിരിടാത്ത ഊഷ്മള സൗഹൃദത്തിന്റെ ഒരുപാട് മയിൽപ്പീലിത്തുണ്ടുകൾ മനസ്സിലൊളിപ്പിച്ചുകൊണ്ടാണ് ഞാൻ മടങ്ങിയത്. സായാഹ്ന സവാരികളിലും മറ്റും സന്തതസഹചാരിയായിരുന്ന ശ്രീ. സഞ്ജയ് , മലയാളത്തിന്റെ ഹൃദയമുള്ള തമിഴ്നാട്ടുകാരിയും UBCHEA ഡയറക്ടർമാരിലൊരാളുമായ ശ്രീമതി ശാന്തിമാനുവൽ ഇം ജെയ് ഹൗസ് എന്ന അനാഥാലയത്തിൽ പരിചയപ്പെട്ട, ഇപ്പോഴും കത്തുകളയക്കാറുള്ള ചെറി എന്ന പതിനൊന്നുകാരി,മക്കളിലൊരാളുടെ മരണത്തെക്കുറിച്ച് പറഞ്ഞുവന്നപ്പോൾ നിയന്ത്രണം വിട്ട് വിതുമ്പിപ്പോയ ദക്ഷിണകൊറിയക്കാരൻ സുഹൃത്ത് പ്രൊഫസ്സർ ഇൻ കിം; സ്നേഹം തന്ന സഹയാത്രികർ,മടക്കയാത്രക്കൊരുങ്ങിനിൽക്കുമ്പോൾ കൈയ്യിലൊരു പൂവും ആശംസാകാർഡുമായെത്തി ഇനി എന്നുകാണുമെന്ന് കുശലംപറഞ്ഞ ഇൻഡോനേഷ്യക്കാരി ജൂലിയൻഗിഷ്..... ഇങ്ങനെ എത്രയോ മുഖങ്ങൾ. നവംബറിന്റെ ഓർമ്മകൾക്ക് വല്ലാത്ത സുഗന്ധമാണ്.

My acquaintance with NCC was consanguineous as my father is an ANO. His dedicated involvement in almost all NCC activities and my mother's consistent encouragement inspired me to enrol myself in this spearheading youth organization of the country. Little did I know that this NCC training will bestow upon me the essence of a woman's life. Apart from its various training activities NCC also presents ample vistas for its cadets' personality development. One such coveted chance which NCC offered me for my exposure was my visit to Russia as aYEP cadet. It was a 'dream come true' moment for me when I learned that I was one among the ten cadets selected from all over India for the Russian YEP delegation which was to be the pioneer team to set foot in Russia,on such a programme.

We left Delhi on the 23 rd of September by an Aeroflot flight and landed in Moscow's Shirmotov Airport mid-morning. We were received by Mr. Anderi, the representative from the ministry of Education,Dept of Youth Affairs and Lt. Col Harsh Gupta,the Assistant Military Attache from the Indian Embassy.

# WHEN THE WATERS OF GANGA , MERGED WITH THE WATERS OF VOLGA

**Nino Baby**
Third year BA Economics



After exiting from the airport we moved for a preliminary sight-seeing in Moscow and covered the Red square and some other important buildings. Then we set off for Tula- the defence region of Russia which was our home for the week we spent there. We were accomodated at the centre for all Russian Core of Rescuers which is an organization that trains manpower between age group of 12 to 18 in various rescue operations. The cadets concurrently continue with their accadamics in schools and are conscripted in to the Army at the age of 18.

Most of our visits were centred around the Russian Military Dept. They took us to the Institute of Artillery,Emercom the training center of rescue operators, 'Spatnaz'- the special forces of Russia etc. Everywhere they tried to portray an image of a great power by displaying their latest weapons . The cadets were highly impressed by the techniques adopted by their special forces in unarmed combat and VIP protection .

Our interaction with the Russian students at two neighbouring schools during our presentations on NCC and India were exhilerating. We even went through various rescue operations and their equipments along with the Russian cadets. We were also taken to a nearby village named Dacha. There the warmth and hospitality shown to us by them made us feel at home. It was really a wonderful and unforgettable

experiance to be in Yasnay Polyana,the birth and burial place of the great Russian writer Leo Tolstoy . As the name suggests ,Yasnay Polyana means "peaceful fields " which are spread over hundreds of acres of rolling Russian country side graced by dense forest of Birch, oaks,maple and evergreen ferns. The walk through these woods was a unique experience when nature in autumn was replendent with fiery yellow,golden browns and verdant green.

we spent last two days of our delegation in Moscow. There we visited the suvarov Military school which is akin to our Rashtriya college. We also got the exceptional chance to witness the world famous Russian ballet and circus. We were also taken to an Arms Museum and then to the museum of 'Samovars', the Russian teapots.

The most exquisite moment of our trip was our one day stopover at London. It was just like icing on the cake to our ten days long enjoyable indo-Russian Youth Exchange Programme. There our accommodation was arranged by Air India and the Embassy who even took us for a sight seeing tour.

Apart from these remarkable experiences there are some striking things which you will witness in Russia. The Russians project themselves as a great military drawing customers. Precarious economic and financial situations have stopped them from fully achieving their desires. Our younger counterparts are very smartly dressed and cool in terms of fashion.



Every item on sale appears to be imported and beyond the reach of an average Russian. Anyhow they give dignity to labour and are prepared to do all kinds of work, unlike people in India. The people's innate love for art and culture is evident in the grand performances of ballet, circus and the paintings, woodcarvings seen at the market-"Ismailskoye". Regarding their food habits, eventhough they avoid spicy food, their diet is quite healthy and hygienic. But they lack seriousness in their toilet culture. The life style there, is in the patterns of a centralized society. They carry out their duties most efficiently under orders. Efforts are still continuing to emancipate the malady of Red Tapism. The factor which astounded all of us the most was their traffic discipline. Honking was rare and hardly could we find two wheeler vehicles. Traffic jams were rare in Tula unlike Moscow, where these are at their zenith. in our ten days stay, we noticed only one accident.

The education system is systematic and very much targeted. It makes room for extra curricular activities and other all round programmes which enable the child to think three dimensionally. Education is totally free. Seldom do they use English but recently they have started giving importance to it. above all, the warmth and care extended by the Russians were cordial.

Our YEP Russia was altogether a dream come true event. The glorious opportunity to visit the two metropolitan European capitals-Moscow & London and the special invitation offered to us by the Air Chief Marshal to witness the Air Force day Parade and the evening party at his residence with the President, DeputyP.M., Defence Minister, Opposition Leader, Chiefs of other forces and various other dignitaries after reaching India fulfilled our long cherished dreams.

# യു.സി.കോളേജ് യൂണിയൻ 2002–2003

2002 സെപ്തംബർ 20 ന് കലാലയ യൂണിയൻ തെരഞ്ഞെടുപ്പ് നടന്നു. ലെനി ഫിലിപ്പ് ചെയർമാനായും സിന്ധ്യ ജേക്കബ് വൈസ് ചെയർപേഴ്സണായും കിരൺ എസ്. ജനറൽ സെക്രട്ടറിയായും മനു കെ.സി.യും അഫ്സലും കൗൺസിലർമാരായും ജെയ്സിൽ ജേക്കബ് മാഗസിൻ എഡിറ്ററായും ശ്രീകാന്ത് പി. നായർ ആർട്സ് ക്ലബ്ബ് സെക്രട്ടറിയായും ജീവന്തികയും ബെൻസീറബീഗവും വനിതാപ്രതിനിധികളായും ക്ലാസ് പ്രതിനിധികളായി ഡിഗ്രിയിൽ നിന്ന് സിജോ വർഗീസ്സ്, ഷെഫീർ,ബിനീഷ് പോൾ എന്നിവരും പി.ജി യിൽ നിന്ന് റോൺ,വിപിൻ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. ഒക്ടോബർ 10ന് നടന്ന ലളിതമായ ചടങ്ങിൽ യൂണിയൻ മെമ്പർമാർ സത്യപ്രതിജ്ഞ ചെയ്തു.

**വോയ്സ് ഓഫ് യു.സി.**

കോളേജ് യൂണിയൻ ഉദ്ഘാടനത്തിന് മുന്നോടിയായി നടന്ന വോയ്സ് ഓഫ് യു.സി.സെലക്ഷനിൽ കോളേജിലെ മികച്ച ഗായികമാരേയും ഗായകന്മാരേയും തെരഞ്ഞെടുത്തു. നൂറോളം പേർ പങ്കെടുത്തു.

**കേരളപ്പിറവിയാഘോഷങ്ങൾ**

കേരളപ്പിറവിയാഘോഷങ്ങൾ കേരളത്തിന്റെ സാംസ്കാരികത്തനിമ നിലനിർത്തുന്നതും മികച്ച നിലവാരം പുലർത്തുന്നവയുമായിരുന്നു. ഒന്നാം വർഷ സൈക്കോളജി ബിരുദവിദ്യാർത്ഥിനി ആരതി.എസ് അവതരിപ്പിച്ച ചാക്യാർകൂത്ത് ശ്രദ്ധേയമായി. തുടർന്ന് നടന്ന മോക്പ്രസ്സ് മത്സരത്തിൽ ഓരോ ഡിപ്പാർട്ട്മെന്റിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട രണ്ടുപേർ വീതം പങ്കെടുത്തു. ജെയ്സിൽ ജേക്കബും റെയ്ച്ചൽ.എ.വർഗീസും അടങ്ങിയ സൈക്കോളജി ടീം ഒന്നാമതെത്തി. വിജയികൾക്ക് കോളേജ് യൂണിയൻ അഡ്വൈസർ ശ്രീ.വി.പി.മാർക്കോസ് ഉപഹാരങ്ങൾ നൽകി.

**കോളേജ് യൂണിയൻ, ആർട്സ് ക്ലബ് ഉദ്ഘാടനം**

നവംബർ 11ന് കോളേജ് യൂണിയൻ ഉദ്ഘാടനവും ആർട്സ് ക്ലബ് ഉദ്ഘാടനവും സിനിമാതാരം ദിലീപ് നിർവ്വഹിച്ചു. യൂണിയൻ ചെയർമാൻ ലെനി ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രിൻസിപ്പാൾ ഡോ.രാജു.കെ. ജോൺ, ആർട്സ് ക്ലബ് അഡ്വൈസർ ശ്രീ.കെ. എസ്. നാരായണൻ, ജെയ്സിൽ ജേക്കബ്, ബെൻസീറബീഗം എന്നിവർ സംസാരിച്ചു. കിരൺ.എസ്. സ്വാഗതവും ശ്രീകാന്ത്.പി. നായർ നന്ദിയും പ്രകാശിപ്പിച്ചു. തുടർന്ന് വോയ്സ് ഓഫ് യു.സിയുടെ ഗാനമേളയും ഉണ്ടായിരുന്നു.

**നാടകോത്സവം 'ദർപ്പണം 2002'**

നവംബർ 21 ന് നടന്ന നാടകോത്സവത്തിൽ അവതരിപ്പിക്കപ്പെട്ട ആറ് നാടകങ്ങളിൽ 'ശബ്ദം' സാംസ്കാരികവേദിയുടെ 'ചാക്കാല' ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഉണ്ണികൃഷ്ണൻ മികച്ച നടനായും തെരഞ്ഞെടുക്കപ്പെട്ടു.

**കോളേജ് ആർട്സ്ഫെസ്റ്റിവൽ 'റിഥം 2002'**

ക്യാമ്പസിലെ പ്രതിഭകളെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടുകൂടി ഡിസംബർ 17,18 തീയതികളിൽ ആർട്സ് ഫെസ്റ്റിവൽ സംഘടിപ്പിക്കപ്പെട്ടു. ഫാഷൻ ഷോ പരിപാടികൾ കോളേജ് ആർട്സ് ഫെസ്റ്റിവലിനോടൊപ്പം നടത്തേണ്ടതില്ല എന്ന് യൂണിയൻ തീരുമാനമെടുത്തു. സൈക്കോളജി ഡിപ്പാർട്ട്മെന്റിലെ ആരതി.എസും ജെയ്സിൽ ജേക്കബും കൂടുതൽ പോയിന്റുകൾ നേടി.

**യൂണിവേഴ്സിറ്റി നാടകോത്സവം**

ജനുവരി 28,29 തീയതികളിൽ നടന്ന യൂണിവേഴ്സിറ്റി നാടകോത്സവത്തിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു നാടകക്യാമ്പ് സംഘടിപ്പിക്കുകയും 'കുഞ്ചൻ നമ്പ്യാർ'എന്ന നാടകം അവതരിപ്പിക്കുകയും ഏറെ ശ്രദ്ധ പിടിച്ചു പറ്റുകയും ചെയ്തു.

**യൂണിവേഴ്സിറ്റി യുവജനോത്സവം**

ഫെബ്രുവരി 19-23 വരെയുള്ള തീയതികളിൽ നടന്ന യുവജനോത്സവത്തിൽ ചിട്ടയോടെയുള്ള പ്രവർത്തനഫലമായി മാന്യമായ സ്ഥാനം നേടിയെടുക്കാൻ കഴിഞ്ഞു. ഗ്രൂപ്പിനത്തിൽ വെസ്റ്റേൺ സോങ്ങിന് ഒന്നാം സ്ഥാനവും വ്യക്തിഗത ഇനങ്ങളിൽ വിജു കുര്യന് ഇംഗ്ലീഷ് ചെറുകഥാരചനയിലും അലക്സ് സേവ്യറിന് മലയാള പ്രസംഗത്തിലും ശ്രീജിത്തിന് വയലിനിലും ഒന്നാം സ്ഥാനവും പ്രച്ഛന്നവേഷമത്സരത്തിൽ ജിതിൻ ബോസ്കോയ്ക്ക് രണ്ടാം സ്ഥാനവും ലഭിച്ചു. ഈ മികച്ച വിജയങ്ങൾ നമുക്കെന്നും അഭിമാനിക്കാവുന്നതാണ്.

**കോളേജ് ഡേ**

ഫെബ്രുവരി 27 ന് രാവിലെ നടന്ന ചടങ്ങിൽ സൈക്കോളജി വിഭാഗം തലവൻ റവ.തോമസ് ജോൺ ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. യൂണിയൻ ചെയർമാൻ ലെനിഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രിൻസിപ്പാൾ ഡോ.രാജു.കെ.ജോൺ കോളേജ് റിപ്പോർട്ടും കിരൺ.എസ് യൂണിയൻ റിപ്പോർട്ടും അവതരിപ്പിച്ചു. തുടർന്ന് ഉണ്ണികൃഷ്ണൻ.ടി.ആറിന്റെ 'മാന്ത്രികക്കൂട്' എന്ന ബാലസാഹിത്യനോവലിന്റെ പ്രകാശനവും നടന്നു. ചടങ്ങിൽ യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ വിജയികളായവരെ പ്രത്യേകം അനുമോദിക്കുകയുണ്ടായി. ജെയ്സിൽ ജേക്കബ് സ്വാഗതവും ശ്രീകാന്ത് പി.നായർ നന്ദിയും പ്രകാശിപ്പിച്ചു. ഉച്ചക്കുശേഷം ഗാനമേളയും ഉണ്ടായിരുന്നു.

കൂട്ടുകാരെ,

കൂട്ടായ്മയുടേതായ നേട്ടങ്ങളും, അലംഭാവങ്ങളുടേതായ പരാജയങ്ങളും വിമർശനപരമായി ഏറ്റെടുക്കുന്നു. അദ്ധ്യാപക-വിദ്യാർത്ഥി സുഹൃത്തുക്കളുടെ ആത്മാർത്ഥതക്കും സഹകരണത്തിനും നന്ദി. കോളേജ് യൂണിയന്റേയും ആർട്സ് ക്ലബ്ബിന്റേയും സംയുക്തറിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ശ്രീകാന്ത് പി. നായർ
ആർട്സ് ക്ലബ്ബ് സെക്രട്ടറി.

കിരൺ. എ.സ്.
ജനറൽ സെക്രട്ടറി.

റിപ്പോർട്ട്

# കോളേജ് യൂണിയൻ




ലെനി ഫിലിപ്പ്
ചെയർമാൻ



സിന്ധ്യ ജേക്കബ്
വൈസ് ചെയർപേഴ്സൺ




കിരൺ എസ്.
ജനറൽ സെക്രട്ടറി




അഫ്സൽ പി.എ.
യു. യു. സി



മനു കെ.സി.
യു. യു. സി



ജെയ്സിൽ ജേക്കബ്
മാഗസിൻ എഡിറ്റർ




ശ്രീകാന്ത് പി. നായർ
ആർട്സ് ക്ലബ്ബ് സെക്രട്ടറി


# യൂണിയൻ പ്രതിനിധികൾ


## വനിതാപ്രതിനിധികൾ



ജീവന്തിക. പി.



ബെൻസീറബീഗം



**ബിനീഷ് പോൾ**
ഒന്നാം വർഷ ബിരുദം



**ഷെഫീർ. ടി. കെ.**
രണ്ടാം വർഷ ബിരുദം


**സിജോ വർഗീസ്**
മൂന്നാം വർഷ ബിരുദം


**വിപിൻ**
ഒന്നാം വർഷ പി. ജി.



**റോൺ**
രണ്ടാം വർഷ പി. ജി.


**അനീഷ് ജോസഫ്**
ജനറൽ ക്യാപ്റ്റൻ


**അജീഷ്**
കാന്റീൻ സെക്രട്ടറി


**സാം ജോസഫ്**
സിനി ക്ലബ് സെക്രട്ടറി

# ഗുജറാത്ത് കരയുമ്പോൾ



നിങ്ങൾ കാണുന്നുണ്ടോ?
സബർമതിയുടെ തീരത്തൊരു മനുഷ്യൻ
കരഞ്ഞുകരഞ്ഞില്ലാതാകുന്നത്
ഗീർവനങ്ങളിൽ സിംഹങ്ങൾ
പല്ലും നഖവും കൊഴിഞ്ഞ് ചത്തുകിടക്കുന്നത്
നിങ്ങൾ കാണുന്നുണ്ടോ?
വിണ്ടുകീറിയ ജീവയരുവികളിൽ
തലമുടിയും വളപ്പൊട്ടുകളും.
നിങ്ങളറിയുന്നുണ്ടോ?
ഞങ്ങളുടെ കുട്ടികൾ
രക്തമുത്തുകളായി ഉതിർന്നുവീഴുന്നത്
നിങ്ങൾ കേൾക്കുന്നുണ്ടോ?
ഗുജറാത്തിലെ ആകാശവും
ഭൂമിയും ഉറക്കെ കരയുന്നത്
മണ്ണിനുമീതെ കാതുകൾ വച്ച്
കാത്തിരിക്കുക.
അപ്പോൾ ചെറുപിടച്ചിലോടെ പറന്നുയരുന്ന
ഘടികാരപ്പക്ഷികൾ വിളിച്ചു പറയുന്നത് കേൾക്കാം
സുഹൃത്തേ,
ഒരിക്കൽ ഗുജറാത്തിൽ നിന്ന്
പൂവുകളുയർന്നു പറക്കും
വിണ്ണിനു മീതെ അവയുടെ നിറങ്ങൾ
തിരിച്ചറിയപ്പെടും

നവാബ്.എ.എ
ഒന്നാംവർഷ കമ്പ്യൂട്ടർസയൻസ്

**Syber Design**
Royal Plaza, Bridge Road, Near Byepass Jn.,
Aluva - 1, Ph: 2631259
LEARN THE TECHNIQUE OF 3D MODELLING & ANIMATION.
DO EXTERIOR / INTERIOR DESIGN USING AUTO CAD / 3D STUDIO AND PHOTOSHOP.
**OUR SPECIALISATION : PROJECT BASED TRAINING**
**NO COMPUTER BACKGROUND REQUIRED**

# Bondage

I am not happy,
I never was,
It suffocates- being loved.
Why do they love me, I asked myself
I am not theirs, I never was
and still they call me theirs; their daughter
As if it were not enough,
now I have one more, who believes
that 'He' owns me
But I know for sure that its
Just his imagination.
I am a gush of wind
I flow to where I will
I'll surely touch many, but I won't
stay with any
Free I am and free will I be ........
...... or so I believed
untill the day I realised - I am not alone
Someone has encroached within me
At first I detested and rejected,
but still it clings on to me.
It breathes, O' my God - it has life!
Its bonding me .....
Only God knows my destiny.

**Swapna Varghese**
Third year BSc. Chemistry



# Life Without Dreams

Life without Dreams
Is like a tree without flowers
And a cactus without spines
It is like a life
which is juiceless
And a juice which is lifeless
It is like a desert without sand
And ocean without water
Whether they are
humorous or fearful,
cheerful or tearful,
you must Dream, because
life is meaningless
without Dreams.

**Nisha Jacob**
Third year B.A. English



# ഉന്നതവിദ്യാഭ്യാസം: ഗുണവും വ്യാപ്തിയും

ഡോ.രാജൻ വർഗീസ്
സാമ്പത്തിക ശാസ്ത്രവിഭാഗം

ഉന്നത വിദ്യാഭ്യാസ രംഗത്തെ അഴിച്ചുപണികളുടെ ദൂര വ്യാപകമായ ഫലങ്ങളെക്കുറിച്ച് ഒരു വിശകലനം

ആഗോളതലത്തിൽ വിദ്യാഭ്യാസത്തെ സംബന്ധിച്ച് രണ്ട് വ്യത്യസ്ത കാഴ്ചപ്പാടുകൾ നിലനിൽക്കുന്ന ഒരു കാലഘട്ടമാണിത്. വ്യത്യസ്തങ്ങളായ വികസന നയങ്ങളുടെ ഭാഗമാണ് ഈ കാഴ്ചപ്പാടുകൾ. സാമൂഹ്യ നീതിയിലും മാനുഷിക മൂല്യങ്ങളിലും അധിഷ്ഠിതമായ വികസനനയം ഒരു വശത്തും, കമ്പോളത്തിന്റെ അച്ചടക്കത്തിലധിഷ്ഠിതമായ വ്യക്തിപരമായ നേട്ടങ്ങൾ മാത്രം ലക്ഷ്യമാക്കുന്ന നയം മറുവശത്തും. വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള യുനെസ്കോയുടെ പ്രഖ്യാപനങ്ങൾ ഒന്നാമത്തെ നയങ്ങളുടെയടിസ്ഥാനങ്ങളിലുള്ളവയാണ്. വിദ്യാഭ്യാസത്തെ ഒരു വ്യാപാര വസ്തുവായി വിവക്ഷിക്കുന്ന ലോക വ്യാപാരസംഘടനയുടെ (WTO) കാഴ്ചപ്പാടാണ് രണ്ടാമത്തേത്. ഈ മാറിയ വിദ്യാഭ്യാസ കാഴ്ചപ്പാട് ഇന്ത്യയുൾപ്പെടെയുള്ള വിവിധരാജ്യങ്ങളുടെ സമീപനങ്ങളിലും പ്രതിഫലിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്റെ വ്യാപനം, ഗുണപരമായ വികസനം, കരിക്കുലം പരിഷ്കരണം എന്നീ മുഖ്യ ഭാഗങ്ങളായി ഈ പേപ്പറിന്റെ ഉള്ളടക്കം ചിട്ടപ്പെടുത്തിയിരിക്കുന്നു.

## ഉന്നതവിദ്യാഭ്യാസം: ഒരു കൊളോണിയൽ ഭരണായുധം. (An instrument of Colonial rule)

ബ്രിട്ടീഷ് ഇന്ത്യയിൽ നിലനിന്നിരുന്ന യൂണിവേഴ്സിറ്റി സമ്പ്രദായം ഒരു കൊളോണിയൽ ഭരണായുധം മാത്രമായിരുന്നു. ഇതേ യൂണിവേഴ്സിറ്റി സമ്പ്രദായം തന്നെയാണ് സ്വതന്ത്രരാഷ്ട്രമെന്ന നിലയിൽ മുന്നേറാൻ നാം ഉപയോഗിക്കുന്നത്. ഇത് ഒരു വൈരുദ്ധ്യം തന്നെയാണ്. 1857-ൽ ബോംബെ,കൽക്കട്ട,മദ്രാസ്യൂണിവേഴ്സിറ്റികൾ നിലവിൽ വന്നതോടുകൂടിയാണ് ഇന്ത്യയിൽ യൂറോപ്യൻ മാതൃകയിലുള്ള ഉന്നതവിദ്യഭ്യാസം ആരംഭിക്കുന്നത്. ഇവയുടെ ലക്ഷ്യങ്ങൾ പരിമിതങ്ങളായിരുന്നു. ഒന്ന് ഇന്ത്യയിലെ ഉപരിവർഗ്ഗത്തിന് യൂറോപ്യൻ സംസ്കാരം പരിചയപ്പെടുത്തിക്കൊടുക്കുക. രണ്ട്, ബ്രിട്ടീഷ് ഭരണത്തിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായ ഒരു വിഭാഗം ജനങ്ങളെ രൂപപ്പെടുത്തിയെടുക്കുക. ഈ കാരണങ്ങൾ കൊണ്ടുതന്നെ ഇന്ത്യൻ സർവ്വകലാശാലകൾ യൂറോപ്യൻ സർവ്വകലാശാലകളിൽ നിന്നും വിഭിന്നങ്ങളായിരുന്നു. വിജ്ഞാന വികാസത്തിനുള്ള ഉന്നത പഠനകേന്ദ്രങ്ങളായി ഈ യൂണിവേഴ്സിറ്റികൾ പ്രവർത്തിച്ചിരുന്നില്ല. ഉന്നത വിദ്യാഭ്യാസസൗകര്യങ്ങൾ പരിമിതമായിരുന്ന ഈ കാലഘട്ടത്തിൽ ബ്രിട്ടീഷ് സ്ഥാപനങ്ങളിൽ കയറിക്കൂടാനുള്ള ഒരു മാർഗ്ഗമായാണ് ഇന്ത്യാക്കാർ ഉന്നതവിദ്യാഭ്യാസത്തെ കണ്ടിരുന്നത്. പാശ്ചാത്യലോകത്തിലേക്കുള്ള ഒരു വാതായനമായാണ് ഇവർ ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ കണ്ടിരുന്നത്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ദേശീയപ്രസ്ഥാനങ്ങളുടെ വളർച്ചയെ യൂറോപ്യൻ വിദ്യാഭ്യാസം സഹായിച്ചിട്ടുണ്ട്. എന്നാൽ ബ്രിട്ടീഷ് സർവ്വകലാശാലസമ്പ്രദായം ഒരു ജനത എന്ന നിലയിൽ ഇന്ത്യക്കാർക്ക് മുന്നേറാനുള്ള അവസരങ്ങൾ നിഷേധിക്കുകയും, തന്റെ സംസ്കാരത്തിൽ നിന്ന് വേർപെടുത്തുകയും വിജ്ഞാനത്തിന്റെ കാര്യത്തിൽ ബ്രിട്ടനെ ആശ്രയിക്കുന്ന ഒരു സമൂഹമായി ഇന്ത്യയെ തരം താഴ്ത്തുകയും ചെയ്തു.

## ഉന്നത വിദ്യാഭ്യാസം: മനുഷ്യ വിഭവശേഷിനിർമ്മാണവും വൈജ്ഞാനിക മുന്നേറ്റവും(Production of man- power and Advancement of Knowledge)

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ വികസിത രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളെപ്പോലെ ഇന്ത്യൻ യൂണിവേഴ്സിറ്റികളും മനുഷ്യവിഭവശേഷിനിർമ്മാണവും വൈജ്ഞാനിക മുന്നേറ്റവും ലക്ഷ്യമാക്കി ബിരുദ ബിരുദാനന്തരകോഴ്സുകൾ നടത്തുവാൻ സജ്ജമാക്കിയവയായിരുന്നു. ഇതിന്റെ തുടർച്ചയായാണ് എൻജിനീയറിങ്, ടെക്നോളജി, മാനേജ്മെന്റ്, മെഡിസിൻ, അഗ്രിക്കൾച്ചറൽ സയൻസ് എന്നീ ശാഖകളുടെ പഠനത്തിന് ഊന്നൽ നൽകി പുതിയ ദേശീയ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ(IIT,IIM, Agricultural University) ആരംഭിച്ചത്. യൂറോപ്പിലേയും വടക്കേഅമേരിക്കയിലേയും ഒന്നാംകിട സ്ഥാപനങ്ങളിലെ വിദഗ്ധരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസമേഖല ഈ രൂപത്തിൽ കെട്ടിപ്പടുക്കാൻ സർക്കാർ വൻനിക്ഷേപം തന്നെ നടത്തി. ശാസ്ത്രസാങ്കേതിക വിദഗ്ധരുടെ കാര്യത്തിൽ ലോകത്തിലെ മൂന്നാമത്തെ ശക്തിയായി വളരാൻ ഈ നടപടികൾ വഴി തെളിച്ചു. എന്നാൽ 1980-തുകളോടെ ഈ വളർച്ച ചില പ്രശ്നങ്ങളും സൃഷ്ടിച്ചു. ഒന്ന്, മസ്തിഷ്കചോർച്ച(Brain Drain)- ഗുണമേൻമയിൽ മുൻപന്തിയിൽ നില കൊണ്ട ദേശീയസ്ഥാപനങ്ങൾ ഉൽപാദിപ്പിച്ച മനുഷ്യവിഭവശേഷിയുടെ പ്രയോജനം പൂർണ്ണമായും രാഷ്ട്രത്തിന് ലഭിച്ചില്ല. ഗ്രീൻകാർഡിന്റെ അരികുപറ്റി നടന്ന അവർ കൂടുതൽ ആകർഷകമായ വിദേശരാജ്യങ്ങളിൽ കുടിയേറി. രണ്ട്, വർദ്ധിച്ച തൊഴിലില്ലായ്മ. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സൃഷ്ടിച്ച ബിരുദധാരികളെ ഉൾക്കൊള്ളാൻ സമ്പദ്ഘടനയുടെ താഴ്ന്ന വളർച്ചാനിരക്കിന് കഴിഞ്ഞില്ല.

മൂന്ന്,കൃഷിയുൾപ്പെടെയുള്ള പരമ്പരാഗത മേഖലയിൽ സേവനമനുഷ്ഠിക്കാൻ അനുയോജ്യമായ ഒരു മനുഷ്യവിഭവശേഷി രൂപപ്പെടുത്തുവാൻ ഉന്നതവിദ്യാഭ്യാസമേഖലയുടെ വളർച്ചക്ക് സാധിച്ചില്ല. ആഭ്യന്തര വെല്ലുവിളികൾ നേരിടുന്നതിൽ

> **1980കളിൽ, കൃഷിയുൾപ്പെടെയുള്ള പരമ്പരാഗത മേഖലയിൽ സേവനമനുഷ്ഠിക്കാൻ അനുയോജ്യമായ ഒരു മനുഷ്യവിഭവശേഷി രൂപപ്പെടുത്തുവാൻ ഉന്നതവിദ്യാഭ്യാസമേഖലയുടെ വളർച്ചക്ക് സാധിച്ചില്ല. ആഭ്യന്തര വെല്ലുവിളികൾ നേരിടുന്നതിൽ പരാജയപ്പെട്ടതോടൊപ്പം ആഗോളതലത്തിൽ മനുഷ്യവിഭവശേഷിയുടെ വികസനത്തിലും ഉണ്ടായ മാറ്റങ്ങൾക്കനുസൃതമായി മുന്നേറാനും കഴിഞ്ഞില്ല.**

പരാജയപ്പെട്ട നമ്മുടെ ഉന്നത വിദ്യാഭ്യാസത്തിന് ആഗോളതലത്തിൽ മനുഷ്യവിഭവശേഷിയുടെ വികസനത്തിലും ഗവേഷണരംഗങ്ങളിലും ഉണ്ടായ മാറ്റങ്ങൾക്കനുസൃതമായി മുന്നേറാനും കഴിഞ്ഞില്ല.

## ഉന്നതവിദ്യാഭ്യാസം: അവസര സമത്വത്തിന് (An instrument of Equality)

സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങളിൽ നിന്നും മോചനം ലക്ഷ്യമാക്കുന്ന ഒരു സമൂഹം ഉന്നത വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു. രാധാകൃഷ്ണൻ കമ്മീഷനും(1948-49)കോത്താരി കമ്മീഷനും (1964-66) ഇത്തരം ഒരു സമീപനം അടിവരയിട്ടുപറയുന്നു. ഉന്നതവിദ്യാഭ്യാസത്തിന്റെ വ്യാപനവും ഗുണമേൻമയും സംബന്ധിച്ച പല സുപ്രധാന കാൽവെയ്പുകൾക്കും ഇത് പിന്നീട് ഇടയാക്കി. ഉന്നത വിദ്യാഭ്യാസസൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ഫീസുകൾ നിയന്ത്രിക്കുക, പ്രാദേശിക ഭാഷകൾക്കു പ്രോത്സാഹനംനൽകുക, പിന്നോക്കവിഭാഗങ്ങൾക്ക് സംവരണാനുകൂല്യം നൽകുക തുടങ്ങിയ നടപടികൾ ഉന്നതവിദ്യഭ്യാസരംഗത്ത് വിവിധജനവിഭാഗങ്ങൾക്ക് കടന്നുവരാനുള്ള അവസരങ്ങൾ ഇന്ത്യയിൽ സൃഷ്ടിച്ചു.

## ഉന്നത വിദ്യാഭ്യാസം:ശക്തീകരണത്തിനുള്ള നിക്ഷേപം (an investment for empowerment)

വിദ്യാഭ്യാസത്തെ വർത്തമാനകാലത്തിലും ഭാവിയിലേക്കുമുള്ള ഒരു നിക്ഷേപമായാണ് നമ്മുടെ ദേശീയ വിദ്യാഭ്യാസനയം (1986) വിവക്ഷിച്ചിട്ടുള്ളത്. അറിവിന്റെ പുത്തൻ യുഗത്തിൽ ഉന്നതമായ അറിവിന്റെ സാർവ്വത്രീകരണത്തിലൂടെ മാത്രമെ സാമ്പത്തിക-സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ ഒരു ജനതയ്ക്ക് പുരോഗതി നേടാനാവൂ.(യുനെസ്കോ ഡിക്ലറേഷൻ 1995,2000) ലോകബാങ്ക് 192 രാജ്യങ്ങളിൽ നടത്തിയ പഠനം ഈ നിഗമനം ശരിവെയ്ക്കുന്നു.(world bank,1994,higher education : the lessons of experience) ഭൗതിക മൂലധനത്തെ അപേക്ഷിച്ച് മനുഷ്യവിഭവമൂലധനമാണ് വികസനത്തിന്റെ ആണിക്കല്ല് എന്നാണ് ലോകബാങ്കിന്റെ പഠനം വ്യക്ത

മാക്കുന്നത്.വികസിത രാജ്യങ്ങൾ മൊത്തമായി എടുത്താൽ മനുഷ്യവിഭവമൂലധനവും(Human capital) ഭൗതികമൂലധനവും (Physical capital) തമ്മിലുള്ള അനുപാതം 64:36 എന്ന തോതിലാണ്. എന്നാൽ വികസിതരാജ്യങ്ങളുടെ തന്നെ മുൻപന്തിയിൽ നിൽക്കുന്ന ജർമ്മനി, സ്വിറ്റ്സർലന്റ് എന്നീ രാജ്യങ്ങളിൽ ഈ അനുപാതം 80:20 എന്ന തോതിലാണ്. അവികസിത ആഫ്രിക്കൻ രാജ്യങ്ങളിലാവട്ടെ അനുപാതം 50:50 എന്ന തോതിലും. യുനസ്കോയുടെ നേതൃത്വത്തിൽ 21-ാം നൂറ്റാണ്ടിലേക്കുള്ള വിദ്യാഭ്യാസത്തെക്കുറിച്ച് പഠനം നടത്തിയ അന്താരാഷ്ട്ര വിദ്യാഭ്യാസകമ്മീഷന്റെ റിപ്പോർട്ടിൽ (Learning: Treasure within; 1996)ഉന്നത വിദ്യാഭ്യാസമാണ് വികസനത്തിന്റെ ചാലകശക്തിയെന്ന് അടിവരയിട്ട് പറയുന്നു.

## ഉന്നതവിദ്യാഭ്യാസം: പുതിയ സമീപനവും രണ്ടാം കോളനിവൽക്കരണവും




അറിവിനെ അടിസ്ഥാനമാക്കിയുള്ള ഒരു പുത്തൻ വിപ്ലവത്തിന്റെ ആരംഭദിശയിലൂടെയാണ് ലോകമിന്ന് കടന്നു പോകുന്നത്.ഇൻഫർമേഷൻ-കമ്മ്യൂണിക്കേഷൻ-ടെക്നോളജി(ICT) യുടെ ആവിർഭാവത്തോടെ വലിയ ലോകം ഇന്നൊരു ചെറിയ ഗ്രാമമായി മാറിക്കഴിഞ്ഞു. ഈ ചെറിയ ലോകത്തിനു മേലുള്ള ആധിപത്യത്തിന്റെ താക്കോൽ അറിവിന്റെ മേഖലയിലാണെന്നും പുത്തൻ കൊളോണിയൽ ശക്തികൾ തിരിച്ചറിഞ്ഞുകഴിഞ്ഞു. അസംസ്കൃതവസ്തുക്കളുടെ മേലുള്ള ആധിപത്യം ഉറപ്പിച്ചുകൊണ്ടാണ് ഒന്നാം കോളനിവൽക്കരണം സാധ്യമാക്കിയതെങ്കിൽ, അറിവിന്റെ മേലുള്ള ആധിപത്യം സ്ഥാപിച്ചുകൊണ്ടാണ് രണ്ടാം കോളനിവൽക്കരണം മുന്നേറുന്നത്. അന്താരാഷ്ട്ര ഏജൻസികൾ മുതൽ ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള ഭരണകൂടങ്ങളും പ്രസ്ഥാനങ്ങളും വരെ അറിഞ്ഞും അറിയാതെയും രണ്ടാം കോളനിവൽക്കരണത്തിന്റെ വക്താക്കളും പ്രയോക്താക്കളുമായി അനുദിനം മാറിക്കൊണ്ടിരിക്കുകയാണ്. ഐക്യരാഷ്ട്രസഭയുടെ വിവിധഏജൻസികൾ പോലും ഭിന്ന സ്വരത്തിലാണ് സംസാരിക്കുന്നത്. ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ച നിലപാടുകളിൽ ഈ വൈരുദ്ധ്യം വളരെ പ്രകടമാണ്. ലോകബാങ്കിന്റെ രേഖകളിൽ ഉന്നതവിദ്യാഭ്യാസത്തെ വ്യക്തിപരമായ നേട്ടത്തിനുള്ള ഒരു ഉൽപ്പന്നമായി (Private good) മാത്രം കാണുമ്പോൾ യുനസ്കോയുടെ നോട്ടത്തിൽ ഉന്നതവിദ്യാഭ്യാസം സമൂഹത്തിനു മൊത്തം പ്രയോജനം ചെയ്യുന്ന ഒരു Public good ആണ്. നിർഭാഗ്യവശാൽ യുനസ്കോ നിലപാടിനു വിരുദ്ധമായി ലോകബാങ്കിന്റെ ചേരിയിലാണ് ഇന്ത്യാഗവൺമെന്റും കേരളസർക്കാരും നിലകൊള്ളുന്നത്. സബ്സിഡികൾ സംബന്ധിച്ചുള്ള കേന്ദ്രഗവൺമെന്റിന്റെ നയരേഖയിൽ (1997) ഉന്നതവിദ്യഭ്യാസത്തെ ഒരു നോൺമെറിറ്റ് ഗുഡ് ആയിട്ടാണ് വിശേഷിപ്പിച്ചിട്ടുള്ളത്.

ഉന്നതവിദ്യാഭ്യാസം അതു നേടുന്നവർക്ക് മാത്രമാണ് പ്രയോജനം ചെയ്യുന്നതെന്നും, സമൂഹത്തിൽ മൊത്തമായി പ്രയോജനം ചെയ്യില്ലെന്നും, ആയതിനാൽ ഈ രംഗത്ത് സബ്സിഡികൾ ആവശ്യമില്ലെന്നുമാണ് വാദം. ഇതിന്റെ ചുവടു പിടിച്ച് എഴുതിയിട്ടുള്ള അംബാനി-ബിർള റിപ്പോർട്ട് (2000) ഉന്നത വിദ്യാഭ്യാസ രംഗത്ത് ആഗോള കമ്പോളവൽക്കരണ അജണ്ടയാണ് അവതരിപ്പിക്കുന്നത്. യാതൊരുവിധ ചർച്ചയ്ക്കും സമർപ്പിക്കപ്പെട്ടിട്ടില്ലാത്ത അംബാനി-ബിർള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ വികസന തന്ത്രങ്ങൾ രൂപീകരിക്കപ്പെടുന്നത്. കേരളത്തിൽ ലോകബാങ്കിന്റെ സബ്സിഡിയറിയായ ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിന്റെ ( ADB) നിർദ്ദേശങ്ങൾക്ക് വഴങ്ങി മറ്റെല്ലാ രംഗങ്ങളിലുമെന്നപ്പോലെ ഉന്നത വിദ്യാഭ്യാസ രംഗത്തും ആഗോളകമ്പോള വൽക്കരണത്തിന്റെ സമീപനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

## ഉന്നത വിദ്യാഭ്യാസത്തിന്റെ വ്യാപനം

ഉന്നതവിദ്യാഭ്യാസരംഗത്ത് ഗണപരമായ വികസനത്തിന്റെ പാരമ്യതയിലാണ് നാം ഇന്ന് എത്തിനിൽക്കുന്നത് എന്നൊരു വാദം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഈ രംഗത്ത് നടന്ന അഭൂതപൂർവ്വമായ വളർച്ച ഈ വാദത്തെ പ്രത്യക്ഷത്തിൽ ന്യായീകരിക്കാൻ പര്യാപ്തമാണ്. 1947 ൽ 27 യൂണിവേഴ്സിറ്റികൾ മാത്രം ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 294 യൂണിവേഴ്സിറ്റി നിലവാരത്തിലുള്ള സ്ഥാപനങ്ങൾ ഉണ്ട്. 591 കോളേജുകളുടെ സ്ഥാനത്ത് 12131 കോളേജുകളുണ്ട്. വിദ്യാർത്ഥികളുടെ എണ്ണം 2 ലക്ഷത്തിൽ നിന്നും 75 ലക്ഷമായി ഉയർന്നു. വലിപ്പത്തിന്റെ മാത്രം അടിസ്ഥാനത്തിൽ

ഉന്നത വിദ്യാഭ്യാസരംഗത്ത് ലോകമൊട്ടാകെ എടുത്താൽ രണ്ടാം സ്ഥാനമാണ് ഇന്ത്യക്കുള്ളത്.

കേരളത്തിന്റെ വികസന ചരിത്രവും വ്യത്യസ്തമല്ല. 1970 ൽ നാല് യൂണിവേഴ്സിറ്റികളും 115 കോളേജുകളും ഉണ്ടായിരുന്ന സ്ഥാനത്ത് 2000ത്തിൽ എട്ട് യൂണിവേഴ്സിറ്റിതല സ്ഥാപനങ്ങളും 342 കോളേജുകളും ഉണ്ടായി. 1970 ൽ 83744 വിദ്യാർത്ഥികളാണ് ഈ രംഗത്തുണ്ടായിരുന്നതെങ്കിൽ 2000 ൽ 263568 വിദ്യാർത്ഥികളെ ഉൾക്കൊള്ളാൻ മാത്രം ഈ രംഗം വളർന്നു വലുതായി. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഉന്നത വിദ്യാഭ്യാസരംഗത്തുണ്ടായിട്ടുള്ള വളർച്ച അഭിമാനകരമാണെങ്കിലും, ഉന്നതവിദ്യാഭ്യാസം വികസനത്തിന്റെ ആണിക്കല്ലായിട്ടുള്ള പുത്തൻ സാഹചര്യത്തിൽ വികസിതരാജ്യങ്ങളിലെ ഈ രംഗത്തുള്ള വളർച്ചയുമായി താരതമ്യപ്പെടുത്തുമ്പോഴാണ് നാമിനിയും ഈ ദിശയിൽ ഏറെ ദൂരം സഞ്ചരിക്കേണ്ടതുണ്ടെന്ന് ബോധ്യമാകുന്നത്. ഇന്ത്യയിൽ മൊത്തത്തിലും കേരളത്തിൽ പ്രത്യേകിച്ചും ഉന്നതവിദ്യഭ്യാസത്തിന്റെ ഗുണപരമായ വികസനത്തിൽ കുതിച്ചുചാട്ടം നടത്തേണ്ടിയിരിക്കുന്നു. സെക്കൻഡറി സ്കൂൾ പാസ്സാകുന്ന വിദ്യാർത്ഥികളുടെ 13.8% മാത്രമാണ് ഉന്നതവിദ്യാഭ്യാസം നേടുന്നത്. ദേശീയ ശരാശരിയാവട്ടെ 22.9% ആണ്. ഒരു ലക്ഷം പേർക്ക് 80 ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ എന്ന തോതിലാണ് കേരളത്തിലുള്ളതെങ്കിൽ ദേശീയശരാശരി 99 സ്ഥാപനങ്ങളാണ്. 17നും 23നും ഇടക്ക് പ്രായമുള്ള ജനങ്ങളുടെ 5.7% പേർ മാത്രമാണ് കേരളത്തിൽ ഉന്നതവിദ്യാഭ്യാസം നേടുന്നത്. ദേശീയശരാശരി 6% ആണ്. വികസിതരാജ്യങ്ങളിൽ നിർദ്ധിഷ്ടപ്രായപരിധിയിലുള്ള ജനങ്ങളുടെ 50% ത്തിൽ ഏറെ ആളുകൾ ഉന്നതവിദ്യാഭ്യാസം നേടുന്നുണ്ട്. അറിവിന്റെ പുത്തൻയുഗത്തിൽ നിർദ്ധിഷ്ട പ്രായപരിധിയിലുള്ളവരുടെ 20% പേരെങ്കിലും ഉന്നതവിദ്യാഭ്യാസം നേടാതെ സാമ്പത്തികപുരോഗതി നേടാനാവില്ല എന്ന വിദഗ്ധാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയുടെ മൊത്തത്തിലും കേരളത്തിന്റെ പ്രത്യേകിച്ചുമുള്ള വളർച്ചയെ നോക്കിക്കാണേണ്ടതാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ചുള്ള പല പ്രമുഖ പഠനറിപ്പോർട്ടുകളും പുറത്ത് വന്നിട്ടുണ്ട്. അശോകമിത്ര കമ്മീഷന്റെ (1999) കണക്കുകൾ അനുസരിച്ച് പ്രൈമറിതലത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ 10% ഡിഗ്രികോഴ്സുകൾക്ക് ചേരുന്നുവെന്നാണ്. ഇതിന്റെ ഫലമായി നിർദ്ദിഷ്ടപ്രായപരിധിയിൽ വരുന്ന 15% പേർ കേരളത്തിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് കടന്നു വരുന്നുവെന്ന് കമ്മീഷൻ വിലയിരുത്തുന്നു. എന്നാൽ JBG തിലക് (2001)ഈ നിഗമനങ്ങളെ നിരാകരിക്കുന്നു. അദ്ദേഹത്തിന്റെ പഠനപ്രകാരം അഖിലേന്ത്യാ തലത്തിൽ 6% ഉം കേരളത്തിൽ3.7% പേർ മാത്രമാണ് ഉന്നതവിദ്യാഭ്യാസ രംഗത്ത് കടന്നുവരുന്നത്. പ്രഭാത് പട്നായിക് കമ്മീഷന്റെ (-) കണക്കനുസരിച്ച് കേരളത്തിലെ എൻറോൾമെന്റ് നിരക്ക് 7.4%മാണ്.

**അറിവിനെ അടിസ്ഥാനമാക്കിയുള്ള ഒരു വികസന തന്ത്രം കേരളം ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. അടിസ്ഥാനവിദ്യാഭ്യാസം സാർവ്വത്രികമായി ലഭിച്ചിട്ടുള്ള കേരളത്തിൽ സാർവ്വത്രീക ഉന്നതവിദ്യാഭ്യാസമെന്ന മുദ്രാവാക്യം ഒരുപ്രായോഗിക ലക്ഷ്യം തന്നെയാണ്.**

അറിവിനെ അടിസ്ഥാനമാക്കിയുള്ള ഒരു വികസന തന്ത്രം കേരളം ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത്തരമൊരു നയത്തിന് സവിശേഷ പ്രാധാന്യമുണ്ട്. ജനസാന്ദ്രത കൂടിയ സംസ്ഥാനമാണ് കേരളം. വ്യവസായ വികസനത്തിന് അനുകൂലമായ ഭൗതിക സാഹചര്യങ്ങളോ, ഭൂമിയുടെ ലഭ്യതയോ കേരളത്തിന് അവകാശപ്പെടാനില്ല. എന്നാൽ അടിസ്ഥാനവിദ്യാഭ്യാസം സാർവ്വത്രികമായി ലഭിച്ചിട്ടുള്ള കേരളത്തിൽ സാർവ്വത്രീക ഉന്നതവിദ്യാഭ്യാസമെന്ന മുദ്രാവാക്യം ഒരുപ്രായോഗിക ലക്ഷ്യം തന്നെ.

പ്രീഡിഗ്രി പുനഃസംഘാടനത്തോടെ ഉന്നതവിദ്യാഭ്യാസത്തിന്റെ വികസനത്തിനുള്ള ഭൗതീകസാഹചര്യങ്ങൾ കോളേജുകളിൽ ലഭ്യമാണ്. ഈ അവസരം മുതലാക്കിക്കൊണ്ട് ഉന്നതവിദ്യാഭ്യാസരംഗത്തെ വ്യാപകമായ വികസനവും ഘടനാപരമായ പരിഷ്ക്കാരങ്ങളും നടപ്പാക്കാനുള്ള ശ്രമങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ നടത്തേണ്ടതുണ്ട്. കേരള വികസനത്തിന്റെ സാമ്പത്തീക അടിത്തറ ഭദ്രമാക്കാൻ ഇത്തരമൊരു രണ്ടാം തലമുറ പരിഷ്കാരം അനിവാര്യമാണ്.


## ഗുണപരമായ വികസനം

സ്വാതന്ത്ര്യത്തിന്റെ ആദ്യദശകങ്ങളിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് സാമൂഹ്യനീതിയിലധിഷ്ഠിതമായ ഗണപരമായ വികസനത്തിനാണ് പ്രധാനമായും ഊന്നൽ നൽകിയത്. ഗുണമേൻമയുടെ പ്രശ്നം പൊതുവെ അവഗണിക്കപ്പെടുകയാണുണ്ടായത്. ബ്രിട്ടീഷ് ഇന്ത്യയിൽ സ്ഥാപിതമായ യൂണിവേഴ്സിറ്റികളുടെ ഗുണനിലവാരം

മെച്ചപ്പെടുത്തുന്നതിന് ഒരു ഇന്ത്യൻ യൂണിവേഴ്സിറ്റി കമ്മീഷൻ (1902) പ്രവർത്തിച്ചിരുന്നു. പിന്നീട് നിലവിൽ വന്ന എല്ലാ വിദ്യാഭ്യാസകമ്മീഷനുകളും ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണപരമായ വികസനത്തെ സംബന്ധിച്ച ആശങ്കകൾ പ്രകടിപ്പിച്ചിട്ടുണ്ട്. കോത്താരി കമ്മീഷൻ (1966) ഈ ഗുണനിലവാരത്തകർച്ചക്ക് ഒരു പരിഹാരമായാണ് ഓട്ടോണമസ് കോളേജുകൾ എന്ന ആശയം മുന്നോട്ട് വെച്ചത്. ഗുണപരമായ വികസനത്തിന്റെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്ന ഏറ്റവും ശ്രദ്ധേയമായ പഠനമാണ് ആചാര്യ രാമമൂർത്തി കമ്മീഷൻ റിപ്പോർട്ട്(Towards an enlightened and humane society 1990) എന്നാൽ ഗുണമേൻമയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പുത്തൻവിദ്യാഭ്യാസ നയത്തി(1986)ന്റെ ഭാഗമായാണ് ഉന്നതവിദ്യാഭ്യാസരംഗത്ത് ചർച്ച ചെയ്യുവാൻ തുടങ്ങിയത്. പക്ഷെ 86ലെ കാഴ്ചപ്പാടിൽ അടിസ്ഥാനപരമായി ഒരു പരിമിതി കടന്നു കൂടി. സാർവ്വത്രികമായ ഗുണമേൻമക്കു പകരം ഗുണമേൻമയുടെ തുരുത്തുകൾ സൃഷ്ടിക്കാൻ ആണ് പുതിയ നയത്തിന്റെ ശിൽപികൾ മുതിർന്നത്. സെന്റേഴ്സ് ഓഫ് എക്സലൻസിനെപ്പറ്റിയും ഓട്ടോണമസ് കോളേജുകളെ പറ്റിയുമുള്ള സങ്കൽപങ്ങൾക്ക് പ്രാമുഖ്യം ലഭിച്ചത് ഇങ്ങനെയൊരു സാഹചര്യത്തിലാണ്. ഔദ്യോഗികമായിതന്നെ രണ്ടു തരം വിദ്യാഭ്യാസസമ്പ്രദായങ്ങൾ നിലവിൽ വന്നു. ഗുണമേന്മയുടെ ഒറ്റപ്പെട്ടദ്വീപുകൾ ഒരു വശത്തും സമുദ്രം പോലെ വിശാലമായ അക്കാദമിക് ചേരികൾ മറുവശത്തും. ഏഴാം പദ്ധതിയുടെ അവസാനത്തോടെ (1990) 500 ഓട്ടോണമസ് കോളേജുകൾ ആരംഭിക്കാനുള്ള ശ്രമം കാര്യമായ നേട്ടം ഉണ്ടാക്കിയില്ല. കേരളത്തിലും ഇതു സംബന്ധിച്ച പഠനറിപ്പോർട്ടുകൾ ഈ കാലഘട്ടത്തിൽ ഉണ്ടായി. ശ്രീ കെ. ഗോപാലൻ അദ്ധ്യക്ഷനായുള്ള(1985) കമ്മിറ്റിയാണ് കേരളത്തിൽ ഇതു സംബന്ധിച്ചആദ്യപഠനം നടത്തിയത്. ഡോ.കെ.കെ.എൻ. കുറുപ്പിന്റെ നേതൃത്വത്തിൽ I.U.C.C.യുടെ പഠനറിപ്പോർട്ടാണ് അവസാനം പുറത്തുവന്നത്.

1991ൽ ആരംഭിച്ച നവസാമ്പത്തിക പരിഷ്ക്കാരങ്ങളുടെ ഭാഗമായി ഉന്നതവിദ്യാഭ്യാസരംഗത്തും, ഗുണമേന്മയെക്കുറിച്ച് നിലവിലുണ്ടായിരുന്ന സങ്കൽപ്പങ്ങളും തകിടം മറിഞ്ഞു. മാർക്കറ്റിൽ വിജയിക്കുന്നതെന്തോ അത് ഗുണമേന്മയായി വാഴ്ത്തപ്പെട്ടു. ദീർഘകാല അടിസ്ഥാനത്തിൽ മാത്രം പ്രയോജനം ചെയ്യുന്ന അടിസ്ഥാന ഗവേഷണവും പ്രത്യക്ഷത്തിൽ പ്രയോജനപ്രദമല്ലാത്ത മാനവിക ഭാഷാപഠനങ്ങളും ഗുണമേൻമയുടെ പട്ടികയിൽ താഴോട്ടുപോയി. തൊഴിലധിഷ്ഠിത കോഴ്സുകളും കമ്പ്യൂട്ടർ കോഴ്സുകളും മാർക്കറ്റിന്റെ ഗ്രാഫിൽ മുകളിലെത്തി. വമ്പിച്ച പരസ്യങ്ങളുടെ അകമ്പടിയോടെ കടൽ കടന്നെത്തുന്ന വൈദേശിക കോഴ്സുകൾക്കാണ് ആവശ്യക്കാർ ഏറെയാണ്. യു.ജി.സി.യുടെ കീഴിൽ 1994ൽ നിലവിൽ വന്ന N.A.C.C. യുടെ പ്രവർത്തനങ്ങൾ ഇന്ന് വിമർശനവിധേയമാണ്. സുസ്ഥിരമായ ഗുണമേൻമയെ കുറിച്ചുള്ള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലും മാറിക്കൊണ്ടിരിക്കുന്ന ലോകത്തെ വികസനാവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ചുകൊണ്ടും അത്യന്തികമായ മാനവികമൂല്യങ്ങൾ പരിപോഷിപ്പിക്കുന്ന തരത്തിലും ഉന്നതവിദ്യാഭ്യാസത്തിന്റെ കരിക്കുലം പുനരാവിഷ്കരിക്കുകയാണ് അടിയന്തിരമായി ചെയ്യേണ്ടത്.

> വിദേശരാജ്യങ്ങളിൽ ഇതിനോടകം പ്രചുരപ്രചാരം നേടിയ കഫറ്റേറിയൽ സംവിധാനം നമ്മുടെ യൂണിവേഴ്സിറ്റികളിലും ഉണ്ടാവണം. പ്രത്യക്ഷത്തിൽ പരസ്പരം ബന്ധമില്ലാത്ത വിവിധവിഷയങ്ങൾ ഒരുമിച്ചു പഠിക്കുമ്പോൾ, പുതിയ കണ്ടെത്തലുകൾക്കുള്ള സാധ്യത തുറന്നിടുന്നു എന്നതാണ് കഫറ്റേറിയൽ സംവിധാനത്തിന്റെ പ്രത്യേകത.



## കരിക്കുലം പരിഷ്കരണം

വൈവിധ്യവൽക്കരണമെന്ന അടിസ്ഥാനമന്ത്രത്തിൽ ഊന്നി നിന്നുകൊണ്ട് വേണം ഉന്നതവിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും ഘടനയിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചു ചിന്തിക്കേണ്ടത്. വിദ്യാർത്ഥികളുടെ അഭിരുചിയും സമൂഹത്തിന്റെ ആവശ്യങ്ങളും കണക്കിലെടുത്തുകൊണ്ട് കോഴ്സുകളുടെ സ്വഭാവത്തിലും എണ്ണത്തിലും മാറ്റങ്ങൾ ഉണ്ടാവണം. വിദേശരാജ്യങ്ങളിൽ ഇതിനോടകം പ്രചുരപ്രചാരം നേടിയ കഫറ്റേറിയൽ സംവിധാനം നമ്മുടെ യൂണിവേഴ്സിറ്റികളിലും ഉണ്ടാവണം. പ്രത്യക്ഷത്തിൽ പരസ്പരം ബന്ധമില്ലാത്ത വിവിധവിഷയങ്ങൾ ഒരുമിച്ചു പഠിക്കുമ്പോൾ, പുതിയ കണ്ടെത്തലുകൾക്കുള്ള സാധ്യത തുറന്നിടുന്നു എന്നതാണ് കഫറ്റേറിയൽ സംവിധാനത്തിന്റെ പ്രത്യേകത. മാറിക്കൊണ്ടിരിക്കുന്ന ലോകസാഹചര്യങ്ങൾക്കും വൈജ്ഞാനിക വിസ്ഫോടനത്തിനും അനുബന്ധമായി അടിസ്ഥാനവിഷയങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടിനും മാറ്റമുണ്ടാകേണ്ടതുണ്ട്. ഓരോ വിഷയവും പരസ്പര ബന്ധമില്ലാത്ത പ്രത്യേക അറയിലാക്കി സൂക്ഷിക്കുന്നതിനു പകരം, വിവിധ വിഷയ മേഖലകൾ തമ്മിൽ സംയോജിപ്പിച്ച് പുതിയ ഇന്റർ ഡിസിപ്ലിനറി വിഷയങ്ങൾക്ക് രൂപം നൽകാൻ കഴിയുന്ന

സാഹചര്യം ഒരുക്കേണ്ടതുണ്ട്. അടിസ്ഥാനവിഷയങ്ങളുടെ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കപ്പെടുമ്പോൾ തന്നെ, വൈവിധ്യമാർന്ന തൊഴിലധിഷ്ഠിതകോഴ്സുകൾക്കും പ്രാമുഖ്യം നൽകേണ്ടതുണ്ട്.ഇതോടൊപ്പം തന്നെ, വിവരസാങ്കേതിക വിദ്യ പാഠ്യപദ്ധതിയിൽ സംയോജിപ്പിക്കുകയും വേണം.

ഉള്ളടക്കത്തിൽ വരുത്തേണ്ട മാറ്റങ്ങളോടൊപ്പം തന്നെ പ്രാധാന്യമർഹിക്കുന്നതാണ് പഠനരീതിയിലും പരീക്ഷസമ്പ്രദായത്തിലും വരുത്തേണ്ട മാറ്റങ്ങൾ. വിദ്യാർത്ഥികേന്ദ്രീകൃതമായ പഠനം എന്ന സങ്കൽപം ഇനിയും യാഥാർത്ഥ്യമാകേണ്ടിയിരിക്കുന്നു. നിലവിലുള്ള അറിവിനെ വിമർശനപരമായി വിലയിരുത്താനും പുതിയ അറിവിനെ സൃഷ്ടിക്കാനും ഉതകുന്ന സംവാദാത്മകവും, ക്രിയാത്മകവുമായ അന്തരീക്ഷം ക്ലാസ്സ് മുറികളിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. അടിസ്ഥാനതത്ത്വങ്ങൾ ആഴത്തിൽ പഠിക്കുന്നതോടൊപ്പം തന്നെ അതുമായി സമകാലീന യാഥാർത്ഥ്യങ്ങളെ ബന്ധപ്പെടുത്തി പ്രോജക്റ്റ് വർക്ക് ചെയ്യാനുള്ള അവസരവും ഉണ്ടാകണം. തിയറിയും പ്രയോഗവും പരസ്പര പൂരകമായി പഠിക്കേണ്ടതുണ്ട്. വർഷാവസാന എഴുത്തുപരീക്ഷയിലൂടെ മാത്രം വിദ്യാർത്ഥിയുടെ പഠനപ്രക്രിയയെ വിലയിരുത്തുന്നതിനു പകരം ഘട്ടം ഘട്ടമായി നടത്തുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ കണക്കിലെടുത്തുകൊണ്ട് മൂല്യനിർണ്ണയം നടത്തുന്ന സമ്പ്രദായമാണ് അഭികാമ്യം. ആന്തരീക-ബാഹ്യമൂല്യനിർണ്ണയങ്ങൾക്ക് ഏതാണ്ട് ഒരേപ്രാധാന്യം ലഭിക്കണം.

അക്കാദമികതലത്തിൽ വരുത്തുന്ന മാറ്റങ്ങളോടൊപ്പം തന്നെ പ്രാധാന്യമർഹിക്കുന്നതാണ് വിദ്യാർത്ഥിയുടെ സാമൂഹ്യബോധം വളരുന്നതിന് ഉപകരിക്കുന്ന പരിഷ്കാരങ്ങളും. സാമൂഹ്യസേവനം കരിക്കുലത്തിന്റെ ഭാഗമാക്കണം. അക്കാദമിക് മികവും സാമൂഹികപ്രതിബദ്ധയുമുള്ള അദ്ധ്യാപകരുടെ സേവനം കോളേജുകളിൽ ലഭ്യമാക്കികൊണ്ട് മാത്രമേ ഇത്തരമൊരു പദ്ധതി കോളേജുകളിൽ നടപ്പാക്കാനാകൂ.

**അക്കാദമികതലത്തിൽവരുത്തുന്നമാറ്റങ്ങളോടൊപ്പംതന്നെ പ്രാധാന്യമർഹിക്കുന്നതാണ് വിദ്യാർത്ഥിയുടെ സാമൂഹ്യബോധം വളരുന്നതിന് ഉപകരിക്കുന്ന പരിഷ്കാരങ്ങളും. സാമൂഹ്യസേവനം കരിക്കുലത്തിന്റെ ഭാഗമാക്കണം. അക്കാദമിക്ക് മികവും സാമൂഹികപ്രതിബദ്ധയുമുള്ള അദ്ധ്യാപകരുടെ സേവനം കോളേജുകളിൽ ലഭ്യമാക്കികൊണ്ട് മാത്രമേ ഇത്തരമൊരു പദ്ധതി കോളേജുകളിൽ നടപ്പാക്കാനാകൂ.**

മുകളിൽ വിഭാവനം ചെയ്തിട്ടുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് ഘടനാ പരമായ മാറ്റങ്ങളും ആവശ്യമായി വരും. വാർഷിക സമ്പ്രദായത്തിനുപകരം സെമസ്റ്റർ രീതിയിൽ കോഴ്സുകൾ പുനഃസംഘടിപ്പിക്കണം. ക്രെഡിറ്റ് സമ്പ്രദായം പരിമിതമായെങ്കിലും പരീക്ഷിക്കപ്പെടുത്തേണ്ടിയിരിക്കുന്നു. കോളേജുകൾക്ക് കൂടുതൽ അക്കാദമിക് സ്വാതന്ത്ര്യം നൽകേണ്ടി വരും. അതേസമയം നൽകപ്പെട്ട സ്വാതന്ത്ര്യം ഉത്തരവാദിത്തത്തോടെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കുകയും വേണം. കോളേജുകളിലെ ഭരണതലം അദ്ധ്യാപക വിദ്യാർത്ഥി രക്ഷകർത്താ പ്രതിനിധികളെ ഉൾപ്പെടുത്തി ജനാധിപത്യരീതിയിൽ പുനഃസംഘടിപ്പിച്ചുകൊണ്ട് അക്കാദമിക് ഓട്ടോണമിയും സോഷ്യൽ അക്കൗണ്ടബിലിറ്റിയും പരസ്പരപൂരകമായി സംയോജിപ്പിക്കേണ്ടതുണ്ട്.

ഉന്നതവിദ്യാഭ്യാസം വിവിധവെല്ലുവിളികളെ അതിജീവിക്കേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെ പൊതുവായ നയരൂപീകരണത്തിലും പരിഷ്ക്കാരങ്ങളുടെ ദിശയും സമയവും വേഗതയും നിർണ്ണയിക്കുന്നതിലുമൊക്കെ നേതൃത്വപരമായ പങ്കു വഹിക്കുക എന്നത് സ്റ്റേറ്റിന്റെ അടിസ്ഥാനപരമായ ധർമ്മങ്ങളിൽ ഒന്നായിക്കണ്ട് അംഗീകരിക്കപ്പെടേണ്ടിയിരിക്കുന്നു. ഗുണമേന്മയുടെ കുത്തക അവകാശപ്പെടുന്ന വിദേശയൂണിവേഴ്സിറ്റികളുടെ വരവ് നമ്മുടെ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നിലനിൽപിനെ തന്നെ അപകടപ്പെടുത്തും. 2005 ൽ നിലവിൽ വരുന്ന ഗ്യാറ്റ്സ് ചട്ടങ്ങൾ അനുസരിച്ച് ഉന്നതവിദ്യാഭ്യാസം ഉൾപ്പെടുന്ന സർവ്വീസ്മേഖല മാറ്റങ്ങൾക്ക് വിധേയമാകും. പണം മുടക്കുന്ന ഏജൻസികൾക്ക് വിദ്യാഭ്യാസമാനേജ്മെന്റിൽ എല്ലാ അധികാരങ്ങളും നൽകുന്ന സുപ്രീം കോടതി വിധി വിദ്യാഭ്യാസമേഖലയിൽ ഉദാരവൽക്കരണത്തിന് ആക്കം കൂട്ടും. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണപരമായ വികസനവും വ്യാപ്തിയും വരും കാലങ്ങളിൽ മേൽ സൂചിപ്പിച്ച വസ്തുതകളുമായി ബന്ധപ്പെട്ടിരിക്കുന്നു.

# "How a Student Fails"

Students are those who candles the future. But sometimes they fail. 'How a student fails?'. The answer is simple.
A year consists of 365 days.
52 days are Sundays:- Sunday is considered as resting day.(How to study?)
Balance 313 days.
50 days are summer holidays; weather is hot and difficult to study.
Balance 263 days.
8 hours daily for sleeping; that means 122 days.
Balance 141 days
1 hour for daily playing - 15 days; it is good for health
Balance 126 days
Quarterly, half yearly and festival holidays 40 days
Balance 86 days
2 hours daily for food, means 30 days and 1 hour for talking because man is a social animal, means 15 days
Balance 41 days
Exam days, at least 30 days
Balance 11 days
Sickness atleast 4 days
Balance 7 days
Movies and family functions at least 6 days
Balance 1day
That is his birthday
How a student pass
Sorry; it's not our fault

**Rijas .K.I**
First year BSc Electronics.

# It was All a Dream



The gates were closed, the lights put off
I was one among those in the flat
I heard a sneeze and a jump over the wall
And thought it would be the drunken uncle Paul
I heard some footsteps and peeped through a nook
And thought that it was Thomas-our cook
I heard the chink of glasses and the crumbling of plates
Soon looked through my window and saw the opened gates
I lit up a candle and saw a shadow pass
Heard the mew of a cat, but a little bass
I was sure,...... sure .....it was not a cat.
Then who was it? Yes, it was a theif, who hit me with a bat.
I dozed off, and there I fell
After an hour I got up with a yell.
I cried "Mummy thief, Mummy thief"
.........Mum came and woke me up from a deep sleep
Oops...... it was all a DREAM
Which ended like a sudden GLEAM


**Shabina.K.S.**
First year B.A. Economics

# DOCUMENTARY FEST : A RETROSPECTIVE

We live in times of disturbances and discontent. The society is faced with numerous issues.

The student community often fails to confront these issues. In this context, the visual media becomes relevant as a medium of communication. The Documentary Festival conducted by the Film Society during 2002-2003 had the purpose of opening channels of insight and discourse. The documentaries screened were varied in subject matter, but shared the common trait of social relevance.






***Male Flower (Aanpoovu)*** *by* ***P. Balan*** takes us through an unusual avenue while inspecting the issue of gender. It proceeds through the eyes of a person, who underwent sex change from female to male. The disadvantaged position of the female sex and the preference for the male in our society is presented with sharpness and clarity, which would not have been possible from other angles or perspectives.

***Gujarat: Evil Stalks the Land*** *by* ***Gauhar Raza***, goes directly to the heart of communalism in India. The documentary plainly presents the inhumane-ness of the Gujarat genocide. It draws a clear picture of the growth of fascism, along with that of the *sangh parivar* in India through the years.

While addressing the issue of globalization, the general tendency is to be trapped in theoretical discussion. ***Things Go Bitter with Coca Cola*** *by* ***P. Baburaj*** *and* ***C. Sarath Chandran*** goes into the practical concerns of the problem. Globalization brings with it a deliberate non-concern with the problems of the commoner while appeasing the corporate giants. This is the story that the documentary tells while narrating the struggle of the people of Placchimada for the basic necessities of life.

Again, ***Amar Kanwar*** makes a presentation of 'modernity' ravaging our society in his 19-minute documentary, ***Many Faces of Madness.*** The unscientific interventions with the environment lead to ecological destruction and unbalance.

***Memories of Fear*** *by* ***Madhusree Datta*** again, is concerned with gender. Instead of stressing on explicit atrocities, the documentary projects the subtler ways by which fear is injected into women from childhood. The documentary, which is a combination of experimental narratives and interviews, lays bare the mechanism by which society makes the woman a second grade citizen.

***Aamakkar*** the documentary talks about the initiative taken by a village of North Kerala in protecting sea Turtles. These turtles lay eggs on the sand and move back to the sea. In time, these eggs hatch and the young ones swim on their on to the waters. But, catching the adult turtles and destroying or eating the eggs are common practices. The activists of the region collect the eggs hatch them with the aid of special equipment and send the turtles back to the sea. The film puts forward the ideas of environmental conservation and concern for other living beings, and also the essence of collective work in protecting the life cycle.

Our society is characterized by convenient forgetfulness. This happens even as our existence is under threat. An experience with the realities is essential for productive intervention.

**Rachel A Varghese**

Second year B.A. Psychology

FOOD MAKES THE BRAIN

# PONNI FOODS

**Rice, Rice Products, Atta, Sooji**

**Curry Powders, Pickles Etc.**

TM


Ponni Travels

Ponni Catering

SYMBOL OF QUALITY

PONNI BUSINESS CONSULTENCY

വിശകലനം



# പെരിയാർ: പർവ്വതനിരയുടെ പനിനീരിൽ കാളിയൻമാർ

വികസനം കേവലം മനുഷ്യകേന്ദ്രീകൃതമാകുമ്പോൾ ഉണ്ടാകുന്ന അപചയത്തെ പെരിയാറിന്റെ പശ്ചാത്തലത്തിൽ തുറന്നുകാണിക്കുന്നു.

മിഥുൻ രാജ്
രണ്ടാംവർഷ ഫിസിക്സ് ബിരുദം

വെള്ളം- ഇരുന്നൂറുകോടി ജനങ്ങൾ അതിനുവേണ്ടികേഴുന്നു: 2003ലെ ലോകപരിസ്ഥിതി ദിനത്തിന്റെ മുദ്രഗീതമാണിത്. 22 വർഷങ്ങൾക്കകം ലോകജനസംഖ്യയിൽ മൂന്നിൽ രണ്ടുഭാഗത്തിനും ശുദ്ധജലം ലഭിക്കാത്ത സ്ഥിതിയുണ്ടാകുമെന്ന് UN പോപ്പുലേഷൻ ഫണ്ട് മുന്നറിയിപ്പ് നൽകുന്നു. ഈ വിഭാഗത്തിൽ എത്തിപ്പെടാതിരിക്കാനുള്ള മുന്നൊരുക്കങ്ങൾ വികസിതരാജ്യങ്ങൾ നേരത്തെതന്നെ ആരംഭിച്ചുകഴിഞ്ഞു. ശേഷിക്കുന്ന ശുദ്ധജലസ്രോതസുകൾ സ്വന്തമാക്കാൻ കോർപ്പറേറ്റ് ഭീമൻമാർ മത്സരിക്കുകയാണ്. നമ്മളോ? മലമ്പുഴയിലേയും പെരിയാറിലേയും വെള്ളം വിൽപനക്ക് വെയ്ക്കാൻ ഒരുക്കങ്ങൾ നടന്നപ്പോഴും നമ്മളിൽ ഏറെപ്പേരും തികച്ചും നിസംഗതരായിരുന്നു. നമ്മളെല്ലാവരും തന്നെ ആശ്രയിക്കുന്ന ആലുവയിലെ കുടിവെള്ളവിതരണ പദ്ധതിയാണ് കേരളത്തിലെ ഏറ്റവും വലിയ കുടിവെള്ളവിതരണശൃംഖല. ഈ പദ്ധതിക്കുവേണ്ടി ജലം നൽകുന്ന പെരിയാർ-അഥവാ നമ്മൾ-മരിച്ചുകൊണ്ടിരിക്കുകയാണെന്ന് അറിയുമ്പോഴും നമുക്ക് നിശ്ശബ്ദരായിരിക്കുവാൻ കഴിയുമോ.....?

പെരിയാർ.......... കേരളത്തിലെ ഏറ്റവും ജലസമൃദ്ധവും, നീളം കൂടിയതുമായ നദി. ശിവഗിരിമലയിലെ അനേകം നീർച്ചാലുകൾ ചേർന്ന് രൂപം കൊള്ളുന്ന പെരിയാറിന്റെ നീളം 244km ആണ്. 5284 ചതുരശ്ര കി.മീ. വൃഷ്ടിപ്രദേശമുള്ള ഈ നദിയാണ് കേരളത്തിലെ മുപ്പത് ലക്ഷം ജനങ്ങൾക്ക് ജീവജലം നൽകുന്നത്. എഴുപത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ മുഖേന 57800 ഏക്കർ കൃഷി പെരിയാറിന്റെ ജലലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. കേരളത്തിലെ ഏറ്റവും വലിയ വ്യവസായ മേഖലയായ ഏലൂർ-എടയാർ പ്രദേശത്തെ 250-ഓളം വരുന്ന വ്യവസായസ്ഥാപനങ്ങൾക്ക് 300 ദശലക്ഷം ലിറ്റർ ജലം പെരിയാർ നൽകുന്നു. കൂടാതെ ഇടുക്കി, മുല്ലപെരിയാർ തുടങ്ങിയ പതിനാല് അണക്കെട്ടുകൾ പെരിയാറിന് കുറുകെയാണ്. 35000ത്തോളം കുടുംബങ്ങൾ ഈ നദിയിൽ നിന്നും മത്സ്യബന്ധനം നടത്തി ജീവിച്ചിരുന്നു. ഇങ്ങനെയെല്ലാം പെരിയാർ, നാമറിയാതെ തന്നെ നമ്മുടെ ജീവധമനിയാണ്. എന്നാൽ, ഇന്നിതാ ചില മനുഷ്യർ ആ രക്തക്കുഴൽ മുറിച്ച് ആത്മഹത്യക്കൊരുങ്ങുന്നു. കൊലവിളികൾ .... 1999 ഡിസംബർ 22ന് ഭോപ്പാൽ ദുരന്തത്തിന്റെ 15-ാം വാർഷികത്തോടനുബന്ധിച്ച് അന്തർദേശീയ പരിസ്ഥിതി സംഘടനയായ ഗ്രീൻപീസ് ഏലൂരിൽ ഒരു ബോർഡ് സ്ഥാപിച്ചു. ബോർഡിലെ വാചകങ്ങൾ ഇങ്ങനെയായിരുന്നു. "ലോകത്തിലെ ഏറ്റവും പ്രധാന രാസവിഷമേഖലയാണിത്. ഇവിടെ കണ്ടെത്തിയ രാസവിഷങ്ങൾ മനുഷ്യജീവനും, പ്രകൃതിക്കും കടുത്ത ഭീഷണി ഉയർത്തുന്നു." ഏലൂർ ഭാഗത്ത് പെരിയാറിൽ നിന്നും ശേഖരിച്ച സാമ്പിളുകളിൽ 111 ഇനം രാസവിഷങ്ങൾ കണ്ടെത്തിയതിനെ തുടർന്നാണ് ഗ്രീൻപീസ് ഏലൂരിന്, ലോകത്തെ 35-ാമത്തെ മാരകവിഷമേഖല എന്ന ആഗോളപദവി നൽകിയത്. പെരിയാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ഏലൂർ വ്യവസായ മേഖലയുടെ നിർണ്ണായകപങ്ക് വെളിപ്പെടുത്തുന്ന വസ്തുതകളാണിവ. പെരിയാറിന്റെ ഇരുകരകളിലുമായി സ്ഥിതിചെയ്യുന്ന 250-ഓളം ഫാക്ടറികൾ തങ്ങളുടെ രാസാവശിഷ്ടങ്ങൾ തള്ളുന്നത് പെരിയാറിലേക്കാണ്. ഇവിടെ വെറുംനാല് കിലോമീറ്ററിനകത്ത് പുഴയിലേക്ക് ഇറക്കുന്ന ഭീമൻ മലിനജലനിർഗമന കുഴലുകളുണ്ട്. (ഇതിൽ 30 എണ്ണംഅനധികൃതമാണെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് അനൗദ്യോഗികമായി സമ്മതിക്കും) ഈ കുഴലുകളുടെ ഉത്ഭവം അന്വേഷിച്ചുചെന്നാൽ നമ്മൾ എത്തിചേരുന്നത് പ്രമുഖവ്യവസായ സ്ഥാപനങ്ങളായ FACT, HIL, TCC,IRE,IAC, Binani Zinc, CMRL തുടങ്ങിയവയുടെ പിൻവാതിലുകളിലായിരിക്കും.



| പെരിയാർ മലിനീകരണത്തിന്റെ കണക്കുകൾ | |
|---|---|
| വ്യവസായ ശാല | ലക്ഷംലിറ്റർ/ ദിനം പ്രതി |
| 1.IAC (Indian Aluminium Company Ltd.) | 4110 |
| 2. FACT (Fertilizers and Chemicles Travancore) | 20658 |
| 3. Travancore Rayons-Perumbavoor | 5360.7 |
| 4. Indian Rare Earths | 705.1 |
| 5. TCC-Travancore Cochin Chemicals | 3504 |
| 6. HIL-(Hindusthan Insecticide Ltd.) | 800 |
| 7. Binani Zinc Ltd. | 844.98 |

പെരിയാറിലെത്തിച്ചേരുന്ന 260 മില്യൺ മലിനജലത്തിൽ ഡി.ഡി.റ്റി, ബി.എച്ച്.സി. എൻഡൊ സൾഫാൻ തുടങ്ങിയ കീടനാശിനികളും, മെർക്കുറി, റേഡിയോ ആക്ടീവ് വേസ്റ്റുകൾ എന്നിവയും കണ്ടെത്തിയിട്ടുണ്ട്. നദിയുടെ അടിത്തട്ടിലെത്തുന്ന മെർക്കുറി ചിലയിനം ബാക്ടീരിയകളുമായി പ്രവർത്തിച്ച് അർബുദകാരിയായ മീഥൈൽ മെർക്കുറി രൂപം കൊള്ളുകയും, ഇത് ചെറുജീവികൾ മുഖേന ഭക്ഷ്യശൃഖലയിലൂടെ മനുഷ്യനിലെത്തിച്ചേരുമ്പോഴേക്കും ജൈവസാന്ദ്രീകരണം മൂലം അപകടകരമായ അളവുകളിലേക്ക് എത്തുകയും ചെയ്യുന്നു. ഇതു മൂലം ഏലൂരിലും സമീപപ്രദേശങ്ങളിലും ഇപ്പോൾ ക്യാൻസർ മരണങ്ങൾ പെരുകുന്നു. പല രാസമാലിന്യങ്ങളും സൂക്ഷ്മജീവികളെ കൂടി നശിപ്പിക്കുന്നു. ഏലൂരിൽ നിന്നെത്തുന്ന മലിനജലം കാർഷിക ഗ്രാമമായ കടമക്കുടിയുടെ പൊക്കാളി പാടശേഖരങ്ങളേയും ചെമ്മീൻകെട്ടുകളേയും അപ്പാടെ നശിപ്പിച്ചിരിക്കുന്നു. ഇങ്ങനെ പർവ്വതനിരയുടെ പനിനീരിൽ അനേകം കാളിയൻമാർ പതിയിരുന്ന് വിഷം കലക്കുന്നു.

കാലടിയിലെത്തുമ്പോൾ പെരിയാറിന് നിളയുടെ മുഖച്ഛായയാണ്. ഭാരതപ്പുഴയുടെ ദുരന്തത്തെ ഓർമ്മപ്പെടുത്തുന്ന വിധത്തിൽ മണൽതിട്ടകളും കൈതക്കാടുകളും

ജാനരകൾ എന്ന പോലെ പെരിയാറിനെ പൊതിഞ്ഞുതുടങ്ങിയിരിക്കുന്നു. ഒരു ദിവസം 2800 ടൺ മണൽ ഒഴുകിയെത്തുന്ന പെരിയാറിൽ നിന്ന് ഒരു ദിവസം വാരുന്നത് 48000 ടൺ മണൽ ആണ് എന്നറിയുമ്പോൾ എത്ര വേഗത്തിലാണ് ഈ നദി മരണത്തിലേക്ക് കൂപ്പ് കുത്തുന്നതെന്ന് നമുക്ക് മനസ്സിലാക്കാം. രാവും പകലും അധികൃതവും അനധികൃതവുമായി നടക്കുന്ന മണൽവാരൽ മൂലം പലയിടത്തും പുഴയുടെ ആഴം 40 അടിക്കു മുകളിൽ എത്തിയിരിക്കുന്നു. എന്നാൽ പുഴ ചെന്നുചേരുന്ന കായലിന്റെ ആഴം 20 അടിയാണ്. നദിയിൽ നിന്ന് കായലിലെത്തുന്ന വെള്ളത്തിന്റെ തള്ളലാണ് ഓരു കയറ്റം തടയുന്നത്. മണൽ വാരൽ മൂലം സ്വാഭാവിക ഒഴുക്ക് നഷ്ടപ്പെടുകയും സമുദ്രനിരപ്പിനേക്കാൾ അടിത്തട്ട് താഴുകയും ചെയ്ത് നദിയിലേക്ക് ഉപ്പുവെള്ളം ഇരച്ച് കയറുന്നു. ലവണാംശം കൂടിയതിനെ തുടർന്ന് FACTയുടെ ഏതാനും പ്ലാന്റുകൾ അടച്ചിടേണ്ടി വന്നത് നാം പത്രങ്ങളിൽ വായിച്ചതാണല്ലോ? മണൽ വാരൽ നടക്കുന്ന പ്രദേശങ്ങളിലെല്ലാം തന്നെ കിണറുകളുടെ ജലനിരപ്പ് ഗണ്യമായി താഴ്ന്നിട്ടുണ്ട്. പലയിടത്തും പുഴയുടെ തീരങ്ങൾ ഇടിയുന്നു. പെരിയാറിന്റെ ഒരു ഭാഗം സ്വകാര്യസ്ഥാപനങ്ങൾക്ക് പാട്ടത്തിന് കൊടുക്കുന്നതായി കാണിച്ച് അമേരിക്കൻ ദിനപത്രമായ വാഷിംഗ്ടൺ പോസ്റ്റിൽ വന്ന പരസ്യവും അതിനെതുടർന്നുണ്ടായ വിവാദങ്ങളുമാണ് പെരിയാറിനെ ഏറ്റവും ഒടുവിൽ നമ്മുടെ ചർച്ചകളിൽ സജീവമാക്കിയത്. ബൊളീവിയയിലും ഛത്തീസ്ഗഢിലും സംഭവിച്ചത് ഇവിടെ നടക്കാൻ പോകുന്നുവെന്ന് പലരും ഭയപ്പെട്ടു. സാംസ്കാരിക സാഹിത്യപ്രവർത്തകരുടേയും മറ്റും എതിർപ്പിനെ തുടർന്ന് സർക്കാർ ഉടൻതന്നെ ഈ പദ്ധതി പിൻവലിക്കുകയുണ്ടായി. എങ്കിലും പെരിയാറിൽ നിന്ന് 24 കോടി ലിറ്റർ ജലം ദിനംപ്രതി വ്യവസായങ്ങൾക്ക് വിതരണം ചെയ്യുന്ന പദ്ധതി സർക്കാർ തന്നെ ഏറ്റെടുത്ത് നടത്തുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. ജീവൻ നിലനിർത്തുന്നതിന് അടിസ്ഥാനമായ ജലം വിൽപനക്കു വെക്കുന്നതിലെ തെറ്റും ശരിയും ആശയപരമായ ഒരു പ്രശ്നമാണ്. എന്നാൽ നിർദ്ദിഷ്ട പദ്ധതിയിൽ സൂചിപ്പിക്കുംപോലെ പ്രതിദിനം 24 കോടി ലിറ്റർ ഇനിയും പെരിയാറിൽ നിന്നെടുക്കാനുണ്ടോ എന്നത് വസ്തുതാപരമായി നമുക്ക് പരിശോധിക്കാവുന്നതാണ്.

കുടിവെള്ളം, ജലസേചനം, വ്യവസായം, കുടിവെള്ളത്തിന് വേണ്ടിയുള്ള നടപ്പുപദ്ധതികൾ, ഭാവി ആവശ്യങ്ങൾക്കുള്ള കുടിവെള്ള പദ്ധതികൾ, വ്യവസായ വാണിജ്യാവശ്യങ്ങൾക്കായുള്ള 240 MLDയുടെ പദ്ധതികൾ എന്നിവക്കായി വേണ്ടി വരുന്ന പെരിയാറിലെ നീരൊഴുക്ക് 1230 MLD യാണ്. ഇതിന് പുറമെ മാലിന്യങ്ങൾ നേർപ്പിക്കുന്നതിന് ആവശ്യമായ ഏറ്റവും കുറഞ്ഞ നീരൊഴുക്കിന്റെ അളവായി പരിസ്ഥിതിഗവേഷകനായ ഡോ.സി.എ.ജോയിയുടെ പഠനം കാണിച്ചിരിക്കുന്ന4800 MLD കൂടി വേണ്ടി വരുന്നു. അതായത് പെരിയാറിന്റെ സുരക്ഷിതമായ നിലനിൽപിന് ആകെ 6030 MLD എന്ന മിനിമം നീരൊഴുക്ക് അനിവാര്യമാണ്. പ്രസ്തുത 240 MLDയുടെ വ്യവസായവാണിജ്യ വികസനാവശ്യങ്ങൾക്കായുള്ള പദ്ധതിയാണ് കേരള സർക്കാർ സ്വകാര്യവൽക്കരിക്കാൻ ആലോചിച്ച പദ്ധതി. എന്നാൽ 6030 MLD എന്ന മിനിമം നീരൊഴുക്ക് വേനൽ കാലത്ത് നിലനിർത്താൻ കഴിയില്ലെന്ന് 'Year book of surface water'' എന്ന ആധികാരികരേഖ സാക്ഷ്യപ്പെടുത്തുന്നു. അതായത് നിർദ്ദിഷ്ടപദ്ധതി നടപ്പിലാക്കാൻ ആവശ്യമായ വെള്ളം ഇന്ന് പെരിയാറിൽ ലഭ്യമല്ല. അതിനു സാധിക്കണമെങ്കിൽ ഇടമലയാർ പദ്ധതിയെ പെരിയാറിനെ വേനൽക്കാലത്ത് പോഷിപ്പിച്ച് നിലനിർത്തുന്നതിനുള്ള ഒരു ജലനിയന്ത്രണപദ്ധതിയായി കാണേണ്ടിവരും. ഇത്തരം മുൻകരുതലുകളെ കൂടാതെ പെരിയാറിൽ നിന്ന് ദിനം പ്രതി 24 കോടി ലിറ്റർ ജലം എടുക്കാൻ തുനിഞ്ഞാൽ അത് നിലവിൽ തന്നെ അപര്യാപ്തമായ നീരൊഴുക്കിന്റെ അളവ് വീണ്ടും കുറയുന്നതിന് കാരണമായിതീരുകയും ഇപ്പോൾതന്നെ 15 കി.മീറ്ററോളം ഓരു കയറ്റഭീഷണിയുള്ള പെരിയാറിന് കൂടുതൽ അപകടപ്പെടുത്തുകയും ചെയ്യും.

ഇത് വികാരപരമായി നോക്കികാണേണ്ട പ്രശ്നമല്ല. മനുഷ്യൻ ഉൾപ്പെട്ട ആവാസവ്യവസ്ഥയെ, അശാസ്ത്രീയമായ വികസനത്തിന്റെ പേരിൽ തകിടം മറിക്കുകയാണിവിടെ. ശാസ്ത്രീയമായ പഠനപ്രവർത്തനങ്ങളുടെ പിൻബലത്തോടെയുള്ള പ്രതിരോധപ്രവർത്തനങ്ങൾ കൊണ്ടു മാത്രമേ പെരിയാറിനെ രക്ഷിക്കാനാകൂ. ഇത്തരം പ്രതിരോധങ്ങളെകൊണ്ട് പെരിയാറിനെ വീതം വെച്ച് വിൽക്കാനുള്ള ശ്രമങ്ങളെങ്കിലും നമുക്ക് പരാജയപ്പെടുത്താൻ കഴിഞ്ഞു. ഇത് ഒരു പെരിയാറിന്റെ മാത്രം പ്രശ്നമല്ല എന്നത് ജനബോധത്തിൽ സൂക്ഷിക്കേണ്ട ഒന്നാണ്.

> **പെരിയാറിന്റെ ഒരു ഭാഗം സ്വകാര്യസ്ഥാപനങ്ങൾക്ക് പാട്ടത്തിന് കൊടുക്കുന്നതായി കാണിച്ച് അമേരിക്കൻ ദിനപത്രമായ വാഷിംഗ്ടൺ പോസ്റ്റിൽ വന്ന പരസ്യവും അതിനെ തുടർന്നുണ്ടായ വിവാദങ്ങളുമാണ് പെരിയാറിനെ ഏറ്റവും ഒടുവിൽ നമ്മുടെ ചർച്ചകളിൽ സജീവമാക്കിയത് .ജീവൻ നിലനിർത്തുന്നതിന് അടിസ്ഥാനമായ ജലം വിൽപനക്കു വെക്കുന്നതിലെ തെറ്റും ശരിയും ആശയപരമായ ഒരു പ്രശ്നമാണ്.**

Viju Kurian
First B.A. English Literature
First price winning story in M.G.University Youth Festival



# Navajote

### Muzaffarnagar:Day

"We should have taken the infra-red one", I said taking the handycam from the bag.

"Why?" she asked puzzled.

"You don't expect these people to pose for you, do you?", I replied.

She laughed. Then I regretted saying that. The mission was too serious.

She accelerated the vehicle suddenly. The heat descended like a mighty shower. The glass had no cooling effect and soon I felt exhausted. I relaxed back on the seat.

I could feel the vehicle turning a hair-pin curve and then all of a sudden it stopped. I opened my eyes.

A mob was there. They had all sorts of weapons ranging from antique, crude and modern. Crowbars, spears and stones of all sizes and shapes. They surrounded the car.

A man tapped on the window pane near me. I lowered the glass.

"Who are you?" he asked.

"Reporters. From Deccan Herald". I said while showing our ID cards Shruti handed to me.

He studied it for a moment. Then he tossed it into my lap.

"You can go. But do any mischief and you go back headless" He said raising the crowbar in his hand emphasising the point.

I nodded.

"Go". He said

Before I closed the window, I heard him explain to his alibis, "Our own people. Some Shashtri's. You needn't worry"

Shruti accelerated the vehicle. I was no more sleepy.

**CUT TO:**

**HOUSE IN A REMOTE VILLAGE: THE SAME DAY**

"Ready?" I asked Shruti. Shruti adjusted the camera for a last time and gave me the thumbs-up sign.

We were standing before a middle-aged woman named Asma. She was a victim.

"What exactly happened?" I asked.

"What happened? They simply came into my house. They took away my husband and clubbed him to death." She was on the verge of tears.

"He was a great man and such a shameful death for him!" Now she began to cry.

We spent some more time there. But we couldn't get anything more out of her or from the family who protected her.

**CUT TO:**

**ANOTHER HOUSE: ANOTHER DAY**

"Ready?"Shruti asked. I didn't answer her. These stupid questions were so cliched that I hated answering them, let alone asking them. I just stared at her dumbly. She counter-stared me.

"Any Problem?" she asked anxiously.

"Let me handle the camera." I said. Her furrowed forehead asked a why.

"Just' for a change" I said.

She smiled and handed me the camera.

We were ready.

Another woman. Another version. Only that her son was also killed.

"Why did they kill your son?" Shruti asked.

"How do I know" she shouted. "How do I know why they killed my husband and my son and not me"? Then she started crying.

"He was a tiny boy. Just six years. How could any one kill him?" the woman continued to cry.


"You are the sole survivor?"

She wiped her tears. She shook her head. "No, my father-in-law is also here. He is ill. We were destined to live in pain and suffering."

"Can we see him?"

"No he is ill"

"No? Don't you want the world to know the injustice that is being done to you?" Shruti asked.



She thought for a moment and though sadly, she nodded her approval. We went into a small room.

The old man was lying on the mat. He was covered by a blanket upto his chest.

"Father................" the woman called softly.

The man looked at us and strained his eyes to see us. Then suddenly he said"Tomorrow.... tomorrow. Can you come Raiyan? Tomorrow is my Navajote*".

Suddenly the woman began to wail

"He is speaking about my son. Oh! holy shrines! Raiyan's Navajote ceremony was tomorrow. Only..........only if he was alive"

Shruti looked at me dumbfounded.

"You are not Muslims?" she asked.

"You are Parsis!" I said.

"They don't know how a Parsi look like. They don't know how a Muslim look like. They don't know how a human being look like. They know how to kill young children. That is all they know", she replied.

### CUT TO:
### MUZAFFAR NAGAR:DAY

We were going slowly, very slowly.

I took the ID cards and read them aloud:



"Shyam Shasthri"

"Shruti Shasthri"

"Reporter"

"Deccan Herald"

They were perfect. But they were fakes.

"Joydeep" I called her.

She stared at me astonished.

"Shyam! you can't call me that." Shruti said angrily.

I looked at the photos on our ID cards and talked to them, "Oh! Joydeep,Oh!Adil Don't you know that tomorrow is your Navajote?"

"Adil! please stop this!" she braked and stopped the car. "Stop this!"

I didn't.

"I can still see that. Two brightened kids. Adil and his lovely cousin Joydeep. They were ready for their Navajote. They were excited and afraid at the same time. And Joydeep said, "Adil. I feel afraid". And do you know what he replied, a shy "me too". You don't remember them Joydeep? You don't remember those kids clad in pure white muslin clothes. Oh no! you don't remember them, do you? Ha... nice, very nice. But you must know Joydeep that tomorrow is my.....my Navajote."

She rested her head on the steering wheel and cried.

And I thought what would wait for us there in the press. ["Man this is excellent. You guys are really great, yeah, great "]

She was still crying. I didn't pacify her. I didn't feel the need to. The sun was still tiring. But it had lost its power to make tired anymore. I had hit the bottom.

Joydeep wiped her tears. Her face shone with a new determination which I could see was just a mask. She started the engine and turned to me.

"You aren't going to do anything about it"

"No, I am not. But still....Tomorrow....."

She accelerated the vehicle to drown my voice. The path grew murky. And I see..........

### CUT TO:
### PLACE UNKNOWN:
### BROAD DAYLIGHT

DARKNESS


I see.......DARKNESS ALONE

* Navajote is the baptismal ceremony of the parsis

*P.S. The original story written for the competition was not returned. This is at best an approximation, reconstructed from memory.*

SALUTATION

# Human Shield



**E-mails of Rachel Corrie, 23 yrs. old American Peace Activist, who was crushed to death by an Israeli Army bulldozer with the photo story.**

Courtesy: www.electronicIntifada.net

Her parents issued this statement on March 16, 2003:



*"We are now in a period of grieving and still finding out the details behind the death of Rachel in the Gaza Strip. We have raised all our children to appreciate the beauty of the global community and family and are proud that Rachel was able to live her convictions. Rachel was filled with love and a sense of duty to her fellow man, wherever they lived. And, she gave her life trying to protect those that are unable to protect themselves. Rachel wrote to us from the Gaza Strip and we would like to release to the media her experience in her own words at this time.*

*Thank you."*

*Craig and Cindy Corrie*

## Excerpts from Rachel Corrie's emails:

"....There are eight-year-olds here much more aware of the workings of the global power structure than I was just a few years ago. Nevertheless, no amount of reading, attendance at conferences, documentary viewing, and word of mouth could have prepared me for the reality of the situation here. You just can't imagine it unless you see it—and even then you are always well aware that your experience of it is not at all the reality: what with the difficulties the Israeli army would face if they shot an unarmed US citizen, and with the fact that I have money to buy water when the army destroys wells, and the fact, of course, that I have the option of leaving....

Mama,

Now the Israeli army has actually dug up the road to Gaza, and both of the major checkpoints are closed. This means that Palestinians who want to go and register for their next quarter at university can't. People can't get to their jobs and those who are trapped on the other side can't get home; and internationals, who have a meeting tomorrow in the West Bank, won't make it. We could probably make it through if we made serious use of our international white person privilege, but that would also mean some risk of arrest and deportation, even though none of us has done anything illegal.



The Gaza Strip is divided in thirds now. There is some talk about the "reoccupation of Gaza", but I seriously doubt this will happen, because I think it would be a geopolitically stupid move for Israel right now. I think the more likely thing is an increase in smaller below-the-international-outcry-radar incursions and possibly the oft-hinted "population transfer." I am staying put in Rafah for now, no plans to head north. I still feel like I'm relatively safe and think that my most likely risk in case of a larger-scale incursion is arrest. A move to reoccupy Gaza would generate a much larger outcry than Sharon's assassination-during-peace-negotiations/land grab strategy, which is working very well now to create settlements all over, slowly but surely eliminating any meaningful possibility for Palestinian self-determination.

Know that I have a lot of very nice Palestinians looking after me. I have a small flu bug, and got some very nice lemony drinks to cure me. Also, the woman who keeps the key for the well where we still sleep keeps asking me about you. She doesn't speak a bit of English, but she asks about my mom pretty frequently—wants to make sure I'm calling you. Love to you and Dad and everybody.

I thought a lot about what you said on the phone about Palestinian violence not helping the situation. **Sixty thousand workers from Rafah worked in Israel two years ago. Now only 600 can go to Israel for jobs. Of these 600, many have moved, because the three checkpoints between here and Ashkelon (the closest city in Israel) make what used to be a 40-minute drive, now a 12-hour or impassible journey.** In addition, what Rafah identified in 1999 as sources of economic growth are all completely destroyed—the Gaza international airport (runways demolished, totally closed); the border for trade with Egypt (now with a giant Israeli sniper tower in the middle of the crossing); access to the ocean (completely cut off in the last two years by a checkpoint and the Gush Katif settlement). The count of homes destroyed in Rafah since the beginning of this intifada is up around 600, by and large people with no connection to the resistance but who happen to live along the border.

I think it is maybe official now that Rafah is the poorest place in the world. There used to be a middle class here—recently. We also get reports that in the past, **Gazan flower shipments to Europe were delayed for two weeks at the Erez crossing for security inspections. You can imagine the value of two-week-old cut flowers in the European market, so that market dried up. And then the bulldozers come and take out people's vegetable farms and gardens.**

What is left for people? Tell me if you can think of anything. I can't. **If any of us had our lives and welfare completely strangled, lived with children in a shrinking place where we knew, because of previous experience, that soldiers and tanks and bulldozers could come for us at any moment and destroy all the greenhouses that we had been cultivating for however long, and did this while some of us were beaten and held captive with 149 other people for several hours—do you think we might try to use somewhat violent means to protect whatever fragments remained?** I think about this especially when I see orchards and greenhouses and fruit trees destroyed—just years of care and cultivation. I think about you and how long it takes to make things grow and what a labour of love it is. I really think, in a similar situation, most people would defend themselves as best as they could. I think Uncle Craig would. I think probably Grandma would. I think I would.

You asked me about non-violent resistance. When that explosive detonated yesterday it broke all the windows in the family's house. I was in the process of being served tea and playing with the two small babies. I'm having a hard time right now. Just feel sick to my stomach a lot from



3:00-4:00PM, 16 March 2003, Rafah, Occupied Gaza. Rachel Corrie (L) oppose the potential destruction of this home (to the west of the Doctor's home where Rachel was killed). In the instance pictured, the bulldozer did not stop and Rachel was pinned between the scooped earth and the fence behind her.



3:00-4:00PM, 16 March 2003 A clearly marked Rachel Corrie, holding a megaphone, confronts the driver of one of two Israeli bulldozers in the area that were attempting to demolish Palestinian homes. She was confronting the bulldozer in order to disrupt its work, and prevent it from threatening any homes.



4:45PM on 16 March 2003 Other peace activists tend to Rachel after she was fatally injured by the driver of the Israeli bulldozer (in background). This photo was taken seconds after the bulldozer driver dragged his blade over her for the second time while reversingback over her body. He lifted the blade as seen in the photo only after he had dragged it back over Rachel's body. **This image clearly shows that had he lifted his blade at any time he may have avoided killing her, as the bottom section of the bulldozer is raised off the ground.**

being doted on all the time, very sweetly, by people who are facing doom....

But it makes me worry about the job I'm doing. All of the situation that I tried to enumerate above—and a lot of other things—constitutes a somewhat gradual—often hidden, but nevertheless massive—removal and destruction of the ability of a particular group of people to survive. This is what I am seeing here. The assassinations, rocket attacks, and shooting of children are atrocities—but in focusing on them I'm terrified of missing their context. The vast majority of people here—even if they had the economic means to escape, even if they actually wanted to give up resisting on their land and just leave (which appears to be maybe the less nefarious of Sharon's possible goals), can't leave. Because they can't even get into Israel to apply for visas, and because their destination countries won't let them in (both our country and Arab countries). So I think when all means of survival is cut off in a pen (Gaza) which people can't get out of, I think that qualifies as genocide.

**....Just want to write to my Mom and tell her that I'm witnessing this chronic, insidious genocide and I'm really scared, and questioning my fundamental belief in the goodness of human nature. This has to stop. I think it is a good idea for us all to drop everything and devote our lives to making this stop. I don't think it's an extremist thing to do anymore.**


When I come back from Palestine, I probably will have nightmares and constantly feel guilty for not being here, but I can channel that into more work. Coming here is one of the better things I've ever done. So when I sound crazy, or if the Israeli military should break with their racist tendency not to injure white people, please pin the reason squarely on the fact that I am in the midst of a genocide which I am also indirectly supporting, and for which my government is largely responsible....

You can always hear the tanks and bulldozers passing by, but all of these people are genuinely cheerful with each other, and with me. When I am with Palestinian friends I tend to be somewhat less horrified than when I am trying to act in a role of human rights observer, documenter, or direct-action resister. They are a good example of how to be in it for the long haul. I know that the situation gets to them—and may ultimately get them—on all kinds of levels, but I am nevertheless amazed at their strength in being able to defend such a large degree of their humanity—laughter, generosity, family-time—against the incredible horror occurring in their lives and against the constant presence of death.

I felt much better after this morning. I spent a lot of time writing about the disappointment of discovering, somewhat first-hand, the degree of evil of which we are still capable. I should at least mention that I am also discovering a degree of strength and of basic ability for humans to remain human in the direst of circumstances—which I also haven't seen before. I think the word is dignity. I wish you could meet these people.

Maybe, hopefully, someday you will. Rachel





# മൂന്നര കഴിഞ്ഞ് മാത്രം മഹാഗണിച്ചുവട്ടിൽ പ്രത്യക്ഷപ്പെട്ട മിസ്റ്റിക്ക് വിളിച്ചുപറഞ്ഞ കഥകൾ:

ജെയ്സിൽ ജേക്കബ്ബ്
രണ്ടാംവർഷ സൈക്കോളജി ബിരുദം

മിസ്റ്റിക്ക് പറഞ്ഞുതുടങ്ങിയതിങ്ങനെയാണ്.
ഇവിടെ കൂടിക്കലരുകയാണ്;
അറിയപ്പെടാത്ത കാരണങ്ങളാൽ പ്രണയിക്കുന്നവർ,
ഹൃദയത്തിൽ സമരവേലിയേറ്റങ്ങൾക്ക് ജന്മം കൊടുത്തവർ,
സ്വപ്നങ്ങൾ കൂട്ടിവെക്കുന്നവർ,
നുറുങ്ങുചിന്തകളും നൊമ്പരങ്ങളും
ആഴത്തിലൊളിപ്പിക്കുന്നവർ.....................

## മിസ്റ്റിക്കും കീറ്റ്സും തമ്മിലുള്ള സംഭാഷണത്തിന്റെ എഡിറ്റ് ചെയ്ത ഭാഗം:

മരണത്തോടൊപ്പം പോവാതെ ഉറക്കമെണീക്കുന്നത് ക്യാമ്പസിലേക്ക് പോകാമെന്നുള്ള പ്രതീക്ഷയിലാണെന്ന് കച്ചേരിമാളികയിലേക്ക് ചൂണ്ടിനിൽക്കുന്ന വിരലുകളോടെ കീറ്റ്സിനോട് മിസ്റ്റിക്ക് സംഭാഷണമാരംഭിച്ചു. മണ്ണിൽ കാലുകുത്തിയ ദൈവങ്ങൾക്ക് പറയേണ്ടിവന്ന ക്ലീഷേകൾ മിസ്റ്റിക്ക് ആവർത്തിക്കാതിരിക്കാൻ കീറ്റ്സ് ഒരു പ്രഖ്യാപനം നടത്തി.

until we are sick ,we understand not.

മിസ്റ്റിക്കിന്റെ തിരിച്ചടിയിൽ ആ സംഭാഷണം അവസാനിച്ചു.

"ഞാൻ വളരെക്കുറച്ചേ അറിയുന്നുള്ളു; എന്നേക്കാളധികം നിങ്ങളൊന്നും അറിയുന്നുമില്ല"


## എല്ലാ മീറ്റിങ്ങുകളും അവസാനിപ്പിക്കാനുള്ള മീറ്റിങ്ങിനെക്കുറിച്ച് :

ചർച്ചപൊടിപൊടിക്കുകയാണ്. അത് ഏകദേശം ഇങ്ങനെയായിരുന്നു. അദ്ധ്യക്ഷനായിരുന്ന നമ്പർവൺ സാഹിത്യവിമർശകൻ വിഷയം തുടങ്ങിവെച്ചു.

"എന്താണ് യൂസിക്ക് പറ്റിയത് ?"

"ഇവിടെയല്ലേ മലയാററൂരും ആനന്ദുമൊക്കെ സാഹിത്യനിർമ്മാതാക്കളായി രൂപാന്തരപ്പെട്ടത്?"

ആത്മരോഷത്തിന്റെ നെടുവീർപ്പുകൾക്കിടയിലും അദ്ദേഹത്തിന്റെ കണ്ണുകളിൽ ഹാരിപോട്ടറിന്റെ വിചിത്രലോകം തത്തിക്കളിക്കുന്നുണ്ടായിരുന്നു.



യതി തന്റെ സ്വത്വം കണ്ടെത്തിയതിവിടെയാണെന്ന് ഒറ്റക്കമ്പോളത്തിന്റെ യൂസിയൻ വക്താവ് അനുയോജ്യമായ ഇടപെടൽ നടത്തി.

വിശദീകരിക്കാൻ താത്പര്യമില്ലാത്തതുകൊണ്ട് അരാഷ്ട്രീയവാദികളുടെ തലവൻ അംഗങ്ങളുടെ തലച്ചോറിൽ ഒരു കുറിപ്പെഴുതി കൊളുത്തിവച്ചു.

"ഫീസ് വർദ്ധനവിനെതിരെ സമരംചെയ്യുന്നത് വിദ്യാർത്ഥിവിരുദ്ധമാണ്".

ഇതുകേട്ടമാത്രയിൽ മീറ്റിങ്ങിലേക്ക്എടുത്തെറിയപ്പെട്ട ഒരു പാവം ചാടിപ്പറഞ്ഞു. "നിങ്ങളെന്താ,ചരിത്രം പറഞ്ഞ് സമയം കളയാനാണോ തീരുമാനം?" അഞ്ചുമണികഴിഞ്ഞ് വീട്ടിൽ ചെന്നാൽ അമ്മ വഴക്കുപറയും".

അത് മീറ്റിങ്ങിന്റെ തീരുമാനമായി മാറുകയും വീട്ടിൽ ചെന്ന് ഇന്നത്തെ ഹോംവർക്ക് ചെയ്തുതീർക്കാൻ വശങ്ങളിലേക്ക് തിരിഞ്ഞുനോക്കാതെ അവർ നടന്നകലുകയും ചെയ്തു.

ഇവർക്കിതിനേക്കഴിയൂ. ഒരിക്കലുമവരുടെ ചർച്ചകൾ നീണ്ടുപോകാറില്ല.അവർ എല്ലാ രാഷ്ട്രീയ-സാഹിത്യ മീറ്റിങ്ങുകളേയും കുറ്റംപറയുന്നു. ബദലുകൾക്കായി മീറ്റിങ്ങുകൾ കൂടിക്കൊണ്ടേയിരിക്കുന്നു.


## സമരാചരണ പകലുകളെക്കുറിച്ച്:

പത്രങ്ങളിൽ നിറഞ്ഞു നിൽക്കുന്ന സമരസഖാവിന്റെ ചോരയിൽ നിന്ന് യൂസിയിലെ മാന്യവിദ്യാർത്ഥി സമരദിനത്തിന്റെ ഉത്സവനിമിഷങ്ങൾ കണ്ടെത്തുന്നു. മഹാഗണിച്ചുവട്ടിലെ ത്തുന്ന കണ്ണുകളോട് മുണ്ടുടുക്കലിന്റെ സമരചിഹ്നം സുവ്യക്തമായ മറുപടിയും നൽകുന്നു. സമരകാരണങ്ങൾ ഒരിക്കലും മനസ്സിലാക്കില്ലെന്ന് വാശിപിടിച്ച യൂസിയൻ പ്രബുദ്ധത

ക്ലാസ്സുകൾ ബഹിഷ്കരിച്ച് കുഴികളിൽക്കൂടി മാത്രം സഞ്ചരിക്കുന്ന ബസ്സുകളിൽ യാത്രയാവുന്നു. യൂസിയൻ പ്ലക്കാർഡ്: പാമ്പും പഴുതാരയും കരിയിലയും മണ്ണാങ്കട്ടയും വരെ ഞങ്ങളുടെ സമരകാരണങ്ങളാണ്.

## റൂമർ സ്ക്വാഡ് ഡ്രാക്കുളയെന്ന് തീർപ്പ് കല്പിച്ചവന്റെ കഥ:

പുരോഗമന പ്രസ്ഥാനത്തിന്റെ കരുത്തുറ്റ നേതാവെന്ന് സ്വയം വിശേഷിപ്പിക്കുകയും താനില്ലെങ്കിൽ പ്രസ്ഥാനവും ക്യാമ്പസും തന്നെ തകർന്നുപോകുമെന്നും യൂ.സിയുടെ എല്ലാ തനിമയും താനാണ് കാത്തു സൂക്ഷിക്കുന്നതെന്ന് തെളിയിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന അംഗീകൃത രാഷ്ട്രീയനേതാവ് നടന്നുവരുന്നു. കക്ഷി ഗൗരവം വിടുന്നില്ല. ഇദ്ദേഹത്തിന്റെ ആ ചെറിയ രൂപം കണ്ടതോടെ ജീവിക്കണമെന്ന് ആഗ്രഹമുള്ള മുഴുവനാളുകളും ഓടാൻ തുടങ്ങി. ഇയാളുടെ കത്തിയുടെ ഭീകരത നമ്മൾ മനസ്സിലാക്കുന്നത്, എക്സ്പെരിമെന്റുകളിൽ ഒന്നിൽപ്പോലും സോൾട്ടേതാണെന്ന് കണ്ടെത്താനാവാതെ പരാജയം സമ്മതിച്ച പോളിമർ വിരുതന്മാരും സ്നേഹത്തിന്റെ യൂസിയൻ പര്യായം അനൂപും വരെ ഓടിയൊളിക്കുന്നത് കാണുമ്പോഴാണ്. പിന്നീട് നമ്മൾക്ക് കിട്ടുന്നത് കുറച്ച് സമയത്തിനു ശേഷമുള്ള ദൃശ്യമാണ്. ഒരു പാവംപയ്യനെ കത്തി വച്ചു കൊല്ലുന്ന ഡ്രാക്കുളയുടെ ചിത്രം.



## കാല്പനികഭാവം കളഞ്ഞു പോയ കാമുകൻ:

ഡ്രാക്കുളയുടെ ചിത്രം അവസാനിക്കുന്നിടത്ത് മിസ്റ്റിക് ഒരു കാമുകന്റെ ചിത്രം വരയ്ക്കുന്നു. മിസ്റ്റിക്കിന്റെ ചുണ്ടുകൾ പഞ്ചസാരത്തരികൾ നുണയാൻ തുടങ്ങി. പക്ഷേ, കാമുകൻ ക്യാമ്പസ് ഫ്രെയിം ചലച്ചിത്രങ്ങളിലെപ്പോലെ പഞ്ചാരയൊന്നുമല്ല.

അത് പൂർണ്ണമായും നമ്മൾ മനസ്സിലാക്കുന്നത് കാമുകൻ കാമുകിയോട് സോറി; കാമുകിയാകാൻ ആഗ്രഹിക്കുന്നവളോട് പ്രേമാഭ്യർത്ഥന നടത്തുന്നിടത്താണ്.

കാമുകൻ: "എനിക്ക് താങ്കളെ പ്രേമിക്കാൻ താത്പര്യമുണ്ടെന്ന് പറയാൻ ആഗ്രഹിക്കുന്നു".

(രാഷ്ട്രീയം ക്യാമ്പസിൽ നിരോധിച്ചാൽ മത തീവ്രവാദ സംഘടനകൾക്ക് വേരോട്ടം ലഭിക്കുമെന്ന് പറയുന്ന ഭാവത്തോടെയുള്ള കാമുകന്റെ പ്രേമാഭ്യർത്ഥന കേട്ടതോടെ കാമുകി മുഖം ചുവർപ്പിച്ചു)

കാമുകി: "എനിക്ക് താങ്കളോട് അത്തരത്തിൽ ഒന്നും തോന്നിയിട്ടില്ല". (കാമുകിയുടെ ആത്മഗതമായ കുറിപ്പ്: ഇവനെ പ്രേമിക്കുന്നതിൽ ഭേദം സൈക്കോളജി പ്രാക്ടിക്കലിന് സബ്ജക്ടായി ഇരിക്കുന്നതാണ്)

## കാമുകന്റെ കഥ മിസ്റ്റിക് തുടരുകയാണ് :

കാമുകൻ ദുരന്തകഥാപാത്രമായി തീരുമെന്ന കേൾവിക്കാരുടെ ആഗ്രഹത്തെ കുറച്ചൊക്കെ മിസ്ററിക് തൃപ്തിപ്പെടുത്തുന്നുണ്ട്.

(രാജ്യത്തെ മുഴുവൻ നന്നാക്കാൻ തീരുമാനിച്ചവന്റെ മുഖഭാവം അയാൾക്കുണ്ടായിരുന്നില്ല. അയാൾ ക്ലീഷേ വാക്കുകൾ ഉപയോഗിച്ചിരുന്നുമില്ല)

കാമുകന്റെ ഡയലോഗ് ചുവടെ ചേർക്കുന്നു.

ഇന്ന് ഞാൻ അവളാൽ തീർക്കപ്പെട്ട ജയിലിലാണ്. എന്റെ രാഷ്ട്രീയ സാഹിത്യ പ്രവർത്തനങ്ങൾ അവൾ അനുവദിച്ചുതരുന്ന പരോളിലാണ് നടത്തുന്നത്.

## പ്രണയത്തെക്കുറിച്ച് ഒരു പ്രമേയം:

അപ്പോഴേക്കും ബുദ്ധിജീവി കമ്മിറ്റിക്ക് മീറ്റിങ് കൂടാൻ സമയമായിരുന്നു. അവിടെ ഒരു പ്രമേയം അവതരിപ്പിക്കപ്പെട്ടു. How much do you love me?

He said, 'this much', he stretched his hands and died.........

പ്രമേയത്തെക്കുറിച്ചുള്ള ചർച്ചയിൽ എല്ലാവരും പങ്കെടുക്കുകയും തീരുമാനം ചുവടെ ചേർക്കുന്ന വിധം ഒരു വാചകത്തിലാക്കി മഹാഗണിയുടെ നെഞ്ചത്ത് കെട്ടിത്തൂക്കുകയും ചെയ്തു.

പ്രണയത്തിൽ പെട്ടുപോകുന്നവന്
പ്രണയിക്കുന്നവന്റെ മനസ്സില്ലെങ്കിലും
പ്രണയഭാവം കൂടിയേതീരൂ

കുറിപ്പ്: മിസ്റ്റിക് പറഞ്ഞുതന്ന കഥകൾ ആഗോളവൽക്കരണകാലത്തെ ഏതു ക്യാമ്പസിനും സ്വീകരിക്കാവുന്നതാണ്.

# BITTER CHOCOLATE

The world has changed. Yes it has to, changes are inevitable. In this hightech era when anything imaginable beneath the sun is created we are forced to say that the world has changed indeed. These changes do have their positives as well as negatives. The fast life, selfish motives and never ending demands are opening the gateways for crime. We now have cyber thieves, net hackers and even cyber rapists. It seems unimaginable, doesn't it? Perhaps it is due to struggles in life- the difficulty in getting the ends meet that people are no longer emotional or rather they are numb to emotions. Cultural, moral & family values seem to deteriorate. Perhaps for that one reason a lot of family abuses are seen these days.



**It's dismal to know 49% of these abusers are the child's own fathers and the rest indeed siblings, school teachers- grandparents, family friends and least outsiders. There are mothers, sisters,aunts who abuse but since the picture of such women is seen contradictors to our society's picture of a woman it is seldom reported by children.**

Far somewhere deeply affected are our children unaware of these pressures in life but who are often subjected to the illtreatment of adults who take them as objects to vent out their emotions. Rate of child abuses is rising like anything these days. Why children? But in a society where such questions are taboo no one cares to ask such questions. But should not we know what is going on around us.

A 21 year old girl admitted in a rehabilitation centre was seen to be a victim of child sexual abuse. She was diagnosed as a patient of depression. She did not speak to anyone. She screamed often, especially seeing men. All she did was draw figures of boys on wall and splash mud over it. She attempted suicide thrice. Her history said she was subjected to abuse at the age of seven and was so traumatised that she forgot her experience and when she was 20 she read an article of a similar experience.

The sudden memory and realisation of her abuse shocked her. This is her present state and the saddest part is that her abuser was her own father. This is just one case. There are thousands that go unnoticed. Approximately 5,581 children are being subjected to such obnoxious practice a year. Though you find it hard to digest and unpleasant to think, these are facts, facts which we tend to ignore or pacify our minds by saying as long as it doesn't affect us it doesn't matter. But this alarming rate is calling our attention to what is happening to our children. Perhaps you or your near ones have been victims of child abuse and were lucky to cope up; but shouldn't we stop there attrocious acts happening around us? For that we ought to know what it is.

What is child sexual abuse? Many of us still don't know the true definition. Child sexual abuse is any act which is performed with the intention of sexual gratification to a child below age of 14. It could be anything from exhibiting sex organs, masturbating the victim, explicit sex talk and showing pornographic materials to inserting objects into child's anus, vagina, rubbing against the child and even peeping when a child undresses.

Any of these acts are punishable.

Looking at the faces of these innocent children it is hard to believe that anybody would do these abominable

things to them. But who are these abusers and why do they do so?

May be you would think these abusers are loners, mentally ill people or homosexuals. But the truth is that, they are none of the above. They are just normal people like anyone of us. They don't come from broken families, financially low backgrounds; nor are they loners. Statistics says that only 11% of abusers are mentally ill and 16% are physically ill. They are judges, teachers, doctors, engineers, social workers- people of all professions and all economic classes....................Why do they do these? The answer is simple- I would say it is lust that leads to the satisfaction of getting maximum pleasure at no expense or tension.

It is dismal to know that 49% of these abusers are the child's own fathers and the rest siblings, school teachers, grandparents, family friends and in rare cases outsiders. There are mothers, sisters and aunts who abuse but since the picture of such a women is seen contradictory to our society's picture of a women it is seldom reported by children.

There are a lot of other factors that colour the environment for abuse, adds spice to the act of delicacy or increase provocations. Media has a great hand in this. Media which should be creating awareness regarding such activities is one cause of these acts. The advertisements picturising children-as alluring little adults in vulgar clothes and adult make up is an "abusers delight" Though it seems normal & cute to us these advertisements and bill boards are provocations.

Even the newspapers have dissected these issues to an extent that it,has rendered people too passive to react.

With the arrival of internet we are now showered with pronographic materials and netgames which promise a safe outlet for erotic energy. But these fantasies have taken control over a person's logical senses and are proving to be highly provocative.

How does it feel to be a victim? It is definitely not like being on a rollercoaster. Though few lead a normal life as surviyors most tend to find difficulties in coping up with the trauma. Their experiences have left them so numb that they find it hard to lead normal lives. Many become mentally ill, some turn abusers themselves and some end up as child prostitutes. The redstreets of India are flooding with child prostitutes between the age of 9-14. Most victims find problems in marriage and parenting. They find it hard to trust anyone.

What can we do to stop this? To stop abusers there should be no abuses but this is not possible. We could prepare the children to be safe, by learning to diffrentiate a good touch from a bad touch. We could ask them to stay away from strangers and make them feel free to tell us what they go through. But when your own parents abuse you whome do you run to? Today children live with hatred, guilt and confusion. When they cannot trust anyone will they be able to build a better world ? When people who ought to protect us deceive us what can we do? Too many questions- no answers. When lust paralyses the logical sense of our near ones, who are we safe from.?

Living in the pain of betrayal, a 10 year old says, "wound heals but scar remains"



How does it feel to be a victim? It is definitellly not like being on a rollercoaster. Though few lead a normal life as surviyors most tend to find difficulties in coping with the trauma. Their experiences have left them so numb that they find it hard to lead normal lives. Many become mentally ill, some turn abusers themselves and some end up as child prostitutes.

**Teena Augustine**
Second Year B.A.Psychology

ലേഖനം/കവിത

# ഇറാക്ക് അധിനിവേശം



ഗ്ലോബൽവില്ലേജും കമ്മ്യൂണിക്കേഷന്റെ വിപ്ലവകരമായ മാറ്റങ്ങളൊന്നും തന്നെ രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ അവസാനിപ്പിക്കുന്നില്ല. അധിനിവേശവും അതിനുശേഷമുള്ള പുനർനിർമ്മാണ പദ്ധതികളും ഒരേ സമയം നടക്കുന്നു. എന്തൊരു വിരോധാഭാസം!

ഇറാക്കിൽ ഇനി രാത്രിയായിരിക്കും; കുറച്ചുകാലത്തേക്കെങ്കിലും. കീഴ്പ്പെടുത്തിയെന്ന് അഭിമാനിക്കുന്നവരുടെ ബോധങ്ങളിലും എന്നും രാത്രിയാണല്ലോ! പാതിരാസൂര്യന്റെ കിരണങ്ങൾ ഈ രാത്രികളിലേക്കും കൂടി....

ഇറാക്ക്: അധിനിവേശത്തിന്റെ മനഃശാസ്ത്രം

അലക്സ് സേവ്യർ
ഒന്നാംവർഷ സൈക്കോളജിബിരുദം

ബാഗ്ദാദിൽ മരണമണി മുഴങ്ങുമ്പോൾ

അരുൺകുമാർ.സി.എസ്
ഒന്നാംവർഷ സാമ്പത്തികശാസ്ത്രബിരുദം

# ഇറാക്ക്: അധിനിവേശത്തിന്റെ മന:ശാസ്ത്രം

ഇറാക്ക് അധിനിവേശം എണ്ണക്കും ജലത്തിനും യൂറോക്കുമേൽ ഡോളറിന്റെ ആധിപത്യമുറപ്പിക്കുന്നതിനും അമേരിക്കയുടെ സൈനികസാന്നിദ്ധ്യം മദ്ധ്യേഷ്യയിൽ ഉണ്ടാക്കുന്നതിനും മറ്റു പല ലക്ഷ്യങ്ങൾക്കും വേണ്ടിയായിരുന്നുവെന്നത് പരക്കെ അറിയാവുന്നതും ചർച്ച ചെയ്യപ്പെട്ടതുമായ വസ്തുതകളാണ്.

പക്ഷേ, ഇതിനെല്ലാമപ്പുറത്ത് എക്കാലത്തേയും സാമ്രാജ്യത്വ അധിനിവേശങ്ങളുടെ മാതൃകയിൽ തന്നെയായിരുന്നു ഇതെന്നും, ഇതിന്റെ ലക്ഷ്യം എല്ലാറ്റിനുമുപരി അമേരിക്കയോട് മാനസികമായ വിധേയത്വം വളർത്തുക എന്നതാണെന്നും നമുക്ക് കാണാവുന്നതാണ്.

ഒരു മാർക്കറ്റിങ്ങ് ജീനിയസിന്റെ എല്ലാ ബുദ്ധിയുമുപയോഗിച്ചാണ് അമേരിക്ക തങ്ങളുടെ ആക്രമണങ്ങൾ ആസൂത്രണം ചെയ്തത്. എന്നും, കൊളോണിയൽ അധിനിവേശങ്ങളുടെ പ്രാഥമിക ലക്ഷ്യമായിരുന്ന 'മാനസിക അടിമത്തം' വളർത്തിയെടുക്കാൻ, അമേരിക്ക പ്രയോഗിച്ച മന:ശാസ്ത്രപരമായ തന്ത്രങ്ങൾ ഇവിടെ വിശകലനം ചെയ്യപ്പെടുകയാണ്.

> ഒരു മാർക്കറ്റിങ്ങ് ജീനിയസിന്റെ എല്ലാ ബുദ്ധിയുമുപയോഗിച്ചാണ് അമേരിക്ക തങ്ങളുടെ ആക്രമണങ്ങൾ ആസൂത്രണം ചെയ്തത്. Marketing is all about creating mental images.

അമേരിക്കയുടെ ആദ്യത്തെ വിജയം, ഇറാക്കിനുമേലുള്ള ആക്രമണത്തെ 'യുദ്ധം' എന്ന് വിളിപ്പിക്കാൻ കഴിഞ്ഞതായിരുന്നു. ഒരു പരമാധികാര രാഷ്ട്രത്തിന് മേലുള്ള കടന്നുകയറ്റത്തെ, കോടിക്കണക്കിന് ജനങ്ങളുടെ സ്വാതന്ത്ര്യത്തിനു മേലുള്ള ആക്രമണത്തെ, അങ്ങേയറ്റം അന്യായമായ ഒരു അധിനിവേശത്തെ 'യുദ്ധ'മായി ലോകമാധ്യമങ്ങളിൽ അവതരിപ്പിക്കാൻ അവർക്ക് കഴിഞ്ഞു.



> കോടിക്കണക്കിന് ജനങ്ങളുടെ സ്വാതന്ത്ര്യത്തിനു മേലുള്ള ആക്രമണത്തെ, അങ്ങേയറ്റം അന്യായമായ ഒരു അധിനിവേശത്തെ 'യുദ്ധ' മായി ലോകമാധ്യമങ്ങളിൽ അവതരിപ്പിക്കാൻ അവർക്ക് കഴിഞ്ഞു.

യുദ്ധമെന്നത് ഇന്നത്തെഅർത്ഥത്തിൽ രണ്ടു രാജ്യങ്ങൾ തമ്മിൽ പരസ്പരം കീഴടക്കാൻ നടത്തുന്ന ആക്രമണമാണ്. എന്നാൽ സ്വന്തം മണ്ണിൽ അതിക്രമിച്ചുകയറിയ അധിനിവേശസേനയെ നേരിടുക, ചെറുത്തുനിൽക്കുക എന്ന പ്രാഥമികമായ ഉത്തരവാദിത്വമാണ് ഇറാക്കിസേന നിറവേറ്റിയത്. അല്ലാതെ അതൊരിക്കലും ഒരു യുദ്ധമായിരുന്നില്ല.

പിന്നെയെങ്ങനെ ഇറാക്ക് അധിനിവേശം 'യുദ്ധ'മായി മാറി. ഈ ചോദ്യത്തിന് ഉത്തരം തേടുമ്പോഴാണ് അധിനിവേശത്തിന്റെ മാർക്കറ്റിങ്ങ് തന്ത്രങ്ങൾ നമുക്ക് വ്യക്തമാകുന്നത്.

Marketing is all about creating mental images. മാനസികദൃശ്യങ്ങൾ സൃഷ്ടിക്കുക എന്നതാണ് മാർക്കറ്റിങ്ങിന്റെ കാതൽ. ഏതൊരു കാര്യത്തോടും ഒരു വ്യക്തി പ്രതികരിക്കുന്നത് (അനുകൂലമായോ പ്രതികൂലമായോ) അയാളുടെ മനസ്സിൽ കിടക്കുന്ന ദൃശ്യങ്ങളെ ആശ്രയിച്ചായിരിക്കും.

കൊക്കോകോള-പെപ്സി കമ്പനികൾ തമ്മിലുള്ള പരസ്യയുദ്ധം ഒരു ക്ലാസിക് ഉദാഹരണമാണ്. കോള എന്നാൽ അമേരിക്കക്ക്(ലോകത്തിനു മുഴുവനും) കോക്ക് മാത്രമായിരുന്നു. അപ്പോഴാണ് പെപ്സി കടന്നുവരുന്നത്. വർഷങ്ങളുടെ പാരമ്പര്യം എന്നതായിരുന്നു കോക്കിന്റെ പരസ്യങ്ങളുടെ കാതൽ. പുതുതായ് കടന്നുവന്ന ഒരു കമ്പനിക്ക് ഒരിക്കലും നേടിയെടുക്കാൻ കഴിയാത്ത ഒന്നായിരുന്നു അത്. അത് മനസിലാക്കി പെപ്സി തയ്യാർ ചെയ്ത പരസ്യങ്ങൾ അക്ഷരാർത്ഥത്തിൽ ഒരു വിപ്ലവമായിരുന്നു. 'Generation next' എന്നതായിരുന്നു അവരുടെ ആശയം.അന്നുവരെ കോക്കിന്റെ ശക്തിയായിരുന്ന പാരമ്പര്യം എന്ന ഘടകം ഒറ്റ ദിവസം കൊണ്ട് തകർന്ന് തരിപ്പണമായി. കോക്ക് പഴയൻ കമ്പനിയായി. 'ഇന്നലെ വന്ന' പെപ്സി പുതിയ തലമുറയുടെ പാനീയവുമായി.

എന്താണ് സംഭവിച്ചത്? പാനീയത്തിലോ അതിന്റെ രുചിയിലോ നിലവാരത്തിലോ ഒന്നും ഒരു മാറ്റവും വന്നില്ല. ജനമനസ്സുകളിൽ കിടന്ന ദൃശ്യങ്ങൾക്കാണ് മാറ്റം വന്നത്. കോക്കിനെപ്പറ്റി ജനമനസ്സുകളിൽ കിടന്ന ദൃശ്യം, വിശ്വാസ്യത, ആഢ്യത്വം എന്നിവയോട് ബന്ധപ്പെട്ടതായിരുന്നു. പെപ്സിയുടെ പരസ്യത്തോടെ ഈ ദൃശ്യം തകർന്ന് 'പഴഞ്ചൻ കോക്ക്' എന്ന ദൃശ്യം സ്ഥാപിക്കപ്പെട്ടു. പെപ്സിയുടെ ഇന്നലെ വന്ന കമ്പനി' എന്ന ദൃശ്യം മാറി പുതുപുത്തൻ തലമുറ എന്ന ദൃശ്യം സ്ഥാപിക്കപ്പെട്ടു. സ്വാഭാവികമായും 'പഴഞ്ചനിൽ നിന്ന് 'പുതുപുത്ത'നിലേക്ക് മനസ്സുകൾ അനുകൂലമായി ചലിച്ചു.

പറഞ്ഞുവന്നത് ഇതാണ്. ഏതൊരുകാര്യവും ആളുകളെകൊണ്ട് സ്വീകരിപ്പിക്കണമെങ്കിൽ, അവരുടെ മനസ്സിനിഷ്ടപ്പെടുന്ന ഒരു ദൃശ്യം അതിനെപ്പറ്റി സ്ഥാപിക്കുക എന്നുള്ളത് മാർക്കറ്റിങ് മനഃശാസ്ത്രത്തിന്റെ ബാലപാഠമാണ്. അമേരിക്ക വിദഗ്ധമായി ഉപയോഗിച്ചതും ഇതു തന്നെയാണ്.

രണ്ടു കാര്യങ്ങളിലാണ് അമേരിക്ക ശ്രദ്ധിച്ചത്.

1. ഇറാക്ക് നശിപ്പിക്കപ്പെടേണ്ട ഒരു രാഷ്ട്രമാണെന്ന് ജനങ്ങളെ വിശ്വസിപ്പിക്കുക.
2. അമേരിക്കയാണ് അതിന്റെ ഉത്തരവാദിത്വമുള്ള രാഷ്ട്രം എന്ന ധാരണയും സ്ഥാപിച്ചുറപ്പിക്കുക.

ഇറാക്കിൽ നടക്കുന്നത് അന്യായമായ ആക്രമണമാണ് എന്ന യാഥാർത്ഥ്യത്തെ പല തലത്തിൽ നിന്നുകൊണ്ട് നശിപ്പിക്കുകയാണ് അമേരിക്ക ചെയ്തത്.

## ഇല്ലാത്ത ആയുധങ്ങളെക്കുറിച്ച് ഭീതി ജനിപ്പിച്ചു

അമേരിക്ക ആദ്യം ചെയ്തത് അതാണ്. നിറം ചേർത്ത, പെരുപ്പിച്ചു കാട്ടിയ ഒരു ഇന്റലിജൻസ് റിപ്പോർട്ട് ലോകത്തിനു മുൻപിൽ പ്രതിഷ്ഠിച്ചു. ഇറാക്കിൽ രാസജൈവായുധങ്ങളുണ്ടെന്നും ഏതു നിമിഷവും ലോകത്തെ നശിപ്പിക്കാൻ അവർ തുനിഞ്ഞേക്കുമെന്നും ക്യാമറകണ്ണുകൾക്കുമുന്നിൽ നിന്ന് തങ്ങളുടെ സ്വന്തം മാധ്യമങ്ങളിലൂടെ അവർ ലോകത്തോട് വിളിച്ചുപറഞ്ഞു. (ഇവിടെ അമേരിക്കൻ ഭരണകൂടത്തിന്റെയും മർഡോക്കിന്റെയും അറിവോ സമ്മതമോ കൂടാതെ ഒരു വാർത്ത ലോകം അറിയുന്നത് അത്യപൂർവ്വമാണെന്ന വസ്തുത കൂടി ഓർക്കുക)

45 മിനിറ്റിനുള്ളിൽ ലോകത്തെ ഭസ്മമാക്കാൻ കഴിയുന്ന ആയുധങ്ങൾ ഇറാക്കിനുണ്ടെന്ന് ബ്രിട്ടീഷ് ഇന്റലിജൻസ് വൃത്തങ്ങളെ ഉദ്ധരിച്ച് അമേരിക്ക പ്രചരിപ്പിച്ചു. ഇറാക്കിനെ അപകടകാരിയായ, നശിപ്പിക്കപ്പെടേണ്ട ഒരു രാഷ്ട്രമായി ചിത്രീകരിക്കുന്നതിനുള്ള ആദ്യ ചുവടായിരുന്നു അത്.

## ഇറാക്കിന് മതതീവ്രവാദവുമായി ബന്ധമുണ്ടെന്ന് ചിത്രീകരിച്ചു

മദ്ധ്യേഷ്യയിലെ ഒരേയൊരു മതേതരരാഷ്ട്രമായ ഇറാക്കിനെ ഇസ്ലാമിക മതതീവ്രവാദസംഘടനകളുമായി അടുത്ത ബന്ധം പുലർത്തുന്ന രാഷ്ട്രമായി കാണിക്കാൻ അമേരിക്ക ശ്രമിച്ചു. ഇസ്ലാം മതമൗലികവാദത്തോട് ലോകത്തിനുള്ള പ്രതിഷേധം ഇറാക്കിനെതിരായ് വരുത്തുകയായിരുന്നു അവരുടെ ലക്ഷ്യം.

സ്വന്തമായ് യുദ്ധപ്രമാണങ്ങളും സിദ്ധാന്തങ്ങളും ഉണ്ടാക്കി ലോകത്തെ ബ്രെയിൻവാഷ് ചെയ്യാൻ അമേരിക്കയടക്കം പല സാമ്രാജ്യത്വശക്തികളും എന്നും ഉപയോഗിച്ചിട്ടുള്ള തന്ത്രമാണിത്. ഇറാക്കിനെ ആക്രമിക്കാനുള്ള ധാർമികമായ അവകാശം തങ്ങൾക്കുണ്ടെന്ന് വരുത്തിതീർക്കുകയാണ് അമേരിക്ക ഇതിലൂടെ ചെയ്തത്. ഇന്ത്യയിൽ ബ്രിട്ടീഷുകാർ കൊണ്ടുവന്ന പല ചട്ടങ്ങളും ഇത്തരത്തിലുള്ളവയായിരുന്നു.

2001 സെപ്തംബർ 20-ന് 'ചാതുർവത്സര പ്രതിരോധഅവലോകനം' എന്ന പേരിൽ അമേരിക്ക പുറത്തിറക്കിയ രേഖയിൽ പുതിയ സൈനിക സിദ്ധാന്തവും യുദ്ധതന്ത്രവും കാണാം. എതിരാളിയെ നശിപ്പിക്കുക എന്ന

അമേരിക്ക യുദ്ധത്തെ ഓപ്പറേഷൻ ഫ്രീഡം എന്ന് വിളിച്ചു. ഇറാക്കി ജനത അടിമത്തത്തിലാണെന്നും അവർക്ക് സ്വാതന്ത്ര്യം നേടികൊടു



ക്കാനുള്ള ദിവ്യമായ ഒരു ലക്ഷ്യത്തിന് വേണ്ടിയാണ് തങ്ങൾ പ്രവർത്തിക്കുന്നതെന്നും നിരന്തരം പ്രചരിപ്പിക്കുകയായിരുന്നു അമേരിക്ക.

ലക്ഷ്യത്തെ സാധൂകരിക്കുന്ന ഈ രേഖയിൽ പറയുന്നത് അമേരിക്കക്ക് ഭീഷണിയെന്ന് വിലയിരുത്തപ്പെട്ട ഒരു രാജ്യത്ത് സൈനികാധിനിവേശം നടത്തി ഭരണമാറ്റം ഉണ്ടാക്കാം എന്നതാണ്. പ്രത്യക്ഷത്തിൽ തന്നെ സാർവ്വദേശീയ നിയമലംഘനമാണ് ഈ സിദ്ധാന്തം. 2002 മാർച്ചിൽ പുറത്തായ ആണവനിലപാടിന്റെ പുനരവലോകനം എന്ന രേഖയിൽ അത്ഭുതാവഹമായ സംഭവവികാസങ്ങൾ ഉണ്ടായാൽ ആണവായുധങ്ങൾ പ്രയോഗിക്കുമെന്ന് അമേരിക്ക പറയുന്നു.

വാക്കുകൾ കൊണ്ടുള്ള ഒരു കളിയാണിവിടെ. അമേരിക്കക്ക് ഭീഷണിയെന്ന് വിലയിരുത്തപ്പെട്ട രാഷ്ട്രമാണ് ഇറാക്കെന്ന് രേഖയിൽ പറയുന്നു. ആരാണ് ഇത് വിലയിരുത്തിയത്? തങ്ങൾക്ക് ഭീഷണിയെന്ന് വിലയിരുത്തുവാനുള്ള മാനദണ്ഡങ്ങൾ എന്താണ്? അമേരിക്ക തന്നെ വിലയിരുത്തുന്നു. അമേരിക്ക തന്നെ മാനദണ്ഡങ്ങൾ തീരുമാനിക്കുന്നു. അത്ഭുതാവഹമായ സംഭവവികാസങ്ങൾ എന്താണ്? അമേരിക്കക്ക് മാത്രമറിയാം. ചുരുക്കത്തിൽ തങ്ങൾക്കിഷ്ടമല്ലാത്ത എന്തിനേയും ഭീഷണിയെന്ന് പറഞ്ഞ് ആക്രമിക്കാൻ തങ്ങൾക്ക് അവകാശമുണ്ടെന്ന് വരുത്തിതീർക്കുകയാണ് അമേരിക്ക ചെയ്തത്.

### യുദ്ധം ബ്രാൻഡ് ചെയ്യുന്നു

അമേരിക്ക യുദ്ധത്തെ ഓപ്പറേഷൻ ഫ്രീഡം എന്ന് വിളിച്ചു. ഇവിടെ സ്വാതന്ത്ര്യം എന്ന പേരിൽ അമേരിക്ക പറയുന്നത് ഇറാക്കികളുടെ സ്വാതന്ത്ര്യത്തെക്കുറിച്ചാണ്. ഇറാക്കിജനത അടിമത്തത്തിലാണെന്നും അവർക്ക് സ്വാതന്ത്ര്യം നേടിക്കൊടുക്കാനുള്ള ദിവ്യമായ ഒരു ലക്ഷ്യത്തിന് വേണ്ടിയാണ് തങ്ങൾ പ്രവർത്തിക്കുന്നതെന്നും നിരന്തരം പ്രചരിപ്പിക്കുകയായിരുന്നു അമേരിക്ക.

ഇറാക്കിനെ തിന്മയുടെ അച്ചുതണ്ടെന്ന് വിശേഷിപ്പിച്ചതിലും യുദ്ധതന്ത്രം തയ്യാറാക്കിയതിലുമെല്ലാം ഈ ബ്രാന്റിങ്ങ് തന്ത്രങ്ങൾ ദൃശ്യമാണ്.

### ഐക്യരാഷ്ട്രസഭയിൽ അരങ്ങേറേണ്ട നാടകങ്ങൾ തയ്യാറാക്കി

യു.എന്നിന്റെ ഇടപെടലുകളൊന്നുംകൂടാതെ തങ്ങളുടെ ആക്രമണം നടത്തണമെന്ന് അമേരിക്കക്ക് നിർബന്ധമായിരുന്നു. ആദ്യമേ അവർ തീരുമാനിച്ച കാര്യമാണ് അത്. എങ്കിലും പ്രത്യക്ഷത്തിൽ ഐക്യരാഷ്ട്രസഭയെ ധിക്കരിക്കുന്നില്ലെന്ന് വരുത്തത്തക്ക രീതിയിൽ വളരെ ആസൂത്രിതമായ അഭിനയങ്ങളാണ് അമേരിക്കൻ വക്താക്കൾ ഐക്യരാഷ്ട്രസഭയിൽ നടത്തിയത്.

### ഇറാക്കിനെ കീഴടക്കിയത്

സൈനികനേതാക്കൾക്ക് പണവും അമേരിക്കയിൽ സുഖസൗകര്യങ്ങളോടെ ജീവിതവും വാഗ്ദാനം ചെയ്താണ് അമേരിക്ക ആത്യന്തികമായ വിജയം നേടിയത്.

ഇതാണ് യഥാർത്ഥത്തിൽ മാനസികമായ ആക്രമണം. സൈനികരുടെ ദൃഢനിശ്ചയത്തിനുമേൽ അവരുടെ മാനസികദൗർബല്യങ്ങൾ മുതലെടുത്ത് നടത്തിയ ഈ ആക്രമണത്തിലാണ് ഇറാക്ക് വീണത്. യഥാർത്ഥത്തിൽ ആയുധങ്ങൾ കൊണ്ടല്ല, തലച്ചോർ കൊണ്ടും മനസ്സുകൊണ്ടുമാണ് അമേരിക്ക അധിനിവേശം നടത്തിയതെന്ന് ചുരുക്കം

അമേരിക്കയുടെ ഓരോ പ്രവർത്തനത്തിലും അവരുടെ നേതാക്കൻമാർ ഉച്ചരിക്കുന്ന ഓരോ വാക്കിലും മാനസികമായ ആക്രമണത്തിന്റെ സൂചനകൾ വ്യക്തമാണ്. അതവർ ഇനിയും തുടരുകയും ചെയ്യും.

നാളെ ഈ ആക്രമണം നമുക്കെതിരെയും വന്നുകൂടെന്നില്ല. നമ്മുടെ മനസ്സുകൾ എന്തുമാത്രം ദൃഢമാണെന്ന് ചിന്തിക്കുന്നത് നന്ന്.

**അലക്സ് സേവ്യർ**
ഒന്നാംവർഷ സൈക്കോളജിബിരുദം

**പ്രത്യക്ഷത്തിൽ ഐക്യരാഷ്ട്രസഭയെ ധിക്കരിക്കുന്നില്ലെന്ന് വരുത്തത്തക്ക രീതിയിൽ വളരെ ആസൂത്രിതമായ അഭിനയങ്ങളാണ് അമേരിക്കൻ വക്താക്കൾ**



**ഐക്യരാഷ്ട്രസഭയിൽ നടത്തിയത്. നാളെ ഈ ആക്രമണം നമുക്കെതിരെയും വന്നുകൂടെന്നില്ല. നമ്മുടെ മനസ്സുകൾ എന്തുമാത്രം ദൃഢമാണെന്ന് ചിന്തിക്കുന്നത് നന്ന്.**

# ബാഗ്ദാദിൽ മരണമണി മുഴങ്ങുമ്പോൾ

അവൻ, ഈ വലിയ വീടിന്റെ
പുതിയ ഗൃഹനായകൻ.
അച്ഛനെ കൊന്ന് ഭരണം പിടിച്ചടക്കിയ-
ചരിത്രത്തിലെ നായകൻ.
ജീവൻ നൽകിയ മാതാവിനെ
സപത്നിയായ് സ്വീകരിച്ച
വഴിപിഴച്ച സംസ്കാരത്തിൻ പുത്രൻ.
തീണ്ടാപാടകലം പാലിക്കണം എന്നു ചൊല്ലി
കിഴക്കേവീട്ടുകാരെ തന്റെ കാൽക്കീഴിൽ
ഞെരിച്ചമർത്തി
അവരുടെ രക്തവും ഓജസ്സും കവർന്ന്
അതിന്റെ മേദസ്സിൽ ഊറ്റം കൊണ്ടവൻ.

പക്ഷേ സെപ്തംബർ പതിനൊന്നിന്,
കിഴക്കേവീട്ടിലെ ചെറിയ പയ്യൻ
നിന്റെ മുഖത്ത് കാറിതുപ്പിയപ്പോൾ
ആദ്യമായ് നിന്റെ ദുർബലത
ഞങ്ങൾ കണ്ടു.
കരചരണാദികൾ ഛേദിച്ച്
അവനെ നീ ജീവിക്കാനനുവദിച്ചപ്പോൾ
മഹാമനസ്കതയെന്നു ഞങ്ങളേറ്റുപാടി.




പക്ഷേ ഇന്നലെ രാവിന്റെ മറവിൽ
നീയെന്റെ മറ്റൊരു അയൽക്കാരിയുടെ
ഉടുതുണി പറിക്കാൻ മുതിർന്നപ്പോൾ
ഒരു നിമിഷം ഞങ്ങൾ ഷണ്ഡരായി.
വഴിപിഴച്ചവൾ എന്നു മുദ്രകുത്തി
ഒരുപാടുകാലം നീ അവളെ പട്ടിണിക്കിട്ടു.
വിശന്നു ചാവുന്ന അവളുടെ ശിശുക്കൾ
വെറും ചാപിള്ളകൾ എന്നു നീ
വിളിച്ചു പറഞ്ഞപ്പോൾ
അന്ധത സ്വയം വരിച്ച്
ഞങ്ങളതു വിശ്വസിച്ചു.

പക്ഷേ ഇന്ന്,
നിന്റെ കരാളഹസ്തങ്ങൾ
അവളുടെ കഴുത്തിലമരുമ്പോൾ
ഒരിറ്റു ജീവശ്വാസത്തിനായ്
അവൾ കിടന്നു പിടയുമ്പോൾ
കണ്ടില്ലെന്നു നടിക്കാൻ ഞങ്ങൾക്കാവുന്നില്ല.
ഞങ്ങൾ അപേക്ഷിക്കുന്നു,
അവളെ വെറുതെ വിടുക .

**അരുൺകുമാർ.സി.എസ്**
ഒന്നാംവർഷ സാമ്പത്തികശാസ്ത്രബിരുദം

# തംബോല

സതീശൻ പ്രാർത്ഥനാമുറിയിലെ നിശബ്ദതയിൽനിന്നും അപ്രത്യക്ഷനാകുന്ന സമയം. ലോങ്ങ്ഷോട്ടിൽ വീട് മൗനം തളംകെട്ടിക്കിടക്കുന്ന നിശ്ചലദൃശ്യം. സതീശന്റെ പ്രാർത്ഥനാസമയത്ത് പൂന്തോട്ടത്തിലെ പൂവുപോലും വിരിയാൻ മടിക്കും. നട്ടു നനച്ചു വളർത്തുന്നവനോടുള്ള കൂറ്. വിരിയുന്ന ശബ്ദം പ്രാർത്ഥനക്ക് ഭംഗം വരുത്തിയാലോ! സതീശന്റെ വീടും തൊടിയും സ്ഥാവരജംഗമവസ്തുക്കളും പ്രാർത്ഥനാസമയത്തെ തിരിച്ചറിയുന്നു. തെക്കേമുറ്റത്തുള്ള അപ്പൂപ്പൻതെങ്ങൊഴികെ. പ്രാർത്ഥനയുടെ മൂർദ്ധന്യാവസ്ഥയിൽ ദൈവവുമായി സന്ധിക്കുന്നതിന് അൽപം മുൻപ് അപ്പോഴായിരിക്കും ഒരു ഉണങ്ങിയ തേങ്ങ പുറപ്പുറത്തെറിഞ്ഞ് തെങ്ങ് ആക്രമണം തുടങ്ങുന്നത്. ആ തെങ്ങ് വെട്ടിമാറ്റിയാലോ? സതീശൻ ചിന്തിച്ചിട്ടുണ്ട് പലവട്ടം. അപ്പോഴെല്ലാം ചുവരിൽ തൂക്കിയ മുത്തച്ഛന്റെ ചിത്രത്തിന് ജീവൻ വച്ചു. "സൈര്യം തരില്ല ഞാൻ". ദൈവമേ എന്തുചെയ്യും?



മുത്തച്ഛന്റെ സ്മരണാർത്ഥം സതീശന്റെ അച്ഛൻ വെച്ച തെങ്ങാണത്. പ്രാർത്ഥനാഭംഗം വരുത്തുന്നതിനെയൊക്കെ തച്ചുതകർക്കണമെന്ന സതീശന്റെ സിദ്ധാന്തം കാലഹരണപ്പെടുന്നത് അയാൾക്ക് മകൻ പിറന്നതിനു ശേഷമാണ്. തിരിച്ചറിവില്ലാത്ത കുട്ടി കരയുന്നത് എപ്പോഴാണെന്ന് പറയാൻ ആർക്കാണ് കഴിയുക?. വിശന്നാലും വിരസതയനുഭവപ്പെട്ടാലും കരയുകയല്ലാതെ മറ്റൊന്നും ചെയ്യാൻ മാർഗ്ഗമില്ലാത്ത പാവങ്ങളാണ് കുട്ടികളെന്ന് പറഞ്ഞത് സതീശന്റെ ഭാര്യയാണ്. അത് സതീശനറിയാവുന്ന കാര്യം തന്നെയാണ്; ബോധതലത്തിലേക്ക് ഉയർത്തിസ്ഥാപിച്ചു എന്ന ചെറിയ കാര്യം മാത്രമേ ഭാര്യ ചെയ്തുള്ളൂ. സതീശനിപ്പോൾ ഭൂമിക്കും ദൈവസന്നിധിക്കും ഇടയിലുള്ള അജ്ഞാതലോകത്താണ്. ഭാരശൂന്യനായി യാത്ര ചെയ്തുകൊണ്ടേയിരിക്കുന്നു. പൂജാമുറിക്കുമുന്നിലൂടെ ഭാര്യ ഒരു കള്ളിപ്പൂച്ചയെപ്പോലെ ശബ്ദമുണ്ടാക്കാതെ നടന്നു വരുന്നു. കുഞ്ഞുണരാൻ സമയമായിരിക്കുന്നു. പരമഭക്തന്റെ ഉത്തമഭാര്യ അങ്ങനെയാണ്. അവളൊച്ചയുണ്ടാക്കാതെ നടക്കുന്നു, തേങ്ങ വീഴരുതെന്ന് പ്രാർത്ഥിക്കുന്നു, കിളികളെ ശബ്ദമുണ്ടാക്കാതെ ആക്രമണസ്വഭാവമുള്ള അംഗചലനങ്ങൾകൊണ്ട് ആട്ടിപ്പായിക്കുന്നു, എന്തിനേറെപ്പറയുന്നു; കുഞ്ഞിന്റെ കരയാനുള്ള സ്വാതന്ത്ര്യത്തെ വായ് പൊത്തി

പ്പിടിച്ച് ക്രൂരമായി നിഷേധിക്കുന്നു; അവൾ എപ്പോഴുംഭർത്താവിന്റെ പ്രാർത്ഥനകൾക്ക് സ്വച്ഛന്ദസുന്ദരമായൊരന്തരീക്ഷം സൃഷ്ടിക്കാൻ നിശബ്ദമായും ആത്മാർത്ഥമായും പണിയെടുത്തുകൊണ്ടിരിക്കുന്നു. സതീശന്റെ സ്വപ്നങ്ങളിൽ ആർഭാടപൂർണ്ണമായ ഒരു ജീവിതമുണ്ട്. സതീശൻ മദ്യപിക്കാറില്ല, മദ്യപിച്ചിട്ടുമില്ല. എന്നാൽ ഒരു തവണയത് സംഭവിക്കേണ്ടതായിരുന്നു. ദൈവത്തിന്റെ കാരുണ്യം കൊണ്ട് തലനാരിഴക്ക് രക്ഷപ്പെട്ടു എന്ന് പറയുന്നതാവും ശരി. സഹപ്രവർത്തകന്റെ കല്യാണത്തലേന്ന് നടന്ന സംഭവത്തിലേക്ക് തിരിയുന്നതിന് ഇതിലേറെ അനുയോജ്യമായ മറ്റൊരു സന്ദർഭം വേറെ കിട്ടില്ല. മദ്യവുമായി വട്ടമിട്ടിരിക്കുന്ന സുഹൃത്തുക്കൾക്കിടയിലിരിക്കുന്ന സതീശൻ ദു:ഖിതനാണ്. ഇന്ന് രക്ഷയില്ല. എല്ലാവരും നിർബന്ധിക്കുന്നു.

ഒരു വട്ടമല്ലേ ആകാമെന്ന് ഒരു എഴുപതുകാരൻ.

പ്രായത്തെ മാനിച്ച് തെറി പറയുന്നില്ല.

രംഗം വഷളാകുന്നു. കടുത്ത സമ്മർദ്ദത്തെ അതിജീവിക്കാനുള്ള കരുത്ത് നഷ്ടമായിക്കൊണ്ടിരിക്കുന്നു. ഏതു നിമിഷവും അത് സംഭവിച്ചേക്കാം. ഗുരുവായൂരപ്പാ കാക്കണേ........

സതീശനെ കാണാനൊരാൾ

സതീശൻ ഞെട്ടി, ആര്?

എല്ലാവരും തകർന്ന് തരിപ്പണമായി. എല്ലാവർക്കും ജിജ്ഞാസ. ആരാണീ കട്ടുറുമ്പ്?

"അയൽക്കാരനാണ്" സതീശൻ പരിചയപ്പെടുത്തി.

ആഗതൻ മടിച്ചു മടിച്ചാണ് പറഞ്ഞു തുടങ്ങുന്നത്.

പറയൂ.....

സതീശേട്ടന്റെ അച്ഛൻ.........

സുഹൃത് സംഘം കളം മാറ്റിച്ചവിട്ടി.

എത്രയും പെട്ടന്ന് പോകൂ സതീശാ....

പോകൂ.....പോകൂ.....

ദൈവമേ നീയെന്നെ കാത്തു.ഈ മദ്യപാനികൾക്കിടയിൽ നിന്ന് രക്ഷപ്പെടുത്താൻ എത്ര ബുദ്ധിപരമായ തന്ത്രമാണ് മെനഞ്ഞത്. നീ പരമ കാരുണികൻ തന്നെ. ഭക്തവത്സലൻ തന്നെ.

സതീശൻ അച്ഛന്റെ സ്മരണാർത്ഥം തെങ്ങു വച്ചില്ല. സതീശൻ പ്രാർത്ഥനാമുറിവിട്ടിറങ്ങുന്ന സമയം കഴിഞ്ഞിരിക്കുന്നു. ഉത്തമഭാര്യക്ക് ഉത്കണ്ഠയായി. ആറക്കം വാങ്ങാൻ എത്ര സമയം. അവളുടെ പ്രവൃത്തികൾക്ക് പൂർണ്ണത നഷ്ടപ്പെട്ടുതുടങ്ങി.പൂജാമുറിയുടെ വാതിലിൽ എങ്ങിനെ തട്ടിവിളിക്കും, ഈശ്വരാ......

ദൈവം താടിതടവി മുരി നിവർത്തി.

സതീശന്റെ ആവശ്യങ്ങൾക്കു നേരെ ചെറുചിരിയോടെ ചെവികൊടുത്തു.

'എഴുതിക്കോളൂ'

6,12,18,29,31,42

ഇതു നമ്മൾക്കുറപ്പാ. ഈ ഒരുനമ്പർ നമ്മുടെ സ്വപ്നങ്ങളെ തകർക്കില്ല തീർച്ച. ഭാര്യ, പൂജിച്ച പേന നൽകി. അക്കം വെട്ടുമ്പോൾ അച്ഛനെ സ്മരിക്കാൻ മറക്കരുതെന്ന് ഓർമ്മപ്പെടുത്തി. സതീശൻ നിശബ്ദനായി എല്ലാം കേട്ടുനിന്നു. "ധൃതി വേണ്ട രാഹുകാലം കഴിഞ്ഞുപോയാൽ മതി . ഇന്നു ലീവല്ലേ?" സമയം ഇഴഞ്ഞിഴഞ്ഞു ഒടുവിൽ രാഹുകാലത്തെ മറി കടക്കുന്നു. സതീശൻ ഇറങ്ങാനൊരുങ്ങി. ഭാര്യയെ ഒന്നുകൂടി ഓർമ്മിപ്പിക്കും പോലെ ചില കാര്യങ്ങൾ പറഞ്ഞു. " പത്രങ്ങൾ കുട്ടിക്ക് മുന്നിലിടരുത്. നാളെ മാത്രമേ ഭാഗ്യമറിയാൻ കഴിയൂ" ഭാര്യയുടെ ശുഷ്കാന്തി ഉറപ്പിക്കാൻ ഇപ്രകാരം കൂടി കൂട്ടിച്ചേർത്തു. കിട്ടിയാലൊരു പട്ടുസാരിയാണ് മറക്കരുത്.

ഭാര്യക്കറിയാം അവൾ പറഞ്ഞു. ആഴ്ചയവസാനം നടക്കുന്ന നറുക്കെടുപ്പിൽ ഒരു ബൈക്കുണ്ട്. ഒടുവിൽ നടക്കുന്ന നറുക്കെടുപ്പിൽ ഒരു വീടും.....

സതീശന്റെ മിഴി തിളങ്ങി.

"ശരി പോയ് വരട്ടെ....."

അയാൾ ഇറങ്ങി, ജീവിതം കരുപ്പിടിപ്പിക്കുവാൻ പകലന്തിയോളം പണിയെടുക്കുന്ന റോഡുപണിക്കാർക്കിടയിലൂടെ, എല്ലുമുറിയെ പണിയെടുത്തിട്ടും പല്ലുമുറിയെ തിന്നാനില്ലാത്തവർക്കിടയിലൂടെ ,

'ഫോർച്യൂൺ ലോട്ടോ'

അതാണിനിയൊരാശ്രയം. മറ്റെല്ലാം പരീക്ഷിച്ചുപേക്ഷിച്ചു. ദൈവം കനിഞ്ഞരുളിയ നമ്പറുകൾ പുച്ഛത്തോടെ തള്ളിയ കപടകമ്പനികൾക്ക്, ദൈവനിന്ദക്ക് ഭഗവാൻ വലിയ ശിക്ഷയെന്തെങ്കിലും കരുതി വെച്ചിട്ടുണ്ടാകും, തീർച്ച. ഈശ്വരാ, നടന്നിട്ടും നടന്നിട്ടും ദൂരം താണ്ടാനാവുന്നില്ലല്ലോ. ലോട്ടറിക്കടയിൽ വല്ലാത്ത തിരക്കാവും, തൊഴിലില്ലാത്തവരുടെ നീണ്ട ക്യൂ കണ്ടേക്കാം. അവരെയെല്ലാം മറികടന്ന് എളുപ്പത്തിൽ ലോട്ടറിയെടുക്കുക അസാദ്ധ്യം. എല്ലാം നിന്റെയിച്ഛ പോലെ. വെയിലേറിത്തുടങ്ങി.

വാൽക്കഷണം

സ്വപ്നം കാണുക, സ്വപ്നം കാണുക, സ്വപ്നം കാണുക (രാഷ്ട്രപതിയുടെ പ്രസംഗത്തിന് കടപ്പാട്.)

അരുൺ ബാബു
ഒന്നാംവർഷ ബി.ടി.&എസ്.പി





# THE COMPLETE CENTRE FOR ENGINEERING, VOCATIONAL AND COMPUTER EDUCATION

SILVER JUBILEE 2003-2004


**SKILTEK** GROUP OF INSTITUTIONS

P.B. No. 4234, 1st Floor, Bus Stand Building, Kaloor, KOCHI - 682 017.
Tel : 2349494 Mobile : 98460 - 24724 Fax : (91) 484 2347473
e-mail : skiltek@md2.vsnl.net.in Website : http://www.skiltekindia.com

*Always at the forefront*

COSMOS/SCC/03/03

# പവർക്കട്ട്




" ചേട്ടാ, ദേ എട്ടിന് അഞ്ചു മിനിട്ടേയുള്ളൂ. ഈയാഴ്ച എട്ടിനും എട്ടരക്കും ഇട ക്കാണേ.... അറിയാലോ?" അടുക്കളയിൽ നിന്നും അമ്മ വിളിച്ചു പറഞ്ഞു. ഇതു കേട്ടപാടെ ഞങ്ങൾ ഇരിപ്പിടങ്ങളിൽ നിന്നും ചാടിയെണീറ്റു. ഞാൻ ചെന്ന് ടി. വി. ഓഫാക്കി. 5 മണി മുതൽ അതിന്റെ മുന്നിലിരിക്കുന്ന ചേച്ചിക്കും, മെഗാ സീരിയലിൽ നിന്ന് ആ യന്ത്രത്തിനും ആശ്വാസം. ചേച്ചി ഫാൻ ഓഫ് ചെയ്തിട്ട് മെഴുകുതിരിക്ക് തീ കൊളുത്തി. മുറ്റത്ത് കാറ്റുള്ളതിനാൽ റാന്തൽ തന്നെ വേണം. ഞാൻ കോളേജിലെ കുസൃതികളായ പെൺകുട്ടികളുടെ വിഡ്ഢിത്തരങ്ങൾ ചേച്ചി യോട് വിവരിക്കാൻ തുടങ്ങി. ഇത് കേട്ട പാടെ, പത്താം ക്ലാസിൽ പഠിക്കുന്ന അനിയൻ, ഏതോ പുതിയ സിനിമ കാണാൻ പോകുന്ന താൽപര്യത്തോടെ പുസ്തകം മടക്കിവെച്ച് ഞങ്ങളുടെ അടുത്ത് വന്നിരുന്നു. ഞാൻ പൊടിപ്പും തൊങ്ങലും വച്ച് വിവരണം തുടർന്നുകൊണ്ടേയിരുന്നു.

പ്രായമായ മുത്തശ്ശൻ പവർക്കട്ടുള്ള അരമണിക്കൂർ നേരം നടക്കാനിറങ്ങും. വടിയും ടോർച്ചും കയ്യിലേന്തി ഇരുട്ടിനെ സ്വാഗതം ചെയ്യാൻ മുത്തശ്ശൻ റെഡി യായി ഇരുന്നു. മുത്തശ്ശിയാകട്ടെ പ്രാർത്ഥന ചൊല്ലാനുള്ള ഒരുക്കത്തിലും.

പെട്ടെന്ന് ക്ലോക്കിൽ മണി എട്ടടിച്ചു. വലിയ നിശബ്ദത. ഞങ്ങൾ ജാഗരൂക രായി. ഞാൻ കൗണ്ട് ഡൗൺ ആരംഭിച്ചു. "ഒന്ന്, രണ്ട്, മൂന്ന്......" കറന്റ് പോകു ന്നില്ല. എട്ട് അഞ്ച് (8.05) ആയപ്പോഴേക്കും എല്ലാവരുടെയും ക്ഷമ നശിച്ചു. ഞാൻ ഇലക്ട്രിസിറ്റി ബോർഡിലേക്ക് റിംഗ് ചെയ്തു. അവിടെ ആരും എടുക്കു ന്നില്ല. ഇതിനോടകം ക്ഷമ നശിച്ച അച്ഛൻ മെയിൻ സ്വിച്ച് ഓഫാക്കി. അന്ധ കാരം. മുൻനിശ്ചയപ്രകാരം എല്ലാവരും അവരവരുടെ കർമ്മങ്ങളിൽ വ്യാപരിച്ചു.

ഷിജു ഏലിയാസ്
ഒന്നാംവർഷ എം.എസ് .സി.കെമിസ്ട്രി

# യാത്രാമൊഴി



ഇന്നലെ
പറഞ്ഞതൊക്കെയും മറന്നില്ലെങ്കിൽ
പറയുവാൻ ഇനിയുമുണ്ടേറെ
അറിഞ്ഞുകൊള്ളുക
അറിഞ്ഞതൊക്കെയും
അറിയാത്തൊരാളിന്റെ
അറിവില്ലായ്മയെന്ന്.
ഞാൻ
സ്വപ്നങ്ങളെ ക്ഷണിച്ചില്ല;
എങ്കിലും
മടങ്ങുമ്പോൾ
യാത്രാമൊഴിപറയുമെന്ന് കരുതി
ഇന്ന്,
കത്തിയെരിഞ്ഞ
വാക്കുകൾക്കപ്പുറവും
കരിഞ്ഞിറങ്ങിയ
സ്വപ്നങ്ങൾക്കിപ്പുറവും
ശൂന്യം.......

സുനിൽ (കാന്റീൻ)

# തീ പിടിച്ച കാടിന്റെ ശബ്ദങ്ങൾ:

# മുത്തങ്ങ ഉയർത്തുന്ന പ്രശ്നങ്ങളും തിരിച്ചറിവുകളും

സഖാവ് ഹരുണിന്റെ വാക്കുകളായിരുന്നു മനസ്സിനെ ഭരിച്ചത്. "നീ വെറും പെറ്റി ബൂർഷ്വാ ചാഞ്ചാട്ട വാദിയാണ്.ഉപേക്ഷിക്കാൻ ഒരു വീടുണ്ട് എന്നതാണ് നിന്റെ പ്രശ്നം.വീടില്ലാത്തവർക്ക് ആ പ്രശ്നമില്ല.വീടുപേക്ഷിക്കുന്നവൻ ലോകം നേടുന്നു.

("ചിദംബര സ്മരണ" -ബാലചന്ദ്രൻ ചുള്ളിക്കാട്)

### എന്തു തിന്നണം? എന്തുടുക്കണം?

മുത്തങ്ങ ഉയർത്തുന്ന നിലനില്പിന്റേതായ ഒരു ചോദ്യമുണ്ട്.എന്തു തിന്നണം. എന്തുടുക്കണം? ഉത്തരം വളരെ ലളിതമായി ഭരണ വർഗ്ഗം പറഞ്ഞു കൊടുക്കുന്നു. മണ്ണു തിന്നുക. ഒന്നും ഉടുക്കേണ്ടതില്ല. കാരണം നിങ്ങൾ ഞങ്ങളുടെ വളർച്ചയുടെ വഴികളിലെ ജീവനറ്റ ഉല്പന്നങ്ങളാണ്. വിദേശ കുത്തകകൾക്ക് കാടിനെയും നാടിനെയും തീറെഴുതുന്നവർക്ക് മഹത്തായ ഇന്ത്യൻ സംസ്കാരത്തെ വളർത്തിയ ആദിവാസികളെ സംരക്ഷിക്കാൻ സാധിക്കാത്തത് അതിന്റെ ജീർണ്ണിച്ച രാഷ്ട്രീയ ശരീരത്താലാണ്. അധികാരം എങ്ങോട്ട്? എന്ന ചോദ്യം ജനാധിപത്യം പരീക്ഷിക്കപ്പെടുന്ന കാലങ്ങളിലെല്ലാം ഉയർന്നിട്ടുള്ളതാണ്. അധികാരത്തിന്റെ അടിസ്ഥാനസ്വഭാവമായി ഏകാധിപത്യങ്ങളും ഫാസിസ്റ്റ് മർദ്ദനരീതികളും മാറുന്നതാണ് ലോകത്തിൽ നാം കാണുന്നത്. ആദിവാസിപ്രശ്നങ്ങൾക്കു പിന്നിൽ ഭരണാധികാരത്തിന്റെ ഇത്തരത്തിലുള്ള പീഢന സ്വഭാവം നമുക്ക് കാണാം. മുത്തങ്ങയിൽ കണ്ടതും മറ്റൊന്നുമല്ല. അധികാരത്തിന്റെ വിഷം കുത്തിവക്കപ്പെട്ടവൻ ആവർത്തനസുഖങ്ങളുടെ അവസാനമായി തോക്കുകളും ലാത്തികളും സഹജീവികൾക്കു നേരെ പ്രയോഗിക്കുക സ്വാഭാവികമാണ്. ഇവിടെ സാമൂഹ്യ നിലനിൽപിന്റെ മനുഷ്യത്വപരമായ നേര് ചോദ്യം ചെയ്യപ്പെടുന്നു. എന്തു തിന്നണം? എന്തുടുക്കണം?

### ആരാണ് ആദിവാസികൾ?

തങ്ങളെ ഭരിക്കാൻ വന്ന അന്യഗോത്രങ്ങൾക്കെതിരെ അവസാനമില്ലാത്ത ചെറുത്തുനില്പ് നടത്തിയ വർഗ്ഗങ്ങളുണ്ട്. ആശയപരമായും ആയുധപരമായും ഈ ചെറുത്തുനിൽപ് നിർവ്വചിക്കപ്പെട്ടിരുന്നു. എന്നാൽ ആദിവാസിയുടെ ജീവിതം വളർച്ച് പ്രാപിച്ചത് വർഗ്ഗീകരണങ്ങൾക്കതീതമായ, പ്രകൃതി അനുവദിക്കുന്ന ഒരു മാനവികബോധത്തിൽ നിന്നാണ്. ഇത് ആരെയും വിദ്വേഷത്തിന്റെ മതിൽ കെട്ടുകൾ തീർക്കാൻ പഠിപ്പിക്കുന്നില്ല. കേരളീയസമൂഹത്തിന്റെ ഗുണപരമായ വളർച്ചക്ക് തടസം സൃഷ്ടിച്ചുകൊണ്ടാണ് അധികാരത്തിന്റെ ഭരണവർഗങ്ങൾ ആ ജനതയുടെ സാംസ്കാരികപാരമ്പര്യവും നിലനിൽപിന്റെ ജനാധിപത്യ ബോധവും അവരിൽ നിന്നു പിടിച്ചെടുത്തത്. സ്വന്തം ജനതയുടെ ചൊരിയപ്പെട്ട രക്തത്തിനു വേണ്ടി രക്തം ചൊരിഞ്ഞവന്റെ രക്തത്താലല്ലാതെ ദേശത്തിനും ജനതക്കും പ്രായശ്ചിത്തമില്ലെന്നായിരുന്നു പ്രബുദ്ധകേരളത്തിലെ വിദ്യാസമ്പന്നരായ ബുദ്ധിജീവികൾ ആദിവാസികൾക്കു പറഞ്ഞുകൊടുത്ത പാഠം. ഒരു കവിളത്തടിച്ചാൽ മറ്റേതും എത്രനാൾ കാട്ടികൊടുക്കാം? എന്ന ചോദ്യമാണ് കേരളീയമനസാക്ഷിക്കു നേരെ ആദിവാസികൾ ചോദിക്കുന്നത്. ഇതിൽ കേരളം കാണേണ്ട (ഇന്ത്യ കാണേണ്ട) ജനാധിപത്യബോധ്യത്തിന്റെയും സാംസ്കാരിക ചിന്തയുടെയും ഉദ്ബോധനപരമായ സ്വരമുണ്ട്. ഭരണവർഗത്തിന്റെ കവിളത്തടി ഏറെ നാളായി സഹിക്കുന്ന ഒരു തലമുറയാണ് വിമോചനപരമായ ഒരു ഉയിർത്തെഴുന്നേൽപിന്റെ കാഹളം മുഴക്കുന്നത്. അതവർ ചെയ്തത് മുത്തങ്ങയിലെ അവരുടെ ജീവവായു പുറപ്പെടുന്ന ആവാസവ്യവസ്ഥയെ പിടിച്ചെടുത്തുകൊണ്ടായിരുന്നു. എന്നാൽ ഈ നിലനിൽപിന്റെ ജീവപ്പോരാട്ടത്തിനെതിരെ വികൃതിപ്പോലീസ് പായിച്ച വെടിയുണ്ടകൾ കേരളത്തിലെ ഭരണവർഗങ്ങൾക്കും സ്ഥാപനവൽക്കരിക്കപ്പെടുന്ന ജനമനസ്സുകൾക്കും മുന്നിൽ അടിച്ചമർത്തലിന്റെ കറുത്ത നൂറ്റാണ്ടുകളെ നഗ്നമാക്കുന്നു. സർക്കാർതടവിന്റെ ഇരുട്ടറകളിൽ ചോരപൊയ അടിവയറുകളിൽ കൈവച്ച് കരയുന്ന ആദിവാസിസ്ത്രീകൾ, സർക്കാർ ചവറ്റുകൊട്ടകൾക്കിടയിൽ ശ്വാസം മുട്ടി ജീവൻ ജീർണ്ണിച്ചുപോകുന്ന ആദിവാസി ബാല്യങ്ങളും യൗവ്വനങ്ങളും. ഒരിറ്റുനീതിക്കായി വെറും പോസ്റ്ററുകളായി നിന്നു കത്തുന്ന ആദിവാസി വാർദ്ധക്യങ്ങൾ. ഇവരെ അനീതിയുടെ ചങ്ങലയിൽ കോർത്ത് തീകൊളുത്തുന്ന സ്വതന്ത്രഇന്ത്യയുടെ നീതിപാലകർ; വ്യഭിചരിക്കപ്പെടുന്ന ആദിവാസി അമ്മമാർക്കും പെങ്ങൻമാർക്കും നെഞ്ചിടിപ്പുണ്ടെന്ന് ഇവറ്റകൾ മനസ്സിലാക്കുന്നില്ലേ?

### മുത്തങ്ങ: ഉത്തരാധുനിക കാലത്തിലെ ജനകീയവിചാരണയുടെ ആദ്യരൂപം

"ഒരിടത്ത് ഒരനീതിയുണ്ടായാൽ ഒരു കലാപമുണ്ടാകണം.അല്ലെങ്കിൽ ആ നഗരം കത്തിച്ചാമ്പലാകണം." കത്തുന്ന എഴുപതുകളിൽ കേരളീയ സമൂഹത്തിന്റെ സാംസ്കാരികബോധത്തെ ഞെട്ടിച്ച മുദ്രാവാക്യം. രാഷ്ട്രങ്ങൾ മരിക്കപ്പെടുന്ന ഇക്കാലങ്ങളിൽ ഇത്തരം ജനകീയമുദ്രാവാക്യങ്ങൾ പുനർവിചാരണക്ക് വിധേയമാക്കപ്പെടുന്നുണ്ട്. ജനകീയവിചാരണയുടെ ചിന്തകൾ രാഷ്ട്രീയത്തെ മാത്രമല്ല രാഷ്ട്രത്തെയും തിരുത്തിവായിക്കുവാൻ നമ്മെ





നിർബ്ബന്ധിതരാകുന്നു. "രാഷ്ട്രത്തിന്റെ അസ്തിത്വം സങ്കൽപമാണ്. അതു ചോദ്യം ചെയ്യപ്പെടാവുന്നതും ചെയ്യപ്പെടേണ്ടതുമാണ്. എന്നാൽ പൗരന്റെ അസ്തിത്വം ചോദ്യംചെയ്യപ്പെടാവുന്നതല്ല. അതാണ് കാരുണ്യപൂർണ്ണമായ രാഷ്ട്രസംസ്കൃതിയുടെ അടിസ്ഥാനം" (ഗോത്രയാനത്തിൽ തനിയെ–ഒ.വി.വിജയൻ) ഈ ചിന്തയിൽ തിരുത്ത് ആവശ്യമാണെന്ന് ഉത്തരാധുനിക കാലത്തിലെ യാഥാർത്ഥ്യങ്ങൾ വിളിച്ചുപറയുന്നു. രാഷ്ട്രത്തിന്റെയും പൗരന്റെയും അസ്തിത്വങ്ങൾ വെറും സങ്കൽപങ്ങളാണ്.

47നു ശേഷം ഒറ്റപ്പെട്ട ചില ഇടിമുഴക്കങ്ങളൊഴിച്ചാൽ ഇന്ത്യയിൽ മുഴങ്ങിയത് പേപിടിച്ച മതരാഷ്ട്രീയകിങ്കരൻമാരുടെ ഭ്രാന്തുകളാണ്. തോക്കുകളും ശൂലങ്ങളും വാളുകളും യുവാക്കളെ തിന്നുകളഞ്ഞത് പെട്ടെന്നായിരുന്നു. അനീതിയിൽ മുങ്ങിയ ഭരണകൂടങ്ങളുടെ ആധിപത്യ ധാർഷ്ട്യത്തിനും കൈക്കരുത്തിനുമെതിരെ കണ്ണുകൾ ഉയർത്തി നിന്ന രണ്ട് ഭാരതവനിതകളെ ലോകം കണ്ടു. സി.കെ.ജാനുവും, മേധാപട്കറും. പാർശ്വവൽക്കരിക്കപ്പെട്ട സ്വന്തം ജനതയുടെ നോവും വേവും ആത്മാവിലേറ്റെടുത്ത ഈ സാംസ്കാരിക നായകർ ഇനി വായിക്കപ്പെടുക നവോത്ഥാനത്തിനു ശേഷം ഇന്ത്യയിൽ ജനകീയവിപ്ലവത്തിന്റെ പടികൾ ചവിട്ടി കയറിയവരുടെ കൂട്ടത്തിലാണ്.

### അരാഷ്ട്രീയത്തിന്റെ, ചങ്ങലകൾക്കുമേൽ മുത്തങ്ങവിതറുന്ന വിമോചനത്തിന്റെ നീതിവാക്യങ്ങൾ

കേരളത്തിൽ മുത്തങ്ങയേയും മാറാടിനേയും ഇന്ത്യയിൽ ഗുജറാത്തിനേയും അയോധ്യയേയും വളർത്തിയത് മനുഷ്യനെ വർഗ്ഗീകരിച്ചു ഭരിക്കുക എന്ന ഏകാധിപത്യത്തിന്റെ കുത്സിത അരാഷ്ട്രീയ തന്ത്രങ്ങളാണ്. വർഗ്ഗീയത, ചൂഷണവ്യവസ്ഥകൾ, പണാകേന്ദ്രീകൃത മാനവികബോധം,സ്ത്രീപീഢനങ്ങൾ,ബാലപീഢനങ്ങൾ, ദാരിദ്ര്യം,ആഗോള മാത്സര്യബുദ്ധി, തെറ്റായനീതിന്യായങ്ങൾ, യുവാക്കൾ മരിച്ചുപോയ കാമ്പസുകൾ, ഇവയിൽ നിന്നുള്ള സ്വാതന്ത്ര്യം; ഭിന്നവർഗ്ഗങ്ങൾ എന്ന സ്വാതന്ത്ര്യമില്ലാത്ത വിഭജനബോധത്തിൽ നിന്നും സഹജീവികൾ എന്ന ഉൾബോധത്തിന്റെ ജനകീയ അടിത്തറയിൽ എത്തുമ്പോഴെ സാധ്യമാകൂ. ഇത്തരത്തിലുള്ള മനുഷ്യസ്നേഹത്തിന്റെ സമാധാനപരമായ ആശയത്തിൽ നിന്നാണ് ആഗോളവൽക്കരണത്തിന്റെ (മഹത്തായ മാനവികസങ്കൽപങ്ങളുടെ ആഗോളവൽക്കരണം) ഗുണപരമായ വളർച്ചയുണ്ടാവുന്നത്. ഇത് ഇന്നുള്ള ഉൽപന്നങ്ങളുടെ (ഉൽപന്നങ്ങളാക്കപ്പെട്ട മനുഷ്യൻ) ജീർണ്ണിച്ച ആഗോളവൽക്കരണപ്രക്രിയയല്ല. ഈ ആഗോളവൽക്കരണത്തിൽ ബഹുരാഷ്ട്രകുത്തകകളോ, മുതലാളിമാരോ ഇല്ല. മനുഷ്യനേ ഉള്ളൂ.

വൈദേശികാധിപത്യത്തെ തല്ലിയോടിച്ച് ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകിയ ഗാന്ധിജിയുടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇന്ന് ആഗോളകുത്തകകൾക്കു മുന്നിൽ സ്വതന്ത്ര ഇന്ത്യയെ മാനസികവും ഭൗതികവുമായ അടിമത്തത്തിൽ കെട്ടിയിടുന്നു. ഇവിടെ ഗാന്ധിയൻ അഹിംസാതത്വങ്ങൾ ചോദ്യം ചെയ്യപ്പെടുന്നു. വർഗ്ഗരഹിതസമൂഹത്തെ(രാഷ്ട്രത്തെ) പണിയുക എന്ന മാർക്സിയൻ ചിന്തക്ക് ക്രിയാത്മകമായി ഇതിൽ ഇടപെടാനും കഴിഞ്ഞില്ല. എന്നാൽ തൃപ്തികരമായ ഒരു പകുവെക്കൽ പ്രകൃതി തന്നെ അനുവദിക്കുന്നുണ്ട്. മുത്തങ്ങ ആവശ്യപ്പെടുന്നത് അതാണ്. ചൂഷണബോധം വർദ്ധിക്കുമ്പോൾ പ്രകൃതിയുടെ ഈ ചലനനിയമത്തിന്റെ അളവാണ് തെറ്റുന്നത്. ലോകജനതയുടെ പ്രയാണത്തിൽ മതവും അരാഷ്ട്രീയവുമാണ് ഏറ്റവുംകൂടുതൽ തീവ്രവാദം പ്രചരിപ്പിച്ചത് എന്ന് കാണാം. ഏതൊരു പ്രസ്ഥാനത്തിന്റെയും സ്വഭാവികമായ ബലഹീനത അത് പുരോഗമിക്കുന്തോറും വൈരുദ്ധ്യങ്ങളെ സൃഷ്ടിക്കുന്നു എന്നതാണ്. അരാഷ്ട്രീയത്തിന്റെ ചങ്ങലകൾക്കുമേൽ മുത്തങ്ങ വിതറുന്ന മോചനത്തിന്റെ നീതിവാക്യങ്ങൾ ഇവയാണ്. രാഷ്ട്രീയമെന്നത് അലസതയോ പ്രശ്നസങ്കീർണ്ണതയോ അല്ല. അതിന്റെ ആഴങ്ങൾ എപ്പോഴും ഒരുയർന്നുപറക്കൽ അനുവദിക്കുന്നുണ്ട്.

### മാധ്യമങ്ങൾക്കുമേൽ മനുഷ്യനീതിയുടെ തീപിടുത്തം- മുത്തങ്ങയൊരുക്കുന്ന സദ് വർത്തമാനം

തീപിടിച്ച കാടിന്റെ ശബ്ദങ്ങൾ ആവശ്യപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ജനകീയവിചാരണയുണ്ട്. മാധ്യമങ്ങളുടെ കാര്യത്തിലാണത്. ഈ വിചാരണ മാധ്യമങ്ങളുടെ പുനഃസൃഷ്ടി ആവശ്യപ്പെടുന്നുണ്ട്. ലോകക്രമത്തെ അപകടകരമായി കീഴ്മേൽ മറിച്ചു എന്ന അപകടകരമായ മാനവിക കുറ്റകൃത്യമാണ് മാധ്യമങ്ങൾ ചെയ്തത്. മാറാടും മുത്തങ്ങയും, അയോധ്യയും ഗുജറാത്തും, അഫ്ഗാൻ, ഇറാഖ് യുദ്ധങ്ങളും അപകടകരമായി വളർത്തിയത് മാധ്യമങ്ങളാണ്. ആഗോളഭീകരൻ ബുഷിനെ യുദ്ധക്കളങ്ങൾക്കു മേൽ പറന്നുനടക്കുന്ന സമാധാനപറവയാക്കി; ഞങ്ങളുടെ ജനതയെ മനസാക്ഷിയില്ലാത്തവരാക്കി. മുത്തങ്ങയുടെ ജീവവായുവിൽ തോക്കുകളും വടിവാളുകളും നിരത്തിവച്ച് നിലനിൽപിനായി പൊരുതുന്ന മനുഷ്യനെ പൊടിക്കപ്പെടുന്ന മൺപ്രതിമകളാക്കിയത് മാധ്യമങ്ങളാണ്. ഇവ പെറ്റുകൂട്ടുന്നത് ജീർണ്ണിച്ചുനാറുന്ന മനുഷ്യഉൽപന്നങ്ങളെയാണ്. ഇവിടെയാണ് മാധ്യമങ്ങളുടെ ഭയപ്പെടുത്തുന്ന കച്ചവടക്കണ്ണുകൾ വെല്ലുവിളികൾ ഉയർത്തുന്നത്.

എല്ലാ അടിച്ചമർത്തലുകൾക്കുമിടയിൽ ആരും കാണാതെ പോകുന്ന ചില മുഖങ്ങളുണ്ട്. നിസ്സഹായരായ അമ്മമാരും കുട്ടികളും, പ്രകൃതിയുടെ ജീവൻ നിലയ്ക്കുന്ന മുറിവുകൾ. മണലാരണ്യങ്ങളിൽ വീണുപോകുന്ന സഹചരുടെ നിലവിളികൾ. മുത്തങ്ങയിൽ നിന്ന് ഒരു തീ പടരുന്നില്ലേ? ഇവക്ക് ഉത്തരം നൽകികൊണ്ട്....

അനൂപ്.കെ.കെ
രണ്ടാംവർഷ ജന്തുശാസ്ത്രബിരുദം

# കാലത്തിന്റെ ചില

ചില ഓർമ്മപ്പെടുത്തലുകൾ വേദനാജനകങ്ങൾ തന്നെ. ഒരു പക്ഷെ നമുക്കിത് വേരോടിപ്പോയ ഓർമ്മകളുടെ പൊളിച്ചെഴുത്താണ്. ഏതാനും അപൂർവ്വ ചിത്രങ്ങളിലൂടെ പൂർവ്വസ്മൃതികളുടെ പുനർജ്ജനി. കാലത്തിന്റെ ചില സാക്ഷ്യ ചിത്രങ്ങൾ...



[illegible] തുറന്നിട്ട വാതിലുകൾ


ഇനിയും പടിയിറങ്ങാത്ത ഓർമ്മകളുടെ ഇടത്താവളം


സൂക്ഷ്മദൃഷ്ടികൾ നേരിനെ കണ്ടെടുക്കുന്നു.


ശബ്ദായമാനമീ നിശബ്ദത

# സാക്ഷ്യ ചിത്രങ്ങൾ



ജയപരാജയങ്ങളുടെ
വിശ്രാന്തിയില്ലാത്ത മുന്നേറ്റം



ഗന്ധർവ്വ ഗായകൻ പാടിയുണർത്തുന്ന ചൈതന്യം



ആത്മാവിനെ തൊട്ടറിയുമിടം



ഇതൊരു പടിയിറക്കമല്ല

Computerised

# നിറകതിർ

PREMIUM SORTEX RICE

## കല്ലൻ അഗ്രോ മിൽസ്

പൂക്കാട്ടുപടി ആലുവ

PH: 0484 2680881, 2680699. FAX: 91+484 2680883

Website : www.nirakathir.com

Email: nirakathirpremium@hotmail.com

# Royal SWEETS

**Puffs & Pastry Shop**

Near Railway Station, Aluva, Ph : 0484-2625223

Branch Bank Jn., Aluva

# ARYA BHANGY HONDA


## Alwaye


**Pulinchode, N.H. Bye Pass Road, Alwaye-683 101, Ernakulam dist.**

**Tel : 0484-2630297, 2631078 mob. 9847355556**

FINANCE HELPLINE TEL 98473 55556

**Enjoy the free test ride all time**






- സെയിൽസ്, സർവ്വീസ്, സ്പെയേഴ്സ് എല്ലാം ഒരു കുടക്കീഴിൽ
- 10000 ത്തിലേറെ സ്ക്വയർ ഫീറ്റ് വിശാലത
- ആകർഷകമായ എക്സ്ചേഞ്ച് സ്കീം
- പഴയ വാഹനങ്ങൾക്ക് പരമാവധി വില
- ലളിതമായ വായ്പാ പദ്ധതികൾ
- കുറഞ്ഞ പലിശ നിരക്ക്
- തികഞ്ഞ ഉത്തരവാദിത്തത്തോടുകൂടി ഡ്രൈവിങ് പരിശീലനം നല്കുന്നു.
- അത്യാധുനിക സൗകര്യങ്ങളുള്ള ഏറ്റവും മികച്ച സർവ്വീസ് സെന്റർ
- എവിടെ നിന്ന് വാങ്ങിയ ഹോണ്ട വാഹനങ്ങൾക്കും മികച്ച സർവ്വീസ് നൽകുന്നു.



# കോമാളിക്കോലങ്ങൾ


ഷിനു സത്യൻ.കെ.
രണ്ടാംവർഷ ജന്തുശാസ്ത്രബിരുദം


നമുക്ക് പിരിയാം....
ഓർമ്മകൾ ശാപത്തിൻ
തീമഴകളാക്കി
അന്യമായ മനസ്സിനെ
സൂചിമുനയിൽ തറച്ച്
കിനാവുകൾ രാത്രിവണ്ടിക്കു നൽകി
നമുക്ക് പിരിയാം ..........
വേഷങ്ങൾ കെട്ടിച്ച്
തുള്ളിത്തളർത്തിയ
കോമാളിക്കോലങ്ങൾ
ആടിയും പാടിയും
നെഞ്ചു പൊട്ടിമരിക്കവെ
ഇടറുന്നു,
അടരുന്നു ഉൾക്കനിവിന്റെ
നേർത്ത തേങ്ങലുകൾ
മോഹങ്ങളിപ്പോഴും
മൗനങ്ങൾതന്നെ
കോലങ്ങളിപ്പോഴും
ആട്ടം നിറുത്താത്ത
കോമാളി തന്നെ,
ചുട്ടുകൊന്ന പ്രാണനിൽ
കത്തിയാഴ്ത്തി ചുടലത്തുള്ളിച്ച
കാലിനെ മറക്കാൻ പറഞ്ഞിട്ട്
ഒരു വാക്ക് ചുണ്ടിൽ പകർത്തുക
നമുക്ക് പിരിയാം .....
തുപ്പിയ ചോരയിൽ
കൈമുക്കിയാദ്യം കുറിച്ചു.
ഒരു വറ്റ് നോക്ക്
ഒരു തുള്ളി സമ്മതം
പിരിയാൻ പഠിപ്പിച്ച കാലമേ
മൊഴിയുക
നമുക്ക് പിരിയാം .....

# മരണവ്യാപാരം

മലയുടെ ഒരുവശം ഒന്നു കുലുങ്ങി. ഇങ്ങനെ ഇതുവരെ ഉണ്ടായിട്ടില്ല. വല്ലാത്ത ഭയം തോന്നി. ഇനിയും ഇങ്ങനെ കുലുങ്ങിയാൽ മുൻപോട്ടുള്ള യാത്ര തീർത്തും ദുസ്സഹമാകും. തലയിൽ രണ്ട് ചെറിയ തേങ്ങയുണ്ട്. ഇതും ചുമന്നുകൊണ്ട് ഒരുപാടുദൂരം മുൻപോട്ട് പോകണം.

അപ്പോൾ മൂന്നാമത്തെ മലയുടെ മുകളിൽ മരണവ്യാപാരത്തിനായി ആളുകൾ ഇറങ്ങിക്കഴിഞ്ഞിരുന്നു.

എന്റെ യാത്ര വളരെയേറെ ദുർഘടമായിത്തോന്നി. ഇനിയും കുരുടന്റെ സന്നിധിയിലേക്ക് ദൂരമേറെയാണ്. മലയൊന്നുകൂടി കുലുങ്ങി. ഓരോ കുലുക്കത്തിലും നടപ്പാതയിലെ കരിയിലകൾ മാറിപ്പോവുന്നത് കൊണ്ട് വഴി കണ്ടുപിടിക്കാൻ വളരെയേറെ പ്രയാസം തോന്നി.

അർദ്ധരാത്രി കഴിഞ്ഞുവെന്നുറപ്പാണ്, വല്ലാതെ കാറ്റൂതുന്നുണ്ട്. മരങ്ങൾ മുകൾഭാഗം മണ്ണിൽ മുട്ടിച്ച് വീണ്ടും പൂർവ്വസ്ഥാനത്തെത്തി. കുറച്ചകലെ ഒരു ഗുഹയുടെ മുൻപിൽ എന്തോ ഒന്നനങ്ങി. ഭയന്നാണെങ്കിലും ഞാൻ അങ്ങോട്ട് നടന്നു.



പ്രാകൃതനായ ഒരു മനുഷ്യൻ. നരച്ച രോമങ്ങൾക്ക് നടുവിൽ രണ്ട് കണ്ണുകൾ ഞാവൽപ്പഴം പോലെ തോന്നിച്ചു. അദ്ദേഹമെന്റെ മുഖത്തേക്ക് നോക്കിയില്ല.

കുരുടന്റെ സന്നിധാനത്തിലേക്കുള്ള യാത്രയിലാണല്ലേ?"

ഞാൻ മൂളി. ഗുഹക്കുള്ളിൽ ഒരു തിരി എരിയുന്നുണ്ടായിരുന്നു. ആ പ്രകാശം എനിക്ക് വളരെ പരിചിതമായി തോന്നി. എന്റെ സംശയം വായിച്ചെടുത്ത പോലെ അദ്ദേഹം പറഞ്ഞു.

"നിന്റെ ഒന്നാമത്തെ യാത്രയിൽ നീ ഇവിടെ ഉപേക്ഷിച്ചുപോയ നിന്റെ മനസ്സാണ് ഈ എരിയുന്നത്."

എനിക്കത്ഭുതം തോന്നി. എന്റെ മനസ്സിന് ഇത്രയും പ്രകാശം എങ്ങനെ കിട്ടി.

"യാത്രയിൽ ഇനിയും ഒരുപാട് ഗുഹകൾ കാണാം. അവിടെ എന്നെപ്പോലെ ഒരാളുണ്ടാകും. ഇനിയുള്ള ഗുഹകളിൽ നിന്റെ ബുദ്ധിയും ചിന്താശേഷിയും അങ്ങനെ ഓരോന്ന് എരിഞ്ഞടങ്ങിയിട്ടുണ്ടാവും; നടന്നോളൂ".

അതൊരു ആജ്ഞയായിരുന്നു. ഞാൻ നടന്നു. എനിക്കു പിന്നിൽ അയാളുടെ അമർത്തിയുള്ള ചിരി കേട്ടു. വല്ലാത്ത മടുപ്പ് തോന്നി. ഇനിയും ഒരുപാടു ദൂരം.

മൂന്നാമത്തെ മലയുടെ നെറുകയിലേക്ക് ആളുകൾ നടന്നടുക്കുകയായിരുന്നു. അവർ ചുമന്നുകൊണ്ടിരുന്ന ഹീറത്തിൽ എനിക്കു മുൻപേ പോയ ആളുടെ മനസ്സും ബുദ്ധിയും ചിന്താശേഷിയും ആർപ്പുവിളികളോടെ ആനയിച്ചുകൊണ്ടിരുന്നു.

ഒരു പാടു ഗുഹകൾ ഞാൻ പിന്നിട്ടു. തിരികളിലെരിഞ്ഞിരുന്ന എനിക്ക് നഷ്ടപ്പെട്ട പലതും ഞാൻ കണ്ടു. കുരുടന്റെ അടുത്തേക്ക് ഇനിയൽപദൂരം മാത്രം. യാത്രയവസാനിക്കാറായെങ്കിലും വല്ലാത്ത ഭയം തോന്നി.

കുരുടന്റെ സന്നിധിയിലേക്ക് പതിനെട്ട് പടികളായിരുന്നു. പതിനെട്ടാമത്തെ പടിയിൽ ഒരു കമ്പിയിൽ ബന്ധിച്ച ഒരു ശ്രീകൃഷ്ണപരുന്ത് എന്നെ സ്നേഹത്തോടെ നോക്കി. പരുന്തിനു മുൻപിൽ ഒരു ചെറിയ മാംസം കിടപ്പുണ്ടായിരുന്നു.

നടയടച്ചിരിക്കുകയാണ്. ഞാൻ പ്രദക്ഷിണം വച്ചു. തീർത്ഥം ഒഴുകിവരുന്ന ചാലിൽ ചോരയുടെ രുചിയുള്ള വെള്ളം ഒഴുകിവരുന്നു. എനിക്ക് ഭയമേറിവന്നു. പെട്ടെന്ന് ഭയങ്കരശബ്ദത്തോടെ വാതിൽ തുറന്നു. കുരുടന്റെ സന്നിധിയിൽ കണ്ട കാഴ്ച പലതും കാണാതെ പോയ മനുഷ്യകുലത്തിന് പുതിയതായിരുന്നു.

കുരുടനെയാരോ തല്ലിക്കൊന്ന് കുന്തുകാലിലിരുത്തിയിരിക്കുന്നു. കൈകൾ മുട്ടിനുമുകളിലൂടെ മുൻപോട്ട് നീട്ടിയിട്ടുണ്ട്. ഞാൻ അകത്തേക്ക് കയറി. വെട്ടിയാണ് കൊന്നിരിക്കുന്നത്. മരിച്ചുവെന്ന് തിരിച്ചറിയാത്ത വിധം തലക്കു പിന്നിൽ നിന്ന് എന്തോ ഒന്ന് കൊലയാളികൾ നീക്കം ചെയ്തിരുന്നു. തിരിഞ്ഞു നോക്കുമ്പോൾ എന്റെ പിറകിൽ വന്നവർ മൂന്നാമത്തെ മലയുടെ മുകളിലേക്ക് നോക്കി തൊഴുതു നിൽക്കുകയായിരുന്നു. മൂന്നാമത്തെ മലയുടെ നെറുകയിൽ എത്തിയവർ ഹീറം എരിഞ്ഞൊടുങ്ങാൻ വിധിച്ചിരുന്നു. അവർ മുന്നു പ്രാവശ്യം ഉയർത്തിക്കാണിച്ച വെളിച്ചം എന്റെ പിൻഗാമികൾക്ക് ആരാധിക്കാൻ ഒരു കാരണമായി മാറി. അസ്തിത്വം എരിഞ്ഞുതീരുന്നത് അറിയാതെ അവർ മടങ്ങിവരണമെന്നുറപ്പിച്ച് തിരികെ നടന്നു.

ഇനിയൊരു മടക്കയാത്രയില്ലെന്നുറപ്പിച്ച് തിരികെ നടക്കുമ്പോൾ, മുകളിൽ കത്തിജ്ജ്വലിച്ചുനിന്ന സൂര്യനെ വെറുതെ ഒരു ആലിലകൊണ്ട് മറച്ചുവെക്കാൻ ശ്രമിച്ചു നോക്കി. ആ പ്രപഞ്ചാഗ്നിഗോളം മറഞ്ഞു എന്നുള്ളതാണ് സത്യം.


അനൂപ് മോഹൻ

മൂന്നാംവർഷ ഇംഗ്ലീഷ്ബിരുദം

# Quest

## Analysis of the survey conducted in UC College on the current socio - political scenario

- രാഷ്ട്രീയം
- മതം, ജാതി, കലാപങ്ങൾ
- സ്ത്രീസമത്വം
- മാധ്യമങ്ങൾ
- ക്യാമ്പസ് രാഷ്ട്രീയം

Cordination & Analysis : Magazine Committee

എല്ലാം മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയവും സാമൂഹ്യജീവിതവും മതവുമെല്ലാം. പക്ഷെ ഈ മാറ്റങ്ങളെല്ലാം സംഭവിക്കുന്നത് ശരിയായ ദിശയിലാണോ എന്ന ചോദ്യം മാത്രം അവശേഷിക്കുന്നു. കാരണം എല്ലാ മാറ്റങ്ങൾക്കും ഹേതുവാകുന്നത് നമ്മുടെ തന്നെ പ്രവൃത്തികളാണല്ലോ. പ്രാപഞ്ചികമായ മാനുഷിക മൂല്യങ്ങൾ എല്ലാവരും എല്ലായിടത്തും അംഗീകരിക്കുന്നതാണ്. എന്നാൽ മിക്കപ്പോഴും ഒരാളുടെയോ ഒരു ഗ്രൂപ്പിന്റെയോ സ്വാർത്ഥചിന്തകളിൽ നിന്നുത്ഭവിക്കുന്ന മാറ്റങ്ങൾക്കും മറ്റുള്ളവർ വിധേയരാകേണ്ടി വരാറില്ലേ?

THE MIDNIGHT SUN ആമുഖത്തിൽ സൂചിപ്പിച്ചതു പോലെ നമ്മളെന്തു കൊതിക്കണമെന്ന് വേറെയാരോ തീരുമാനിച്ചുകൊണ്ടിരിക്കുകയല്ലേ? സ്ഥാപനവത്കരിക്കപ്പെട്ട മതങ്ങളും രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളും കൂട്ടത്തിൽ ദിശ തെറ്റിയ (അതോ ഇല്ലാത്തതോ) മാസ്മീഡിയയും നമ്മുടെ ചുണ്ടുവിരലിന്റെ ചലനം പോലും ടി.വി. റിമോട്ടിലൂടെ അവരുടെ നിയന്ത്രണത്തിലാണെന്നു വിശ്വസിക്കുന്നു. അതൊരു ഉറച്ച വിശ്വാസമാണെന്നു കരുതുക പ്രയാസം. ഒരാൾ പ്രതിനിധീകരിക്കുന്ന ആദർശത്തിനെ ബഹുമാനിക്കണം; സ്വയം സമർപ്പണവും, പൂർണ്ണവിശ്വാസവും കാണുകയാണെങ്കിൽ. സ്വപ്നങ്ങൾ എന്താകണമെന്നു തീരുമാനിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾ ഒന്ന് സ്വയം ചോദിച്ചാൽ കൊള്ളാം, ഈ സമർപ്പണവും പൂർണ്ണവിശ്വാസവും നിങ്ങൾക്കുണ്ടോയെന്ന്?

ഞങ്ങളും സ്വയം ചോദിച്ചു; ഞങ്ങളെ ബാധിക്കുന്ന കാര്യങ്ങളിൽ ചിലതിനെ ഞങ്ങൾ എങ്ങനെയാണ് മനസ്സിലാക്കിയിരിക്കുന്നതെന്ന്. അതാണ് 'Quest'.

നമ്മുടെ രാജ്യത്ത് ഇന്നു മാറിവരുന്ന രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളെക്കുറിച്ച് കോളേജിലെ വിദ്യാർത്ഥികളുടെ അഭിപ്രായങ്ങളുടെ ഒരു നിരീക്ഷണപഠനമാണിത്. ഇതൊരു മാഗസിൻ കമ്മിറ്റിയുടെയോ കോളേജ് യൂണിയന്റെയോ മാത്രം അഭിപ്രായങ്ങളല്ല. മൊത്തം വിദ്യാർത്ഥികളുടെ ഒരു അഭിപ്രായം ഇതിലുണ്ട്. ബിരുദത്തിനും, ബിരുദാനന്തരബിരുദത്തിനും പഠിക്കുന്ന ആൺകുട്ടികളും പെൺകുട്ടികളും ഇതിൽ പങ്കെടുത്തിട്ടുണ്ട്. ഇരുപത്തഞ്ചു ചോദ്യങ്ങളടങ്ങിയ ഒരു ചോദ്യാവലിയാണ് വിതരണം ചെയ്തത്. മിക്കവാറും ചോദ്യങ്ങൾക്ക് മറുപടിയായി ഓപ്ഷൻ കൊടുക്കുന്നതോടൊപ്പം ക്വാളിറ്റേറ്റീവ് ആയ വിശദീകരണങ്ങൾക്കും ചോദ്യാവലിയിൽ ഇടം നൽകിയിരുന്നു.

പ്രധാനമായും വിദ്യാർത്ഥികളുടെ അഭിപ്രായമാരാഞ്ഞത് ചുവടെ പറയുന്ന കാര്യങ്ങളിലാണ്.

1. രാഷ്ട്രീയം
2. മതം, ജാതി, കലാപങ്ങൾ
3. സ്ത്രീസമത്വം
4. മാധ്യമങ്ങൾ
5. ക്യാമ്പസ് രാഷ്ട്രീയം


## രാഷ്ട്രീയം

**ചരിത്രത്തിന്റെ നിരന്തരമായ പ്രക്രിയകളിലൂടെ വളർന്നുവന്ന രാഷ്ട്രീയ സ്ഥാപനങ്ങളും അവയെ നിയന്ത്രിക്കുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങളുമാണ് ലോകത്തിലെവിടെയും ഭരണാധികാരികളായിട്ടുള്ളത്. ഭരണാധികാരികൾ കൈക്കൊള്ളുന്ന ഏതു തീരുമാനവും രാഷ്ട്രീയ തീരുമാനങ്ങളാണ്. ജീവിതക്രമവുമായി ബന്ധപ്പെട്ട മേഖലകളിൽ (അതു തൊഴിൽ മേഖലയാകാം, സാംസ്കാരികമേഖലയാകാം, വിദ്യാഭ്യാസമേഖലയാകാം) നമ്മളുയർത്തുന്ന ഏതാവശ്യവും രാഷ്ട്രീയപരമാണ്.**

> ജീവിതക്രമവുമായി ബന്ധപ്പെട്ട മേഖലകളിൽ (അതു തൊഴിൽ മേഖലയാകാം, സാംസ്കാരിക മേഖലയാകാം, വിദ്യാഭ്യാസ മേഖലയാകാം) നമ്മളുയർത്തുന്ന ഏതാവശ്യവും രാഷ്ട്രീയപരമാണ്.

രാഷ്ട്രീയമെന്നു പറയുമ്പോൾ ഇന്ന് നമുക്ക് എന്താണ്? ഇത് കുറെയാളുകൾക്ക് തൊഴിൽ നൽകുന്ന ഒരു പ്രസ്ഥാനമോ? രാഷ്ട്രീയപ്രവർത്തിനത്തിലേർപ്പെടുന്നവർ വിചാരിക്കുന്നതു പോലെ തന്നെയാണോ പുറത്തുള്ളവരും രാഷ്ട്രീയ പ്രവർത്തനത്തെ കാണുന്നത്? അല്ലെങ്കിൽ പിന്നെ രാഷ്ട്രീയത്തിനു അകവും പുറവുമുണ്ടോ? എല്ലാവരും ഇതിൽ ഉൾപ്പെട്ടതല്ലേ?

'Quest' പ്രധാനമായും വിദ്യാർത്ഥികളോട് ചോദിച്ചത് രാഷ്ട്രീയത്തെക്കുറിച്ചുള്ള അവരുടെ അഭിപ്രായവും ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയം ഉയർത്തിക്കാട്ടുന്ന ചില പ്രശ്നങ്ങളെയും കുറിച്ചായിരുന്നു.




സർവ്വേയിൽ പങ്കെടുത്തവരിൽ 79.52% പേരും രാഷ്ട്രീയത്തെ സാമൂഹിക പുരോഗതിക്കു വേണ്ടിയുള്ള കൂട്ടായ പ്രവർത്തനം ആണെന്നാണ് കരുതുന്നത്. 13.25% പേർ രാഷ്ട്രീയ സംഘടനകൾ അവർക്കു വേണ്ടി മാത്രം നടത്തുന്ന പ്രവർത്തനങ്ങൾ ആയിട്ടാണ് രാഷ്ട്രീയത്തെ കാണുന്നത്. 2.41% പേർ രാഷ്ട്രീയത്തെ ഒരു തൊഴിലായി കാണുന്നു. ഇതിൽ നിന്ന് നാം മനസ്സിലാക്കേണ്ടത് ഭൂരിഭാഗവും, സേവനവും സാമൂഹികപുരോഗതിയുമാണ് രാഷ്ട്രീയം കൊണ്ടുദ്ദേശിക്കുന്നത് എന്നാണ്. അതുകൊണ്ടുതന്നെ 83% വിദ്യാർത്ഥികളും രാഷ്ട്രീയത്തെ ഇഷ്ടപ്പെടുന്നു.


മനുഷ്യമനസ്സുകളിൽ അന്തർലീന മായിരിക്കുന്ന മതവിശ്വാസവും ജാതീയതയും ഉണർത്തി മനുഷ്യന്റെ യഥാർത്ഥ ജീവിതപ്രശ്നങ്ങളിൽ നിന്നും ശ്രദ്ധതിരിച്ചുവിടുകയെന്നതാണ് വർഗ്ഗീയതയുടെ തത്വശാസ്ത്രം.

## മതം, ജാതി, കലാപങ്ങൾ

THE MIDNIGHT SUN 25 -ാം പേജിൽ 'ഉറവകൾ തേടി' എന്ന ലേഖനത്തിൽ മാനവപുരോഗതിയുടെ പ്രയാണം പുറകിലേക്കാണെന്നാണ് സമർത്ഥിച്ചിരിക്കുന്നത് മതത്തിന്റെയും ജാതിയുടെയും പേരിലുള്ള ഐഡന്റിറ്റിയുടെ പ്രസക്തി THE MIDNIGHT SUN എഡിറ്റോറിയലിൽത്തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വിഭാഗീയതയുടെ വക്താക്കളോട് ഞങ്ങൾക്കും ചിലത് ചോദിക്കാനുണ്ട്.


അരാഷ്ട്രീയവാദത്തിലൂടെ മനുഷ്യന് നഷ്ടപ്പെട്ടുപോകുന്ന രാഷ്ട്രീയബോധത്തിന്റെ സ്ഥാനത്ത് ആദ്ധ്യാത്മികതയുടേയും ഭക്തിയുടേയും ചിഹ്നങ്ങൾ പ്രതിഷ്ഠിച്ച്, മനുഷ്യമനസ്സുകളിൽ അന്തർലീനമായിരിക്കുന്ന മതവിശ്വാസവും ജാതീയതയും ഉണർത്തി മനുഷ്യന്റെ യഥാർത്ഥ ജീവിതപ്രശ്നങ്ങളിൽ നിന്നും ശ്രദ്ധതിരിച്ചുവിടുകയെന്നതാണ് വർഗ്ഗീയതയുടെ തത്വശാസ്ത്രം.

സംസ്കാരത്തിന്റെയും, പൈതൃകത്തിന്റെയും ഭാഗമായ ആചാരാനുഷ്ഠാനങ്ങളെയും ബിംബങ്ങളെയും വിമർശിക്കുമ്പോൾ പാരമ്പര്യത്തിൽ നിന്നുമുള്ള സമ്പൂർണ്ണവിഛേദമല്ലേ സംഭവിക്കുന്നത്? സഹിഷ്ണുതയുടെയും സ്നേഹത്തിന്റെയും വാതിലുകളല്ലേ നിങ്ങൾ കൊട്ടിയടക്കുന്നത്? അപ്രായോഗികമെന്നു പറഞ്ഞ് മുഖം തിരിക്കുമ്പോഴും നിങ്ങളുടെ ഉള്ളിന്റെയുള്ളിലും ഇതേ ചോദ്യങ്ങളുണ്ടെന്ന് ഞങ്ങൾക്കറിയാം.




ചങ്ങലകൾ പൊട്ടിച്ചെറിയാൻ, കുട്ടികളുടെ കാഴ്ചപ്പാടുകൾ നിങ്ങളെ സഹായിച്ചേക്കാം.

യുവതലമുറയുടെ ചിന്തകളിൽ മതമെന്താണ്? ജാതിയെ ഏതു രീതിയിലാണ് അവർ കാണുന്നത്? ജാതികേന്ദ്രീകൃത മനുഷ്യജീവിതത്തിന്റെ വിവിധ മുഖങ്ങൾ- ജാതിവ്യവസ്ഥ, സാമുദായിക സംഘടനകൾ-അവരെങ്ങനെ നോക്കിക്കാണുന്നു? സർവ്വെയിൽ പങ്കെടുത്തവരിൽ, 94% പേരും ജാതികേന്ദ്രീകൃത മനുഷ്യജീവിതം പുരോഗമനമാണെന്നു കരുതുന്നില്ല. 95.18% പേരും ഇപ്പോഴും ജാതിവ്യവസ്ഥ നിലനിൽക്കുന്നുണ്ടെന്നു പറഞ്ഞു. N.S.S., S.N.D.P. മുതലായ സാമുദായിക സംഘടനകൾ സാമുദായിക ഉന്നമനത്തിനാണ് പ്രവർത്തിക്കേണ്ടതെന്ന് 43.37% പേർ അഭിപ്രായപ്പെട്ടപ്പോൾ 31.3% പേർ സാമുദായിക സംഘടനകൾ ജാതിയെ സാമൂഹ്യ-രാഷ്ട്രീയ അധികാരങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ഉപാധിയാക്കുന്നുവെന്നും 21.69% പേർ വ്യക്തിതാല്പര്യങ്ങൾ സംരക്ഷിക്കലാണ് നടക്കുന്നതെന്നും അഭിപ്രായപ്പെട്ടു.





സർവ്വെയിൽ പങ്കെടുത്ത 60.24% വിദ്യാർത്ഥികളും ജാതിയെ സമൂഹാരാധനയ്ക്കുള്ള മാർഗ്ഗമായിട്ട് മാത്രമാണു കാണേണ്ടത് എന്ന് അഭിപ്രായപ്പെട്ടു. തൊഴിൽപരമായ തരംതിരിവിനായാണ് ജാതിവ്യവസ്ഥ നിലവിൽ വന്നതെന്ന് ചരിത്രപുസ്തകങ്ങളിൽ നിന്ന് നമുക്ക് അറിവുള്ളതാണെങ്കിലും, ഇന്ന് ജാതി തൊഴിൽപരമാണെന്ന് 1.2% പേർ മാത്രമേ വിചാരിക്കുന്നുള്ളൂ.

**ക്രിസ്തീയ പുരോഹിതൻമാർ ഇടയലേഖനങ്ങളിലൂടെയും നായർ സമുദായ നേതാക്കൾ കരയോഗ ത്തിന്റെ സംഘടനാബലത്തിലൂടെയും ജാതീയമായ വിലപേശൽ നടത്തുമ്പോൾ വെള്ളാപ്പിള്ളി നടേശനെപ്പോലെയുള്ളവർ ഒരു പടികൂടികടന്ന് വ്യക്തിതാത്പര്യം കൂടി ജാതിയുടെ മറവിൽ നേടിയെടുക്കുന്നത് ഇവിടെ വിചാരണക്ക് വിധേയ മാക്കപ്പെടുന്നു.**

സംഘടിതമതത്തിന്റെ ആക്രമണോത്സുകതയിൽ നിരന്തരം കുരിശു വഹിക്കാൻ വിധിക്കപ്പെട്ട നിർഭാഗ്യവാന്മാരായ മനുഷ്യരുടെ സങ്കടങ്ങൾ...... ക്രൂശിക്കാൻ ആണികൾ തീർത്തവന്റെയും ക്രൂശിക്കപ്പെടുന്നവന്റെയും ദുഃഖം ഒന്നു തന്നെയാണ്. അവർക്കിടയിൽ ശത്രുതയുടെ അഗ്നിയില്ല. യഥാർത്ഥശത്രുക്കൾ അനുയായികളായി നടിക്കുന്നവരാണ്. അവരുടെ സ്വാർത്ഥതയാണ്. പ്രശസ്തനായൊരു എഴുത്തുകാരന്റെ വാക്കുകളാണിവ. നിങ്ങളും വായിച്ചിട്ടുണ്ടാകും.


ഗുജറാത്ത്, മാറാട് മുതലായ വർഗ്ഗീയ കലാപങ്ങൾ, മതപരിവർത്തനം, ഗോവധം, ത്രിശൂല വിതരണം, അയോദ്ധ്യയിലെ രാമജന്മഭൂമി- മസ്ജിദ് പ്രശ്നം എന്നിവയിൽ വിദ്യാർത്ഥിസമൂഹത്തിന്റെ പ്രതികരണം കൂടി നമുക്കൊന്നു നോക്കാം.




ദേശീയതയിലെ വിഭാഗീയതയെ ഭൂരിഭാഗം വിദ്യാർത്ഥി-

> മനുഷ്യദൈവ ങ്ങൾക്ക് വളക്കൂറുള്ള മണ്ണ് സൃഷ്ടിക്കുന്നത് സാമൂഹ്യ ബോധത്തിൽ ക്ഷേമരാഷ്ട്ര സങ്കല്പത്തിന്റെ അഭാവമാണ്. ഇവിടെയാണ് അമൃതാനന്ദമയിയും സായിബാബയും പോട്ട ധ്യാന കേന്ദ്രവുമെല്ലാം പ്രസക്തമാകുന്നത്


കളും മനസ്സിലാക്കിയിട്ടുണ്ട്. എങ്കിലും വിഭാഗീയത പ്രകടമാകുന്ന എല്ലാ കാര്യങ്ങളെയും അവർ നെഗറ്റീവ് ആയല്ല കാണുന്നത്. വർഗ്ഗീയ കലാപങ്ങൾ ഇനിയും ആവർത്തിക്കുമെന്ന് 92% പേരും കരുതുന്നു. കലാപങ്ങൾ ആവർത്തിക്കാതിരിക്കാൻ മതം, ജാതി മുതലായവ വ്യക്തിയുടെ വിശ്വാസങ്ങൾ മാത്രമായിരിക്കണമെന്ന് 44.58% വും വ്യക്തിയുടെ ഐഡന്റിറ്റി ജാതിമതചിന്തകളിൽ കേന്ദ്രീകൃതമാവാതിരിക്കണമെന്ന് 39.76%വും അഭിപ്രായപ്പെട്ടു. മതപരിവർത്തനം, ഗോവധം, ത്രിശൂലവിതരണം എന്നിവയെല്ലാം വില കുറഞ്ഞ കക്ഷിരാഷ്ട്രീയമെന്ന് 66.26% പേരും വിശ്വസിക്കുന്നു. 19.28% അജ്ഞതയെ ചൂഷണം ചെയ്യുകയാണെന്നു കരുതുമ്പോൾ 9.64% പേർ മാത്രമാണ് ഇവയെല്ലാം സാമൂഹ്യവും മതപരവുമായ ഉന്നമനമെന്ന് അഭിപ്രായപ്പെട്ടത്. അയോദ്ധ്യയിലെ രാമജന്മഭൂമി-മസ്ജിദ് പ്രശ്നം കോടതി മുഖേന പരിഹരിക്കണമെന്ന് 71.08% പേരും കരുതുന്നു. മതമേലദ്ധ്യക്ഷന്മാരുടെ ചർച്ചകളിലൂടെയാകാമെന്ന് കരുതുന്നവർ 26.51% പേരാണ്. എന്നാൽ രാഷ്ട്രീയ പാർട്ടികളുടെ ഇടപെടലുകളെ 1.2% പേർ മാത്രമാണ് സ്വാഗതം ചെയ്തത്.




ഹിന്ദുത്വ അജണ്ട കൊണ്ടുനടക്കുന്ന സംഘപരിവാർ പ്രസ്ഥാനങ്ങൾക്ക് പ്രശ്നപരിഹാരം ഉണ്ടാക്കാൻ കഴിയില്ലെന്ന തിരിച്ചറിവ് വിദ്യാർത്ഥികൾക്കുണ്ട്. ഹിന്ദു-മുസ്ലീം വർഗ്ഗീയത പ്രചരണായുധമാക്കുന്ന രാഷ്ട്രീയ പാർട്ടികളെ നാം തിരസ്ക്കരിക്കേണ്ടതാണ്.




മനുഷ്യദൈവങ്ങൾ, ധ്യാനകേന്ദ്രങ്ങൾ എന്നിവയെക്കുറിച്ച് അഭിപ്രായമാരാഞ്ഞപ്പോൾ അവയെല്ലാം തട്ടിപ്പാണെന്ന് 55.42% പേരും പ്രശ്നങ്ങളിൽ ഒരു അത്താണിയും ആശ്രയവുമാണെന്ന് 38.55% പേരും പ്രതികരിച്ചു. എന്നാൽ ഇവ ദൈവത്തിന്റെ മനുഷ്യാവതാരങ്ങളാണെന്ന് 1.2%പേർക്കു മാത്രമേ അഭിപ്രായമുള്ളൂ.




ജീവിതത്തിന്റെ സമസ്ത തലങ്ങളെയും ആത്മീയതയുടെ പ്രഭവസ്ഥാനങ്ങളാണെന്ന് സ്വയം ഉദ്ഘോഷിക്കുന്ന വ്യക്തികളിലേക്ക് കേന്ദ്രീകരിക്കുന്ന മനുഷ്യദൈവങ്ങൾക്ക് വളക്കൂറുള്ള മണ്ണ് സൃഷ്ടിക്കുന്നത് സാമൂഹ്യബോധത്തിൽ ക്ഷേമരാഷ്ട്ര സങ്കല്പത്തിന്റെ അഭാവമാണ്. ഇവിടെയാണ് അമൃതാനന്ദമയിയും സായിബാബയും പോട്ട ധ്യാന കേന്ദ്രവുമെല്ലാം പ്രസക്തമാകുന്നത്.

## സ്ത്രീസമത്വം

മതം സ്ത്രീ സമത്വത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ടോ എന്ന ചോദ്യത്തിന് 80% പേരും ഇല്ല എന്നാണ് ഉത്തരം പറഞ്ഞത്. ഇതിൽ 54.21% പേരും -പുരുഷപുരോഹിതർ, മുസ്ലീം സ്ത്രീകൾക്ക് പള്ളികളിൽ പ്രവേശനമില്ലായ്മ, പുരുഷക്രിസ്ത്യൻ പുരോഹിതന്മാർ മുതലായവ - മതം സ്ത്രീ അസമത്വത്തെ പിന്താങ്ങുന്നതിനുള്ള ഉദാഹരണങ്ങളാണെന്ന് തന്നെയാണ് അഭിപ്രായപ്പെട്ടത്. സംഘടിതമതത്തിന്റെ പ്രവർത്തനങ്ങളെ അന്ധമായി അംഗീകരിക്കുന്നതിനുമപ്പുറം വിമർശനപരമായിത്തന്നെ സമീപിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് തന്നെയാണ് ഇത് വിരൽ ചൂണ്ടുന്നത്.





## മാധ്യമങ്ങൾ

**"Were it left to me to decide whether we should have a Government without Newspapers or Newspapers without Government, I should not hesitate a moment to prefer the latter".**

തോമസ് ജെഫേഴ്സൺ പറഞ്ഞ വാക്കുകളാണിവ. പത്രങ്ങളോടൊപ്പം മറ്റു പ്രിന്റ്/ഇലക്ട്രോണിക് മാധ്യമങ്ങളും കൂടി ചേരുമ്പോൾ ഇന്നത്തെ നമ്മുടെ മീഡിയ ചിത്രം പൂർണ്ണമാകുന്നു. ഇന്ന് അദ്ദേഹത്തിന്റെ അഭിപ്രായത്തിന് മാറ്റമുണ്ടാകുമോ ?

മീഡിയയുടെ റോളിനെക്കുറിച്ച് വിദ്യാർത്ഥികളെന്താണു കരുതുന്നതെന്ന് നമുക്കൊന്നു പരിശോധിക്കാം.

സർവ്വെയിൽ പങ്കെടുത്തവരിൽ 63.86% പേരുടെ മീഡിയ പ്രിഫറൻസ് ടെലിവിഷൻ തന്നെയാണ് 26.51% പേർ പത്രവും 8.43% റേഡിയോയും കൂടുതൽ ഇഷ്ടപ്പെടുന്നു. 88% പേരും മീഡിയയുടെ അതിപ്രസരമുണ്ടെന്നു തന്നെ കരുതുന്നു. 92% മാധ്യമങ്ങൾ സാമൂഹ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് പ്രതീക്ഷയ്ക്കൊത്ത് ഉയരുന്നില്ല എന്ന് അഭിപ്രായപ്പെട്ടു. ക്വാളിറ്റേറ്റീവ് ആയിട്ടുള്ള അഭിപ്രായങ്ങളിൽ ഭൂരിഭാഗം പേരും രൂക്ഷമായ വിമർശനം അഴിച്ചുവിട്ടു. പൊതുവായ അഭിപ്രായങ്ങൾ ചുവടെ ചേർക്കുന്നു.




● ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ നിസ്സാരകാര്യങ്ങളെ പെരുപ്പിച്ച് കാണിച്ച് ഇല്ലാത്ത പ്രശ്നങ്ങളുണ്ടാക്കുന്നു.

● എല്ലാ സാമൂഹ്യപ്രശ്നങ്ങളും വേണ്ടത്ര ഗൗരവത്തോടെ ഫോളോ അപ്പ് റിപ്പോർട്ടിംഗിലൂടെ അവതരിപ്പിക്കുന്നില്ല. തൃപ്തികരമായി അന്വേഷിക്കുന്നില്ല.

● പരസ്യങ്ങളുടെ ചവറ്റുകൊട്ടയാണ് മാധ്യമങ്ങൾ. ചില പത്രങ്ങൾ പരസ്യങ്ങൾക്കുവേണ്ടി മാത്രമാണ് അച്ചടിക്കുന്നത്.

● പ്രേക്ഷകരെ സുഖിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ അമിതപ്രാധാന്യം നൽകുകയും പബ്ലിസിറ്റി സ്റ്റണ്ടിനു വേണ്ടി അനാവശ്യവിവാദങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

● പലപ്പോഴും പരസ്പര ബന്ധമില്ലാത്ത റിപ്പോർട്ടുകൾ വരുന്നു.


● എല്ലാത്തിനും പുറമെ, മാധ്യമങ്ങളും സത്യസന്ധമായ കാര്യങ്ങളാണോ കമ്മ്യൂണിക്കേറ്റ് ചെയ്യുന്നതെന്ന് ഉറപ്പില്ല.

മറ്റേതൊരു ബ്രാൻഡുപോലെ പൊസിഷനിംഗ് റീഡിസ്കവർ ചെയ്യാൻ ശ്രമിക്കുന്ന മാധ്യമ മാനേജ്മെന്റുകൾ സമൂഹത്തിൽ അവരുടെ യഥാർത്ഥ്യവും അത്യന്തികവുമായ പൊസിഷനെ വിസ്മരിക്കരുത് എന്നു തന്നെയാണ് ഈ അഭിപ്രായങ്ങൾ തെളിയിക്കുന്നത്.

മാധ്യമങ്ങൾ സാമൂഹ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന രീതിയിൽ പുതുതായി എന്തെങ്കിലും നിർദ്ദേശിക്കാനുണ്ടോ എന്ന ചോദ്യത്തിനുള്ള പ്രതികരണങ്ങൾ ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

● പ്രശ്നപരിഹാരങ്ങൾക്കായി മാധ്യമങ്ങൾ നൂതനാശയങ്ങൾ കൊണ്ടുവരിക. അതിലൂടെ ജനങ്ങളെ ബോധവത്കരിക്കുക.

● ജനങ്ങൾക്ക് വിശ്വാസം വരത്തക്കരീതിയിൽ വിവിധ പ്രശ്നങ്ങളിൽ അനുകൂലിക്കുന്നവരുടെയും പ്രതികൂലിക്കുന്നവരുടെയും അഭിപ്രായങ്ങൾ തുറന്ന് എഴുതുക.




● വെറുതെ വിവാദങ്ങളുണ്ടാക്കുന്നതിനു പകരം പ്രശ്നങ്ങളുടെ ആഴങ്ങളിലേക്കിറങ്ങിച്ചെന്ന് പരിഹാര നിർദ്ദേശങ്ങളുടെ വേദിയാകണം. പ്രാദേശികപ്രശ്നങ്ങൾക്ക് ഊന്നൽ നൽകണം.

● സംഭവങ്ങളെ വളച്ചൊടിച്ച് മസാല ചേർത്ത് അവതരിപ്പിക്കുന്നത് നിർത്തണം.


● മതങ്ങൾക്ക് അമിതപ്രാധാന്യം കൊടുത്ത് വാർത്തകൾ സൃഷ്ടിക്കരുത്.

മാധ്യമങ്ങളിലെ മതപരിപാടികളുടെ ആനുപാതിക കവറേജ് മതതീവ്രതയെ പ്രോത്സാഹിപ്പിക്കുന്നതാണോ എന്ന ചോദ്യത്തിന് 60.24% വിദ്യാർത്ഥികളും ആണ് എന്ന് പ്രതികരിച്ചു.

## ക്യാമ്പസ് രാഷ്ട്രീയം

എല്ലാ അനുകൂലാവസ്ഥയിലും പ്രതികൂല ഭാവങ്ങളുണ്ട്. എല്ലാ പ്രതികൂലാവസ്ഥയിലും അനുകൂല ഭാവങ്ങളും. ദൗർബ്ബല്യം പലപ്പോഴും ശക്തിയും ശക്തി ദൗർബ്ബല്യവുമായിത്തീരും.വൈരുദ്ധ്യത്തിലെ ഏകത്വത്തെക്കുറിച്ച് മാവോയുടെ വാക്കുകളാണിവ

സമൂഹത്തിൽ ജനകീയ ഇടപെടൽ ഇല്ലായ്മചെയ്യുകയെന്നത് ഫാസിസ്റ്റ് പ്രമാണങ്ങളിലൊന്നാണ്. വിദ്യാർത്ഥികൾക്ക് രാഷ്ട്രീയം വേണ്ടെന്ന വാദത്തെ ഈ പശ്ചാത്തലത്തിൽ വേണം കാണാൻ.




കോടതിയുടെ പരിഗണനയിലിരിക്കുന്ന ക്യാമ്പസ് രാഷ്ട്രീയ നിരോധനത്തെക്കുറിച്ച് നിഷ്പക്ഷമായ നിലപാടെടുക്കുകയെന്ന ഭരണഘടനാപരമായ ഉത്തരവാദിത്വത്തെ THE MIDNIGHT SUN ബഹുമാനിക്കുന്നു. രാഷ്ട്രീയം സാമൂഹിക പുരോഗതിക്കുള്ള കൂട്ടായ പ്രവർത്തനമാണെ

ന്നാണ് ഞങ്ങളിൽ ഭൂരിഭാഗവും വിശ്വസിക്കുന്നതെന്ന് സർവ്വെയിൽ നിന്ന് വ്യക്തമായതാണല്ലൊ, (80%). ഇത്രയും മൂല്യവത്തായ ഒന്നിനെ നിരോധിക്കാനിടയായ സാഹച ര്യങ്ങളെക്കുറിച്ചും ഞങ്ങൾ ബോധവാന്മാരാണ്.

ക്യാമ്പസ്സ് രാഷ്ട്രീയത്തിൽ താഴെ പറയുന്ന കാര്യ ങ്ങളാണ് ഞങ്ങൾ വിദ്യാർത്ഥികളോട് ചോദിച്ചത്.

- അവരുടെ ഭാഗധേയത്വം
- ഓരോരുത്തരുടേയും വ്യക്തിപരമായ അനുഭവങ്ങൾ
- കോടതിയുടെ ഇടപെടൽ
- വർഗ്ഗീയ സംഘടനകളുടെ ക്യാമ്പസ് പതിപ്പുകൾ

സർവ്വെയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ ക്യാമ്പസ് രാഷ്ട്രീയത്തിൽ ഏതു രീതിയിലാണ് ഉൾപ്പെട്ടി രിക്കുന്നത് എന്നറിയേണ്ടത് വ്യക്തമായ ഒരു അനാലിസി സിന് ആവശ്യമായിരുന്നു. ലഭിച്ച മറുപടികളിൽ 49.4% പേർ പ്രത്യേകിച്ച് ഒരു പാർട്ടിയിലും ഉൾപ്പെടാതെ ന്യൂട്രൽ പൊസിഷനിലുള്ളവരായിരുന്നു. 37.35% ഏതെങ്കിലും ഒരു പാർട്ടിയോട് അനുഭാവം പ്രകടിപ്പിക്കുന്നവരും 7.23% പേർ സംഘടനാപ്രവർത്തകരുമായിരുന്നു.

വർഗ്ഗീയ സംഘടനകളുടെ ക്യാമ്പസ് പതിപ്പുകളെ 89.16% പേരും എതിർക്കുന്നു. കാരണങ്ങളിൽ ഒന്ന് അണു സംഘടനകൾ തമ്മിലുള്ള തർക്കങ്ങൾ രണ്ടുമതസമൂഹ ങ്ങളെ വരെ തമ്മിൽ തല്ലിക്കും എന്നായിരുന്നു. കോടതി യുടെ ഇടപെടലുകളെ 59.04% വിദ്യാർത്ഥികൾ എതിർക്കു കയും 24.1% അനുകൂലിക്കുകയും ചെയ്തു. 16.87% പ്രത്യേ കിച്ചൊരു അഭിപ്രായവും ഇല്ലാത്തവരായിരുന്നു.

ഓരോരുത്തരുടേയും വ്യക്തിപരമായ അനുഭവ ങ്ങളെടുത്താൽ ലഭിക്കുന്ന ചിത്രം ഇപ്രകാരമാണ്.

ചിലർ ക്യാമ്പസ് രാഷ്ട്രീയം ഇനിയും വളരേണ്ടി യിരിക്കുന്നുവെന്നും രാഷ്ട്രീയത്തിന്റെ പേരിലുള്ള അക്ര മത്തെ എതിർക്കുകയും ചെയ്യുന്നു. സമരങ്ങളുടെ അതി പ്രസരത്തെക്കുറിച്ചും അനാവശ്യകാര്യങ്ങൾക്കുപോലും സമരങ്ങളുണ്ടെന്നുമായിരുന്നു ചിലരുടെ പരാതികൾ. ക്യാമ്പസ് രാഷ്ട്രീയം ഇനിയും വളരേണ്ടിയിരിക്കുന്നു എന്ന് സമർത്ഥിക്കുന്ന വിധം അഭിപ്രായങ്ങളും ഉയർന്നു വന്നു. ക്യാമ്പസ് രാഷ്ട്രീയത്തിലുൾപ്പെട്ടവർ പരസ്പരം വെറുപ്പും വിദ്വേഷവും വച്ചു പുലർത്തുന്ന ഒരു കൂട്ടം വിദ്യാർത്ഥിക ളാണെന്നും, സ്ഥാനാർത്ഥിത്വം പെൺകുട്ടികളുടെ ഇടയിൽ ഷൈൻ ചെയ്യാനുള്ള അവസരമാക്കപ്പെടുന്നുവെന്നും ചിലർ അഭിപ്രായപ്പെട്ടു. ഒത്തിരി ക്ലാസ്സ് നഷ്ടപ്പെട്ടിട്ടുണ്ടെന്നും ചിലർ കൂട്ടിച്ചേർത്തു.

വേറൊരു കൂട്ടർ ഏതർത്ഥത്തിലും ക്യാമ്പസ് രാഷ്ട്രീയം വിദ്യാർത്ഥികൾക്ക് വരും കാലങ്ങളിലേക്കുള്ള ഒരു മുന്നറിവാണ് നൽകുന്നതെന്ന് പറഞ്ഞു. ഇത് കലാലയത്തിൽ പഠനം പോലെ ഒഴിച്ചുകൂടാൻ പറ്റാത്തതാണെന്ന് പറഞ്ഞതോടൊപ്പം വിദ്യാർത്ഥിസംഘടനകൾ വിദ്യാർത്ഥികളുടേതു മാത്രമായിരിക്കണമെന്ന് ഓർമ്മിപ്പിച്ചു. ഒരു പ്രത്യേക പാർട്ടി യോട് അനുഭാവം പ്രകടിപ്പിച്ചാൽ എതിർപാർട്ടി അവർക്കെ തിരെ തിരിയുന്ന പ്രവണതയെ ചിലർ എതിർക്കുന്നു.

മതം, രാഷ്ട്രീയം, സമ്പത്ത് മുതലായവ നിങ്ങളുടെ സൗഹൃദങ്ങളുടെ മാനദണ്ഡങ്ങളാണോ?




> ഏതർത്ഥത്തിലും ക്യാമ്പസ് രാഷ്ട്രീയം വിദ്യാർത്ഥികൾക്ക് വരും കാലങ്ങളിലേക്കുള്ള ഒരു മുന്നറിവാണ് നൽകുന്നത്

ക്യാമ്പസ് രാഷ്ട്രീയം പലപ്പോഴും അതിന്റെ സാദ്ധ്യതകൾ പൂർണ്ണമായും ഉപയോഗിക്കാതെ പോകുന്നു വെന്നാണ് മറ്റു ചിലർ അഭിപ്രായപ്പെട്ടത്. ഇപ്പോഴുള്ള തിൽ കൂടുതൽ ക്രിയാത്മകമായ പ്രവർത്തനമാണ് ഇവർ പ്രതീക്ഷിക്കുന്നത്.

ഒടുവിൽ മതം, രാഷ്ട്രീയം, സമ്പത്ത് മുതലായവ സൗഹൃദങ്ങളുടെ മാനദണ്ഡങ്ങളാണോ എന്ന ചോദ്യ ത്തിന് 97% പേരും അല്ല എന്നാണ് ഉത്തരം പറഞ്ഞത്. എന്നാൽ പ്രണയത്തിൽ 73.49% പേർക്കും ഇവ ബാധക മായിരിക്കുന്നു.

## ചില ഒറ്റപ്പെട്ട ശബ്ദങ്ങൾ

വിദ്യാർത്ഥി സമൂഹത്തെ ബാധിക്കുന്ന എല്ലാ കാര്യങ്ങളെ യും കുറിച്ച് മനസ്സിലാക്കാനുള്ള ശ്രമമായിരുന്നില്ല Quest ആനുകാലിക പ്രസക്തിയുള്ള ചില കാര്യങ്ങൾ മാത്രമാണ് Quest-ൽ ഉൾക്കൊള്ളിച്ചത്. അതുകൊണ്ടു തന്നെ നിങ്ങ ളിലൊരാൾ പറഞ്ഞതുപോലെ മതം, രാഷ്ട്രീയം, ജാതി ഇവ മാത്രമല്ല ഈ ലോകത്തിലുള്ളതെന്ന് ഞങ്ങളും മന സ്സിലാക്കുന്നു. എല്ലാവരും ഇതൊന്നു മനസ്സിലാക്കിയിരു ന്നെങ്കിൽ അല്ലേ?

**താക്കീത്**

രക്തസാക്ഷികളെ സൃഷ്ടിക്കാനും തീവ്രവാദിക്കു പ്രോത്സാഹനം നൽകാനുമായിരിക്കരുത് മതവും രാഷ്ട്രീ യവും.

**ആഹ്വാനം**

രാജ്യത്ത് മതേതരത്വം പുലരാൻ ഇനി പ്രയത്നി ക്കേണ്ടത് വിദ്യാർത്ഥിസംഘടനകളാണ്.

**അടുത്തപടിയായി...**

ഇങ്ങനെയുള്ള സർവ്വേകൾ കുട്ടികളിൽ കൂടുതൽ സാമൂഹ്യബോധമുണ്ടാക്കുന്നതിന് ഉപകരിക്കുന്നു. അതി നാൽ സർവ്വെയിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ ക്രോഡീ കരിച്ച് സാമൂഹികപ്രതിബദ്ധതയുള്ള തീരുമാനങ്ങൾ നട പ്പിലാക്കണം.

സഹകരിച്ച എല്ലാവർക്കും നന്ദി.....

Quest

Questionnaire

# കോളേജ് മാഗസിൻ 2002 2003
## സർവ്വെ

Name:
Sex:
Class:

1. രാഷ്ട്രീയം നിങ്ങൾക്കിഷ്ടമാണോ?
   a. അതെ  b. അല്ല
2. രാഷ്ട്രീയത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്?
   a. രാഷ്ട്രീയസംഘടനകൾ അവർക്കുവേണ്ടി മാത്രം നടത്തുന്ന പ്രവർത്തനങ്ങൾ
   b. തൊഴിൽ
   c. സാമൂഹ്യപുരോഗതിക്കു വേണ്ടിയുള്ള കൂട്ടായ പ്രവർത്തനം
3. ജാതികേന്ദ്രീകൃത മനുഷ്യജീവിതം പുരോഗമനമാണെന്ന് കരുതുന്നുണ്ടോ?
   a. ഉണ്ട്  b. അല്ല
4. ഇന്നത്തെ സാമൂഹിക ജീവിതത്തിൽ, ഇപ്പോഴും ജാതിവ്യവസ്ഥ നിലനിൽക്കുന്നുണ്ടോ?
   a. ഉണ്ട്  b. ഇല്ല
5. SNDP, NSS, ക്രൈസ്തവ സഭാവിഭാഗങ്ങൾ മുതലായ സംഘടനകളെ നിങ്ങൾ എങ്ങനെ നോക്കിക്കാണുന്നു?
   a. ജാതിയെ സാമൂഹ്യ-രാഷ്ട്രീയ അധികാരങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ഉപാധിയാക്കുന്നു
   b. വ്യക്തി താൽപര്യങ്ങൾ സംരക്ഷിക്കൽ
   c. സാമുദായിക ഉന്നമനം
6. ജാതിയെ ഏതു രീതിയിലാണ് നാം കാണേണ്ടത്?
   a. ശ്രേഷ്ഠതക്കും മാന്യതക്കും വേണ്ടി ജന്മംകൊണ്ട് കിട്ടിയ മാർഗ്ഗം
   b. തൊഴിൽപരം
   c. സമൂഹ ആരാധനക്കുള്ള മാർഗ്ഗം
7. മതം സ്ത്രീസമത്വത്തെ പ്രോൽസാഹിപ്പിക്കുന്നുണ്ടോ?
   a. ഉണ്ട്  b. ഇല്ല
8. മനുഷ്യദൈവങ്ങൾ, ധ്യാനകേന്ദ്രങ്ങൾ - എന്താണ് അഭിപ്രായം?
   a. ദൈവത്തിന്റെ മനുഷ്യാവതാരങ്ങൾ
   b. പ്രശ്നങ്ങളിൽ ഒരു അത്താണിയും ആശ്രയവും
   c. തട്ടിപ്പ്
9. ഗുജറാത്ത്, മാറാട് പോലുള്ള വർഗ്ഗീയ കലാപങ്ങൾ ഇനിയുമാവർത്തിക്കുമോ?
   a. ഉണ്ട്  b. ഇല്ല

   കലാപങ്ങൾ ആവർത്തിക്കാതിരിക്കാൻ
   a. മതം, ജാതി മുതലായവ വ്യക്തിയുടെ വിശ്വാസങ്ങൾ മാത്രമായിരിക്കണം
   b. ജാതി രാഷ്ട്രീയത്തെ ഇല്ലായ്മ ചെയ്യാനുള്ള ബോധപൂർവ്വമായ പ്രവർത്തനം
   c. വ്യക്തിയുടെ ഐഡന്റിറ്റി ജാതിമത ചിന്തകളിൽ കേന്ദ്രീകൃതമാവാതിരിക്കുക.
10. ക്രിസ്ത്യൻ മതപരിവർത്തനം, ഗോവധം, ത്രിശൂലവിതരണം മുതലായ കാര്യങ്ങളെ നിങ്ങൾ എങ്ങനെ നോക്കിക്കാണുന്നു?
   a. വിലകുറഞ്ഞ കക്ഷി രാഷ്ട്രീയം
   b. സാമൂഹ്യവും മതപരവുമായ ഉന്നമനം
   c. അജ്ഞതയെ ചൂഷണം ചെയ്യൽ

Quest

Questionnaire

# കോളേജ് മാഗസിൻ 2002 2003
## സർവ്വെ

11. നിങ്ങളുടെ അഭിപ്രായത്തിൽ അയോദ്ധ്യയിലെ രാമജന്മഭൂമി-മസ്ജിദ് പ്രശ്നം എങ്ങനെയാണ് പരിഹരിക്കപ്പെടേണ്ടത്?
   a. കോടതി മുഖേന
   b. മതമേലദ്ധ്യക്ഷന്മാരുടെ ചർച്ചകളിലൂടെ
   c. രാഷ്ട്രീയപാർട്ടികളുടെ ഇടപെടലുകളിലൂടെ

12. പുരുഷ പൂജാരികൾ, മുസ്ലീം സ്ത്രീകൾക്ക് പള്ളികളിൽ പ്രവേശനമില്ലായ്ക, പുരുഷ ക്രിസ്ത്യൻ പുരോഹിതന്മാർ മുതലായവ - മതം സ്ത്രീ അസമത്വത്തെ പിൻതാങ്ങുന്നതിനുള്ള ഉദാഹരണങ്ങളാണോ?
   a. ആണ്   b. അല്ല

13. വർഗ്ഗീയ സംഘടനകളുടെ ക്യാമ്പസ് പതിപ്പുകളെക്കുറിച്ച് എന്താണ് അഭിപ്രായം?
   a. അനുകൂലിക്കുന്നു
      കാരണങ്ങൾ
      a.
      b.
      c.
   b. എതിർക്കുന്നു
      കാരണങ്ങൾ
      a.
      b.
      c.

14. ദേശീയതയിൽ വിഭാഗീയത പ്രകടമാണോ?
   a. ആണ്   b. അല്ല

   ആണെങ്കിൽ അത് ഏതെല്ലാം രീതിയിലാണ് പ്രകടമാകുന്നത്?
      a.
      b.
      c.

15. ഏതു മാധ്യമമാണ് നിങ്ങൾ ഏററവുമധികം ഇഷ്ടപ്പെടുന്നത്?
   a. പത്രം   b. റേഡിയോ   c. ടെലിവിഷൻ
   എന്തുകൊണ്ട്?
      a.
      b.
      c.

16. മാധ്യമങ്ങളുടെ അതിപ്രസരമുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ?
   a. ഉണ്ട്   b. ഇല്ല

17. മാധ്യമങ്ങൾ സാമൂഹിക പ്രശ്നങ്ങൾ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്?
   a. ഉത്തരവാദിത്തത്തോടെ നിർവ്വഹിക്കുന്നു
      കാരണങ്ങൾ
      a.
      b.
      c.
   b. പ്രതീക്ഷക്കൊത്ത് ഉയരുന്നില്ല.
      കാരണങ്ങൾ
      a.
      b.
      c.

18. മാധ്യമങ്ങൾ സാമൂഹിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന രീതിയിൽ നിങ്ങൾക്ക് പുതുതായി എന്തെങ്കിലും പറയാനുണ്ടോ?

............................................................................................................

Quest

Questionnaire

# കോളേജ് മാഗസിൻ 2002 2003

## സർവ്വെ

19. മാധ്യമങ്ങളിലെ മതപരിപാടികൾ (ആനുപാതിക കവറേജ്) മതേതരത്വത്തെ പ്രോൽസാഹിപ്പിക്കുന്നതാണോ?

a. ആണ്

കാരണങ്ങൾ

a. മററ് മതങ്ങളെ മനസ്സിലാക്കാൻ സാധിക്കുന്നു.

b. മതസൗഹാർദ്ദം നിലനിറുത്തുന്നു.

c. മതത്തിന്റെ പരിപാടികൾ കാണാൻ സാധിക്കുന്നു.

b. അല്ല

കാരണങ്ങൾ

a. മതപ്രീണനമാണ്

b. അപ്രസക്ത പരിപാടികൾക്ക് അർഹിക്കാത്ത പ്രാധാന്യം കൊടുക്കുന്നു

c. മതതത്വത്തെക്കുറിച്ച് തെററായ കാഴ്ചപ്പാടുണ്ടാക്കുന്നു

20. രാഷ്ട്രീയ പ്രക്രിയയിൽ നിങ്ങൾ ഏതു രീതിയിലാണ് ഉൾപ്പെട്ടിരുന്നത്?

a. സംഘടനാപ്രവർത്തകൻ

b. അനുഭാവി

c. ന്യൂട്രൽ പൊസിഷൻ

21. ക്യാമ്പസ് രാഷ്ട്രീയത്തിൽ ഒരു വിദ്യാർത്ഥി എന്ന നിലയിൽ നിങ്ങളുടെ അനുഭവമെന്താണ് ?

..............................................................................................................................................

22. ക്യാമ്പസ് രാഷ്ട്രീയത്തിൽ കോടതിയുടെ ഇടപെടലുകളെക്കുറിച്ച് എന്താണ് അഭിപ്രായം?

a. അനുകൂലിക്കുന്നു. b. എതിർക്കുന്നു. c. അഭിപ്രായമില്ല.

23. മതം, രാഷ്ട്രീയം, സമ്പത്ത് മുതലായവ നിങ്ങളുടെ സൗഹൃദങ്ങളുടെ മാനദണ്ഡങ്ങളാണോ?

a. ആണ് b. അല്ല

കാരണങ്ങൾ

a. പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ ആഗ്രഹിക്കുന്നു.

b. സ്ഥിരതയുണ്ടാകുമെന്നുള്ള പ്രതീക്ഷ.

c. സൗകര്യവും സ്വീകാര്യതയും.

24. പ്രണയത്തിൽ ഇവ ബാധകമാണോ?

a. ആണ് b. അല്ല

കാരണങ്ങൾ

a. പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ ആഗ്രഹിക്കുന്നു.

b. സ്ഥിരതയുണ്ടാകുമെന്നുള്ള പ്രതീക്ഷ.

c. സൗകര്യവും സ്വീകാര്യതയും.

25. പ്രത്യേകിച്ചുള്ള അഭിപ്രായങ്ങൾ..............................................

USMANIA
The Card Shoppe

An exclusive showroom for greeting cards & gift articles
A collection of cards with an exotic flair
Railway Station Road, Aluva. Ph: 2623405 Res: 2606820




ആഭരണങ്ങൾ വാങ്ങുമ്പോൾ
വമ്പിച്ച ആനുകൂല്യങ്ങൾ



Baby's തെറ്റയിൽ ജ്വല്ലറി
ലൂർദ്ദ് സെന്റർ, ആലുവ, ഫോൺ : 2625405

കല്ല്യാണ പാർട്ടികൾക്ക് പ്രത്യേക കിഴിവുകൾ



Baby's വെള്ളി ആഭരണങ്ങൾക്ക്
തെറ്റയിൽ സിൽവർ
സബ്ജെയിൽ റോഡ്, ആലുവ, ഫോൺ : 2624775

Baby's സ്വർണ്ണപ്പണയത്തിന്
തെറ്റയിൽ ഫിനാൻസ്
ലൂർദ്ദ് സെന്റർ, ആലുവ, ഫോൺ : 2625405

# യേസ് യുവർ ഓണർ, ബട്ട്...



രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും എന്ന മട്ടിലായിരുന്നു കലാലയങ്ങളിലെ രാഷ്ട്രീയം നിരോധിക്കാമെന്നുള്ള ഹൈക്കോടതി വിധിയെ നമ്മുടെ കോട്ടയം പത്രങ്ങൾ സ്വാഗതം ചെയ്തത്. രാഷ്ട്രീയം കളിച്ച് സമയം കളയരുതെന്നും ഇനി കളിക്കണമെന്നുണ്ടെങ്കിൽ സ്വർണ്ണത്തംബോല കളിക്കാമെന്നും സമ്മാനമഴയിൽ കുതിർന്ന് ഭാവി സുരക്ഷിതമാക്കാമെന്നും ഇവർ കേരളജനതയെ പറഞ്ഞു പഠിപ്പിക്കുന്നു.

പതിനെട്ട് വയസ്സ് പൂർത്തിയായ വിദ്യാർത്ഥി സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുകയും അവക്കെതിരെ പ്രതികരിക്കുകയും ചെയ്താൽ അപകടമാണെന്നാണ് ബഹുമാനപ്പെട്ട കോടതി പറയുന്നത്. എന്നാൽ ആറു മാസം പ്രായമില്ലാത്ത കുട്ടിയെ മാമോദിസ മുക്കി ക്രിസ്ത്യാനിയാക്കുന്നതും, ഇരുപത്തെട്ടു ദിവസം പ്രായമില്ലാത്ത കുട്ടിയെ ചരടുകെട്ടി ഹിന്ദുവാക്കുന്നതും ഒരു വയസ്സു പ്രായമില്ലാത്ത കുട്ടിയെ നിസ്കരിപ്പിക്കുന്നതും തടയാൻ ഏതു കോടതിക്ക് കഴിയും. ലോകത്ത് ഏറ്റവും കൂടുതൽ ചോരപ്പുഴ ഒഴുക്കിയത് മതത്തിന്റെ പേരിലാണെന്നിരിക്കെ മതങ്ങൾ നിരോധിക്കാൻ കോടതിക്ക് കഴിയുമോ? കാൾ മാർക്സിന്റെയും ഗാന്ധിജിയുടെയുമൊക്കെ ജീവിതം ഇനി ക്യാമ്പസിൽ പഠിപ്പിച്ചുകൂടാ എന്ന് ഈ വിധിയുടെ അടിസ്ഥാനത്തിൽ നാളെ ഒരു സ്വകാര്യമാനേജ്മെന്റ് പറഞ്ഞാൽ...?

ആറു മാസം പ്രായമില്ലാത്ത കുട്ടിയെ മാമോദിസ മുക്കി ക്രിസ്ത്യാനിയാക്കുന്നതും, ഇരുപത്തെട്ടു ദിവസം പ്രായമില്ലാത്ത കുട്ടിയെ ചരടുകെട്ടി ഹിന്ദുവാക്കുന്നതും ഒരു വയസ്സു പ്രായമില്ലാത്ത കുട്ടിയെ നിസ്കരിപ്പിക്കുന്നതും തടയാൻ ഏതു കോടതിക്ക് കഴിയും. ലോകത്ത് ഏറ്റവും കൂടുതൽ ചോരപ്പുഴ ഒഴുക്കിയത് മതത്തിന്റെ പേരിലാണെന്നിരിക്കെ മതങ്ങൾ നിരോധിക്കാൻ കോടതിക്ക് കഴിയുമോ?


ചോദ്യം ചോദ്യമായി നിൽക്കട്ടെ. കോടതിക്കും കപടവിദ്യാഭ്യാസചിന്തകർക്കും ഇതിനൊരു വ്യക്തമായ ഉത്തരം കാണില്ല. പക്ഷേ വിദ്യാർത്ഥിസമൂഹത്തിന് ഉത്തരം കണ്ടെത്താതിരിക്കാൻ കഴിയില്ലല്ലോ?

## സംഘടിത വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ തുടക്കവും സ്വാതന്ത്ര്യസമരവും

നമ്മുടെ രാജ്യത്തെ വിദ്യാർത്ഥികൾ ആദ്യമായി സംഘടിതമായി രാഷ്ട്രീയത്തിൽ ഇടപെടുന്നത് 1905 ലെ ബംഗാൾ വിഭജനകാലത്താണ്. ഹിന്ദുവിനെയും മുസ്ലീമിനെയും ഭിന്നിപ്പിച്ച് ഭരിക്കുക എന്ന വെള്ളക്കാരന്റെ നയത്തിനെതിരെ സ്വാതന്ത്ര്യ സമര നേതാക്കൻമാർ ആഹ്വാനം ചെയ്ത സമരത്തിൽ വിദ്യാർത്ഥികൾ വ്യാപകമായി പങ്കെടുക്കുകയുണ്ടായി. പിന്നീട് 1920-ൽ നാഗ്പ്പൂരിലെ കോൺഗ്രസ് സമ്മേളനത്തിൽ ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം അംഗീകരിച്ച നിസ്സഹകരണപ്രമേയത്തിൽ സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നും വിദ്യാർത്ഥികളെ പടിപടിയായി പിൻവലിക്കുകയെന്ന വകുപ്പും ഉണ്ടായിരുന്നു. മഹാത്മാഗാന്ധിയുടെ നിസ്സഹകരണ ആഹ്വാനത്തിന്റെ ആദ്യപ്രതികരണം ഉണ്ടായ ബംഗാളിൽ തന്നെ 3000ത്തോളം വിദ്യാർത്ഥികൾ സമരത്തിൽ അണി നിരന്നു. ആയിരക്കണക്കിന് വിദ്യാർത്ഥികൾ സ്കൂളുകളും കോളേജുകളും ഉപേക്ഷിച്ചു. ബംഗാളിലെ വിദ്യാർത്ഥിക

## കോളേജുകളിൽ രാഷ്ട്രീയം നിരോധിക്കാം : ഹൈക്കോടതി

**കൃഷ്ണമുരാരി**
മൂന്നാംവർഷ ഫിസിക്സ് ബിരുദം




" വിനാശകാലേ വിപരീതബുദ്ധി "

ളിൽ നിന്നുണ്ടായ പ്രതികരണങ്ങളിൽ ആവേശം പൂണ്ട ഗാന്ധിജി അവർക്കയച്ച ഒരു സന്ദേശത്തിൽ പറഞ്ഞു."ഞാൻ ഇതിൽ കുറഞ്ഞതല്ല പ്രതീക്ഷിച്ചത്. ഞാൻ തീർച്ചയായും ഇതിൽ കൂടുതൽ പ്രതീക്ഷിക്കുന്നുണ്ട്. എനിക്ക് വിദ്യാർത്ഥിലോകത്തിലേക്ക് മുഴുവൻ എന്റെ വിശ്വാസപ്രമാണങ്ങൾ കടത്തിവിടാൻ കഴിഞ്ഞാൽ താൽക്കാലികമായ ഈ പഠനം ഉപേക്ഷിക്കൽ ഒരു കൊല്ലത്തേക്കു പോലും നിർത്തേണ്ടി വരില്ല. (മഹാത്മാ ടെണ്ടുൽക്കർ വോള്യം2, പേജ് 33)

സ്കൂളുകളും കോളേജുകളും ഉപേക്ഷിക്കുക എന്ന ആശയത്തെ എതിർത്ത പ്രമുഖരിലൊരാൾ രവീന്ദ്രനാഥ ടാഗോർ ആയിരുന്നു. ഇതേക്കുറിച്ച് ഗാന്ധിജി പറഞ്ഞു. " കവിയുടെ ഉത്കണ്ഠ പ്രധാനമായും വിദ്യാർത്ഥികളെക്കുറിച്ചാണ്. " എന്നാൽ ഇവിടെ ഞാൻ അദ്ദേഹവുമായി വിയോജിക്കേണ്ടി വരുന്നു. (മഹാത്മാ വോള്യം 2, പേജ് 45) തുടർന്ന് 1920 സെപ്റ്റംബർ 22 ലെ യംഗ് ഇന്ത്യയിൽ ഗാന്ധിജി എഴുതി. "ഇന്ത്യയിലെ ബഹുഭൂരിപക്ഷം യുവതീയുവാക്കളുടേയും ഉന്നത വിദ്യാഭ്യാസകാര്യങ്ങൾ തീരുമാനിക്കാനുള്ള അധികാരം അവരുടെ കയ്യിൽ തന്നെയാണ്. ഉന്നതവിദ്യാഭ്യാസത്തോട് മക്കൾക്കുള്ള മുഢഭ്രമമെന്ന് ഞങ്ങൾ വിശ്വസിക്കുന്ന കാര്യത്തിൽ നിന്നും അവരെ പിന്തിരിപ്പിക്കാൻ രക്ഷിതാക്കൾക്ക് കഴിയാത്ത സംഭവങ്ങളും എനിക്കറിയാം.നമ്മുടെ യുവാക്കളെ അഭിസംബോധന ചെയ്യുമ്പോഴും രക്ഷിതാക്കളെ വകവെക്കാതെപോലും സ്കൂളുകളും കോളേജുകളും വിട്ടു പിരിയാൻ അവരോട് ആവശ്യപ്പെടുമ്പോഴും ഞാൻ രക്ഷിതാക്കളുടെ വികാരങ്ങൾ യാതൊരു തരത്തിലും വ്രണപ്പെടുത്തുന്നില്ലെന്ന് എനിക്ക് ബോധ്യമുണ്ട്.

ഞങ്ങൾ അങ്ങയുടെ മഹത്തായ ലക്ഷ്യങ്ങൾക്ക് ഞങ്ങളുടെ ഹൃദയം തരുന്നു. പക്ഷെ ഞങ്ങൾക്ക് അവ പ്രായോഗിക തലത്തിൽ കൊണ്ടു വരാൻ ബുദ്ധിമുട്ടുണ്ട് എന്നു പറഞ്ഞ ആഗ്ര സെന്റ് ജോൺസ് കോളേജിലെ വിദ്യാർത്ഥികളോട് "ഞാൻ വിദ്യാർത്ഥികളിൽ നിന്നും ഇത്തരം കഴിവില്ലായ്മയുടെ കുറ്റസമ്മതം"സ്വീകരിക്കാൻ തയ്യാറില്ലെന്ന ഉറച്ച മറുപടിയാണ് ഗാന്ധിജിക്ക് നൽകാനുണ്ടായിരുന്നത്. 1936-ൽ ഇന്ത്യയിലെ ആദ്യത്തെ സംഘടിത വിദ്യാർത്ഥി പ്രസ്ഥാനം മുഹമ്മദാലി ജിന്നയുടെ അദ്ധ്യക്ഷതയിൽ ജവഹർലാൽ നെഹ്റുവാണ് ഉദ്ഘാടനം ചെയ്തത്.

ഞങ്ങൾ അങ്ങയുടെ മഹത്തായ ലക്ഷ്യങ്ങൾക്ക് ഞങ്ങളുടെ ഹൃദയം തരുന്നു. പക്ഷെ ഞങ്ങൾക്ക് അവ പ്രായോഗിക തലത്തിൽ കൊണ്ടു വരാൻ ബുദ്ധിമുട്ടുണ്ട് എന്നു പറഞ്ഞ ആഗ്ര സെന്റ് ജോൺസ് കോളേജിലെ വിദ്യാർത്ഥികളോട് "ഞാൻ വിദ്യാർത്ഥികളിൽ നിന്നും ഇത്തരം കഴിവില്ലായ്മയുടെ കുറ്റസമ്മതം"സ്വീകരിക്കാൻ തയ്യാറില്ലെന്ന ഉറച്ച മറുപടിയാണ് ഗാന്ധിജിക്ക് നൽകാനുണ്ടായിരുന്നത്.

## സ്വാതന്ത്ര്യാനന്തര വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ വിദ്യാർത്ഥികൾ പലതരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ടോ എന്ന തർക്കം ശക്തിപ്പെട്ടു. എന്നാൽ ഉൽപതിഷ്ണുക്കളായ വിദ്യാർത്ഥികൾ രാജ്യത്തെ മാറ്റങ്ങൾ പഠിക്കുന്നുണ്ടായിരുന്നു. ബ്രിട്ടീഷുകാർ വിട്ടുപോയതുകൊണ്ടുമാത്രം എല്ലാം പരിഹരിക്കപ്പെട്ടില്ല എന്ന് അവർ തിരിച്ചറിഞ്ഞു. മഹാഭൂരിപക്ഷത്തിനും വിദ്യാഭ്യാസം നിഷേധിക്കപ്പെടുകയാണെന്നും ലഭിക്കുന്ന വിദ്യാഭ്യാസം തന്നെ നിലവാരം കുറഞ്ഞതുമാണെന്ന തിരിച്ചറിവ് വിദ്യാർത്ഥിപ്രസ്ഥാനങ്ങൾക്ക് ലഭിച്ചു. ഈ പ്രശ്നങ്ങൾ ആകെ കണ്ടില്ലെന്നു നടിക്കാനോ, ഇവ പരിഹരിക്കുന്നതിനായി നടക്കുന്ന ശ്രമങ്ങളിൽ നിന്ന് വിട്ടു നിൽക്കാനോ വിദ്യാർത്ഥിസംഘടനാ പ്രവർത്തകർക്ക് കഴിഞ്ഞില്ല.

നമ്മുടെ ജനാധിപത്യസമൂഹത്തിന്റെ ദുർബലതയും വിദ്യാഭ്യാസരംഗത്തെ ബാധിക്കുന്നു. വർഗ്ഗീയതയുടെ ശക്തി, മുതലാളിത്തസംസ്കാരത്തിന്റെ തള്ളിക്കയറ്റം സൃഷ്ടിക്കുന്ന സാമൂഹികപ്രശ്നങ്ങൾ, മാനേജുമെന്റുകളുടെ ലാഭക്കൊതിയിലൂന്നിയ സങ്കുചിത സമീപനങ്ങൾ. വിദ്യാഭ്യാസത്തെ ജനകീയമാക്കുന്നതിൽ സാമ്രാജ്യത്വ ഇടപെടൽ സൃഷ്ടിക്കുന്ന പ്രതിബന്ധങ്ങൾ ഇവയെല്ലാം പരിഹരിക്കപ്പെടാതെ വിദ്യാഭ്യാസമേഖലക്കും അതുവഴി നമ്മുടെ രാജ്യത്തിനും മുന്നോട്ടു പോകാനാവില്ല. ഈ പ്രശ്നങ്ങളൊക്കെ പരിഹരിക്കുന്നതിന് പുതിയ സമരമുഖം തുറക്കാൻ വിദ്യാർത്ഥികൾ നിർബന്ധിതരായി. ഇന്ന് രാജ്യത്തെ ഏറ്റവും ബൃഹത്തായ വിദ്യാഭ്യാസമേഖല നമ്മുടേതാണ്. നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസമേഖല ആർജ്ജിച്ചെടുത്ത നേട്ടങ്ങളെ സംരക്ഷിക്കുന്നതിനുള്ള പോരാട്ടമാണ് കേരളത്തിൽ പ്രധാനമായും നടന്നത്. യാത്രാ ആനുകൂല്യം, കുറഞ്ഞ ഫീസ് നിരക്കുകൾ, ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിലെ ഭേദപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ, വിദ്യാഭ്യാസകച്ചവടത്തെ നിയന്ത്രിക്കൽ, സർവ്വകലാശാല ജനാധിപത്യം ഉറപ്പുവരുത്തൽ തുടങ്ങിയ നേട്ടങ്ങളെല്ലാം നേടിയെടുക്കാനും നിലനിർത്തുവാനും കഴിഞ്ഞത് വിദ്യാർത്ഥിസംഘടനകളുടെ ശ്രമഫലമായാണ്. ഈ നേട്ടങ്ങൾക്കൊപ്പം വിദ്യാർത്ഥി പ്രസ്ഥാനം വളരുകയും വിദ്യാഭ്യാസനയത്തെ തന്നെ സ്വാധീനിക്കാൻ കഴിയുന്ന ശക്തിയായി മാറുകയും ചെയ്തു.

# ജനാധിപത്യാവകാശങ്ങൾക്കെതിരായ ആക്രമണം

## വിദ്യാർത്ഥിരാഷ്ട്രീയത്തെക്കുറിച്ചുള്ള ഇ.എം.എസിന്റെ കുറിപ്പ്

## (പുനഃ പ്രസിദ്ധീകരണം)



വിദ്യാർത്ഥിരാഷ്ട്രീയത്തെക്കുറിച്ച് പുകമറ പരത്തുകയാണല്ലോ അരാഷ്ട്രീയവാദികൾ. അവർ ആവശ്യപ്പെടുന്നതാകട്ടെ, ഇന്ത്യൻ ജനതക്കാകെ നമ്മുടെ ഭരണഘടന നൽകുന്ന പ്രാഥമിക പൗരാവകാശങ്ങൾ വിദ്യാർത്ഥികൾക്ക് നിഷേധിക്കണമെന്നാണുതാനും.

പ്രസംഗസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം മുതലായ പ്രാഥമിക പൗരാവകാശങ്ങൾക്കൊപ്പം എല്ലാ ജനവിഭാഗങ്ങൾക്കും സംഘടനാ സ്വാതന്ത്ര്യവുമുണ്ടെന്ന് ഭരണഘടന വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടാണ് വിദ്യാഭ്യാസമേഖലയിൽ തെരഞ്ഞെടുക്കപ്പെട്ട സംഘടനകളും ഭാരവാഹികളുമുണ്ടായിട്ടുള്ളത്. അതിന്റെ ഭാഗമാണ് സ്കൂളുകളിലും കോളേജുകളിലും സർവ്വകലാശാലകളിലും വിവിധ വിദ്യാർത്ഥിസംഘടനകൾ തങ്ങളുടെ നിലപാട് വ്യക്തമാക്കിക്കൊണ്ട് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്.

എസ്.എഫ്.ഐയും കെ.എസ്.യുവും അടക്കം വിദ്യാർത്ഥിസംഘടനകൾ നടത്തുന്ന പ്രവർത്തനം കുറ്റമറ്റതാണെന്ന് സത്യസന്ധനായ ഒരാളും അവകാശപ്പെടുകയില്ല. വിദ്യാലയതെരഞ്ഞെടുപ്പുകളിൽ തെറ്റായ പല പ്രവണതകളും പ്രകടമാവാറുണ്ടെന്നത് നേരാണ്. അത് തിരുത്തിക്കാൻ രാഷ്ട്രീയ പാർട്ടികളടക്കം ജനാധിപത്യ സംഘടനകൾക്ക് കടമയുണ്ടുതാനും. പക്ഷെ, ചിലയിടത്ത് ചിലപ്പോൾ നടക്കാൻ പാടില്ലാത്തചിലത് നടക്കുന്നുവെന്ന പേരിൽ വിദ്യാലയാന്തരീക്ഷത്തെ 'രാഷ്ട്രീയ വിമുക്തമാക്കണമെന്നു വാദിക്കുന്നത് തികച്ചും യുക്തിഹീനമാണ്.

ഇവിടെ ഒരു കാര്യം എടുത്തുപറയേണ്ടതുണ്ട്. ലോകമാന്യതിലകന്റെയും മഹാത്മാഗാന്ധിയുടെയും ജവഹർലാൽ നെഹ്റുവിന്റെയും നേതൃത്വത്തിലായിരുന്ന കോൺഗ്രസ് ഒരിക്കലും വിദ്യാർത്ഥിരാഷ്ട്രീയത്തെ തള്ളിപ്പറഞ്ഞിട്ടില്ല. മറ്റെല്ലാ ജനവിഭാഗങ്ങളെന്ന പോലെ വിദ്യാർത്ഥികളും രാഷ്ട്രീയകാര്യങ്ങളിൽ തൽപരരാവണമെന്ന് അവർ നിർദ്ദേശിച്ചിരുന്നു. എന്തിനേറെ സാമ്രാജ്യ വിരുദ്ധപ്രസ്ഥാനത്തിന്റെ ഭാഗമായി അഖിലേന്ത്യാ വിദ്യാർത്ഥിഫെഡറേഷന് രൂപം നൽകിയ സമ്മേളനം ഉദ്ഘാടനം ചെയ്തത് ജവഹർലാൽ നെഹ്റുവായിരുന്നു. മറ്റെല്ലാ ജനവിഭാഗങ്ങൾക്കും രാഷ്ട്രീയമാവാം വിദ്യാർത്ഥികൾക്കു പാടില്ല എന്ന നിലപാട് നമ്മുടെ ദേശീയ പാരമ്പര്യത്തിനാകെ എതിരാണ്.

വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് അടിത്തറ പാകലാണല്ലോ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വിദ്യാലയജീവിതമവസാനിപ്പിച്ച് പുറത്തു വരുന്ന യുവതീയുവാക്കൾക്ക് സ്വകാര്യ ജീവിതത്തോടൊപ്പം പൊതുജീവിതം കൂടി നയിക്കാനുള്ള കഴിവ് ഉണ്ടാകുന്നത് വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഭാഗമാണ്. ആ തയ്യാറെടുപ്പിൽ ഒരു പ്രധാന ഘടകമാണ് രാഷ്ട്രീയ വിജ്ഞാനവും രാഷ്ട്രീയപ്രവർത്തനത്തിൽ പ്രായോഗികമായ പരിശീലനവും. അതുകൊണ്ടാണ് വിദ്യാലയങ്ങളിൽ പാർലമെന്റുകളുടെ പേരിലും മറ്റും സംഘടനകൾ ഉണ്ടാക്കുന്നത്. അവയുടെ പ്രവർത്തനം ഭാവിജീവിതത്തിനുള്ള തയ്യാറെടുപ്പിൽ വിദ്യാർത്ഥികളെ സജ്ജരാക്കുന്നു. അതിൽ നിന്നു വിദ്യാർത്ഥികളെ ഒഴിച്ചുനിർത്താനാണ് വിദ്യാർത്ഥിരാഷ്ട്രീയ വിരോധികൾ ശ്രമിക്കുന്നത്.

### കോടതിവിധിയും വിദ്യാഭ്യാസകച്ചവടവും

വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങളെ മറികടക്കുവാൻ ജനകീയ പരിപാടികൾ ആരായുന്നതിനു പകരം കച്ചവട വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കാനാണ് ഭരണാധികാരികൾ ശ്രമിച്ചത്. 1982-97 കാലത്ത് പോളിടെക്നിക്കുകളും ആയുർവേദകോളേജുകളും മെഡിക്കൽ കോഴ്സുകളും സ്വകാര്യവൽക്കരിക്കാനുള്ള നീക്കം നടന്നു. തുടർന്ന് കാലാകാലങ്ങളിൽ . വിദ്യാഭ്യാസകച്ചവടസ്ഥാപനങ്ങൾ കേരളത്തിൽ ഒരു സംസ്കാരമായി വളരാൻ തുടങ്ങുകയും പണക്കാരനുമാത്രമായി വിദ്യാഭ്യാസം ചുരുങ്ങുന്ന അവസ്ഥയിലേക്ക് എത്തിക്കുവാൻ ഭരണാധികാരികൾ ശ്രമിക്കുകയും ചെയ്ത അവസരത്തിലൊക്കെയും വിദ്യാർത്ഥിപ്രസ്ഥാനങ്ങൾ ധീരമായ ചെറുത്തുനിൽപ്പു നടത്തി ചരിത്രത്തിലെ വെള്ളിനക്ഷത്രങ്ങളായി മാറി. വിദ്യാഭ്യാസമേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന സമരങ്ങളെ അടിച്ചമർത്തി മേൽക്കൈ നേടാനുള്ള ഭരണകൂടഭീകരതയുടെ ആസൂത്രിത നീക്കങ്ങളാണ് കോടതി വിധിയിലൂടെ മാനേജുമെന്റുകൾ നേടിയെടുത്തിരിക്കുന്നത്.



## കോടതി കാണാതെ പോകുന്നത്

അറ്റൻഡൻസ് പ്രശ്നവുമായി ബന്ധപ്പെട്ട ഒരു കേസിൽ കോടതി ഇത്തരം വിഡ്ഢിത്തരങ്ങൾ വിളിച്ചുപറയുന്നത് ജഡ്ജിമാർ ദന്തഗോപുരങ്ങളിൽ വസിക്കുന്നവരാണെന്ന ധാരണക്ക് ആക്കംകൂട്ടുന്നു. പൗരന്റെ കൂട്ടം കൂടാനുള്ള അവകാശത്തെ നിഷേധിക്കുവാൻ തയ്യാറാകുന്ന ന്യായാധിപൻമാർ ജൂറിസ്പ്രുഡൻസ് പോലും വായിക്കാത്തവരാണെന്നത് നിസ്തർക്കമാണ്. രാജ്യത്തും നമ്മുടെ സംസ്ഥാനത്തും കഴിഞ്ഞ അഞ്ചു പതിറ്റാണ്ടുകൾക്കിടയ്ക്ക് നിരവധി വിദ്യാഭ്യാസ കമ്മീഷനുകളും, വിദ്യാഭ്യാസ വിചക്ഷണന്മാരും വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ പഠിക്കുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നൂറു കണക്കിനുള്ള അത്തരം റിപ്പോർട്ടുകളിൽ ഒരിടത്തുപോലും (കച്ചവടക്കാരുടെ ബിർള-അംബാനി റിപ്പോർട്ടൊഴിച്ച്) വിദ്യാഭ്യാസമേഖലയുടെ പുരോഗതിയ്ക്ക് തടസ്സം നില്ക്കുന്നത് വിദ്യാർത്ഥിസംഘടനകളാണെന്ന് പറഞ്ഞിട്ടില്ല. മറ്റു നിരവധി കാരണങ്ങൾ നിരത്തിയിട്ടുമുണ്ട്. ഈ പ്രശ്നങ്ങളെയൊക്കെ കാണുവാൻ കോടതികൾക്ക് കഴിഞ്ഞിട്ടില്ല. പകരം വിദ്യാർത്ഥിസംഘടനാ പ്രവർത്തനം ഇല്ലാതായാൽ വിദ്യാഭ്യാസമേഖല രക്ഷപ്പെടുമെന്നുള്ള "പൊട്ടക്കണ്ണന്റെ ന്യായവാക്യം" വിളിച്ചുപറയാൻ കോടതിക്ക് ആരാണ് അധികാരം കൊടുത്തത്. ഇന്ത്യൻ ഭരണഘടനയും പീനൽകോഡും ഒരു രാഷ്ട്രീയ കരടുരേഖ തന്നെയാണ് . ഇതിനെ ലംഘിക്കുക കൂടി ചെയ്യുകയാണ് കോടതികൾ.

## വിദ്യാർത്ഥിസംഘടനകളും അക്രമവും

രാഷ്ട്രീയത്തെയും അക്രമത്തെയും ഒരേ അർത്ഥത്തിൽ അളക്കുന്ന ഒരു ജനത ഏറ്റവും വലിയ ജനാധിപത്യരാജ്യത്ത് ജീവിക്കുന്നു എന്നത് ലജ്ജാവഹമാണ്. അക്രമം എതിർക്കപ്പെടേണ്ടതാണ്. സമൂഹത്തിൽ പടർന്നു പിടിച്ചിരിക്കുന്ന അക്രമവാസന വിദ്യാർത്ഥികളെയും ബാധിച്ചിട്ടുണ്ട്. എന്നാൽ റാഗിങ്ങ് ഉൾപ്പെടെയുള്ള അക്രമവാസനകൾക്ക് എതിരായി പ്രവർത്തിച്ചുകൊണ്ടാണ് ലക്ഷ്യബോധമുള്ള വിദ്യാർത്ഥിസംഘടനകൾ വളർന്നു വന്നത്.

## വിദ്യാർത്ഥികൾ അറിയേണ്ടത്.

ആടിനെ പട്ടിയാക്കുന്നവർ കവർന്നെടുക്കുന്നത് സാധാരണക്കാരന്റെ വിദ്യാഭ്യാസ അവകാശങ്ങളാണ്. വിദ്യാർത്ഥി, സമൂഹത്തിലെ ഒരു ഒറ്റപ്പെട്ട തുരുത്തല്ല. വിദ്യാർത്ഥികൾ സമൂഹത്തിന്റെ പരിച്ഛേദമാണ്. ഇവർ ക്യാമ്പസിനുള്ളിൽ ഒരു ഡൈനാമിക് സൊസൈറ്റിയായി രൂപം പ്രാപിക്കുന്നു. സമൂഹത്തിലെ ഓളവും ചുഴിയും ദ്രുതഗതിയിൽ ഇവരെ ബാധിക്കുക തന്നെ ചെയ്യും.

ക്യാമ്പസും അതിനുള്ളിലെ നിയമങ്ങളുമല്ല, പൗരാവകാശങ്ങളും രാഷ്ട്രവുമാണ് വലുത്. അങ്ങനെ നോക്കുമ്പോൾ പൗരാവകാശങ്ങളുടെ ലംഘനമാണ് കോടതിവിധി. ഇത് സ്വാതന്ത്ര്യത്തിന്റെയും പ്രതികരണശേഷിയുടേയും കടയ്ക്കൽ കത്തി വെക്കലാണ്. കോടതികൾ വിമർശനവിധേയമാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. (ശമ്പളം വെട്ടിക്കുറച്ചതിന്റെ പേരിൽ സമരം ചെയ്യുന്ന ന്യായാധിപൻമാരെ നാം കണ്ടുമുട്ടുമോ? ) വിദ്യാഭ്യാസമേഖല സ്വകാര്യമാനേജ്മെന്റുകൾക്കായി തീറെഴുതിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അവർക്ക് എല്ലാവിധ അനുഗ്രഹവും നൽകി ജനകീയ വിദ്യാഭ്യാസത്തെ അട്ടിമറിക്കുന്ന ആഗോളവൽക്കരണാനുകൂലികൾക്ക് നേരെ ഉയർന്നുവരാനിടയുള്ള രോഷങ്ങളെ ഇല്ലായ്മ ചെയ്യാനാണ് ഈ വിധി എന്നതിൽ തർക്കമില്ല.

ഇന്ത്യയുടെ കലാലയങ്ങൾ എപ്പോഴും ചരിത്രം നിർമ്മിച്ചവരാണ്. പാഠപുസ്തകം പഠിക്കുക എന്നത് മാത്രമല്ല വിദ്യാഭ്യാസം. നമുക്ക് ചുറ്റുമുള്ള സമൂഹത്തിന്റെ യാഥാർത്ഥ്യങ്ങളും തിൻമകളും തിരിച്ചറിഞ്ഞ് അവക്കെതിരെ പ്രതികരിക്കുക എന്നതാണ് കാലം നമ്മോട് ആവശ്യപ്പെടുന്നത്.

ഇന്ത്യയുടെ കലാലയങ്ങൾ എപ്പോഴും ചരിത്രം നിർമ്മിച്ചവരാണ്. പാഠപുസ്തകം പഠിക്കുക എന്നത് മാത്രമല്ല വിദ്യാഭ്യാസം. നമുക്ക് ചുറ്റുമുള്ള സമൂഹത്തിന്റെ യാഥാർത്ഥ്യങ്ങളും തിൻമകളും തിരിച്ചറിഞ്ഞ് അവക്കെതിരെ പ്രതികരിക്കുക എന്നതാണ് കാലം നമ്മോട് ആവശ്യപ്പെടുന്നത്.

ഹിഷാം ഉമ്മർ
ഒന്നാംവർഷ പോളിമർകെമിസ്ട്രി



# കൺകളിൽ പൂക്കൾ

ഒരു പൂച്ചെണ്ട്. അഞ്ചുപ്രണയ കവിതകളുടെ സമാഹാരം. പല പൂക്കൾ പല നിറങ്ങൾ...

ഒരു ജ്ഞാനി എന്നോടിങ്ങനെ പറഞ്ഞു:
- നീ നിന്റെ ധനമെല്ലാം കൊടുത്തോളൂ.
പക്ഷെ നിന്റെ ഹൃദയം ആർക്കും കൊടുക്കരുത്
മുത്തുകളും മാണിക്യവും ദാനം ചെയ്യൂ.
പക്ഷെ നിന്റെ ഭാവന സ്വതന്ത്രമായിരിക്കട്ടെ.
എന്നോടിത് പറഞ്ഞിരുന്ന് കാര്യം
എനിക്കന്ന് പ്രായം ഇരുപത്തിയൊന്ന്.

# പുനർജ്ജനി



ഓർമ്മതൻ തീച്ചൂളയിൽ
ദഹിക്കുമൊരഗ്നിയായ്,
എന്നെ നീ തഴുകിടുമ്പോൾ
ഞാൻ അലിയുമൊരു ഹിമകണം
നിൻ നൊമ്പരക്കനലുകൾ
എരിക്കുമെൻചിത്തവും,
രക്തധമനിയും.
വേർപാടിൻ ചെറുചെഞ്ചോര
വേർപെടും ജീവിത-
സ്വപ്ന സത്യങ്ങൾ
ആത്മാവിലൂറുമീ
പ്രതീക്ഷ തൻ മിഥ്യയിൽ
അലിയുമീയിരുട്ടിൻ
ഹൃദയ വിശാലത ....

കൊഴിയുമൊരിലതൻ മറയിൽ
ഒരിക്കൽ നീയൊളിഞ്ഞി-
രുന്നെന്നെ, ഇമ്പമാർന്ന
ചിരിയിൽ ഹസിച്ചുവോ?
വരുമൊരു ദിനം, നീ
പഴുക്കും, കൊഴിയും
വീണ്ടുമതു തളിർക്കും
ആഴത്തിലൂന്നുമീ വേരുകൾ
ജീവിതപ്പടർപ്പുകൾ.

ഇനിയുമൊരു സന്ധ്യയും
വീണ്ടുമൊരു ചന്ദ്രിക,
താരാഗണങ്ങളും
എന്നിലെന്നുമീ,
നയിക്കും, വഴിയിൽ ഉദിക്കും,
പുലരിതൻ നവോന്നതി ....

**ടി.വി.ഷൈനോജ്**
രണ്ടാംവർഷ മലയാളസാഹിത്യബിരുദം



# പ്രണയം

എഴുതപ്പെട്ടിട്ടില്ലാത്ത
വേദപുസ്തകത്തിന്റെ
താളുകൾ ഞാനിന്ന് മറിച്ചു നോക്കി;
അതിലിങ്ങനെ എഴുതിയിരുന്നു
ദൈവം കാരുണ്യവാനാണ്
അവൻ ചിറകൊടിച്ചുകളഞ്ഞാലും,
പറക്കാനുള്ള ആഗ്രഹം ബാക്കി വെക്കുന്നു.

**സോണി പോൾ പീറ്റർ**
രണ്ടാംവർഷ സൈക്കോളജി ബിരുദം

# സങ്കീർത്തനം പോലെ.........

ഇളം കാറ്റിൻ ദലമർമ്മരം കേൾക്കെ
നിൻപാദപതനമെന്നോർത്തു ഞാൻ
പകുതി പറഞ്ഞുനിറുത്തിയ
സ്നേഹവാക്കുകൾക്ക് കാതോർത്ത്
ഞാൻ ഉറങ്ങാതിരിക്കുകയാണ്
നിൻ നിശ്വാസത്തിന്റെ
ഈണങ്ങൾക്ക് ശ്രുതി ചേർത്ത്
തുറക്കാൻ മടിക്കുന്ന നിൻ മനസ്സിന്റെ
വാതായനത്തിൽ തല ചായ്ച്
ജൻമാന്തരങ്ങൾ പിന്നിടുവാൻ
ഞാൻ കൊതിക്കുന്നു.
അടുക്കുമ്പോൾ അകലുവാനും
അകലുമ്പോൾ അടുക്കുവാനും
ശ്രമിക്കുന്ന നിൻ സ്നേഹത്തെ
ഞാൻ ആരാധിക്കുന്നു.
ഇരവിന്റെ ഈ അന്ത്യ യാമത്തിലും
നിന്റെ വരവിനായ് കാത്തിരിക്കുന്നു
വരില്ലെന്നറിയാമെങ്കിലും.

**ലക്ഷ്മി.കെ.വി.**
രണ്ടാംവർഷ സൈക്കോളജിബിരുദം

# പ്രണയത്തിന്റെ ഭാഷ മൗനമാണ്.

നീ,
മായാത്ത ചിത്രം
തിരയെടുക്കാത്ത മണൽത്തരി
പ്രണയം,
നിശബ്ദമാഗമെന്ന്
ഞാനവളെ പഠിപ്പിച്ചതോർക്കുന്നു.
സ്നേഹത്തിന്റെ നിറക്കൂട്ടുകൾ
ഏതക്ഷരങ്ങളിൽ ഞാനളന്നുകൊടുക്കും
നിന്റെ കണ്ണീർത്തുള്ളികൾ
വറ്റാത്തൊരുറവയായത്
നീയറിഞ്ഞുവോ?
ഹൃദയത്തിലെയീ ഹിമക്കാറ്റുകൾ
മരുഭൂമിയിൽ സംഗീതമുതിർക്കട്ടെ
നീ,
മഴവില്ലായ് മാറുക
സൂര്യനായ് ഞാനും
നാമയച്ച മഴയിൽ
സ്നേഹത്തിന്റെ പുതുജീവൻ
പച്ചപ്പായി മാടിവിളിക്കുന്നു.
സഖീ,
നാം ഇരുട്ടിന്റെ സൗന്ദര്യം മറക്കരുത്
ഒരു മിന്നാമിനുങ്ങുപോലും
ഇരുട്ടിൽ,
സത്യത്തിന്റെ പ്രവാചകനാണ്
പ്രണയം,
ഹൃദയത്തിന്റെ ഭാഷയിൽ സംസാരിക്കുന്നു.



**ബിന്ദു.ടി.ആർ**
ഒന്നാംവർഷ ഇലക്ട്രോണിക്സ് ബിരുദം

# ആർദ്രം



ഓർമ്മകൾ പെയ്യുന്ന തീരത്ത് ഞാനെന്റെ
തോണിയും കാത്തിരിക്കുന്നു
ഒരുപാട് കുസൃതികളിലൊന്നായലിഞ്ഞും
ഒരുപാട് കഥകളുടെയാകാശം തേടിയും
നീണ്ട മൗനങ്ങളിൽ നമ്മെത്തിരഞ്ഞും നാ-
മൊരുമിച്ചിരുന്നതാം നിമിഷങ്ങളിന്നെന്റെ
കുന്നിക്കുരുക്കളാകുന്നു;
അവ വെറുതേ ഞാൻ കൂട്ടിവെക്കുന്നു.
നോവാണ്, തീയാണ്, അണയാത്ത കനലാ-
ണുണങ്ങാത്ത മുറിവാണെല്ലാം വെറുതെയാ-
ണെന്നറിഞ്ഞിട്ടും നാ-
മെന്തിനോ സ്വപ്നങ്ങൾ കണ്ടിരുന്നു;
എത്രയോ മോഹങ്ങൾ നട്ടിരുന്നു.
ഒരുപാടുപറയുവാൻ-
ഞാനെന്നതെല്ലാം, നേരായതെല്ലാം,
വ്യഥയും, തിരച്ചിലും, നോവും, കിനാക്കളും
എല്ലാം പറയുവാൻ-
എപ്പോഴും കാണുവാൻ
ആത്മാവിലാശിച്ചിരുന്നു;
അറിയുവാനലിയുവാൻ,
ഞാനില്ലാതെയെന്റെ സത്യം നീയാകുവാൻ
നിന്നിൽ വീണടിയുവാൻ
ആത്മാവിലാശിച്ചിരുന്നു.
നിൻ കണ്ണിൽത്തിളങ്ങിയ നക്ഷത്രമിന്നെന്റെ
രാത്രികളനാഥമാക്കുന്നു;
നീ നേർത്ത തേങ്ങലായ് സ്വയമലിഞ്ഞിന്നെന്റെ
പകലുകളശാന്തമാക്കുന്നു;



നൊമ്പരച്ചിറകുള്ള പുഞ്ചിരികളിന്നെന്റെ
മഴവില്ല് മായ്ച്ചുകളയുന്നു;
നിന്റെ നൈർമ്മല്യമെൻ കറയുള്ള ഹൃദയത്തി-
ലെവിടെയോ നീറ്റലാകുന്നു.
ഓർമ്മകൾ പെയ്യുന്നു;
ഉന്മാദബീജത്തിൽ പ്രണയം ജനിക്കുന്നു;
കനമേറെയാകവേ,
ആത്മാവടർന്നുവീഴുന്നു.
കാഴ്ചകളൊരായിരം വിരലുകൾ നീട്ടിയെൻ
കൺകൾ കവർന്നെടുക്കുന്നു;
പാട്ടുകളൊരായിരം കാറ്റിന്റെ ചിറകേറി
കാതുകളെടുത്തു പോകുന്നു;
സ്വപ്നം മുളയ്ക്കുന്ന ഭൂമിയിലിന്നെന്റെ ഹൃദയം കള
ഞ്ഞുപോകുന്നു
കണ്ണെടുത്തേക്കുക,
കാതെടുത്തേക്കുക,
സ്വപ്നങ്ങളെല്ലാം കവർന്നെടുത്തേക്കുക.
ഓർമ്മകൾ പെയ്യുന്ന,
സ്വപ്നം മുളയ്ക്കുന്ന
തീരമേ യാത്രയാകുന്നു
നേരിന്റെ കടവത്ത് തോണിയെത്തിക്കുവാൻ
അറിയാതെ തുഴകൾ നീങ്ങുന്നു;
ഞാനറിയാതെ തുഴഞ്ഞുപോകുന്നു.

**അലക്സ് സേവ്യർ**
ഒന്നാംവർഷ സൈക്കോളജിബിരുദം



# Chic
**The Beauty World**
HERBAL BEAUTY PARLOUR
Maliakal Shopping Complex N. Paravur.
Phone: 2442627
Dry Cleaners & Ladies Tailoring



*With best compliments from*
# ALWAYE SPORTS
SHANMUGA BUILDING, PALACE ROAD, ALUVA
Phone : 98461 53479, 2605234
എല്ലാവിധ സ്പോർട്സ് ഉപകരണങ്ങളും ഹെൽത്ത് എക്യുപ്മെന്റ്സും
ഹോൾസെയിൽ വിലയിൽ നല്കുന്നു. സ്പോർട്സ് ഉപകരണങ്ങൾ റിപ്പയർ ചെയ്തുകൊടുക്കുന്നു.
Branch : INDIAN SPORTS, Yathri Nivas, Perumbavoor

# BAMBINO
BAKERS
Railway Station Square, Aluva - 1, Ph : 2623751
എല്ലാ പാർട്ടി ഓർഡറുകളും സ്വീകരിക്കുന്നു.

## Puthanangadi Traders
Carmel Building, Near Railway Station, Alwaye
~ Call : 2621960 ~



Authorised Dealer for Home Appliances

# കോളേജ് യൂണിയൻ, ആർട്സ് ക്ലബ്ബ് ഉദ്ഘാടനം




കോളേജ് യൂണിയന്റേയും ആർട്സ് ക്ലബ്ബിന്റേയും ഉദ്ഘാടനം സിനിമാതാരം ദിലീപ് നിർവ്വഹിക്കുന്നു.



പ്രിൻസിപ്പാൾ ഡോ. രാജു കെ. ജോണും ചെയർമാൻ ലെനി ഫിലിപ്പും ചടങ്ങിൽ സംസാരിക്കുന്നു.



സിനിമാതാരം ദിലീപിന് ഉപഹാരം നല്കുന്നു.





മാഗസിൻ എഡിറ്റർ ജെയ്സിൽ ജേക്കബും വനിതാപ്രതിനിധി ബൻസീറാ ബീഗവും ആശംസകൾ നേരുന്നു.





ജനറൽ സെക്രട്ടറി കിരൺ എസ്. സ്വഗതവും ആർട്സ് ക്ലബ്ബ് സെക്രട്ടറി ശ്രീകാന്ത് പി. നായർ നന്ദിയും പ്രകാശിപ്പിക്കുന്നു.



സദസ്സ് ഒരു ദൃശ്യം

# Chapter A Day

Suzanne Beecher

File Edit View Friend Format Help

Send File Webcam Voice Invite Ignore Add

"Love of books is your pass to the greatest, the purest and the most perfect pleasure that God has prepared for his creatures. It lasts when all other recreations are gone. It will make your hours pleasant to you as long as you live".

That is a 'Quotable Quote' from Anthony Trollope who didn't quite write books, but churned them out by the dozens. Repeating this seems ridiculous in an era where the internet reigns supreme. Funnily, it isn't. The very thing(the internet) that people choose as the cause of decline of reading may actually develop the habit of reading. Here is one method.....

Suppose you have an e-mail address and love surfing the net. Somebody starts sending you five minute portions of the latest book of a genre you like. After sending it for a few days, portions of another book are sent. You are also given an option to buy the book at a discount if you like what you read. And now consider all these services done free of cost. Sounds great, doesn't it? That is exactly what chapteraday.com does.

I got a chance to contact Suzanne Beecher, the head and owner of *www.chapteraday.com* via e-mail. She agreed for a short e-mail interview. It went as follows:

I; Who or what gave you the idea of chapteraday.com ?
Suzanne: I started Chapter A Day for the busiest people in the world, my employees, stay-at-home moms. The only books they had time to read were children's books, so I started, including parts of books in the e-mail that I sent them each morning.

Soon they were thanking me for getting them back



to reading. They were leaving their TVs off at night and discussing books with their husbands. One employee admitted she would speak over to her computer late at night to see if I had sent the next installment early.

I: You are promoting reading, alright. But isn't this computer reading? Shouldn't we go back to the 'real' natural reading?
Suzanne: I wouldn't want to read an entire book on the computer with the software options that we have right now. My goal is to get people reading again. People are busy and swamped with different opportunities for their time. Many

B I U Arial 10 IMVironment

So I go to the people. I meet them wherever they are. Get people reading again.

Send

Last message received on 9/20/03 at 1:56 AM

# E-mail Interview

Suzanne Beecher

File Edit View Friend Format Help

Send File Webcam Voice Invite Ignore Add

people feel that they will read a book when they get " a big block of time" and of course that never happens. So I go to the people. I meet them wherever they are. Get people reading again. That is what we need to do. It doesn't matter what they read or how they do it.... just get them reading.

I: Who is your favourite author? Which is your favourite book?
Suz: when people ask me for my favourite author I have to tell them that my favourite book is whatever book I'm reading at the moment. I just finished an outstanding book, "My hosing season" by Pat Conroy.

I: Why in the world people read Romances and all those pulp-fiction stuff? (chapteraday.com has a genre called Romance.)
Suz: I am not a Romance reader, but I think that a lot of people who enjoy those books enjoy the "getaway" that it provides for them. We all need a way to escape and take a break from the everyday things of life.
Romances readers are reading and that is what my mission is: to get people to read.

I: Are you working alone?
Suz: I have 11 people on my staff. Four are full time and the rest are part time. I do a lot of work from an office in my home.

I: Give the singlemost important reason why people should read?
Suz: Because reading allows you to feel what other people feel. We can't each personally experiences every feeling and situation in the world, but we can when we read. And we can compassionately understand why people react the way that they do sometimes.

I: What is your advice to the budding readers?
Suz: My advice to readers is not to mix "shoulds" with your reading. Read only what you want. Read only what you like. Don't read every page if you don't want to. Don't even finish if it is just not speaking to you. Reading is one-on-one relationship with some one else. Take what's best for you and leave the rest for some one else.

Chapteraday.com has won the Annual Corporate Award of the Florida Library Association. Suzanne Beecher who lives in Sarasota, Florida in USA also received many awards for her commendable work. She was featured in the NBC, National Public Radio and many websites around the world. To top it all her service is used by more than 1 lakh people around the globe !

Puritans may protest against her flexible rules. But they miss the point. Instead of elaboration upon it, I repeat that famous old story.

When the mother found out that her son was reading bad books, she immediately complained to her husband.
"Are you sure he is reading the book?" asked the father amazed.
"Yes Yes", she said anxiously.
The father, no doubt a positive thinker, replied instantly, "Thank god! Atleast he is reading!"
Shall I say "He said it !"?

**Viju Kurian**
First B.A. English

Arial 10 IMVironment

Shall I say "He said it !"?

Send

Last message received on 9/20/03 at 1:56 AM

# ഒരു വിഡ്ഢി (മനുഷ്യൻ)പറയുന്ന കഥ....

## പതിനെട്ടാമത്തെ ആന

ഞാനൊരു കഥ പറയാം

ഒരിടത്തൊരു ധനവാന് മൂന്ന് ആൺമക്കളുണ്ടായിരുന്നു. മരിക്കുന്നതിനു മുമ്പ് സ്വത്തെല്ലാം മക്കൾക്കായി വീതിക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു. മൂത്തമകന് സ്വത്തിന്റെ നേർപകുതിയും രണ്ടാമത്തെ ആൾക്ക് മൂന്നിലൊന്നും ഇളയവന് ഒമ്പതിലൊന്നും നൽകാനാണ് തീരുമാനിച്ചത്. എല്ലാം മുറപോലെ നടന്നു. അവസാനം ആനകളുടെ ഊഴം വന്നപ്പോൾ മാത്രം പ്രശ്നമായി. കണക്ക് ഒക്കുന്നില്ല. കാരണം ആനകളുടെ എണ്ണം 17 ആയിരുന്നു. ഒടുവിൽ പ്രശ്നപരിഹാരത്തിനായി മക്കൾ പണ്ഡിതനായ ഒരു ബ്രാഹ്മണനെ വിളിപ്പിച്ചു.

ബ്രാഹ്മണൻ: "ഇതിൽ പ്രശ്നമൊന്നുമില്ല ഞാൻ എന്റെ ഒരു ആനയെക്കൂടി നിങ്ങളുടെ പിതാവിന് നൽകുന്നു."

മക്കൾ: "ദരിദ്രനായ നിങ്ങൾക്ക് എവിടെ നിന്നാണ് ആന? വിഡ്ഢിത്തം പറയാതിരിക്കൂ."

എങ്കിലും അവർക്ക് ബ്രാഹ്മണൻ പറയുന്നത് അംഗീകരിക്കുകയല്ലാതെ വേറെ മാർഗ്ഗമൊന്നുമുണ്ടായിരുന്നില്ല. അങ്ങനെ പതിനെട്ടാമത്തെ ആനയെക്കൂടി ലഭിച്ചതായി എല്ലാവരും അംഗീകരിച്ചു. ഭാഗം വയ്പ് അഭംഗുരം നടന്നു. നിശ്ചയിച്ചതുപോലെ മൂത്തവന് പതിനെട്ടിന്റെ നേർപകുതി ഒമ്പതും രണ്ടാമത്തവന് മൂന്നിലൊന്നായ ആറും ഇളയവന് ഒമ്പതിലൊന്നായ രണ്ടും വീതം ആനകളെ ലഭിച്ചു. മൊത്തത്തിൽ ? പതിനേഴ്!

കഥ കഴിഞ്ഞു. ഇനി കാര്യത്തിലേക്കു കടക്കാം. കേരളം ഉത്സവങ്ങളുടെ നാടാണ്. ആനയും അമ്പാരിയും മാറ്റുരയ്ക്കാത്ത കേരളീയോത്സവങ്ങൾ മലയാളിക്ക് സ്വപ്നം കാണുവാൻ പോലും കഴിയില്ല. എന്തിനധികം ഉദ്ഘാടനങ്ങൾക്കും മന്ത്രിമാർക്കു സ്വീകരണത്തിനും വരെ ആനകൾ ഒഴിച്ചുകൂടാൻ വയ്യാത്ത ഒരുത്പന്നം മാത്രം. ഈ ആരവങ്ങൾക്കിടക്ക് നാം മറന്നു പോകുന്ന ഒന്നുണ്ട്, സഹ്യന്റെ മക്കൾ.. അവരുടെ വേദന.... ഈ വേദനകൾ കോപാന്ധതയുടെ, കലിതുള്ളി ഉറയലിന്റെ വക്കത്തെത്താൻ അധികസമയം വേണ്ടിവരില്ല, പലപ്പോഴും.

നമ്മുടെ ഓരോ പ്രഭാതങ്ങൾക്കും പത്രങ്ങൾ നിറപ്പകിട്ടേകുന്നത് ഏതെങ്കിലും ഒരു കൊമ്പന്റെ കൊമ്പിൽ പിടഞ്ഞുതീർന്ന ആനപാപ്പാൻമാരുടെ ദാരുണമായ അന്ത്യചിത്രങ്ങളോടെ ആയിരിക്കുന്നു. ആനകൾക്കിതെന്തു പറ്റി? സ്വാഭാവികമായ ചോദ്യമുയരും. പറ്റിയതാനകൾക്കല്ല, നമുക്കുതന്നെയാണ്, കേരളത്തിലെ ഒട്ടുമിക്ക ആനചികിത്സകരും ആനപ്രേമികളും ഒറ്റസ്വരത്തിൽ പറയും. വളരെ പ്രത്യേകതകൾ ഉൾക്കൊള്ളുന്നൊരു ജന്തുവർഗ്ഗമാണ് ആന. കവിളിൽ വൃഷണങ്ങളും തുമ്പിക്കയ്യുടെ അറ്റത്ത് മൂക്കും, ശരീരത്തിനിണങ്ങാത്ത കണ്ണുകളും, വിരലുകളില്ലാതെ നഖങ്ങളും, വലിയ മുറങ്ങളെ ഓർമ്മിപ്പിക്കുന്ന ചെവികളും എല്ലാം ഒത്തുചേർന്നൊരു വിചിത്രരൂപം!

ഈ വിചിത്രരൂപം മുൻകാലങ്ങളിൽ വലിയ തറവാടുകളുടേയും മറ്റും അധികാരത്തിന്റെയും അന്തസ്സിന്റെയും പ്രതീകങ്ങളായി തറവാട്ടുമുറ്റങ്ങളിലും കൊട്ടാരവളപ്പുകളിലും നിലനിന്നവയാണ്. എന്നാൽ കേരളത്തിലെ ക്ഷേത്രോത്സവങ്ങൾ കരാറുകളുടെ അടിസ്ഥാനത്തിലേക്ക് നീങ്ങിയപ്പോൾ, ആനക്കരാറുകാർ ആനകളെ പതുക്കെ പതുക്കെ വളർത്തി, നല്ലൊരു "കമ്മോഡിറ്റി" യാക്കി. ഇവിടെയും ഒരു വിരോധാഭാസമാണ് സംഭവിച്ചിരിക്കുന്നത്. കരാറുകാരെ പണം വാരാൻ സഹായിച്ച ആനകൾക്കു പകരമായി കിട്ടിയത് പട്ടിണിയും പീഢനവും മാത്രം...

നെറ്റിപ്പട്ടമണിഞ്ഞ് ആലവട്ടവും വെഞ്ചാമരവും വീശി പട്ടുക്കുട ചൂടി, മേളക്കൊഴുപ്പിൽ തലയാട്ടി നിൽക്കുന്ന ഗജവീരൻമാരില്ലാതെ പൂരങ്ങൾക്കു ഹരം പകരുന്നതെങ്ങിനെയാണ് ? നാം രസിക്കുമ്പോൾ എഴുന്നള്ളിച്ചുകൊണ്ട് വന്ന് നിർത്തിയിരിക്കുന്ന ഗജവീരൻമാരുടെ സ്ഥിതി എന്താണ്? മണിക്കൂറുകളോളം നടയും ഇടയും പൂട്ടി വേണ്ടവണ്ണം ആഹാരമില്ലാതെ, (നല്ല വളർച്ചയെത്തിയ ഒരാനക്ക് ദിവസം 100 കി.ഗ്രാം ഭക്ഷണവും, 150-250 ലിറ്റർ വെള്ളവും അത്യാവശ്യമാണ് . ഈ കൃത്യമായ ആഹാരം പോലും പല ആനകൾക്കും ലഭിക്കുന്നുണ്ടോ എന്നതിൽ സംശയം ഉണ്ട്) വെള്ളമില്ലാതെ വെയിലേറ്റ് ചുട്ടുപഴുത്ത മണ്ണിൽ കാലുകൾ വെന്തുരുകി നമ്മെ രസിപ്പിക്കാൻ വേണ്ടി മാത്രം വിധിക്കപ്പെട്ട ഒരു മൃഗമാണ് ഇന്ന് ആന. ചെണ്ട മേളത്തിന് മുന്നിലെ ഈ നിൽപ് രാവെന്നും പകലെന്നും ഇല്ലാതെ തുടരുകയാണ് പതിവ്. ഇത്തരം അസഹ്യമായ ഒരു സാഹചര്യത്തിൽ ആനകളുടെ മനസ്സും ശരീരവും ഭ്രാന്തമായ ഒരവസ്ഥയിലേക്ക് എത്തിപ്പെടാതിരുന്നാൽ മാത്രമേ അത്ഭുതത്തിന് വകയുള്ളു. ഈ ഉന്മാദാവസ്ഥയിൽ തങ്ങളെ തോട്ടിയും കാരവടിയും ഉപയോഗിച്ച് നിലക്ക് നിർത്തുന്ന ( പല ആനകളുടേയും കാലുകളും ചെവികളും വ്രണപ്പെട്ട് പഴുത്തളിഞ്ഞിരിക്കാറുണ്ട്. ഇതിന്റെ കാരണങ്ങളിൽ തൊണ്ണൂറു ശതമാനവും പാപ്പാൻമാരുടെ

തോട്ടിയും വടിയും ഉപയോഗിച്ചുള്ള പീഢനമാണ്. ) പാപ്പാൻമാരുടെ നെഞ്ചു കുത്തി പിളർക്കാനും തലകൾ ചവിട്ടിയരക്കാനും അമിതാവേശം കാണിച്ചില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളു.

ആനകളുടെ "ഇടയൽ" പ്രശ്നത്തിന് മറ്റൊരു പ്രധാനകാരണമായി, ആനപ്രേമികളും ചികിത്സകൻമാരും ചൂണ്ടിക്കാണിക്കുന്നത്, മണിക്കൂറുകളോളം നീളുന്ന ചെണ്ടമേളവും, കർണ്ണകഠോരമായ വെടിക്കെട്ടും തന്നെയാണെന്നാണ്. സഹനത്തിന്റെ സമസ്തമേഖലകളുംതകർക്കുന്ന വെടിക്കെട്ട് ആനകളുടെ ആരോഗ്യനിലക്കു ശക്തമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നുവെന്ന് വൈദ്യശാസ്ത്രം പോലും പറയുന്നു.

വിശ്രമമെന്നൊരു സംഗതി ആനകൾക്കുണ്ടാവാറില്ലെന്നതാണ് പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം. ഒരു പൂരത്തിന്റെ മേളവും വെടിക്കെട്ടും അടക്കം എല്ലാം അവസാനിക്കുമ്പോൾ മിക്കപ്പോഴും അർദ്ധരാത്രിയായിട്ടുണ്ടാകും. നിർത്താതെയുള്ള പറയെടുപ്പും മറ്റും മൂലം ക്ഷീണിച്ചവശരായ അവയ്ക്ക് വിശ്രമത്തിനുള്ള സമയം പോലും അനുവദിക്കാതെ ഉടൻ തന്നെ മറ്റൊരു ക്ഷേത്രോത്സവത്തിന് ആ രാത്രി തന്നെ നടത്തിക്കൊണ്ടുപോകുന്ന കാഴ്ച എവിടെയും കാണാം. ഇത്തരത്തിൽ ആനകളുടെ രാത്രിയാത്രകളിൽ " റിഫ്ളക്ടറുകൾ" ഉപയോഗിച്ചിരിക്കണം എന്ന നിയമം തന്നെ നിലവിലിരിക്കുമ്പോൾ ഇത് എത്ര പേർ പ്രാവർത്തികമാക്കുന്നുണ്ട്? രാത്രികാലങ്ങളിൽ ആനകളുടെ ശരീരത്ത് വാഹനങ്ങൾ വന്നിടിക്കുന്നതും നിത്യസംഭവമാണ്.

പാപ്പാൻമാർ പലപ്പോഴും തങ്ങളുടെ കോപം പ്രകടിപ്പിക്കുന്നത് ആനകളുടെ ദേഹത്തായിരിക്കും. മദ്യപിച്ചു ലക്കുകെട്ട് ആനകൾക്കരികിലെത്തി അവയെ ഉപദ്രവിക്കുന്ന പാപ്പാൻമാരും കുറവല്ല. തടിമില്ലുകളിൽ തടി പിടിക്കാൻ കൊണ്ടുവരുന്ന ആനകളും പീഢനങ്ങളിൽ നിന്നും മുക്തരല്ല. ആഹാരത്തിന്റെ അപര്യാപ്തതയും ആനപട്ടയും, ആനപിണ്ഡവും കുന്നുകൂടിക്കിടന്ന് ചീഞ്ഞളിഞ്ഞ് ദുർഗന്ധപൂരിതമായ സാഹചര്യങ്ങളും, എല്ലാം അവയുടെ ആരോഗ്യത്തെപാടെ തകർത്തുകളയുന്നു.

ഇണ ചേരുവാൻ സമയമായെന്ന് ഒരു " സിഗ്നൽ " കണക്ക് അറിയിപ്പു നൽകുന്ന മദപ്പാട് ആനകളുടെ ജീവിത ചക്രത്തിലെ പ്രധാനപ്പെട്ട അവസ്ഥയാണ്. ഈ സമയത്ത് അവ ഭ്രാന്തമായ അവസ്ഥയിലായിരിക്കും എന്നതിനാൽ അവയെ സുരക്ഷിതമായ സ്ഥലത്ത് ബന്ധിച്ച് ആവശ്യമായ ചികിത്സയാണ് " മാതംഗലീല" പോലും വിധിച്ചിട്ടുള്ളത്. കവിളിൽ കാണുന്ന വൃഷണങ്ങളിൽ നിന്ന് പൊട്ടിയൊലിക്കുന്ന ഒരു തരം ദ്രാവകത്തിന്റെ ഉന്മത്തഗന്ധമാണ് ആനകൾക്കുൻമാദമുണ്ടാക്കുന്നതെന്നും ഒരു വിശ്വാസമുണ്ട്. എന്തൊക്കെയായാലും മദപ്പാടുകാലത്ത് ഇവക്ക് വിശ്രമവും ചികിത്സയുമാണാവശ്യം. എന്നാൽ ഒട്ടു മിക്ക പൂരങ്ങളിലും മദപ്പാടുകാലത്തുപോലും ആനകളെ എഴുന്നള്ളിപ്പിനു കൊണ്ടുവരാറുണ്ട്. ഇത്തരത്തിൽ ധാരാളം മദമിളകലുകളും കൊലവിളികളും നമ്മുടെ ആനകൾ നടത്തിയിട്ടുണ്ട്. മദപ്പാടുള്ള ആനകളെ എഴുന്നള്ളിക്കുന്നത് നിയമം മൂലം നിരോധിച്ചിരിക്കുന്നു. എങ്കിലും ഇതെല്ലാം ഇന്നും നിർബാധം തുടരുന്നു. ആനകൾക്ക് മദം ഇളകുന്ന കാലയളവും കേരളത്തിലെ ക്ഷേത്രോത്സവങ്ങളുടെ കാലവും ഏകദേശം ഒന്നു തന്നെയാണെന്നത് സംഗതികളുടെ ഗൗരവം വർദ്ധിപ്പിക്കുന്നു. ഇത്തരത്തിൽ നമുക്ക് നിരവധി കാരണങ്ങൾ " ആന സംഭവങ്ങൾ"ക്ക് അനുബന്ധമായി എടുത്തുകാട്ടാൻ കഴിയും.

വിറളി പിടിച്ച ആനത്തലകളിൽ കത്തുന്നത് കാമമോ പകയോ എന്നറിയാതെ പകച്ചുനിൽക്കുന്ന പാവം പൗരൻമാർ. ചതഞ്ഞരഞ്ഞതലകൾ, ആനകൾ ചവിട്ടിമെതിച്ചു കടന്നു പോയ വഴിത്താരകൾ, രക്തമൊഴുകുന്ന നെഞ്ചിൻകൂട്, കലിയുടെ ആവേശത്തിൽ ഉറഞ്ഞുതുള്ളുന്ന കൊലകൊമ്പൻമാർ ഇവയെല്ലാം അശ്രദ്ധരായ അല്ലെങ്കിൽ ദുരാഗ്രഹികളായ മനുഷ്യരുടെ സൃഷ്ടി മാത്രമെന്നിരിക്കെ നമ്മുടെ പഴയ ആ ചോദ്യം; ആനകൾക്കിതെന്തുപറ്റി? അതിനു പ്രസക്തിയെവിടെ? പറ്റിയത് മനുഷ്യർക്ക് മാത്രമല്ലേ!

**ഉണ്ണിക്കൃഷ്ണൻ.ടി.ആർ**
രണ്ടാംവർഷ ഇംഗ്ലീഷ് ബിരുദം



**കേരളത്തിലെ ക്ഷേത്രോത്സവങ്ങൾ കരാറുകളുടെ അടിസ്ഥാനത്തിലേക്ക് നീങ്ങിയപ്പോൾ, ആനക്കരാറുകാർ ആനകളെ പതുക്കെ പതുക്കെ വളർത്തി, നല്ലൊരു "കമ്മോഡിറ്റി" യാക്കി. കരാറുകാരെ പണം വാരാൻ സഹായിച്ച ആനകൾക്കു പകരമായി കിട്ടിയത് പട്ടിണിയും പീഢനവും മാത്രം...**



# കോളേജ് ഡേ



കോളേജ് ഡേ ആഘോഷങ്ങളുടെ ഉദ്ഘാടനം സൈക്കോളജി വിഭാഗം തലവൻ റവ. തോമസ് ജോൺ നിർവ്വഹിക്കുന്നു.



പ്രിൻസിപ്പാൾ ഡോ. രാജു കെ. ജോൺ കോളേജ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുന്നു.



ചെയർമാൻ ലെനി ഫിലിപ്പ് അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു



ജനറൽ സെക്രട്ടറി കിരൺ എസ്. യൂണിയൻ റിപ്പോർട്ട് അവതരിപ്പിക്കുന്നു.



ആർട്സ് ക്ലബ്ബ് സെക്രട്ടറി ശ്രീകാന്ത് പി. നായർ നന്ദി പ്രകാശിപ്പിക്കുന്നു.



ഉണ്ണികൃഷ്ണൻ.ടി. ആറിന്റെ 'മാന്ത്രികക്കുട' എന്ന ബാലസാഹിത്യനോവലിന്റെ പ്രകാശനം





ആർട്ട്സ് ക്ലബ്ബ് അഡ്വൈസർ ശ്രീ. കെ. എസ്. നാരായണനും മാഗസിൻ എഡിറ്റർ ജെയ്സിൽ ജേക്കബും ചടങ്ങിൽ സംസാരിക്കുന്നു.



സദസ്സ് ഒരു ദൃശ്യം

# Cotton World

ONLY GENTS WEAR

Sree Ayyappa Shopping Complex
Near Don Bosco Hospital
K.M.K. Junction, North Paravoor



**Shirts, T-Shirts, Curtha, V-Curtha, Jeans etc. Available here**




# SPORTOMS

Kodavath Shopping Complex
Opp. St. Mary's H.S. Subjail Road, Aluva - 1
Ph: 2628037, 2621757(R)

**Dealers : Sports, Trophies, Toys, Scout Equipments, Health Equipments**

## BAJAJ PULSAR

Largest Selling Bike
In the Performance Segment Bike
Available in 150 CC and 180 CC Variants

Over 2,00,000 Bike in Indian Roads

### BAJAJ PULSAR-150cc

- 12 BHP - 150 CC
- Electric start Option Available
- Available in Metalic blue, Flame Red, Brilliant Silver and Dampson Purple
- 15 BHP - 180 CC



# Alwaye Motors

Parur Jn. Ph : 2605520, 2603844/55

# PRINCIPAL'S REPORT APRIL 2002 - MARCH 2003

## UNION CHRISTIAN COLLEGE, ALWAYE

Analysis of the Results of University Examination April/May 2002

| Class & Group | No. of Students Presented | No. of Students Appeared | Rank | Dist | 1st | 2nd | 3rd | Total | Percent |
|---|---|---|---|---|---|---|---|---|---|
| **B.A.Degree** | | | | | | | | | |
| History | 27 | 25 | | | 11 | 4 | 5 | 20 | 80% |
| Economics | 57 | 56 | | | 21 | 20 | 7 | 48 | 86% |
| Psychology | 24 | 23 | | | 13 | 3 | 5 | 21 | 91% |
| English | 44 | 44 | | | 21 | 11 | 7 | 39 | 89% |
| Malayalam | 54 | 52 | | | 28 | 18 | 2 | 48 | 92% |
| **B.Sc Degree** | | | | | | | | | |
| Mathematics | 38 | 37 | | | 33 | 2 | 2 | 37 | 100% |
| Physics | 42 | 41 | | | 34 | 2 | | 36 | 88% |
| Chemistry | 42 | 42 | | | 31 | 1 | | 32 | 76% |
| Botany | 26 | 26 | | | 16 | 4 | 2 | 22 | 85% |
| Zoology | 24 | 24 | | | 18 | 5 | | 23 | 96% |
| BT&SP | 18 | 18 | 1st, 2nd, 3rd | | 18 | | | 18 | 100% |
| **M.A Degree** | | | | | | | | | |
| History | 14 | 11 | 1st | | 2 | 4 | 4 | 11 | 78.57% |
| Economics | 14 | 14 | | | 1 | 5 | 3 | 9 | 64.28% |
| Psychology | 13 | 13 | 1st, 2nd, 3rd | | 9 | 3 | 1 | 13 | 100% |
| English | 15 | 15 | 3rd | | 3 | 6 | 5 | 14 | 93% |
| Malayalam | 18 | 18 | | | 9 | 5 | | 14 | 77% |
| **M.Sc Degree** | | | | | | | | | |
| Mathematics | 15 | 15 | | | 3 | 6 | 2 | 11 | 73.33% |
| Physics | 15 | 14 | | | 13 | | | 13 | 92.85% |
| Chemistry | 11 | 11 | | | 4 | 5 | | 9 | 81.81% |
| Botany | 12 | 12 | 3rd | 1 | 8 | 1 | | 10 | 83.33% |

**Rank Holders:**

| | | |
|---|---|---|
| 1. Ms. Saira George | Third Rank | M.Sc Botany |
| 2. Ms. Aparna S. | First Rank | M.A History |
| 3. Mr. Shiju Joseph | First Rank | M.A Psychology |
| 4. Ms. Nisha K | Second Rank | M.A Psychology |
| 5. Mr. Viju P.D | Third Rank | M.A Psychology |
| 6. Ms. Smitha Venugopal | First Rank | BT&SP |
| 7. Ms. Liji Thomas | Second Rank | BT&SP |
| 8. Ms. Smitha K.R | Third Rank | BT&SP |
| 9. Ms. Mini V.S | Third Rank | M.A English |

**Award of Ph.D Degrees**

1. Smt. Sheelakumari Issac, Lecturer in the Department of Chemistry was awarded Ph.D from the Cochin University of Science and Technology
2. Mr. Rejimon P.M, Research scholar in the Department of Economics under supervision of Dr. C.A Antony
3. Ms. Nileena C.B, Research scholar in the Department of Botany under the supervision of Dr. C. Joyce Mathew
4. Mr.P.P Jageer and Sr. Mary K.T, Research Scholar in the Dept. of English under the supervision of Dr.Varghese John
5. Smt. E.I Anila obtained M.Phil degree from CUSAT

**Retirements**

The following members of staff have either retired or are due for retirement.

a) Teaching Staff

| *Name* | *Department* | *Date* |
|---|---|---|
| 1. Dr. Rajan Varughese | Mathematics | 31-3-2003 |
| 2. Prof. Mathew Koshy | " | 31-3-2003 |
| 3. Prof. Abraham Mathew | " | 31-3-2003 |
| 4. Dr. John Abraham | Physics | |
| 5. Dr. C.G Ramankutty | Chemistry | 31-3-2003 |
| 6. Dr.P.D Johny | History | 31-3-2003 |
| 7. Prof.Rev. Tfhomas John | Psychology | 31-3-2003 |

Dr. K.V Kunhikrishnan, Department of History, was relieved from the service of the college to take up appointment as Registrar, Cochin University of Science and Technology

b) Non-Teaching Staff

| | | |
|---|---|---|
| 1. Mr.T.P Alias | Senior Superintendent | 31-5-2002 |
| 2. Smt. G. Premaji | Lib Asst. | 31-5-2002 |
| 3. Mr.R.K Prathap | U.D Typist | 30-6-2002 |
| 4. Mr.V.K Abarham | U.D Accountant | 31-3-2003 |
| 5. Mr.P John Varghese | U.D Clerk | 31-5-2003 |
| 6. Smt. P.J Sosamma | L.D Clerk | 30-10-2002 |
| 7. Mr. M. Subramanian | Attendant | 31-5-2003 |
| 8. Mr. A.A Kochayyappan | Peon | 31-5-2003 |

The college places on record its appreciation for their valuable services to the institution and the community at large.

c) Guest Lectures

There are at present 18 Guest Lectures working in the College.

**New Heads of Departments**

| | |
|---|---|
| 1. Dr. Molina Susan Thomas | Psychology |
| 2. Prof. Abraham Mathew | Mathematics |
| 3. Prof.N.I Thomas | Physics |
| 4. Prof. Anu Oommen | Mathematics |
| 5. Prof. P.M Varkey | History |
| 6. Prof. K.E John | Chemistry |
| 7. Prof. Sajee Thomas | Zoology |

Mr.T.C Jose has taken charge as Senior Superintendent w.e.f 1-6-2002

**Obituary**

Prof. K. Narayanan Nair, former professor in the Department of Malayalam passed away on November 3, 2002

Prof.Rebecca Grace Thomas, former lecturer in the Department of English and warden of hostels passed away on September 29, 2002

Prof. P.G Kesavan Potti, former professor in the Department of Physics passed away on January 2, 2003

May their souls rest in peace.

**Activities of the Teaching Department**

**Dept.of English**

- The English Association was inaugurated by noted Malayalam Film Director, SriK.G George
- English Association day celebrations inaugurated by Lohithadas, noted Malayalam, Film Director

- A three day film workshop was organized in which film classics were screened and Dr.John Sankaramangalam gave lectures

**Dept.of Malayalam**

- Malayalam Association was inaugurated by Prof. D. Vinayachandran
- Malayalam Day celebrations inaugurated by Sri. K.C Narayanan, Editor, Bashpaharam
- Kavettom 2002, workshop on ritualistic art forms of Kerala was inaugurated by Prof.Kadammanitta Vasudevan Nair, Vice President of Kerala Folk lore academy
- An Interface with noted writers of Malayalam Drama Sri.K.T Muhammed and Civic Chandran was organized

**Dept.of Chemistry**

- Prof.T.R Anantharaman Memmorial lecture was delivered by Dr. T.A Ramanarayanan of Princetac university, USA
- Dr. A.M Chacko endowment lecture delivered by Dr. K. Girish Kumar, Reader in the Department of Applied Chemistry, CUSAT

**Dept.of Zoology**

- Seminar on Bio informatics
- Zoosem – 2003, Seminar competition for I,II and III year B.Sc (Zoology) students organized by Zoological Society of Kerala and the Department of Zoology, U.C College
- DNA lab attached to the BT&SP programme in the Zoology department was inaugurated by our Manager Dr.C. Poonnoose Mathew on October 26, 2002
- Dr. George Iwama, Director general, National Research Council of Canada delivered a lecture on "Biotechnology Today"

**Dept.of History**

- UGC has sanctioned a dual degree programme in Archaeology and Museology in the Department of History. The programme was inaugurated by Sri.T.M Jacob, Hon. Minister for Irrigation, Govt. of Kerala
- History Association was inaugurated by Dr.K.S Radhakrishnan
- Dr.K.V Kunhikrishnan, Registrar, CUSAT inaugurated the renovated Archaeological museum
- Dr. K.K George, former Director of School of Management Science, CUSAT delivered the Dr.A.K Baby memorial lecture

**Dept.of Physics**

- Prof.Ittoop Mathew and Prof.T.N Vijayan Endowment seminar competitions were held in January 2003
- Mr.Harish P., Research scholar at Delft University, Netherlands gave lecture on 'Photo Voltaic Technology'
- Prof.V.P.N Namboothiri of the International School of Photonics, CUSAT gave a lecture on 'Beauty of Arts and Science'

**Dept.of Psychology**

- Dr. Gerald Middents Endowment lecture in Psychology was delivered by Dr.C.N Mukundan, Head of the Department of Clinical Psychology, NIMHANS, Bangalore
- Dr.V.K Alexander Memorial lecture was delivered by Mrs.Sara Samuel, Jyothi Nivas College, Bangalore

**Dept.of Botany**

- As part of the Botany day celebrations an exhibition was organized in which various classes participated

**Other Programmes**

- One period on Fridays is set apart for a session on Issues and Ethical responses
- Dr.K.N Panicker, Vice Chancellor, Sree Sankara Sanskrit University, Kalady talked to the staff and students on issues related to Nationalism

- U.C College Students Film Society screened a number of classics and films highlighting social and environmental issues
- Women's Cell in collaboration with the Cochin Junior Chamber conducted a leadership training programme for women students
- Swami Sachidananda of Dharma Bharathi addressed students on January 29, 2003
- Dr.B. Ekbal, Vice Chancellor of the University of Kerala delivered a lecture on 'Internationalization of Higher Education'
- The Annual retreat for staff and students was held during November 15-16 under the leadership of Rev.Dr. Abraham Philip, Marthoma theological college, Kottayam
- The tourism club was inaugurated by Prof.K.V Thomas, Hon. Minister for Tourism, Govt. of Kerala

**Responsibilities**

- Dr.K.I Mani Varghese, Department of Botany has taken charge as the Bursar of the college. I take this opportunity to thank Prof.Mathew Koshy for the excellent work he has done as Bursar in providing a sound financial base for the college
- Superintendent of Works – Dr. P Thomas Mathew
- Secretary of the P.T.A - Prof.K.E John
- Administrative Dean - Prof.Mathew Koshy
- Academic Dean and Secretary of the Staff Council - Rev. Thomas John
- Secretary of the Staff Association - Dr. A Sunny Kuriakose
- Director of Guidance Bureau – Dr. Tomy Varghese
- Secretary of the Inter Church Fellowship – Dr.K.K Leelamma
- Rev. Thomas John is the convenor of the committee for religious activities
- Dr.K.E Lelamma is in charge of the Women's Cell
- Dr.P.M Kuriachen is the Convener of the Committee for rubber plantation

**NCC :**

Lt.E.I Anila and Lt. (Dr.) David Saj Mathew are the officers in charge of the girls' and boys' wing of the NCC respectively. The Annual camp of the 22 Kerala Battalion was held in U.C College during the Onam Holidays. CUO Sreedevi Warrier visited Vietnam and SCUO Nino Baby visited Russia as part of the Youth exchange programme.

**NSS :**

Prof.M.I Punnoose and Dr.V.P Sheela are the programme officers in charge of the NSS units. The ten day extension work camp organized at the Chendamangalam Higher Secondary School during Christmas holidays was inaugurated by Adv.V.D Satheesan M.L.A. An Inter-faith Dialogue was organized on December 7, 2002 with financial assistance from AIACHE.

**Staff Advisors :**

Sri.V.P Markose and Sri.K.S Narayanan are the staff advisors of the College Union and the Arts Club respectively.

Smt. Muse Mary George is the advisor of the SCF

**Hostel Wardens**

| | |
|---|---|
| Skinner Hostel | Smt. Muse Mary George |
| West Hostel | Dr. Thara K. Simon |
| East Hostel | Dr. P Thomas Mathew |
| Chacko Hostel | Dr.P.M Kuriachen and Mr.Cherian K. George |

**Orientation Programmes**

Orientation Programmes were held for I B.A/B.Sc, I M.A/M.Sc and II M.A/M.Sc students under the auspices of the PTA. Open House Programmes were arranged for all B.A/B.Sc classes

**Alumni Association (OSA)**

The Reunion Day of the Association of Old Students and Friends was celebrated on November 9, 2002. Dr.V.K Koshy, an old student of the college and Chairman and Managing Director of Bharat Electronics Ltd., Bangalore was the chief guest. Prof.E. Narayanan Nambiar Memorial Elocution Competition and

Prof.A.K Abdul Kareem Memorial Quiz Competitions were organized by the OSA. Dr.A Sunny Kuriakose has been elected the new Joint Secretary of the Old Students Association. I take this opportunity to thank Prof.P.M Varkey for the commendable work he has done in organizing the activities of the OSA.

**Founders Day Address**

This years Founder Day Address was delivered by Dr.K.N Panicker, Vice Chancellor of the Sree Sankara Sanskrit University, Kalady on November 19, 2002. The topic was 'Higher Education : A Critical Introspection'.

**New Course**

M.Sc Biotechnology and an Advance Diploma in Archaeology and Museology were started this year. Institute for Communication and Information Technology (ICIT) is conducting various computer courses for the benefit of the students.

Department of Physics has started Computer Maintenance Services for the college.

**Sport and Games**

The annual sports meet was held on December 3, 2002. Dr.A.K Baby Memorial Inter Collegiate Hockey Tournament was held during November 5-8, 2002.

The following is the result of the M.G University Inter Collegiate Championships

| | | |
|---|---|---|
| Hockey Women | - | Runner up |
| Table Tennis Men | - | " |
| Soft Ball Men | - | " |
| Hockey Men | - | Third Place |

Miss. Susan Abraham, Miss. Treesa Jose and Miss.Libi P.T were selected to represent the Southern States during the year 2002-03

Miss.Treesa Jose P., III B.A History was selected as the best player in the $5^{th}$ South Zone Women Hockey Championships held at Thiruvananthapuram in February 2003.

Principal Dr. Raju K. John and Mr.M.I Punnoose, Department of Malayalam represented the college at the Asian Christian Faculty Fellowship Programme held in Chiang Mai, Thailand in November 2002.

**Conclusion**

I express my gratitude to God Almighty for His wonderful care and guidance during this period.I am grateful to the Manager Dr.C.Poonnoose Mathew,the Standing Council,the Governing Body, the Executive Committee,the College Council,the Inter Church Fellowship, and the staff and students of the College for their cooperation.

Alwaye – 2,
12/04/2003.

Dr.Raju.K.John
Principal



*Best Compliments from*

**Liberty**
tailors

Near Municipal Park, Palace Road, Bank Junction, Aluva - 683 101
Call : 2624607 (shop) 2625031 (res)

Ladies & Gents Tailors

# ആൽത്തറയിൽ രാമനെന്ന കപ്പലണ്ടിക്കച്ചവടക്കാരനുണ്ട്

രാമനെ എന്നാണ് ആദ്യമായി കണ്ടത് ? ഒരുപക്ഷെ ഓർമ്മയുടെ അടരുകൾ ഫോസിലുകളായി രൂപപ്പെടാൻ തുടങ്ങിയ കാലത്തിനു മുമ്പാവാം. അന്ന് അജ്മേരയുടെ ബസ് വൈകിയെത്തിയില്ലായിരുന്നുവെങ്കിൽ ഞാൻ ഒരുപക്ഷെ രാമനെ കാണുമായിരുന്നോ? കറുത്ത വയറിന്റെ തമ്പിൽ തട്ടിയുള്ള സംഗീതം കേൾക്കുവാനും സാധിക്കുമായിരുന്നില്ല. അവസാനം ആ പിഞ്ചു കൈകളിൽ ഒരു കാലണത്തുട്ടെങ്കിലും വച്ചു കൊടുക്കണമെന്ന് ഞാനാശിച്ചിരുന്നു. അതിലെല്ലാമുപരി അവന്റെ ആശ തീരുവോളം ആഹാരം വാങ്ങി കൊടുക്കുവാനുള്ള അന്തർദാഹമായിരുന്നു മനസ്സിൽ. പക്ഷെ രണ്ടിനായാലും ഞാൻ നിസ്സഹായനാണ്.

വെറുതെ ആശിച്ചിട്ടെന്തു കാര്യം? ആശയ്ക്കു വല്ല അറുതിയുമുണ്ടോ? എവിടെയും കാഴ്ചക്കാരും വഴിപോക്കരുമായി നിൽക്കാനേ അവയ്ക്കു സാധിക്കൂ. അന്യന്റെ തണലിൽ അന്തിയുറങ്ങുന്ന ഈയുള്ളവന്റെ ആശകൾക്ക് ആര് വില കല്പിക്കുന്നു?

അല്പം വൈകിയാണെങ്കിലും അജ്മേരയുടെ ബസ് ഓടിക്കിതച്ചെത്തിയപ്പോൾ യാന്ത്രികമായി രാമനെ ത്യജിച്ച് ഞാനതിലേക്ക് വലിഞ്ഞുകയറി. വഴി നീളെ അവനെക്കുറിച്ചായിരുന്നു ചിന്ത.

വയറ്റത്തടിച്ച് ഒരു പാട്ട് പാടിയ ശേഷം, " സാർ എന്തെങ്കിലും തരുമോ? നാലുദിവസമായി വല്ലതും കഴിച്ചിട്ട് " എന്നവൻ പറഞ്ഞപ്പോൾ ഈയുള്ളവൻ വളരെ കൂളായി നോക്കി നിന്നതേയുള്ളൂ. കാരണം ഈ ദരിദ്ര നാരായണന്റെ അവസ്ഥയിൽ അന്നേവരെ ആർക്കും ദയ തോന്നിയിരുന്നില്ല. ദാരിദ്ര്യം അത്ര കണ്ട് പൊറുതി മുട്ടിയ വഴിയേ കേരള പബ്ളിക് സർവ്വീസ് കമ്മീഷനും ഉപേക്ഷിച്ചു. ആരോ പറഞ്ഞ് ഈയുള്ളവൻ കേട്ടിട്ടുണ്ട് മുട്ടുവിൻ തുറക്കപ്പെടും എന്ന്. പക്ഷെ അടിയന്റെ അവസ്ഥ അതല്ലാതായിത്തീർന്നിരിക്കുന്നു. മുട്ടിയ വാതിലുകളെല്ലാം കൊട്ടിയടച്ചു. ഇപ്പോഴാണ് ആ ആപ്തവാക്യത്തിന്റെ അർത്ഥം ശരിക്കും മനസ്സിലായത്.

ഇന്ന്,

പി.എസ്.സി. ഓഫീസിൽ നിന്ന് കൈക്കൂലിപ്പണം പിടിച്ചെന്ന് ഒരു പത്ര വാർത്ത കണ്ടു. പിന്നീട് പല നാളുകളിൽ രാമന്റെ തളർന്ന സംഗീതം ഓർമ്മയിൽ നുരചിന്തി വന്നു.

ഉയർച്ചയിലേക്ക് നടന്നു കയറണമെന്ന അതിയായ ആഗ്രഹം മനസ്സിലേക്ക് ചേക്കേറിയ അന്നു മുതൽ രാമൻ ഓർമ്മയിൽ നിന്നും മാഞ്ഞുതുടങ്ങി. പക്ഷെ അവിടെയും പതറിവീണ ഇടനാഴികളിൽ പലവട്ടം അവന്റെ തളർന്ന മുഖവും ശോഷിച്ച കയ്യിലെ പിച്ചപ്പാത്രവും ഞാൻ കണ്ടു.

ഒരിക്കൽ നിരമൺകര ബസ്സ്റ്റോപ്പിൽ വച്ച് ഒരാൾ ഒരു ബാലനെ അതിക്രൂരമായി മർദ്ദിക്കുന്നത് കാണാനിടയായി. കാരണമായി അയാൾ പറഞ്ഞത് എന്നും കിട്ടാറുള്ള പിരിവ് അന്നവന് കിട്ടിയില്ലത്രെ. അന്ന് വീണ്ടും ഞാൻ രാമനെക്കുറിച്ചോർത്തു.

പിന്നീട് വന്ന കാലങ്ങളിൽ ഇടുങ്ങിയ ഇരുട്ടുമുറികളിൽ വിപ്ളവ ചിന്തകളുമായി ഒളിച്ച് പാർത്തപ്പോഴാണ് രാമനെ കാണണമെന്ന ആഗ്രഹം വീണ്ടും ഉദ്ഭവിച്ചത്. കാരണം ഏതോ ഒരു ചെറുസ്വാധീനം അവനെന്റെ മനസ്സിൽ ചെലുത്തിക്കഴിഞ്ഞിരുന്നു. പക്ഷെ എന്റെ ആഗ്രഹം ഇത്ര പെട്ടെന്ന് ഫലപ്രാപ്തിയിലെത്തുമെന്ന് കരുതിയതേയില്ല.

ആൽത്തറയിൽ ബസ്സിറങ്ങുമ്പോൾ അവനുണ്ട്, കപ്പലണ്ടി വിൽക്കുന്നു. ഞാനൊട്ടും പ്രതീക്ഷിച്ചില്ല, കപ്പലണ്ടിയേ.... കപ്പലണ്ടി എന്ന കലമ്പിച്ച സ്വരം അവന്റേതാകുമെന്ന്.

ഉയർച്ചയിലേക്ക് നടന്നു കയറണമെന്ന അതിയായ ആഗ്രഹം മനസ്സിലേക്ക് ചേക്കേറിയ അന്നു മുതൽ രാമൻ ഓർമ്മയിൽ നിന്നും മാഞ്ഞുതുടങ്ങി. പക്ഷെ അവിടെയും പതറിവീണ ഇടനാഴികളിൽ പലവട്ടം അവന്റെ തളർന്ന മുഖവും ശോഷിച്ച കയ്യിലെ പിച്ചപ്പാത്രവും ഞാൻ കണ്ടു.

എത്ര പെട്ടെന്നാണ് രാമൻ മാറിപ്പോയത്. ഇവിടെയാണ് ചാൾസ് ഡാർവിന്റെ Theory of Existence കാര്യമായി പ്രവർത്തിക്കുന്നത്. എന്താണ് Evolution Theory? വാസുമാഷിന്റെ ബയോളജി ക്ലാസ്സിലെ ചോദ്യം ചെവിയിൽ അലതല്ലുന്നു. അഞ്ചാം ക്ലാസ്സിലെ കിഴക്കേ മൂലയിലെ ബെഞ്ചിൽ നിന്നും ഒരു കീറിയ നിക്കറിട്ട ബാലൻ എങ്ങനെയോ എഴുന്നേറ്റുനിന്നു. വാസുമാഷിന്റെ കറുമ്പൻമീശയിൽ തലോടൽ കണ്ട് അവൻ അറിയാതെ മൂത്രമൊഴിച്ചുകൊണ്ട് പറഞ്ഞു. " വംശപരമ്പര നിലനിർത്താൻ പിറക്കുന്നവയിൽ കഴിവുള്ളവ നിലനിൽക്കുന്നു അല്ലാത്തവ നശിക്കുന്നു ". ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോഴേക്കും ആ ബാലൻ തളർന്നു വീണുപോയിരുന്നു. കഴിഞ്ഞ കുറച്ച് ദിവസങ്ങളായി പൈപ്പുവെള്ളം മാത്രമായിരുന്നു അവന്റെ ഏക ആശ്രയം. ആ ബാലനാണ് പിന്നീട് ഈയുള്ളവനായി പരിണമിച്ചതെന്നോർക്കുമ്പോൾ മനസ്സിന്റെ വികാരങ്ങളെ നിയന്ത്രിക്കാനാകുന്നില്ല.

എന്നെ കണ്ടപ്പോൾ അവൻ ഓടിവന്നു. ഏറെ കുശലം പറച്ചിലിനിടയിൽ അവൻ ആമിനുമ്മയുടെ കഥ പറഞ്ഞു.

എന്നെ കപ്പലണ്ടി വിൽക്കാൻ പഠിപ്പിച്ചത് ആമിനുമ്മയാണ്. കപ്പലണ്ടി വാങ്ങാൻ ഇത്തിരി കാശും അവർ തന്നു. നല്ലോളായിരുന്നു ഇത്താ. പക്ഷെ എന്തു ചെയ്യാം സാറെ ഒരീസണ്ട് ആൽത്തറേല് മരിച്ച് കെടക്കണു. ആരും കുഴിച്ചിടാൻ ഉണ്ടായിരുന്നില്ല. എന്നെക്കൊണ്ട് കഴിയാണ്ടായപ്പോൾ നഗരസഭക്കാര് വന്ന് യന്ത്രക്കയ്യ്‌വച്ച് കോരിക്കൊണ്ടോയി. പുഴുത്തുതുടങ്ങിയിരുന്നു. കൂടൽ ക്യാൻസറായിരുന്നു സാറെ.

" ആ, നല്ലോരെ ദൈവം നേർത്തങ്ങട് വിളിക്കും. ദുഷ്ടനെ പന പോലെ വളർത്തും. ഇത്താടെ ഓർമ്മക്കായി ഞാൻ കിട്ടുന്നതിൽ കുറച്ച് പള്ളിമുക്കിലെ നേർച്ചകുറ്റിയിൽ ഇടും. ഒരു തൊഴിലും ചെയ്യാൻ മടിക്കരുതെന്ന് ഇത്ത മരിക്കുന്നതു വരെ പറയുമായിരുന്നു ".

രാമന്റെ വാക്കുകൾ എന്റെ ചങ്കിലാണ് തുളഞ്ഞ് കയറിയത്. കാരണം ഈയുള്ളവൻ ഇന്നും ആരോ തന്ന മാസ്റ്റർ ബിരുദത്തിന്റെ മുടും താങ്ങിക്കൊണ്ടിരിക്കുകയാണല്ലോ.

സാറ് വല്ലതും കഴിച്ചാരുന്നോ? ഉവ്വ്, ദാ ഇപ്പോൾ ചോറുണ്ടതേയുള്ളൂ. സത്യമായിരുന്നില്ല. ദിവസങ്ങളായി അമ്പുച്ചേട്ടന്റെ കാലിച്ചായമാത്രമാണ് ഏക ആശ്രയം എന്ന് പറയാൻ അഭിമാനം സമ്മതിച്ചില്ല. ജീവിതത്തിൽ മുഴുവൻ അഹങ്കാരം കുത്തിനിറക്കുകയായിരുന്നു ഈ അഭിമാനം.

"എങ്ങനെയുണ്ട് നിന്റെ കപ്പലണ്ടികച്ചവടം?"

"ഒരു രസോമില്ല സാറെ. അങ്ങനെയങ്ങ് പോകുന്നു. ഞാൻ സാറിന്റെ കൂടെ വരട്ടെ? എനിക്കാരുമില്ല".

അഞ്ജരയുടെ ബസ് സമയനിഷ്ഠ പാലിച്ച ചരിത്രമില്ല. പതിവുതെറ്റി എന്നത്തേയും പോലെ അഞ്ജരയുടെ ബസ് ഓടിക്കിതച്ച് വന്നപ്പോൾ ഞാൻ യാന്ത്രികമായി അവനോട് യാത്ര പറഞ്ഞു. "പോയി വരട്ടേ കുഞ്ഞേ, നിനക്കൊരു ചെറിയ തൊഴിലും ആമിനുമ്മയുടെ ഓർമ്മയും ഉണ്ടല്ലോ കൂട്ടായിട്ട്. നീ നന്നായി വരും കുട്ടീ."

കരഞ്ഞുകലങ്ങിയ അവന്റെ മിഴികൾ തുടച്ചിട്ട് ഞാൻ ബസ്സിലേക്ക് കയറി.

ബൈജു അയ്യപ്പൻ.കെ.
ഒന്നാംവർഷ എം.എ. ഹിസ്റ്ററി.

**" ആ, നല്ലോരെ ദൈവം നേർത്തങ്ങട് വിളിക്കും. ദുഷ്ടനെ പന പോലെ വളർത്തും. ഇത്താടെ ഓർമ്മക്കായി ഞാൻ കിട്ടുന്നതിൽ കുറച്ച് പള്ളിമുക്കിലെ നേർച്ചകുറ്റിയിൽ ഇടും. ഒരു തൊഴിലും ചെയ്യാൻ മടിക്കരുതെന്ന് ഇത്ത മരിക്കുന്നതു വരെ പറയുമായിരുന്നു".**

# തരിശു ഭൂമികൾ പിറക്കാതിരിക്കുവാൻ.........




കറുത്ത മേഘത്തിൽ നിന്നടർന്ന
ആദ്യ മുത്തെൻ നെറുകയിൽ വീണു
വിണ്ടുകീറിയ മരുഭൂമിയിൽ നിന്നൊരു
പുഴ ഒഴുകി
പിടഞ്ഞെണീറ്റ തത്ത്വശാസ്ത്രക്കിളി
അജ്ഞാതമെന്തോ മൊഴിഞ്ഞകന്നു
അവൾ പാടിയത്
ഏതോ വിപ്ലവഗാനമായിരുന്നു;
അല്ല, താരാട്ടുപാട്ടായിരുന്നു.
ആർക്കും വേണ്ടാത്ത രാത്രികളിലെ
എന്റെ പാഴ്ക്കിനാക്കൾക്ക്
മഴവില്ലിന്റെ നിറമായിരുന്നു,
ആദ്യ മഴത്തുള്ളി വീണുപിടഞ്ഞ
മണ്ണിന്റെ മണമായിരുന്നു
മുമ്പ്, നട്ടുച്ചവെയിലിന്റെ മൂർച്ച
സിരകളിൽ ലഹരി പടർത്തിയിരുന്നു.
വരണ്ട മാറിലൂടെ ചുരത്തപ്പെടുന്നത്
നെഞ്ചിലാളുന്ന അഗ്നിയായിരുന്നു
ഇന്ന്, എരിയുന്ന കനൽകട്ടകളിൽ വീണ
മഴത്തുള്ളിയെൻ ജീവരക്തമായ്
ജീവനിൽ പടരുന്നു
അകലെ എങ്ങുനിന്നോ വീണ്ടുമാ
തത്ത്വശാസ്ത്രക്കിളി പാടുന്നു
ഉണരുക, ഉണരുക വേഗം നീ
ലക്ഷ്മിയായ്, കാളിയായ്
വനമായ് പിന്നെ കാറ്റായ് പുഴയായ്
ഒടുവിലൊരു പ്രളയമായ്
നിൻ ശുദ്ധികലശം തുടരുക-
ഇനിമേൽ,
തരിശു ഭൂമികൾ പിറക്കാതിരിക്കുവാൻ.

**സ്റ്റെല്ലാ മരിയ തോമസ്**
രണ്ടാംവർഷ മലയാളസാഹിത്യബിരുദം

Film / Director /Controversy

Prepared by:
Sreekanth P. Nair, Second Bsc. Mathematics



# War with "War and Peace"

Film Review : "War & Peace" the tough journey of peace activism.
Behind the camera: Highlights of the controversial censoring.
Face to face with the Director, Anand Patwardhan.

"WAR AND PEACE"

Documentary by Anand Patwardhan 136 minutes / Color / 2002



Violence, Militarism, War, ...changing world orders. Our weakness is such that protest against these has turned into mere unresponsiveness. Even our tears have turned into sheer sighing. We have paid a lot for that - HIROSHIMA, NAGASAKI, VIETNAM, ... And still paying - PALESTINE, IRAQ, AFGHANISTAN, ... what next?

In the face of global militarism and war, how should be the journey of peace activism? In this context, this three-hour long documentary focuses on the dangers of nuclear war. The video begins and ends with the ideas of Mahatma Gandhi. 'War and Peace', filmed over three tumultuous years in India, Pakistan, Japan, and the United States, after the 1998 nuclear tests on the Indian sub continent, gives you an answer. Ultimate? Please decide.

In the milieu of an affinity towards non-violent Gandhian movement, Anand Patwardhan in the film examines India's tragedy towards naked militarism with sorrow. Alongside, the camera pans to capture joyful stories of courage and resistance also. The film has been divided into six chapters, framed by the murder of Mahatma Gandhi and that murder's portent and poignancy remain undiminished till now.

### "Hate is the creation of politicians"

One of the chapters is a visit to the "enemy country" where contrary to expectations (forced), Indian delegates are showered by affection, not only by their Pakistani counterparts in the peace movement, but by ordinary citizens who declare without caution that, "hate is the creation of politicians". The frames in which they mingle each other are mind soothing.

### JAPAN

Going beyond the story of South Asia, WAR AND PEACE follows the extraordinary visit of Japanese Atom Bomb survivors after the Indian and Pakistani nuclear tests. Their visit becomes the impetus for a re-examination of events that led to the bombing of Hiroshima and Nagasaki. Were these bombs necessary?

## Changing World Orders

WAR AND PEACE examines not merely the militarization of India, Pakistan and Japan, but analyzes the human cost that is extracted from its citizens in the name of 'National Security.' From the plight of residents living near the nuclear test site, and the horrendous effects of uranium mining on local indigenous populations, it becomes clear that, contrary to a myth first created in the U.S., there is no such thing as the "peaceful Atom." The war machine has hijacked scientific research, only a handful of practitioners remind us of its potential to fulfill the genuine needs of the people.

WAR AND PEACE slips seamlessly from its analysis of homemade jingoism to focus on how an aggressive United States has become a Foreign Relations role model. The unofficial U.S. doctrine of 'Might Makes Right' is only too well absorbed and emulated by aspiring Third World elites. As we enter the 21st century, enemies are being re-invented, economies are inextricably tied to the production and sale of weapons and in the moral wastelands of the world, war has become perennial. Memories of Gandhi seem like a mirage that never was, created by our thirst for peace and our very distance from it.

*"We should listen to our voices of dissent for our own sake and for that of our children and their children. WAR AND PEACE is that voice's most eloquent expression. Which is why everyone everywhere should see it. In schools, in colleges, in factories, on television. Urgently and often."* -

-The Times of India

### BEHIND THE CAMERA :

### The story of controversial censoring

For the last month and a half we made attempts to get a Censor Certificate but were stalled. What we first thought to be mere bureaucratic delay may well be something more deliberate. On 1st June the Sudhir Yardi Memorial Trust had obtained special permission from the Police and Entertainment Tax Departments to do a non-commercial screening of our video at the YB Chavan Centre in Mumbai as it was an award winning film. On May 30, Mr. Singhala, Regional Officer of the Censor Board, Mumbai rang the Chavan Centre threatening dire consequences if the screening went ahead. I phoned Mr. Singhala to find out why special permission could not be granted for the screening. He denied permission and stated that the Censor process would take its own time. He also pointed out that our video would run into trouble because he had seen the transcripts. I was shocked. Why had the Regional Officer seen our transcripts before officially constituting an examining committee? Is that the act of an impartial officer? I also pointed out that the Films Division of India which

comes under the Ministry for Information and Broadcasting had not only awarded our video but had obtained permission to screen all award winning films and videos of MIFF 2002 in Kolkata on regardless of whether they had censor certificates. "War and Peace" was to be their inaugural film on May 31. Mr. Singhala laughed and said "Let us see how they show the film". He was right. This Regional Officer has powers that go beyond his region. I learnt on May 31 that our video had been withdrawn at the very last minute from the Kolkata festival. The Films Division could not use the censor certificate argument here as many films they were showing fell into this category. So they told the press that our video "had not arrived." But we have proof that the Films Division signed a receipt for the video two weeks ago! I do not blame officials of the Films Division of anything more than wanting to protect their jobs. They were going to show "War and Peace" in all sincerity until rudely stopped by some invisible force. This invisible force has in the last 15 years taken our country to the abyss. I want this invisible force to come clean and reveal itself to the public gaze. Let it openly declare that it does not believe in democracy or in the values propagated by Mahatma Gandhi. The values of non-violence and religious tolerance are what "War and Peace" celebrates and hopes to rekindle in this psychologically and physically scarred region of the globe.

Anand Patwardhan, June 2, 2002

## 21 cuts demanded by Censor Board on "War and Peace"

The battle to free **"War and Peace"** from the murderous grip of the censors continues unabated. The film won the best film/video award at the government run Mumbai International Film Festival in February 2002. In June the Central Board of Film Certification (CBFC) ordered 6 major cuts in the film. When we took the film before the Revising Committee, the cuts increased from 6 to 21. An appeal against the cuts has been filed before the Apellate Tribunal, New Delhi.

### Lack of Transparency



So far the CBFC has shown a completely partisan attitude towards **War and Peace**. Even before an official viewing committee had been constituted, the Regional Officer of the CBFC intervened personally to stop authorized screenings of the film at a government run festival in Calcutta. After the CBFC panels saw the film, contrary to established norms, the filmmaker was repeatedly prevented from discussing the film with members of these panels on the flimsy grounds that "there was no consensus." However consensus was eventually reached and the consensus is that amongst other things, even the mildest criticism of the BJP must be deleted !

By not allowing the right to discuss the "cuts" with those demanding them, the principle of transparency was thrown to the winds. On one occasion when the filmmaker did have an informal conversation with members of the Examining Committee, it led to the discovery that two out of four members were functionaries of the ruling BJP. Indeed the 21 cuts finally asked for by the CBFC body, now headed by a former BJP legislator from Gujarat, do not reflect "a lack of consensus" but seem to be drafted with a single-minded political agenda.

### Sample Cuts

**Cut 1. "Delete the visuals of Gandhiji being shot by Nathuram Godse"**

Even for someone expecting the worst from the CBFC, this cut comes as a shock. Is it now illegal in India to state that Nathuram Godse killed Gandhi? The visuals in question (a close up of a country-made revolver being fired) have been taken from an old documentary film made by the Gandhi Film Foundation. The **Censor Guideline 2(xii)** used to justify the cut is" visuals or words contemptuous of racial, religious or other groups are not presented;" CBFC does not specify exactly whom they wish to protect from contempt.

**Cut 2. "Delete the visuals of hands being cut with a blade and signing with blood by Hindus."**

This sequence shows people (not necessarily only Hindus) who celebrated the nuclear tests by signing messages of congratulations in their own blood. The BJP conducted many such campaigns across the country. The **Guideline 2(iv)** referred to is: *"pointless or avoidable scenes of violence, cruelty and horror, scenes or violence primarily intended to provide entertainment and such scenes as may have the effect of desensitizing or dehumanizing people are not shown;"* A visit to any Bollywood film will prove how lax CBFC is about gratuitous violence in the entertainment driven commercial cinema. In contrast the express purpose of "War and Peace" is to denounce violence and sensitize people against the kind of jingoism and machismo depicted



by the scene in question.

Cut 5. "Delete the commentary 'BJP is faced with growing criticism"

This is the first of a number of cuts which blatantly attempt to prevent the slightest criticism of the ruling party and is as such, completely unconstitutional. The scene in question is the inauguration of a pro-bomb music video by the BJP and the commentary factually states: "With criticism growing against the bomb, the BJP invites the press to the launch of a music video." CBFC sites two guidelines to justify their cut: **2(xii)** *"visuals or words contemptuous of racial, religious or other groups are not presented;"* and **2(xvii)** *"public order is not endangered;"* It is impossible to understand how either of these guidelines is applicable. A political party seeking popular support must face criticism. It is not the job of the Central Board of Film Censors to protect the BJP from criticism. Nor is peaceful protest outlawed in our country.

Cut 7. "Delete the entire sequence, visuals and dialogues spoken by Dalit leader including all references to Lord Budha (sic )"

This cut refers to a sequence in which a Dalit neo-Buddhist argues that it is a travesty that nuclear tests were carried out on Buddha's birthday and that the Buddha's name was used as a military code to mark the tests despite the fact that the Buddha, in contrast with gods in the Hindu pantheon, has always been depicted as unarmed. Needless to say the self-evident irony of this sequence is crucial for the argument in the video. If we learn to question the very concept of Holy War, not only would it help build communal peace, it could also help to rebuild our fractured nation. The guideline evoked **2(xvii)** *"public order is not endangered;"* cannot but cause amusement. In scores of private and public screenings no violent mood was detected. The truth whether the CBFC like it or not, is that "War and Peace" works as an antidote to violence and not as an incentive to it.

Cut 8. "Delete the reference to BJP uttered by villager."

No villager utters anything about the BJP. The utterance is by a lawyer in Pokaran city who states that he is a long time member of the BJP. There is no reason to delete this. Once again the CBFC is revealing its true agenda by wanting this pro-bomb lawyer to hide his party affiliation.

Cut 9. "Delete the entire sequence and visuals and dialogues spoken by Dalit leader commencing from 'Nathuram Godse high class (sic) brahmin...high class killed him..."

The fact that a Brahmin killed Gandhi cannot be written out of history. This Dalit song describes the killing of Mahatma Gandhi by a Brahmin in contrast with the fact that although Dr. Ambedkar had serious differences with Gandhi, when the latter had undertaken an indefinite hunger strike against Dr.Ambedkar's demand for separate electorates for Dalits, Ambedkar compromised his stand in order to save Gandhi's life. This song is the remembrance of a historic event by those whom our caste system oppressed for centuries!

Cut 11. "Delete the visual of 'Hindu rath' "

The rath(chariot) in question is not a "Hindu" rath but a BJP election vehicle dressed up to look like a rath. Why should it be deleted? If the BJP is allowed to use it during elections, is the filmmaker not allowed to film it as it passes by? If the very act of filming it invokes Censor Guideline **2(xii)** (*"visuals or words contemptuous of racial, religious or other groups are not presented;"*) then what about "the contempt of racial, religious or other groups" that those who ride in raths inflict in real life?

Cut 14 "Delete the RPI speech especially deleting the dialogue 'Not poverty but poor are eliminated'"

Having already eliminated two important interventions by Dalits - the Buddha speech and the Gandhi song - the CBFC is obviously on the look out for more. The singers who sing the words "They said they would eliminate poverty but instead they eliminated the poor" are peace marchers singing about politicians who waste precious money in the arms race. Once again the CBFC is invoking law and order as if an anti-militarist song can cause a revolution for peace! What a lovely thought!

Cut 16. "Delete the visuals of Hon'ble President of India, Dr. Adul (sic) Kalam."

Neither guideline 2(xviii) *"visuals or words involving defamation of an individual or a body of individuals, or contempt of court are not presented"* nor guideline 2(xiv) *"the sovereignty and integrity of India is not called in question"* comes to the defence of this cut, as Dr. Kalam is

not being defamed. On the first occasion he is shown receiving a high honour and on the next, he makes a speech invoking India's aspiration for greatness and military preparedness. As such this is a faithful reproduction of the values Dr. Kalam regularly espouses. If in the context of the film these values do not seem so attractive, this has more to do with the evidence amassed in other parts of the film and less to do with the personage of Dr. Kalam, whose integrity is never questioned.

**Cut 17. "Delete the reference to BJP."**

The cut has been directed under Guideline **2(xii)**. Here the journalist Achin Vanaik argues that the BJP and other forces have used nationalism in the nuclear area but have surrendered sovereignty to the USA in economic and cultural fields. Such criticism is perfectly legitimate. The Board is not BJP's keeper. Legitimate criticism of a political party and even frontal opposition to it is absolutely permissible and cannot be curtailed. This cut is again reflective of the strong bias operating in the decision making process.

**Cut 18. "Delete the entire sequence of Sadhaivi (sic) Ritambara including reference to Lord Rama."**

If by merely deleting Sadhvi Rithambara's utterances in the film one could stop her from spewing venom, the filmmaker would gladly oblige. But by not accurately reporting the hate speeches of people like Rithambara, the media has prevented the public from realizing the extent of the danger they represent. The fact that in the film her utterances are juxtaposed with those of Islamic jehadists from Pakistan, brings home the point that there are holy warriors on both sides of the border. This realization undermines their damage potential and encourages peace lovers on both sides to find a solution before it is too late.



As for the invocation of guideline **2(xii)**, it has been remarked in several judgements by the Supreme Court that in order to effectively combat evil one may first depict it. Just as almost no one who watches the sequence where Pakistani fundamentalists burn the Indian flag while demanding the annihilation of India would sympathize with the flag-burners, so, few will sympathize with the madness of Rithambara's words calling for the annihilation of Pakistan. On the contrary barring the ideologically pre-determined, all those who watch "War and Peace" are likely to imbibe some of the peace message that permeates its every pore.

**Cut 20 "Delete the entire sequence of Tehelka wherever it occurs in the film."**

Over 4 hours of these Tehelka tapes showing hidden camera footage of corrupt arms deals were broadcast nationally at prime time. The tiny extracts seen here are a mere reference to what the public saw at length on almost every channel. Cutting it would amount to a denial of history as the film merely quotes from what the mainstream media has already widely shown. Many of those who appeared in the Tehelka tapes have confessed their guilt. A fact-finding commission has so far held the tapes to be authentic. Until such time as the matter goes to a proper court, there is no issue of its being sub-judice. The commentary that accompanies the visuals is appropriately descriptive and factual.

**Cut 21. GENERAL CUT "Delete the entire visuals and dialogues of all political leaders, including President, Prime Minister& Ministers"**

Surely in a list of shockingly undemocratic cuts this must rank as the worst of all. The censor board has deemed it unnecessary to pinpoint exactly which leader's visuals and dialogues they disliked so much that the public should be protected by suitable deletions. The heading GENERAL applies to all. The Censor deems it illegal to report the speeches of Ministers, President, Prime Ministers and all Political Leaders. **Do we have a new Secrecy Act?** Should all politicians wear a mask from now on, and speak only in code? If a person's own utterances are considered defamatory of himself, surely this can only be done on grounds of insanity and if that is the case, should such persons be allowed to remain in office ?

While a cursory glance at the cuts demanded by the CBFC exposes a blatantly pro-ruling party bias, reverse inference should not be drawn. **War and Peace** is not a film against any particular party. If the BJP is criticized in places, so is the Congress Party, for having tested the first Bomb in 1974. Where the Tehelka armsgate in which the present ruling coalition seems embroiled is mentioned, so is the Bofors scam which undid the Congress Party in the past.

**Q: Over the last decade and a bit you've been dealing with a set of questions. What would you say those questions are ?**

PATWARDHAN:: The main thing I have been obsessed with is the rise of fundamentalism; fundamentalist violence. If it was harmless, I would ignore it. But in India everyone can see the kind of hatred that is resulted in increased levels of mindless violence against those whom the people who are killing donot even know; anonymous murders for a cause, which make no sense, not even for the people who are doing it. The horror of that violence has kept me occupied for a decade.

**Q: Why documentary?**

PATWARDHAN:: I fell into it by accident because when I was a student at Brandeis University in 1970 the anti - war movement was very strong. Brandies was the East Coast student centre of demonstrations against the Vietnam War. Berkeley was the West Coast one. So we were right in the middle of the anti - war movement. Angela Davis, Marcuse, Abbie Hoffman, Jerry Rubin - all came from Brandeis which was this tiny university of three thousand people.

I went there to do English Literature, to have a good time and go back to India and be a publisher or whatever. I was not even that keen on being a publisher but at the age of twenty whatever you think that you want to do is complete guesswork, so this was a possibility. I liked literature until I started to take it up academically and then I got bored with it.

## Face to Face



**Q. The major advantages for you in making documentaries?**

PATWARDHAN: There are so many reasons for doing documentaries rather than fiction, but one reason is that I am not confident enough to create. I would not feel that I trusted myself enough to make up the whole story and the character, and so many other things that you do in fiction. I feel much happier with found material; with things that are there. My job is to record those things. Obviously there is some creativity involved or some manipulation in the way that it comes out on the screen but I am not starting from scratch in terms of what is in front of the camera. In fiction, the responsibility of creating every element in the whole thing is mind-boggling

**Q: Has documentary lost the ground in how it's programmed, perceived, disseminated...?**

PATWARDHAN: There is definitely a shift from the 60s and 70s - I would not even distinguish between documentary and fiction - but between say, for want of a better word, politically progressive films and the mainstream commercial films. Not necessarily commercial but whose raison d'etre is either straightforward entertainment or playing up to people's expectations. Even what is considered alternative is defined by the same people who define the commercial.

**Q: Who distributes you?**

PATWARDHAN: In India the main method of distribution is TV but, because of the nature of the films, there has been a big battle to have them shown. Only one film, Bombay Our City, has been shown on TV, after a four year court case which reached the Supreme Court. The film had won the National Award for Best Documentary of 1986 and there is a general principle that award winning films are to be shown on national TV. We argued that not showing the film on TV was a denial of Freedom of Speech and of the public's Right to Information, both guaranteed in the Indian Constitution. TV at that time was Government controlled and there was one channel. They could not find constitutional grounds to counter this argument.

**Q. Your films donot seem to be discussed in relation to the artistic medium**

PATWARDHAN: I take it as a compliment that people are drawn into the subject matter directly and are not conscious of how the film is being constructed.

# മൗനം......ഒരു ആവിഷ്കരണം



**ഒന്ന്, ഒരു യൂസിയൻ കാപട്യം**

നവംബർ '02

ബിബിസിയിൽ ഒരു കാമുകനും കാമുകിയും കണ്ണുകൾ നൽകി കഥ പറഞ്ഞു തീർന്നു.

ബാക്കി ഒരുപാട് മൗനം......

ചാപ്പലിന്റെ പുറകിലെ ചാഞ്ഞ മഹാഗണിമരച്ചില്ലയുടെ തണലിൽ കുമ്പസാരങ്ങൾക്ക് സ്ഥാനമില്ലാതാകുന്നു.

പ്രണയം മരവിച്ചു.

-സോറി...

വീട്ടിൽ അച്ഛനുമമ്മയും ചേട്ടനും ശ്രദ്ധിച്ചുതുടങ്ങിയിരിക്കുന്നു. ഒടുവിൽ മടുത്തു....എനിക്കിനി കാണണ്ട.

നമുക്ക് മറക്കാം...

ആഗസ്റ്റ് '03

ഇപ്പോഴും അവന് ഭയമാണ്-കാറ്റിനെ മുറിച്ച് പറക്കുന്ന നീണ്ട മുടികൾ കാണുമ്പോൾ........





**രണ്ട്, ഉറപ്പ്**

വെട്ടിക്കുറുക്കിയ മുടിയും മുകളിലേക്കു നീണ്ട കണ്ണും, അതായിരുന്നു, മൗനത്തിനുള്ള കാരണം. വളപ്പൊട്ടുകൾ കൈയിൽ പൊട്ടിച്ച് ഇഷ്ടമളക്കുമ്പോൾ തരികൾ ഒരുപാട് വാരിയിട്ടത്........ ആ മൗനമാണ്. വാതിലുകൾ കൊട്ടിയടയുന്നതു പോലെ മിഴികൾ ചിമ്മിത്തുറന്നപ്പോൾ, ആദ്യം കണ്ട ഇരുട്ടിൽ ഓടി മറഞ്ഞ് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.........

'നീയും നിന്റെ മനസ്സും മരിക്കുമ്പോൾ ബലിയിടാൻ ഞാൻ തിരിച്ചു വരും...... ഉറപ്പ്.....'

സ്വപ്നം തീർന്ന് ഞെട്ടിയുണർന്നപ്പോൾ ബസ്സ് അങ്കമാലി കഴിഞ്ഞിരുന്നു.



**മൂന്ന്, ഇലക്ഷൻ**

സമയം: 1.30 AM

ചുവരെഴുത്ത് തീർന്നു, ബാക്കി നാളെ പോസ്റ്റർ പതിക്കാം........

ദേവിപ്രസാദിന്റെ സൈക്കിളിൽ വീട്ടിലേക്കു മടങ്ങുമ്പോൾ ഷിഹാബും കൂടെയുണ്ടായിരുന്നു.

ഹാലജൻബൾബുകൾ വെളിച്ചം വിതറിയ ഒരു കവലയിൽ ഒറ്റപ്പെട്ടു .

കോപം കടിച്ചമർത്തിയ അച്ഛന്റെ കൂർക്കം വലി ഭയന്ന് - വഴി മാറിനടന്ന തറവാട്ടിലേക്ക് കയറുമ്പോൾ ഇരുണ്ട ചായിപ്പിന്റെ മൂലയിലിടം കണ്ടെത്താൻ വിഷമിച്ചു. കൊതുകു കടി കൊള്ളാതെ മുണ്ടുരിപ്പുതക്കുമ്പോൾ മനസ്സിൽ പറഞ്ഞു......

'ഇനി ഒരിലക്ഷൻ വരാതിരുന്നെങ്കിൽ' അറം പറ്റിയ വാക്കുകൾ കോടതിവിധി ശരിവെക്കുമെന്നോർക്കാതെ അവനുറങ്ങുമ്പോൾ

അകലെ.....

മുദ്രാവാക്യങ്ങൾ പടച്ചവർ മൗനമായ് താടിക്ക് കൈകൊടുത്തിരുന്നു.




**എൽദോ.പി.ഒ.**

രണ്ടാംവർഷ ജന്തുശാസ്ത്രബിരുദം

# RETIREMENTS



**Dr. Rajan Varughese**
Former Principal



**Prof. Rev. Thomas John**
Head of Psychology Dept.



**Prof. Mathew Koshy**
Bursar




**Prof. Abraham Mathew**
Head of Mathematics Dept.



**Dr. C. G Ramankutty**
Head of Chemistry Dept.




**Dr. P. D Johny**
Head of History Dept.



**Sri. P John Varghese**
U.D Accountant



**Sri.V.K Abarham**
U.D Accountant



**Sri. M. Subramanian**
Lab Assistant



**Sri. A. A Kochayyappan**
Last Grade Staff

# കുട്ടികൾക്കായ് ഉടുപ്പുകൾ തുന്നരുത്



ഊട്ടുശാലയിലെ വാഴ്ത്തപ്പെടുന്ന വിഷമദ്യത്തിൽ നിന്നും തിരുശരീരങ്ങൾ പുറത്തുചാടി തനിക്കു ചുറ്റും നൃത്തം വച്ചുതുടങ്ങിയപ്പോൾ അയാൾ അസ്വസ്ഥനായി. തെരുവുകളിലെ കൊട്ടിയാട്ടത്തറകളിൽ നിന്നും ശേഖരിച്ചിരുന്ന രക്തം ഒരു കവിൾ മോന്തി ആത്മസ്നാനം ചെയ്തു. പണിയായുധത്തിന്റെ ജീവൻ നിലക്കാത്ത തോൽപുറങ്ങളിൽ മുഖം വച്ച് താളപ്പെരുക്കങ്ങളിൽ മുഴങ്ങുന്ന പെരുവെള്ളപാച്ചിലിന് കാതോർത്ത് അയാളിരുന്നു. വിളികളുണ്ടാകുന്നത് അതീന്ദ്രിയനിമിഷങ്ങളിലാണ്. വിണ്ണിനുമീതെ മണ്ണിനു കീഴെ കാതുകൾ വച്ച് കാത്തിരിക്കണം. സ്വപ്നപ്പുഴ തുരുമ്പിയുറക്കും മുമ്പേ ചിരിയും കണ്ണുനീരും നഷ്ടമാക്കണം. തടവിനും മോചനത്തിനും ഇടയിൽ തീമൗനങ്ങൾ തിരയണം. ഭൂമിയിൽ സ്വർഗ്ഗരാജ്യം പണിയാൻ തുനിയുന്നവൻ വിളികേൾക്കുന്നവനാകണം. വിശപ്പിന്റെ വിളി, വസ്ത്രങ്ങളുടെ വിളി, നിഷ്കളങ്കരക്തങ്ങളുടെ വിളി, സഹനസമരങ്ങളുടെ വിളി.

പിന്നാമ്പുറങ്ങളിൽ

വീടുകൾ ആടിയുലഞ്ഞ് കണ്ണാടിച്ചില്ലുകൾ പോലെ പൊട്ടിതകരുന്നതയാൾ കണ്ടു. അവശിഷ്ടങ്ങൾക്കിടയിൽ പൊടി പുരണ്ടു കിടക്കുന്ന അവരുടെ കണ്ണുകൾ മരിച്ചതെന്ന് അയാൾ തിരിച്ചറിഞ്ഞു.

ചുവന്ന കുരിശുകളിൽ വിവസ്ത്രരായി ക്രൂശിക്കപ്പെട്ടവർ പ്രവചിച്ചുകൊണ്ടിരുന്നു. "കുട്ടികൾക്കായ് ഉടുപ്പുകൾ തുന്നരുത്". വെളിച്ചം പൂക്കുന്ന അസ്ഥികൾ മൂടിവക്കുന്നതെന്തിന് ?


കയ്യിലൊരു കൊട്ടുവടി. മുന്നിലൊരു മുൾക്കാട്. അയാളാത്മഗതം ചെയ്തു. ഇടുങ്ങിയ വഴിയെ സഞ്ചരിക്കണം. അതിരുകൾ തകർക്കണം. കൈവിരലുകൾ ആഞ്ഞു തറക്കണം, കൊട്ടിയാട്ടത്തറകളിൽ ജീവതാളം കൊരുക്കണം. തിരകളും തീരങ്ങളും കടന്ന് അയാൾ കടന്നുപോയി. ചിലയിടങ്ങളിൽ അയാൾ താളം കൊരുത്തപ്പോൾ സമാധാനത്തിന്റെ വെള്ളരിപ്രാവുകൾ ഭൂമിയിൽ നിന്നും ഉയർന്നു പറന്നു. ചിലയിടങ്ങളിൽ മരങ്ങളും പുഴകളും നെരിപ്പോടിൽ ഉരുകിയൊലിക്കുന്നതു കണ്ട് മണ്ണിലുരുണ്ട് നിലവിളിച്ചു. മറ്റുചിലയിടങ്ങളിൽ അവശിഷ്ടങ്ങളിൽ ചിതറിക്കിടക്കുന്ന ബാല്യങ്ങളും യൗവനങ്ങളും വാർദ്ധക്യങ്ങളും കണ്ട് രക്തം വിയർത്ത് പ്രാർത്ഥിച്ചു. പണിയായുധങ്ങൾ പ്രളയക്കടലിലേക്ക് വലിച്ചെറിഞ്ഞ് അവഗണനയുടെ രക്തമുന്തിരിച്ചാറൊഴിച്ച് അന്ത്യ അത്താഴം കഴിച്ചു. നക്ഷത്രങ്ങൾ അലിവിന്റെ ചെമ്പനിനീർപ്പൂവുകൾ പോലെ ഭൂമിയിലേക്ക് വീണുകൊണ്ടിരുന്നു. രക്തം വാർന്നൊഴുകുന്ന നക്ഷത്രങ്ങൾക്കൊപ്പം അയാൾ നിത്യ ജീവന്റെ പടിവാതിൽക്കലെത്തി. നിത്യജീവന്റെ വാതിൽക്കൽ മരണം വിൽക്കപ്പെടുന്നുണ്ടായിരുന്നു.

വെളുത്തത്
ചുവന്നത്
കറുത്തത്

ഭയപ്പെടേണ്ട സഖാവേ. പുതുതായി ജനിക്കുന്നവർക്ക് നിശ്ചയമായും മൂന്നാം നാൾ അവനോടൊപ്പം ഉയർത്തെഴുന്നേൽക്കാം; നിത്യജീവന്റെ അവകാശങ്ങൾക്കായ് സമരം ചെയ്യാം.

എൽദോ ജേക്കബ്ബ്
രണ്ടാം വർഷ സാമ്പത്തികശാസ്ത്ര ബിരുദം

# OUT STANDING PERFOMANCES OF THE YEAR



Alex Xavier
I prize Elocution, M.G. University



Western Music Team - Winners: National Inter University Youth Fest & M.G. University Youth Fest




Viju Kurian
I prize English Short Story, M.G. Uty.



Dance Team - Winners of Different Cultural Festivals



Sreejith
I prize Violin, M.G. Uty.



Jithin Bosco
II prize Fancy Dress, M.G. Uty.



Drama Team - Special Mention, M.G. University Drama Fest

# വാണിജ്യവൽക്കരിക്കപ്പെടുന്ന കായികരംഗം

കായികമാമാങ്കങ്ങളുടെ കാലമാണിത്. പോയ അധ്യയനവർഷത്തിൽ തന്നെ അത്തരം രണ്ട് മഹാമേളകൾ ആരവങ്ങളുയർത്തി കടന്നുപോയി. മെയ്-ജൂൺ മാസങ്ങളിൽ നടന്ന ലോകകപ്പ് ഫുട്ബോളും മാർച്ചിൽ നടന്ന ലോകകപ്പ് ക്രിക്കറ്റും കലാലയങ്ങളിലും സജീവ ചലനങ്ങളുണ്ടാക്കി.നാം പിന്തുണക്കുന്ന ടീമുകളുടെ വിജയപരാജയങ്ങൾ നമ്മെയും സന്തോഷ സന്താപഭരിതരാക്കി.

ലോകമാധ്യമങ്ങൾ ഏറെ കൊട്ടിഘോഷിച്ച് ആർഭാടപൂർണ്ണമാക്കിയ ആ ദിനങ്ങളിലെ ചില സംഭവവികാസങ്ങൾ സവിശേഷപരിഗണന അർഹിക്കുന്നു. നിലവിലുള്ള ചാമ്പ്യൻമാർ എന്ന ഖ്യാതിയുമായി ഇത്തവണത്തെ ലോകകപ്പ് ഫുട്ബോളിനെത്തിയ ഫ്രാൻസ് ആദ്യ റൗണ്ടിൽ തന്നെ കടപുഴകി വീണു. ലോകനിലവാരമുള്ള ഒരുപറ്റം കളിക്കാരുണ്ടായിട്ടും പ്രാഥമിക റൗണ്ടിൽ തപ്പിതടഞ്ഞ ഇന്ത്യ പിന്നീട് തുടർച്ചയായ ജയങ്ങളോടെ ലോകകപ്പ് ക്രിക്കറ്റിന്റെ ഫൈനലിൽ കുതിച്ചെത്തി.

ഇത്തവണ ഫുട്ബോൾ ലോകകപ്പ് ഉയർത്തിയ ബ്രസീൽ അതിനു മുൻപ് നടന്ന ലോകകപ്പ് ഒരിക്കലും മറക്കാനിടയില്ല. അവരുടെ താരരാജാവ് റൊണാൾഡോ ഫൈനലിന് തലേന്നുണ്ടായ ചുഴലിബാധയെ തുടർന്ന് ഒരു നിഴലായി ഫൈനലിൽ അലഞ്ഞതും ആ ലോകകപ്പ് ഫൈനലിൽ അടിയറ പറയേണ്ടിവന്നതും അവർ എങ്ങനെ മറക്കാൻ!

അത്‌ലറ്റിക് ചരിത്രത്തിലെ മായാത്ത പൊട്ടാണ് ബെൻ ജോൺസൺ. ഉത്തേജകമരുന്ന് പരിശോധനയിൽ പരാജയപ്പെട്ട ജോൺസന്റെ സ്വർണ്ണം അന്നത്തെ രണ്ടാം സ്ഥാനക്കാരനായിരുന്ന കാൾലൂയിസിനാണ് ലഭിച്ചത്. അതേ കാൾലൂയീസും ഉത്തേജകഔഷധങ്ങൾ ഉപയോഗിച്ചുവെന്ന് വെളിപ്പെട്ടിട്ട് അധിക നാളുകളായില്ല. ലോകത്തെമ്പാടും ധാരാളം അത്‌ലറ്റുകൾ അനുദിനമെന്നോണം ഉത്തേജകമരുന്നുപരിശോധനയിൽകുടുങ്ങുന്ന വാർത്തകൾ നാം വായിക്കാറുണ്ട്.

കൗമാരപ്രതിഭകൾ അരങ്ങ് തകർക്കുന്ന രംഗമാണ് പ്രൊഫഷണൽ



അനേകകോടികളുടെ കരാർതുകകളും കൈമാറ്റവ്യവസ്ഥകളും പരസ്യക്കരാറുമെല്ലാം ചില കളിക്കാരെ കുട്ടിദൈവങ്ങളാക്കിമാറ്റിയിരിക്കുന്നു.



ടെന്നീസ്. ഇവിടെ ഏറെ ശ്രദ്ധേയമാകുന്നത് മാതാപിതാക്കളുടെ അമിതമായ ഇടപെടൽ മൂലം സമ്മർദ്ദം അനുഭവിക്കുന്ന താരങ്ങളെക്കുറിച്ചുള്ള വാർത്തകളാണ്. ഈ വർഷത്തെ വിംബിൾഡൺ ടെന്നീസ് ചാമ്പ്യൻഷിപ്പിന്റെ ആദ്യ റൗണ്ടിൽ തന്നെ പുറത്തായ കഴിഞ്ഞവർഷത്തെ ചാമ്പ്യൻ ലെയ്ട്ടൺ ഹ്യൂയിറ്റ്,വില്ല്യം സഹോദരിമാരായ വീനസും സെറീനയും, യെലേന ഡോക്കിച്ച് തുടങ്ങിയവർ ഈ നിരയിലെ പ്രമുഖരാണ്.

വിജയത്തിനായുള്ള അമിത വ്യഗ്രതയിൽ എതിരാളികളെ പരിക്കേൽപ്പിക്കുകയോ കൊല്ലുകയോ പോലും ചെയ്യുന്ന സംഭവങ്ങൾ നാം കേൾക്കാറുണ്ട്. കുറച്ചു നാളുകൾക്കുമുൻപ് മൈക്ക് ടൈസനും ഇവാൻഡർ ഹോളിഫീൽഡും തമ്മിൽ നടന്ന ബോക്സിംഗിനിടയിൽ ടൈസൻ ഹോളിഫീൽഡിന്റെ ചെവി കടിച്ചുപറിച്ചെടുത്തു. ഏറ്റവും അടുത്ത കാലത്തായി തെക്കുപടിഞ്ഞാറൻ ഇറാനിൽ ഒരു ഫുട്ബോൾ മത്സരത്തിൽ ഗോളടിച്ച കളിക്കാരനെ എതിർ ടീമിലെ പ്രതിരോധനിരക്കാരിലൊരാൾ ഇടിച്ചുകൊന്നു. അസുഖം വകവെക്കാതെ കളിച്ച് ഈ വർഷത്തെ കോൺഫെഡറേഷൻ കപ്പ് സെമിഫൈനലിൽ കുഴഞ്ഞുവീണുമരിച്ച ജോർജ് വിവിയൻ ഫോ എന്ന കാമറൂൺ കളിക്കാരനെയും ഇവിടെ ഓർക്കാവുന്നതാണ്.

ആഴ്ചകളോളം പത്രത്താളുകളിൽ നിറഞ്ഞുനിന്ന ഒരു സംഭവമായിരുന്നു ഇംഗ്ലണ്ട് ഫുട്ബോൾ ടീംക്യാപ്റ്റനും മിഡ്ഫീൽഡറുമായ ഡേവിഡ് ബേക്കാമിന്റെ ക്ലബ് മാറ്റം അദ്ദേഹത്തിന്റെ കൈമാറ്റതുകയും പ്രതിഫലവും മറ്റ് വരുമാനമാർഗ്ഗങ്ങളും കേട്ട് സാധാരണക്കാർ അമ്പരക്കുന്നു. അനേകകോടികളുടെ കരാർതുകകളും കൈമാറ്റവ്യവസ്ഥകളും പരസ്യക്കരാറുമെല്ലാം ചില കളിക്കാരെ കുട്ടിദൈവങ്ങളാക്കിമാറ്റിയിരിക്കുന്നു.

ഇന്ത്യൻ ക്രിക്കറ്റ് ടീമധികൃതരും അന്താരാഷ്ട്രക്രിക്കറ്റ് കൗൺസിലുമായി നടത്തിയ പരസ്യക്കരാറിനെ സംബന്ധിക്കുന്ന തർക്കങ്ങളും ഏറെ ശ്രദ്ധ പിടിച്ചുപറ്റി. ലോകകപ്പിൽ ഒരു കളിപോലും കളി

ക്കാതെ മൂന്ന് ഇന്ത്യൻ ക്രിക്കറ്റ് കളിക്കാർക്ക് 67ലക്ഷം രൂപയോളം പ്രതിഫലം ലഭിച്ച വാർത്തയും നാമറിഞ്ഞു.

ചൂതുകളിയും വാതുവെയ്പും ഒത്തുകളിയും ഇന്ന് പല മത്സരങ്ങളിലും പ്രത്യേകിച്ച് ക്രിക്കറ്റിൽ വളരെ സാധാരണ മായിരിക്കുന്നു. തടയിടാൻ ഏറെക്കുറെ അസാധ്യമാം വിധം വളർന്ന ഈ പ്രവണത ഏറ്റവും പുതിയ രൂപമായ 'ഫാൻസി ബെറ്റിംഗ്' വരെയെത്തി കോടികളുടെ വ്യവഹാരമായി മാറിക്കഴിഞ്ഞു. അധോ ലോകരാജാക്കൻമാരുടെ നിയന്ത്രണത്തി ലാണ് ഇത്തരം ഇടപാടുകൾ നടക്കുന്ന തെന്നും അറിയേണ്ടതുണ്ട്.

ഏറെ അനാരോഗ്യകരമായ മറ്റൊ രുപ്രവണതയാണ് ഫോം മങ്ങിയിട്ടും ടീമിൽ സ്ഥാനമുറപ്പിക്കാൻ പാടുപെടുന്ന ചില സീനിയർ താരങ്ങളുടെ വിക്രിയകൾ. ഓസ്ട്രേലിയൻ ടെസ്റ്റ് ക്രിക്കറ്റ് ടീം ക്യാപ്റ്റൻ സ്റ്റീവ് വോ, മുൻ ഇന്ത്യൻ ക്രിക്കറ്റ് ടീം ക്യാപ്റ്റനായ മുഹമ്മദ് അസറുദ്ദീൻ, മനി ലേറെതവണ തിരിച്ചുവരവ് നടത്തിയ ബാസ്ക്കറ്റ് ബോൾ ഇതിഹാസം മൈക്കൽ ജോൺസൺ തുടങ്ങിയവരാണ് ഈ നിരയിലെ ചില പ്രമുഖർ.


കായിക രംഗത്ത് കാണുന്ന ഇത്തരം പ്രവണതകളുടെ അടിവേര് അന്വേ ഷിച്ചിറങ്ങുമ്പോൾ ഒരുവൻ എത്തിച്ചേരു ന്നത് ഒരു വാക്കിലാണ്, വാണിജ്യവൽക്ക രണം.

കായികവിനോദങ്ങൾ മനുഷ്യന് ആരോഗ്യവും ഉല്ലാസവും പ്രദാനം ചെയ്യേ ണ്ടവയാണ്. എന്നാൽ വിനോദം വ്യവസാ യത്തിന് വഴി മാറുമ്പോൾ അതിന്റെ ഉദ്ദേ ശ്യലക്ഷ്യങ്ങൾക്കും സ്വാഭാവികമായി മാറ്റം വരുന്നു. ഒരു സാധാരണക്കാരന് ജീവിത കാലം മുഴുവൻ അദ്ധ്വാനിച്ചാലും സ്വപ്നം കാണാൻ കഴിയാത്തത്രപണം ഒരു ടൂർണ്ണ മെന്റിൽ നിന്ന് ഒരു മികച്ച കായികതാരം സമ്പാദിക്കുന്നുണ്ട് എന്ന് അറിയുമ്പോഴേ കായികരംഗത്ത് വാണിജ്യവൽക്കരണം എത്ര ആഴത്തിൽ വേരൂന്നിയിരിക്കുന്നു എന്ന് നാം മനസ്സിലാക്കുകയുള്ളൂ.

അത്യാഡംബരപൂർവ്വം സംഘടിപ്പി ക്കുന്ന കായികമേളകളുടെ പിന്നിൽ പ്രവർത്തിക്കുന്ന സംഘടനകളും പരസ്യങ്ങൾ, ടിക്കറ്റ് വിൽപന, സംപ്രേഷ ണാവകാശം തുടങ്ങിയവയിലൂടെ ധാരാളം പണം വാരിക്കൂട്ടുന്നുണ്ട്. അങ്ങനെ കളി ക്കുന്നവരും അതിലേറെ കളിപ്പിക്കുന്നവരും പണം സമ്പാദിക്കുന്നു. ഇങ്ങനെ വരു



വാണിജ്യ വൽക്കരണത്തിന്റെ സമ്മർദ്ദവും തത്ഫ ലമായുളവാകുന്ന കടുത്ത മാനസിക സംഘർഷവും ചേർന്ന് ഇന്ന് കായി കലോകത്തെ ഒരു അപകടകരമായ ദിശാസന്ധിയിലാ ണെത്തിച്ചിരിക്കുന്ന ത്. ആഗോളവൽക്ക രണത്തിന്റെ നീരാളി പ്പിടിയിൽ കായികരം ഗവും അമർന്നു കഴി ഞ്ഞു.




മ്പോൾ ഏറ്റവും മികച്ച പ്രകടനം പുറത്തെ ടുക്കുവാൻ കായികതാരങ്ങളും അത് സംഭ വിക്കുന്നു എന്ന് ഉറപ്പ് വരുത്തുവാൻ സംഘാടകരും ഒരുപോലെ നിർബന്ധിതരാ കുന്നു. കടുത്ത മത്സരത്തിലൂടെ സംപ്രേ ഷണാവകാശം നേടിയെടുക്കുന്ന ചാനലു കളും ഏറ്റവും ആകർഷകമായി മത്സര ങ്ങളും അവയ്ക്കിടയിൽ സാധിക്കുന്നിട ത്തോളം പരസ്യങ്ങളും കുത്തിതിരുകി ലാഭം കൊയ്യാൻ ശ്രമിക്കുന്നു.

മികച്ച പ്രകടനത്തോടൊപ്പം അൽപം സൗന്ദര്യവും പേരിന് അഭിനയ ശേഷിയും ഉണ്ടെങ്കിൽ മിക്ക കായികതാര ങ്ങളും പരസ്യ നിർമ്മാതാക്കളുടെ വലയി ലാകാറുണ്ട്. എന്നാൽ പ്രകടനം മോശമാ കുമ്പോൾ അതുപോലെ തഴയപ്പെടാറുമു ണ്ട്. ഈ വിധം പല പ്രകാരത്തിൽ കായി കരംഗം വാണിജ്യവൽക്കരിക്കപ്പെടുമ്പോൾ ആത്യന്തികമായി ഇതിന്റെ ദുഷ്യഫലം അനു ഭവിക്കുന്നത് കായികതാരങ്ങൾ തന്നെയാണ്. വിജയം മാത്രമേ അന്യരെ തൃപ്തിപ്പെടുത്തു കയും തങ്ങളുടെ നിലനിൽപ് ഉറപ്പ് വരു ത്തുകയും ചെയ്യുകയുള്ളൂ എന്ന് വരുമ്പോൾ എന്തു വില കൊടുത്തും ഏത് മാർഗം ഉപയോഗിച്ചും വിജയം നേടിയെടു ക്കുവാൻ കായികതാരങ്ങൾ നിർബന്ധിത രാകുന്നു. തോൽവിയെ യഥാർത്ഥ "സ്പോർട്സ്മാൻ സ്പിരിട്ടോടെ" ഉൾക്കൊ ള്ളാൻ കഴിയാതെ വരുന്നു. തന്റെ വിജയ ത്തോടൊപ്പം അപരന്റെ തോൽവിയും നിർണ്ണായകമാകുന്നു.

വാണിജ്യവൽക്കരണത്തിന്റെ സമ്മർദ്ദവും തത്ഫലമായുളവാകുന്ന കടുത്ത മാനസികസംഘർഷവും ചേർന്ന് ഇന്ന് കായികലോകത്തെ ഒരു അപകടകര മായ ദിശാസന്ധിയിലാണെത്തിച്ചിരിക്കുന്ന ത്. ആഗോളവൽക്കരണത്തിന്റെ നീരാളി പ്പിടിയിൽ കായികരംഗവും അമർന്നു കഴി ഞ്ഞു. ഒളിമ്പിക്സിനും ലോകകപ്പു കൾക്കും ചാമ്പ്യൻഷിപ്പുകൾക്കുമെല്ലാം തനിമ നഷ്ടപ്പെടുമ്പോൾ ഒരു പരിഹാര മാർഗം പോലും വെളിപ്പെടുകില്ലേ? കുറഞ്ഞ പക്ഷം എന്താണ് സംഭവിക്കുന്ന തെന്ന് ഒരവബോധമെങ്കിലും കായികതാര ങ്ങൾക്കും സംഘാടകർക്കും കായികപ്രേമി കൾക്കും ഉണ്ടാകില്ലേ? പ്രതീക്ഷയോടെ നമുക്ക് പ്രയത്നിക്കാം, കാത്തിരിക്കാം.

സനൽ മാത്യു
രണ്ടാംവർഷ സൈക്കോളജിബിരുദം

A sophisticated linguistic training
Designed&directed by Edison Franz

Speak English
The Western Way...
But Creatively in a
Different way



- Effective presentation skills
- Impressive interpersonal interactions
- Successful interview techniques
- intellectual group discussions
- creative thinking process
- Integrated personality development
- Positive imaginative quotient
- Energizing Goal setting visualization

British & American English with audio-visual-computerised infrastructure

**Anglo-Academy**

A centre for Psycho-Linguistic Skills
South Square, Manorama jn, Panampilly Nagar, Cochin.
Cell:98460 47876, Tel:Resi-0487 205451.

Don't simply live..... Design your life

**COLORS**

**LADIES & KIDS TAILORING**

NEAR SANTHI HOSPITAL,
CANAL ROAD, N.PARAVUR
PH : 2449176



**Apparels, Tailoring, Hand & Machine Embroidery,
Dry cleaning, Beads work, Flower Bouquest,
Curtain Tailoring, Fabric Painting & Boutique**

# ACHIEVEMENTS OF SPORTS AND GAMES FOR THE YEAR 2002-2003

Dr.A.K.Baby memorial south zone intercollegiate hockey tournament was held in our campus from 5-11-2002 to 8-11-2002. YMCA college of physical Education, Madras and U.C.College Aluva come out victorious in men's and women's sections respectively

The annual athletic meet of the college was held on the 3rd December 2002. The white house (History, maths and zoology) became the overall champions. Pradeep K.S., II BSc Chemistry, SadiK.P.I., IBA History and Susan Abraham, III BA History were declared the champions in the Athletic meet.

Prof.C.P.Andrews prize for the Best Sports man and the best sports woman were awarded to

SadikP.I., I BA History and susan Abraham, III BA History respectively

Our college teams did pretty well in the university team champion ship. The teams that did us proud are:

| | |
|---|---|
| 1. Hockey(Women) | Runners up |
| 2. Hockey(men) | Third place |
| 3. Soft ball (men) | Runners up |
| 4. Table Tennis (men) | Runners up |


Many of our students have proved their medal by representing the state in the national events and by being members in the univsersity teams.

NATIONAL

| | | |
|---|---|---|
| 1. Treesa Jose P | III BA | Represented Kerala State Hockey senior women team |
| 2. Susan Abraham | IIIBA | -do- |
| 3. Libi P.T | II BA | -do- |
| 4. Sini Varghese | II BA | -do- |
| 5. Jisa Chandran | I BA | -do- |
| 6. Saiby baby | I BA | -do- |
| 7. Sijo Varghese | III BA | Represented Kerala state Hockey (men) |
| 8. Rosy Mary G | I MA | Judo(Women) |

MG UNIVERSITY PLAYERS

| | | |
|---|---|---|
| 1. Treesa Jose.P | IIIBA | Hockey(women) |
| 2. Susan Abraham | IIIBA | -do- |
| 3. Libi P.T. | II BA | -do- |
| 4. Sini Varghese | II BA | -do- |
| 5. Anitha.T.P. | II BA | -do- |
| 6. Jisa Chandran | I BA | -do- |
| 7. Saiby Baby | I BA | -do- |
| 8. Sanitha R. | I BA | -do- |
| 9. Harshad V.K. | IMA | Hockey(men) |
| 10. Suresh Babu.T.R. | I MA | -do- |
| 11. Krishna Raj .T. | III BA | -do- |
| 12. Sadik P.I. | I BA | -do- |
| 13. Sabu S.A. | IIIBSc | -do- |
| 14. Ashgar A.A. | III BA | Soft ball (men) |
| 15. Aneesh Joseph | I MSc | -do- |



*Annual athletic meet of the college*

# M.G. UNIVERSITY PLAYERS & COLLEGE TEAMS


Suresh Babu.T.R.
Hockey


Krishna Raj .T.
Hockey



Harshad V.K.
Hockey


Sadik P.I.
Hockey



Sabu S.A.
Hockey

MEN'S HOCKEY TEAM




Pradeep K.S.
Athletic Champion


Ashgar A. A.
Soft Ball


Aneesh Joseph
Soft Ball

MEN'S TABLE TENNIS TEAM




Sijo Varghese
Hockey State Player

# M.G. UNIVERSITY PLAYERS & COLLEGE TEAMS



Treesa Jose.P
Hockey

WOMEN'S HOCKEY TEAM






Susan Abraham
Hockey



Sini Varghese
Hockey

MEN'S SOFT BALL TEAM






Sajitha R.
Hockey



Libi P.T.
Hockey



Saiby Baby
Hockey



Jisa Chandran
Hockey

MEN'S BADMINTON TEAM






Anitha.T.P.
Hockey

# നാഷണൽ സർവ്വീസ് സ്കീം 2002–2003

ഓർമ്മച്ചെപ്പിൽ കുറെ നല്ല ഓർമ്മകൾ സമ്മാനിച്ചുകൊണ്ട് UC College ലെ NSSന്റെ പ്രവർത്തനങ്ങൾ ഒരു വർഷം കൂടി കടന്നു പോയി. YOUTH FOR JALASAMVARDIAN എന്ന ആശയത്തെ മുൻനിർത്തി കൊണ്ടുള്ളതായിരുന്നു ഈ വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ. യുവജനവിഭവശേഷി ഗ്രാമീണവികസനത്തിനും അതു വഴി രാജ്യത്തിന്റെ പൊതുവായ പുരോഗമന പ്രവർത്തനങ്ങൾക്കുംക്രിയാത്മകമായി പ്രയോജനപ്പെടുത്തുകയാണ് NSS ക്യാമ്പിന്റെ പ്രധാന ലക്ഷ്യം.

### രക്തദാന പരിശോധനക്യാമ്പ്

Aug15 സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് വെളിയത്തുനാട് സർവ്വീസ് സഹകരണബാങ്കിന്റെ ആഭിമുഖ്യത്തിൽ നടത്തിയ രക്തദാന നിർണ്ണയക്യാമ്പിൽ UC College NSS വാളണ്ടിയർമാർ സജീവമായി പങ്കെടുത്തു.

### NSS ഉദ്ഘാടനം

2002–2003 വർഷത്തെ NSS ന്റെ ഉദ്ഘാടനം 9.9.2003 AB2-ൽ വച്ച് പ്രിൻസിപ്പാൾ ഡോ: രാജു.കെ.ജോൺ നിർവ്വഹിച്ചു.

### ഏകദിന ക്യാമ്പ്

NSS ന്റെ ഏകദിനക്യാമ്പിൽ പ്രോഗ്രാം ഓഫീസർ V.P Sheela oriantation class ഉം അതിനെതുടർന്ന് NSS ന്റെ Agricultural Farm വൃത്തിയാക്കലുമുണ്ടായിരുന്നു.

നഗരശുചീകരണവാരത്തോടനുബന്ധിച്ച് ആലുവ നഗരസഭയുംUC- college NSS യൂണിറ്റും സംയുക്തമായി നടത്തിയ ഗാന്ധിജയന്തി ദിനാഘോഷങ്ങളുടെ ഭാഗമായി സെമിനാരിപ്പടി റോഡ് വൃത്തിയാക്കി.

### NSS DAY

Sept.24-ാം തീയതി NSS ദിനത്തോടനുബന്ധിച്ച് രക്തദാനത്തിന്റെ മഹത്വത്തെക്കുറിച്ച് ഡോ: ആനി ജോർജ്ജ് ക്ലാസ് എടുക്കുകയുണ്ടായി. അതിനെ തുടർന്ന് 'Hepatitis B'യെ കുറിച്ച് കുട്ടികൾക്കിടയിൽ ഒരവബോധമുണ്ടാക്കുന്നതിനായി class എടുത്തു. പത്ത് NSS വാളണ്ടിയർമാർ Hepatitis B യ്ക്ക് എതിരെ ആലുവ മേഖലകളിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ Survey നടത്തുകയുണ്ടായി.

### ത്രിദിനക്യാമ്പ്

നവ.1,2,3 തീയതികളിൽ UC College ലെ VMA Hallൽ വെച്ച് നടത്തിയ ത്രിദിനക്യാമ്പിന്റെ ഉദ്ഘാടനം Principal Dr.Raju K.John ഉം അദ്ധ്യക്ഷത K.K. എബ്രഹാം സാറും നിർവ്വഹിച്ചു. ത്രിദിനക്യാമ്പിൽ NSS വാളണ്ടിയർമാർ College ലെ Agricultural Farm ഉം Library പരിസരവും Cricket Courtഉം ശുചിയാക്കുകയുണ്ടായി. Rural Action force എന്ന സംഘടന റോഡപകടങ്ങളെക്കുറിച്ച് ഒരു ബോധവത്ക്കരണക്ലാസ് എടുക്കുകയുണ്ടായി. നവംബർ 2-ാം തീയതി വൈകിട്ട് NSS വാളണ്ടിയർമാർ കൃഷിഭവൻ സന്ദർശിക്കുകയും അവരുടെ കൂടെ കുറേ സമയം ചിലവഴിക്കുകയും ചെയ്തു. സമാപന ചടങ്ങിൽ ജോസ് മാവേലി പങ്കെടുത്തു.



### ഡിസംബർ 4

ബാലഭിക്ഷാടനത്തിനും ബാലവേലക്കുമെതിരെ എറണാകുളം ജില്ലയിൽ NSS യൂണിറ്റുകൾ സംയുക്തമായി നടത്തിയ റാലിയിൽ UC College NSS വാളണ്ടിയർമാർ പങ്കെടുത്തു. മുഖ്യ അതിഥി പ്രമുഖ നടൻ ഭരത് മമ്മൂട്ടി ആയിരുന്നു.

### ഡിസംബർ 7

അയാഷെയുടെയും NSS ന്റെയും ആഭിമുഖ്യത്തിൽ വിവിധ മതങ്ങളെ കോർത്തിണക്കി സ്നേഹസംവാദം എന്ന പേരിൽ മതമൈത്രിയെക്കുറിച്ച് ക്ളാസ്സെടുക്കുകയുണ്ടായി.

### ഡിസംബർ 11

കേരള ആക്ഷൻഫോഴ്സിന്റെയും റെഡ്ക്രോസ് സൊസൈറ്റിയുടേയും ജനസേവയുടേയും UC College NSS ന്റെയും ആഭിമുഖ്യത്തിൽ രക്തദാനത്തിനായി രൂപം കൊണ്ട ഹെൽപ്പ്ലൈനിന്റെ ഉദ്ഘാടനം വി.ആർ. കൃഷ്ണയ്യർ നിർവ്വഹിച്ചു.

**NSS Survey**

ആലുവ നഗരസഭയുടെ ആഭിമുഖ്യത്തിൽ NSS വാളണ്ടിയർമാർ ആലുവ നഗരവാസികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി നടത്തിയ സർവ്വെയിൽ UC College NSS വാളണ്ടിയർമാർ മുഖ്യ പങ്കു വഹിച്ചു.

**AIDS DAY**

എയ്ഡ്സ് ദിനാചരണത്തോടനുബന്ധിച്ച് IMA നടത്തിയ എയ്ഡ്സ് അവബോധക്ലാസ്സിൽ NSS വാളണ്ടിയർമാർ പങ്കെടുത്തു. എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് പോസ്റ്ററുകൾ ഒട്ടിക്കുകയും റെഡ് റിബ്ബൺ വിതരണം ചെയ്യുകയും ചെയ്തു.

**ദശദിനക്യാമ്പ്**

NSS ന്റെ ദശദിനക്യാമ്പ് ചേന്ദമംഗലം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ കേന്ദ്രമായി 2002 ഡിസംബർ 21 മുതൽ 30 വരെ നടത്തുകയുണ്ടായി.

ഗ്രാമീണനവോത്ഥാനവും സാമൂഹികബോധവൽക്കരണവും വ്യക്തിത്വവികസനവും ആയിരുന്നു ക്യാമ്പിലെ പ്രധാന ലക്ഷ്യങ്ങൾ. ചേന്ദമംഗലം ഗ്രാമപഞ്ചായത്തിലെ വിവിധ ഗ്രാമീണവികസന പ്രവർത്തനങ്ങൾ, ജനസമ്പർക്കപരിപാടി, ജലസംവർദ്ധനസർവ്വെ, കലാസാംസ്കാരിക പരിപാടികൾ, പദയാത്രകൾ എന്നിവ ക്യാമ്പിനോടനുബന്ധിച്ചു നടത്തി.

**Inter Collegiate Camp**

K.G.College പമ്പാടി, ദേവമാത കോളേജ് കുറവിലങ്ങാട്, ന്യൂമാൻകോളേജ് തൊടുപുഴ, എന്നിവിടങ്ങളിൽ വെച്ചു നടത്തിയ ഇന്റർ കോളേജ് ക്യാമ്പുകളിൽ യു.സി. കോളേജ് എൻ.എസ്.എസ് വാളണ്ടിയർമാർ സജീവമായി പങ്കെടുത്തു.

**NSS Fest**

S.H.തേവരയിൽ വച്ചു നടത്തിയ NSS Festൽ യു.സികോളേജ് എൻ.എസ്.എസ് യൂണിറ്റ് ഏഴംഗ ടീം പങ്കെടുത്തു. അവിടെ വച്ചു നടത്തിയ മലയാള പ്രസംഗമത്സരത്തിൽ റോബിൻ കുര്യാക്കോസ് മൂന്നാം സമ്മാനവും ഇംഗ്ലീഷ് ഉപന്യാസമത്സരത്തിൽ ടീനാ അഗസ്റ്റിൻ മൂന്നാം സമ്മാനവും നേടി.

**ക്യാമ്പേഴ്സ് ഡേ**

NSS പ്രവർത്തനങ്ങളുടെ ഈ വർഷത്തെ പ്രവർത്തനാവലോകനവും, ഇനി വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും, അടുത്തവർഷത്തെ ഭാരവാഹികളേയും അവിടെ വച്ചു തെരഞ്ഞെടുത്തു.

## വോളണ്ടിയർ സെക്രട്ടറിമാർ


ടീനാ അഗസ്റ്റിൻ


വിനീഷ്


ലാൽസ് ഉമ്മൻ



# A Fact That You Will Never Know

When you came into the world,
they held you in their arms
You thanked them by wailing
like a banshee.

When you were one year old,
they fed you and bathed you.
You thanked them by crying
all night long.

When you were two years old,
they taught you to walk.
You thanked them by running
away when they called.

When you were four years old,
they gave you some crayons
You thanked them by
colouring the dining table.

When you were six years old,
they walked you to school
You thanked them by saying,
"I AM NOT GOING"

When you were seven years old
they bought you a cricket ball
You thanked them by
throwing it at the neighbour's window.

When you were nine years old,
they paid for your guitar lessons
you thanked them by never
bothering to practice.

When you were twelve years old,
they did not want you to
watch some T.V.shows
You thanked them by waiting
untill they left home

Those teennage years.......

When you were twenty years old
they asked whether you were
seeing anybody
you thanked them by saying,
"it's none of your business".
When you were thirty years old,
they called with some advice on babies



You thanked them by saying,
"things are different now".

When you were fourty years old,
they called you up to remind of a
relative's birthday
You thanked them by saying
you were really busy.

When you were fifty years old,
they fell ill and needed you to take
care of them.
You thanked them by reading
about the burden parents had
become to their children.

And then one day, they quietly
Die and every thing you
never did, came crashing
down like thunder.

**Rajagopal A.R.**
Second B.A. Economics

# കാൾ മാർക്സിന്റെ കവിതകൾ

മഹാനായ മാർക്സിന് തന്റെ കവിതകളെക്കുറിച്ച് മതിപ്പില്ലായിരുന്നെങ്കിലും നമ്മെ സംബന്ധിച്ചിടത്തോളം ഒന്നിലേറെ കാരണങ്ങളാൽ അവ വില തീരാത്ത രത്നഖനികളാണ്.

അധൃഷ്യങ്ങൾ എന്നു കരുതപ്പെട്ടിരുന്ന മുതലാധികാരപ്രമത്തയുടെ രത്നകിരീടങ്ങൾ അനവധി തട്ടിത്തെറിപ്പിക്കുകയും ഭൂഖണ്ഡങ്ങളെത്തന്നെ കീഴ്മേൽ മറിക്കുകയും യുഗയുഗാന്തരങ്ങളായി മാനവരാശി ഹൃദയപൂർവ്വം പുലർത്തിപ്പോന്ന മഹനീയ ജീവിതമൂല്യങ്ങളുടെ സാക്ഷാത്ക്കാരത്തിന് തുടക്കം കുറിക്കുകയും ചെയ്ത അനുപമമായ ഒരു സിദ്ധാന്തസംഹിതയുടേയും കർമ്മപദ്ധതിയുടേയും ആവിഷ്ക്കർത്താവാണ് മാർക്സ് ആ യുഗസംക്രമപുരുഷന്റെ കൗമാരചിന്തകളിലേയ്ക്കും വികാരവികാസങ്ങളിലേയ്ക്കും വെളിച്ചം വീശുന്ന ഈ കവിതകൾ ആരെയാണ് ആകർഷിക്കാതിരിക്കുക.....?

## പലായനം



ഒരു കഥാഗാനം

ആയസനിർമ്മിതമാം പടിവാതിൽക്കൽ
ആ വീരസൈനികൻ നില്പൂ.

ആരോമലാമഴകാർന്നൊരു പെൺകൊടി
ആ വഴിയെ നോക്കി നില്പൂ.

പ്രിയമെഴും ഹേ, ധീര-
സൈനിക! താഴത്തേ-
യ്ക്കേതുവഴി ഞാൻ വ-
ന്നണയും?

എവിടെയും നിശ്ശബ്ദതയുടെ സാന്ദ്രമാം
ഇരുളിന്റെ മൂടി വാഴ്ച്ചയത്രെ!

ഞാനിതെറിഞ്ഞു തരാം,
പിടിച്ചോളൂ, നിൻ-
പ്രാണരക്ഷയ്ക്കിതു ജാമ്യം!

മുകളിലതിന്റെ യൊ-

റ്റം മുറുക്കാം, ഈ
കയർ വഴി താഴോട്ടിറങ്ങാം!

ഹായ്! ധീരസൈനിക!
നിന്നരികത്തേക്ക്
ഞാൻ പറന്നെത്തുകയായീ...

ഇന്നൊരു മോഷ്ടാവെ-
പ്പോലെ!-സ്നേഹത്തിനാ-
യെന്തു താൻ ഞാൻ  ചെയ്യുകയില്ല!

അരുമപ്രണയിനി,
നിന്റേതു മാത്രമാ-
ണറിയൂ നീ കൈക്കൊൾവതിപ്പോൾ!

ആടിമറഞ്ഞു പോം
നിഴലുകൾപോലെ നാം
ഓടി രക്ഷപ്പെടുമല്ലോ!

ഹേ, ധീരസൈനിക!
താഴത്ത് കൂരിരു-
ളേതും തളർന്നൊഴിയാറായ്!

എന്നിന്ദ്രിയങ്ങളോ
വട്ടം കറങ്ങുപോൽ!
ഇന്നെനിയ്ക്കാവില്ല പോവാൻ!

നീയുപേക്ഷിക്കയോ-
ണപ്പോൾ!-ഞാനെന്നുടെ
ജീവൻ പണയമായ് നൽകാം!

പൊള്ളയാം ഭീതിക-
ളാലേ, യെന്നിട്ടും, നിൻ
ഉള്ളം നടുങ്ങുന്നുവെന്നോ!

ഹേ ധീരസൈനിക!
ഹേ, വീരസൈനിക!
തീകൊണ്ടു നീ കളിക്കുന്നു!

എങ്കിലും, നീ, യതേ
നീ മാത്രമാ,ണെന്റെ
നെഞ്ചിൽ കൂടികൊള്ളും മോഹം!
പ്രിയമെഴും ശാലകളേ!
വിട നൽകുവിൻ!
വിട നൽകയെന്നേക്കുമായി!

ഇനിയെന്റെ പാദങ്ങൾ
ചുറ്റിത്തിരിയുകി-
ല്ലിവിടെ! ഞാൻ പോയിവരട്ടെ!...

എന്നന്തരംഗം
കവർന്ന നിന്നോടെനി-
യ്ക്കെങ്ങനെ മല്ലിടാനാവും?
സ്നേഹമെഴുന്നവരേ!
നിങ്ങളേവർക്കും
നേരുന്നു ഞാൻ ശുഭരാത്രി!...

പിന്നെ, മുഹൂർത്തത്തിനായ് കാത്തുനിന്നീല;
ശങ്കിച്ചവൾ നിന്നുമില്ല!
ചാടിപ്പിടിച്ചാളവളാക്കയറിന്മേൽ
താഴോട്ടു തെന്നിയിറങ്ങാൻ!



പകുതിവഴി വഴുതിയിറങ്ങിയില്ലതിനുമു-
മ്പവൾ ഭയവിഹ്വലയായീ!
പതറുന്നു നോട്ടം, കൈ തളരുന്നു, പിടിവിട്ടു-
മരണത്തിൻ മാറിൽ വീഴാനോ!...

പ്രിയധീരസൈനിക!
ഒരു കുറികൂടി നിൻ
ചെറുചുടെൻ മെയ്യിൽപ്പകരൂ!

നിന്റെ കരങ്ങളിൽ
വീണുകിടന്നൊരു
നിർവൃതിയിൽ മൃതി പുല്കാം

മുകരും ഞാൻ നിൻചുംബന-
മോരോന്നും, മധുരമാ-
മൊരു നിശ്ശൂന്യതയിൽ ഞാൻ മായും!

ആ ധീര സൈനികൻ ഗാഢം  പുണരുന്നു
കാതരമാകുമാഗാത്രം.
തൻമാറിലേയ്ക്കവനാഞ്ഞാഞ്ഞമർത്തുന്നു
കൺമണിയെ സ്നേഹസാന്ദ്രം.
ഒരുമിച്ചു ചേർന്നിരുഹൃദയങ്ങൾ ഹാ! തുളു-
മ്പേറുകയായവന്നുള്ളിൽ!

അത്രമേൽ സത്യമാം,
അത്ര ദയാർദ്രമാം
മൽസ്നേഹമേ! വിട നൽകൂ!

നില്ക്കൂ! വരുന്നു നിൻ-
തൊട്ടുപിന്നാലെ ഞാ-
നെത്തുന്നു-തൊട്ടുപിന്നാലെ...

അമരമാം വഹ്നിതൻ ക്ഷണദീപ്തി! അതിനുള്ളിൽ
അവരുടെയാത്മാക്കൾ യാത്രയായി!

വിവർത്തനം: ഒ. എൻ. വി.
കടപ്പാട് : ഡി. സി. ബുക്സ്

TALLBOY
SPORTS

VII/178 (2) KALATHIL COMPLEX,
OPP. ALUVA PALACE, ALUVA-683101
Ph-04842625940

SPORTS . GAMES . FITNESS

# MODELS

Footwear & Travelites

Chendhamangalam Jn.
N. Paravoor




ദിവസം **ഒരു മെഴുകുതിരി** കത്തിക്കുന്ന ചിലവിൽ
നിങ്ങൾക്ക് ഒരു **ഇൻവെർട്ടർ** സ്വന്തമാക്കാം !!



At Rs. 3.50 per day

KSFE യുടെ ലോൺ സൗകര്യം ലഭ്യമാക്കിക്കൊണ്ട് മാസം ശരാശരി 105 രൂപ അടവിൽ ആദ്യഗഡു 560 രൂപ അടച്ച് സിറെറ്റ് പോർട്ടബിൾ ഇൻവെർട്ടർ സ്വന്തമാക്കാം

നിങ്ങൾ ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനാണോ? ബാങ്ക് ഉദ്യോഗസ്ഥനാണോ? KSFE അംഗീകാരമുള്ള ഏതെങ്കിലും കമ്പനി ജീവനക്കാരനാണോ? KSFE യിൽ FD യോ, ചിട്ടിയോ ഉണ്ടോ? എന്തിന്...... 3 വർഷം പൂർത്തിയാക്കിയ ഒരു LIC പോളിസിയെങ്കിലും നിങ്ങൾക്കുണ്ടോ? എങ്കിൽ നിങ്ങൾക്ക് ഈ സുവർണ്ണാവസരം വളരെ എളുപ്പം പ്രയോജനപ്പെടുത്താം........




SIRET

CAT 250

An ISO 9001 Company

(PORTABLE INVERTER)

SIRET ENERGY CONTROLS PVT. LTD
Near K.S.E.B., ANGAMALY. Pin - 683572
Phone : 0484 - 2456306, 2453204 Fax : 0484-2454704
E-mail : enk_siret@sancharnet.in Website : www.siret.net


# ANNUAL REPORT OF SD NCC BOYS 2002-2003



Lt. Dr.David Saj Mathew.



SCUO: Noby. M.M.



JUO: Shiva Prasad



JUO: Sooraj Jose

**APPOINTMENTS:**
SCUO:Noby. M.M.
CUOs:Shiva Prasad, Varghese M.Issac, and Sooraj Jose
CSM:Abdul Shahi. M.H.
CQMS:Renjith Kumar Prabu. R.

During this training period total 160 cadets were enrolled. 29 new cadets from NSS HS Pasakadavu also enrolled under this company. The company is divided into three platoons viz.Agni, Pritvi and Thrisul.Sgt.Bibin Varghesse, Sgt.Sunny. V.V, and Sgt. Binu Raj were the platoon commanders respectively.

Achievement:

Cpl.Subin. M.S.participated the most prestigious camp Thal Sainick Camp at Delhi.

This year 47 cadets appeared for "B" certificate examination and subunit achieved cent percent result with fourteen 'A' grade. Ten cadets passed 'C' certificate examination this year Out of that, two got'B' grade.

Activities:

Annual training camp was conducted during the Onam vacation at our college and 25 cadets particiapted in that camp. Scuo Nobby. M.M. and CUO Eldhose P.J. were attended the NIC at Karnal. Cpl. Noble George and L/cpl. Devi Prasad attended Mumbai NIC. Annual Training camp at Christmas holiday was at Govt.Polytechnic, Kalamassery. Eleven Cadets from this Subunit attended that Camp under the leadership of Cpl.Eldho. P.O. He got the best senior of the camp award.Cpl.Sarath A.S.attended two pre R.D. camps held at Mannuthi and Kanimangalam under 23 & 24 (K) Bn. respectively. All India Trekking camp was conducted at Nayar, Trivandrum under the control of K & L Directorate. L/cpl. Shibin Paul Maniyara and L/cpl..Ajeesh. K.A were attended that camp. Basic Leadership Camp was held at West Bengal and CQMS Renjith Kumar Prabu and L/cpl. Rejith A.R got opportunity to attend that camp. This year Army Attachment Camp was held at Mahar Regiment, Pangodu, Trivandrum. Cpl. Sarath A.S. and Cdt.Arun M. were attended that camp. Sgt. Sreenath K. got selection to represent NCC Army wing in Nava Sainik Camp at Visagapatanam. A cycle rally was conducted under the initiative of Subunit to Thumboormuzhi Dam, around 25 Kilometers from college. Twenty cadets and the NCC Officer participated in it. Twenty-five cadets voluntarily donated blood on many critical situations. Republic Day was observed with ceremonial parade of both SD and SW cadets. College community also participated in the function. Principal in charge Prof.K.I.Mani Varghese(Bursar) hosted the national flag and delivered the message.

Both the Subunits jointly organized the annual closing camp of this year on 9th Feb 2001. Principal Dr.Raju K.John presided over the function.

We are very grateful to the college community for its co-operation and encouragement given to the Subunit for its proper functioning. Also we are grateful to the Principal for his continuous support for the activities of the unit.

We are planning to work for the well being of the society in the coming years and for that we are expecting wholehearted co-operation from all well-wishers of NCC.

# ANNUAL REPORT OF SW NCC GIRLS 2002-2003



SOUMYA JOY

OUR COY COMMANDER- LT. ANILA.E.I
CADET APPOINTMENTS:-
SCUO- SOUMYA JOY
CUO- SUMI.K.S.
CUO- JANAKI.S
CUO- ANUSURIYA.K.ACHUTHAN
CSM- ANU THOMAS
CQMS- ANITHA KUMAR



SUMI.K.S.



JANAKI.S



ARATHI MENON



ANUSURIYA



ANITHA KUMAR

With great pleasure we would like to present the annual report of the activities of the girls wing of Union Christian College for the year 2002-2003. In all walks of NCC activities conducted by 7(K) girls BN NCC, TCR our subunit has marvelled others. We are proud to report that two of our cadets, former SCUO Nino Baby and CUO Sreedevi Warrier represented Kerala and Lakshadweep Directorate for the youth Exchange Programme at Russia and Vietnam respectively. They had an exciting and wonderful experience there.

The unit started its activities in August 2002 in connection with the Independence Day celebrations followed by a ceremonial parade and the enrollment of the cadets. The training programme for the academic year was inaugurated by our principal Dr.Raju K. John. We proudly announce that we had completed 20 regular parades with drill and theory classes.

Our cadets did extremely well in the various camps during this academic year. 20 cadets attended the ATC held at Sree Kerala Varma College, TCR. They bagged several prices and had a wonderful experience over there. Two of our cadets CPL Kavitha.K.S. and Cdt. Greeshma Varghese got special prices for their performance during the camp.

During this academic year we had two NIC camps. One at Mumbai and the other at Kollam. Three cadets attended the All India Girls Trekking Expedition at Sikkim during November. One of our first year cadet Aparna.S. attended the ALC held at Amaravati in Maharashtra and won the gold medal for her excellent performance in the camp.

This year we got 100% result for the 'B' and 'C' Certificate examination. Along with that we proudly announce that three of our cadets CPL Kavitha.K.S., CPL Anju Maria Isaac and CPL Margrat Wilson got 'A' grade in the 'B' Certificate examination. 20 cadets got'B' grade. In the 'C' certificate examination SCUQ Soumya Joy and CUO Sreedevi Warrier got 'A' grade and 5 cadets got'B' grade.

Our A.N.O. Lt.Anila.E.I is the key person and motivator behind the achievements of our cadets in various fields. We express our gratitude to our beloved principal Dr.Raju.K.John for his guidance and support and our male ANO Lt. Dr.David Saj Mathew for conducting our RD parade a successful one. We also extend our gratitude to our officiating commanding officer Lt. Col.Thappa and his staff.

# OLD STUDENTS ASSOCIATION REPORT



The annual reunion of the Association of old students and friends of union Christian College was held on 9th November 2002, in the V.M.A Hall with principal Dr.Raju K.John in the chair. The Chief guest of the day was Dr.V.K.Koshy, Chairman & MD, BEL, Bangalore,an eminent Scientist and an old student of U.C. College. Mr.(Justice)Sundaram Govind, the secretary of the association welcomed the gathering and the joint secretary Prof. P.M.Varkey proposed the vote of thanks The meeting condoled the death of a large number of old students. The business meeting in the afternoon was followed by cultural session consisting of Hindustani music recital by Mr. S. Ramesh, an old student of U.C.C and classical dance by mis.Soumya of M.A.Malayalam.

The following inter-collegiate competitions were held in connection with the old students Reunion day.

1. Prof. E. Narayanan Nambiar memorial elocution completions in English & Malayalam
2. Prof. A. K. Abdul Kareem memorial quiz competition.

Cash prizes and ever rolling trophies were given to the winners by the chief guest.

The founders day address was given by Dr.K.N. Panikkar, Vice Chancellor, Sanskrit University, Kalady On 7th November 2002. office bearers of the old students association 2002-03.

1. Dr. Raju. K. John- President
2. Mr. (Justice) Sundaram Govind- Secretary
3. Mr. Sasi J. Alex - Vice President
4. Adv. Ashok Mammen Cherian - Vice President
5. Dr. Sunny Kuriakose - Jt. Secretary.


ഗ്ലോബൽ ലേഡി

ലേഡീസ് ടൈലറിംഗ്, എംബ്രോയ്ഡറി, കർട്ടൻ വർക്ക്സ് & ഫിറ്റിംഗ്സ്


ശ്രീ അയ്യപ്പാ കോംപ്ലക്സ്, ഡോൺ ബോസ്കോ ഹോസ്പിറ്റലിനു സമീപം,
പൊട്ടൻ തെരുവ്, എൻ. പറവൂർ. ഫോൺ : 2442311, മൊബൈൽ : 3107704

ഞങ്ങളുടെ സഹോദര സ്ഥാപനം :

ആൽഫാ ടെക്ക്

അലൂമിനിയം ഫാബ്രിക്കേറ്റേഴ്സ്

ശ്രീ അയ്യപ്പാ കോംപ്ലക്സ്, എൻ. പറവൂർ.
ഫോൺ : 2442311, മൊബൈൽ : 3107704



HOTEL
ANNAPURNNA
family Restaurant
BANK JUNCTION - ALUVA
CALL: 0484 2624105, Res : 0484 2621734

VEGITARIAN



Best Compliments from

PH : 2606169

**VELIYATHUNAD**
**SERVICE CO-OPERATIVE BANK LTD. NO. E 298**
U.C. College P.O. 683 102

**President**
**M. Ravi**

**Secretary**
**M. Kaladharan**





Style Gents Beauty Parlour
Market Road, Angamaly

All kinds of Hair Cutting, Hair dressing, Hair massaging, Bleaching, Face massaging, Shaving etc.

All Kinds of Cosmetic Items, Tissues are also available

Keep Style Always....

രണ്ടു കവിതകൾ



## കാലം

കൊഴിഞ്ഞ് വീണ ഇലകൾ പോലെ
വിറച്ച് മെലിഞ്ഞ-
ഹൃദയനൊമ്പരം പോലെ
പ്രചണ്ഡ താളത്തിന്റെ-
നിസ്വനംപോലെ
കാലം,
വറ്റിവരണ്ട ഭൂമിപോലെ
വിണ്ടുകീറിയ വ്രണത്തിന്റെ-
അഴുകിയ ഗന്ധംപോലെ,
ചഞ്ചല ഹൃദയത്തിൽ നിന്നുള്ള
അപശ്രുതി ചേർത്ത കീർത്തനംപോലെ.

**അനൂബ കെ.വി.**
രണ്ടാംവർഷ മലയാളസാഹിത്യബിരുദം

## കടൽമുത്ത്

ശിലാലിഖിതത്തിൽ കണ്ട
കടൽമുത്തിനെക്കുറിച്ചുള്ള വെളിപാടുകൾ
വിചിത്രങ്ങളാണ്.
കടൽക്കാറ്റേറ്റ്, കരിഞ്ഞ കോലങ്ങൾ നിറഞ്ഞ
തീരത്തുടെയുള്ള യാത്ര.
കൂട്ടിനായ് ഒരു പെണ്ണ്.
വഴി പിരിയുന്നിടം
അവളുടെ കണ്ണിലൂടെ
മനസ്സിലേക്കിറങ്ങി സംവദിക്കുക.
അവളുടെ കൺകോണിലൂടെ മാത്രം
വഴിയോരക്കാഴ്ചകളെ
കാണാതിരിക്കുക.
കടൽമുത്തിനായാണ്
ഈ യാത്രയെന്ന്
വിളിച്ചു പറഞ്ഞു കൊണ്ടേയിരിക്കുക.

**സുരേഷ് ബാബു ടി.ആർ**
ഒന്നാംവർഷ എം.എ മലയാള സാഹിത്യം

# മതിയായ വായ്പ. മിതമായ പലിശ.



**വിദ്യാഭ്യാസ വായ്പ**

ഉപരിപഠന കാലയളവിൽ പലിശ മാത്രവും തുടർന്ന് മുതലും തിരിച്ചടക്കുവാനുള്ള സൗകര്യം. 15 ലക്ഷം രൂപ വരെ

**ഗൃഹോപകരണ വായ്പ**

കമ്പ്യൂട്ടർ/ടിവി/ഗൃഹോപകരണങ്ങൾ എന്നിവ സ്വന്തമാക്കുന്നതിന് 50,000 രൂപ വരെ വായ്പ.

**ക്യാഷ് ക്രെഡിറ്റ്**

സ്റ്റോക്ക്/[illegible] അടിസ്ഥാനത്തിൽ 25 ലക്ഷം രൂപ വരെ ക്യാഷ് ക്രെഡിറ്റ് സൗകര്യം

**കാർഷിക വായ്പ**

പൈനാപ്പിൾ / വാഴ / മത്സ്യകൃഷി / ഹാച്ചറി തുടങ്ങിയ കാർഷിക പദ്ധതികൾക്ക് 25 ലക്ഷം രൂപ വരെ വായ്പ.

**വ്യക്തിഗത വായ്പ**

വ്യക്തികൾക്ക് ഉദ്യോഗസ്ഥ ഈടിന്മേൽ ചെക്ക് അടിസ്ഥാനത്തിൽ 5 ലക്ഷം രൂപ വരെ പേഴ്സണൽ വായ്പ.

**വാഹന വായ്പ**

5 വർഷം മുതൽ 15 വർഷം വരെ കാലയളവിൽ വാഹന വിലയുടെ 80% വരെ വായ്പ നൽകുന്നു.

**ഭവന നിർമാണ വായ്പ**

വീട് പണിയുന്നതിനും വാങ്ങുന്നതിനും. പലിശ നിരക്കുകൾ - 10% മുതൽ 13% വരെ

**വാണിജ്യ വായ്പ**

കച്ചവടക്കാർക്ക് മറ്റു കച്ചവടക്കാരുടെ ഈടിൽ 2 ലക്ഷം രൂപ വരെ വായ്പ. വസ്തു ഈടിന്മേലാണെങ്കിൽ 5 ലക്ഷം രൂപ വരെ വായ്പ. ദിവസേന തിരിച്ചടക്കാൻ സൗകര്യം.

**വിവാഹ വായ്പ**

വിവാഹാവശ്യങ്ങൾക്ക് 10% പലിശയിൽ 2 ലക്ഷം രൂപ വരെ വായ്പ. 100 മാസകാലാവധി.

**പലിശരഹിത വായ്പ**

ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ തുടങ്ങിയ ചികിത്സകൾക്ക് 1 ലക്ഷം രൂപ വരെ പലിശരഹിത വായ്പ.

*നിബന്ധനകൾക്ക് വിധേയം.

**റിയൽ എസ്റ്റേറ്റ് വായ്പ**

വസ്തു/ഫ്ലാറ്റ് വാങ്ങുന്നതിനും ഫ്ലാറ്റ്/ഷോപ്പിംഗ് കോംപ്ലക്സ് നിർമാണത്തിനും വസ്തു വാങ്ങി വീടുപണിയുന്നതിനും വായ്പ

**സ്വയംസംരംഭക വായ്പകൾ**

ഫോൺ ബൂത്ത്, കോൾസെന്റർ, കമ്പ്യൂട്ടർ സെന്റർ തുടങ്ങി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സംരംഭകർക്ക് 5 ലക്ഷം രൂപ വരെ വായ്പ

പലിശ നിരക്കുകൾ 10% മുതൽ 13% വരെ

സമീപത്തുള്ള ശാഖയിൽ ബന്ധപ്പെടുക
വായ്പാ വിവരങ്ങൾക്ക്
**ഇൻഫർമേഷൻ സെന്റർ**
**Mobile : 94471 29255**
**Phone : 2424899**

**സ്വർണ്ണ പണയ വായ്പ**
10% പലിശ നിരക്കിൽ. 100 രൂപയ്ക്ക് പ്രതിമാസം 83 പൈസ മാത്രം പലിശ

**EMI നിരക്കുകൾ**

| വായ്പ തുക 1,00,000 രൂപ | | | | | |
|---|---|---|---|---|---|
| കാലാവധി | പലിശ നിരക്കുകൾ | 10% | 11% | 12% | 13% |
| 5 വർഷം | | 2125 | 2175 | 2225 | 2276 |
| 10 വർഷം | | 1322 | 1378 | 1435 | 1494 |
| 15 വർഷം | | 1075 | 1137 | 1201 | 1266 |

EMI നിരക്കിലും, റിഡ്യൂസിംഗ് നിരക്കിലും തിരിച്ചടക്കാൻ സൗകര്യം

## എറണാകുളം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം

Board of Directors: M M Monaye (President) V P Saseendran (Vice President) Babu Paul, M E Hassainar, T R Vallabhan Namboothiripad, A J Johny, M K Chathi Master, K M Ambrose, P C Kuriakose, Shajan Varghese, Georgekutty Jacob, Sarojini Das, K K Syamalan, K P Babu, A Muhammed Basheer, A K Ambujakshan Pillai (General Manager)

ജനങ്ങളുടെ ബാങ്ക് ജനങ്ങൾക്കൊപ്പം

24 Hr. High Speed & Largest Cable Internet Café in Paravoor

Cyber Park TECHNOLOGIES

IST FLOOR, GURUDARSAN BUILDING, NEAR OLD KSRTC BUS STAND, NORTH PARAVOOR PH : 0484 - 3360504

ഈടുറ്റ തടികളിൽ നിർമ്മിക്കുന്ന വിവിധയിനം
ഫർണിച്ചറുകൾക്ക് സമീപിക്കുക

വിലക്കുറവ് | ഗുണമേന്മ | വിശ്വാസ്യത

ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്

(ഒരു കേരള സർക്കാർ സ്ഥാപനം)
തായിക്കാട്ടുകര പി. ഒ., ആലുവ - 683 106
ഫോൺ : 2623641, 2623642, 2623643 ഫാക്സ് : 0484 2623643

കടുങ്ങല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - 2165
കിഴക്കേ കടുങ്ങല്ലൂർ, ആലുവ - 2. H.O. ഫോൺ : 2606378, 2606584, 2606379
ബ്രാഞ്ച് കുറ്റിക്കാട്ടുകര. ഫോൺ :2542024

| എക്സ്റ്റൻഷൻ കൗണ്ടർ 1 | എക്സ്റ്റൻഷൻ കൗണ്ടർ 2 |
|---|---|
| ഉളിയന്നൂർ, ഫോൺ - 2623258 | എരമം |

സഹകരിക്കൂ വിജയിപ്പിക്കൂ

ലളിതമായ വ്യവസ്ഥയിൽ വായ്പാ വിതരണം
കൃത്യമായ വായ്പ അടയ്ക്കുന്നവർക്ക് 1 ശതമാനം പലിശ ഇളവ്
പഴകിയ വായ്പകൾ ഒന്നാകെ തീർക്കുന്നവർക്ക് 2 മുതൽ 7 ശതമാനം വരെ പലിശ ഇളവുകൾ
കുടിശിക നിർമ്മാർജ്ജന പരിപാടികൾ

അഡ്വ. മനോജ് വാസു
പ്രസിഡന്റ്

എസ്. രവി
സെക്രട്ടറി


*With Best Compliments From*

KAPL

Kerala Ayurveda Pharmacy Ltd.
Athani P. O. - 683585, Aluva, E K M. Dt., Kerala, S. India
Ph : 0484 - 2476301 (4 Lines)


# SUB EDITORS



HISHAM UMMER



SREEKANTH P. NAIR


SHINU SATHYAN


# COMMITTEE MEMBERS



JIS JOHN



UNNIKRISHNAN T.R.



ANOOP K.K.


ELDHO JACOB


BINU T.R.


AJU PODUVAL


DEVI PRASAD


BIBIN A.A.




നന്ദി

എല്ലാവർക്കും...

തുടക്കം മുതൽക്കേ അഭിപ്രായങ്ങളും

നിർദ്ദേശങ്ങളും നൽകി

കൂടെ നടന്നവർക്ക്.

അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും

കൂട്ടുകാർക്കും...

ഇതിന്റെ രൂപകല്പന കൊണ്ടു മാത്രം

ലഭിച്ച ബന്ധങ്ങൾക്കും

അവരുടെയെല്ലാം വിലമതിക്കാനാവാത്ത

സഹകരണങ്ങൾക്കും.

എല്ലാവർക്കും...

- എഡിറ്റർ

# INSTITUTE OF COMMUNICATION AND INFORMATION TECHNOLOGY

(Accredited by DOEACC,Govt: of India)
(Regional Centre,M.G.University,Kottayam)

ICIT,U.C.College,Aluva-2
TEL:2604613,E-mail:uccicit@md2.vsnl.net.in

## Courses Offered

(Affiliated to M.G. University)

- BCA (Bachelor Of Computer Applications)
  Eligibility:Pass in +2 Equivalent
  Duration:3 Year including Projects
- BLiSc (Bachelor Of Library Science)
  Eligibility:Pass in any Bachelors Degree
  Duration:1 Year

## Other Courses

- PGDCA & 'O' Level
  Eligibility:Pass in any Bachelors Degree
  Duration:1 Year including Project in any RDBMS
- DCA(Windows,MS office,VB,Internet)
  Duration:Theory-60hrs,Practical-100hrs
- VB\MS Access/Oracle
  Duration:Theory-50hrs,Practical-50hrs
- C,C++
  Duration:Theory-50hrs,Practical-50hrs
- MS Office,Internet
  Duration:Theory-40hrs,Practical-40-hrs

**For further information contact the Institute**




Any dream. Any size. We are there.

Hassle-free education loans, tailor-made to your dreams.

The Federal Vidya Loan from Federal Bank. It's the best way to secure your child's career. And the surest way to give him an education of his choice.

FedNet
Internet banking at its best

▮ Loan amounts from Rs. 50,000 to Rs. 5 lacs (In India) ▮ From Rs. 2 lacs to Rs. 10 lacs (Abroad) ▮ Repayment to start after the period of the course ▮ Interest on diminishing balance.

THE FEDERAL BANK LIMITED
YOUR PERFECT BANKING PARTNER
www.federalbank.co.in




# Dream Associates

Tours & Travels

RENT - A - CAR

Call : (res) 0484 - 2608049 (off) : 3090744

Mob : 98460 99911

All Types of Cars on Daily, Weekly or Monthly Rent